ജനപഥം ജനുവരി 2011



## ഉള്ളടക്കം


4
നിനവുകളിലെ 2010
ബി. മനോജ്

6
2010–ഭരണവഴികളിലെ ചിലതിളങ്ങുന്ന ദൃശ്യങ്ങൾ

16
കായികകേരളം 2010
ബി. മനോജ്

19
മൃത്യുവിന്റെ ചിറകിലേറി
ബി. മനോജ്

20
പുരസ്കാരങ്ങളിലൂടെ കർമസാഫല്യം
ബി. മനോജ്

22
ഇന്ത്യ – പിറകിലോട്ട് കണ്ണയക്കുമ്പോൾ
കെ. മൊയ്തീൻകുട്ടി

24
ഇരുളും വെളിച്ചവും
ടി. സലീം

26
ചലച്ചിത്രമേള – അവിസ്മരണീയമായ അനുഭവം

31
ഒരു സിനിമയുടെ മേൽവിലാസം
കെ.ബി. ശെൽവമണി/മോഹൻരാഘവൻ

34
സ്വയം നവീകരിക്കുന്ന വിമർശക
ഡോ. നന്ത്യത്ത് ഗോപാലകൃഷ്ണൻ

39
തൊണ്ടിലും തോട്ടമാകാം
എം.പി. ലോകനാഥ്

41
പറക്കാനൊരുങ്ങി കണ്ണൂരും
ഇ.വി. സുഗതൻ

42
ചരിത്രത്തിലേക്ക്

28
സിനിമയുടെ എട്ട് രാപ്പകലുകൾ
സി. അനൂപ്





37
അയ്യപ്പൻതീയാട്ട്: അനുഷ്ഠാനത്തിന്റെയും
കലയുടെയും സമന്വയം
രാജ്മോഹൻ കൂവളശ്ശേരി





43 വായനശാല
44 വാർത്തയിൽ
45 മൊഴിച്ചെപ്പ്
46 ജില്ലകളിലൂടെ
48 ബാലപഥം
51 സമീക്ഷ
52 വിജ്ഞാനവീഥി



## കേസരിയുടെ തനിമ കണ്ടെത്തിയ രചനകൾ

വിമർശന സാഹിത്യത്തിലെ സൂര്യതേജസായിരുന്ന കേസരി എ ബാലകൃഷ്ണപിള്ളയുടെ 50-ാംചരമവാർഷികാചരണത്തെ പരിപോഷിപ്പിക്കുന്നതായിരുന്നു ജനപഥം ഡിസംബർ ലക്കം. പ്രസാദമാധുര്യമാർന്ന മുഖക്കുറിപ്പ് തന്നെ കേസരിയുടെ തനിമ കണ്ടെത്തുവാൻ പോന്നതായിരുന്നു. വിവിധ കോണുകളിലൂടെ കേസരിയെ ദർശിക്കുന്ന പ്രഗത്ഭരുടെ ലേഖനങ്ങൾ ചരിത്രപഠിതാക്കൾക്കും സാഹിത്യവിദ്യാർത്ഥികൾക്കും ഒരുപോലെ ഗുണം ചെയ്യുന്നതാണ്. കേസരിയുടെ ആദ്യകാല ചിത്രങ്ങളും കേസരി ജംഗ്ഷനും ആനക്കച്ചേരിയും മാസികയിൽ ഉൾപ്പെടുത്തിയത് കൗതുകമായി. ചങ്ങമ്പുഴയെക്കുറിച്ചും, അയ്യപ്പനെക്കുറിച്ചും ഉള്ള ലേഖനങ്ങൾ ഉഗ്രനായിട്ടുണ്ട്. കെട്ടിലും മട്ടിലും ഒന്നിനൊന്ന് നവീനത പുലർത്തുന്ന ജനപഥത്തിന് അഭിനന്ദനങ്ങൾ.

**എ.ജി.ഏലിയാസ്**
പീച്ചാനിക്കാട്, എറണാകുളം

## സ്നേഹിച്ചുതീരാത്ത ഗന്ധർവൻ

ഡിസംബർലക്കം ജനപഥത്തിൽ ശ്രീ. പിരപ്പൻകോട് മുരളി എഴുതിയ സ്നേഹിച്ചുതീരാത്ത ഗന്ധർവൻ എന്നലേഖനം നൈസർഗികതയോടെ വിടർന്നുനിന്ന ഒരു സ്മരണയുടെ പൂമരത്തെ മനസിന്റെ മുറ്റത്തെത്തിക്കാൻ ഏറെ സഹായിച്ചു. മനോഹരമായ ഭാഷയിലൂടെ ചങ്ങമ്പുഴയെയും അദ്ദേഹത്തിന്റെ കവിതകളെയും ജനപഥത്തിന്റെ താളുകളിലൂടെ ഹൃദയങ്ങളിലെത്തിച്ച ശ്രീ. പിരപ്പൻകോട് മുരളിക്ക് അഭിനന്ദനങ്ങൾ

**സത്യനാരായണൻ**
ചെമ്പഴന്തി

## വായനശാല പംക്തി വിപുലീകരിക്കണം

ജനപഥം ഡിസംബർ ലക്കത്തിലെ കേരള പത്രപ്രവർത്തനരംഗത്തെ കുലപതിയായ കേസരി ബാലകൃഷ്ണ പിള്ളയെക്കുറിച്ചുള്ള ലേഖനങ്ങൾ ലളിതവും, സമഗ്രവുമായിരുന്നു. കേസരി പത്രത്തിലെ മുഖപ്രസംഗം പുനഃപ്രസിദ്ധീകരിച്ചത് വായിക്കുന്ന ഏതൊരാൾക്കും ബാലകൃഷ്ണപിള്ളയുടെ വാക്കുകളുടെ മൂർച്ചയും, ആഴവും ബോധ്യപ്പെടും.

വായനശാല പംക്തി കൂടുതൽ പുസ്തകങ്ങൾ ഉൾപ്പെടുത്തി വിപുലീകരിക്കണം. പ്രശസ്തർ വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള അഭിപ്രായവും ഉൾപ്പെടുത്താവുന്നതാണ്.

**സി.പി.അനിരുദ്ധൻ**
അഞ്ചുകുന്ന്

## വിഷയവൈവിധ്യത ഉറപ്പാക്കണം

പത്രപ്രവർത്തനരംഗത്തെ കുലപതിയായ കേസരി ബാലകൃഷ്ണപിള്ളയുടെ ജീവചരിത്രവും, അനീതിക്കെതിരെയുള്ള നിരന്തരസമരവും സവിസ്തരം പ്രതിപാദിച്ചുകൊണ്ടുള്ള ഡിസംബർ ലക്കത്തിലെ ജനപഥം കവർസ്റ്റോറി വളരെ നല്ല വായനനാനുഭവമായി. 'പകർന്നു നൽകാം ഈ ചരിത്ര പാഠം' എന്ന മുഖക്കുറിപ്പും സന്ദർഭോചിതമായി. കേസരി, ചങ്ങമ്പുഴ, അംബേദ്കർ, കവി അയ്യപ്പൻ തുടങ്ങിയവരെ സംബന്ധിച്ചുള്ള ഫോട്ടോകളും, വരയും ആകർഷകവുമായി. ബാലപഥം വളരെ നന്നായി. വിഷയങ്ങളുടെ വൈവിധ്യതയിൽ ശ്രദ്ധിക്കുമല്ലോ.

**ആർ.എം.ഇബ്രാഹിം**
വെളുത്തൂർ, തൃശ്ശൂർ

## പാർട്ട്–ഭാരത് പി.ജെ. ആന്റണി ഏകാങ്ക രചനാമത്സരം

മൂന്നാമത് പാർട്ട്തൃശ്ശൂർ-ഭരത് പി.ജെ.ആന്റണി സ്മാരക ഏകാങ്ക രചനാമത്സരത്തിലേക്ക് സൃഷ്ടികൾ ക്ഷണിച്ചു.

വിഷയം - **"ഫാസിസത്തിനും ഭീകരവാദത്തിനുമെതിരെ"** 30-45 മിനിട്ടു ദൈർഘ്യമുള്ള, മുൻപ് പ്രസിദ്ധീകരിച്ചിട്ടില്ലാത്ത, ജീവിതഗന്ധിയായ മൗലിക രചനകളായിരിക്കണം.

അവാർഡു ലഭിക്കുന്ന രചനകൾക്ക് യഥാക്രമം 5000 (അയ്യായിരം), 3000 (മൂവായിരം), 2000 (രണ്ടായിരം) രൂപ വീതവും പ്രശസ്തിപത്രവും സമ്മാനിക്കും. രജി.ഫീ. 100 രൂപ. മത്സരത്തിലെ മികച്ച 5 രചനകൾ ഉൾപ്പെടുത്തി പാർട്ട് പുസ്തകം പ്രസിദ്ധീകരിക്കും.

രചനകൾ ലഭിക്കേണ്ട അവസാന തിയതി - 2011 ജനുവരി 31.

2011 മാർച്ചിൽ അവാർഡ് പ്രഖ്യാപനം നടത്തും

രചനകൾ ലഭിക്കേണ്ട വിലാസം:- ചാക്കോ ഡി- അന്തിക്കാട് (ഡയറക്ടർ), പാർട്ട് റിയാസ് (വീട്). പി.ഒ.ചേർപ്പ്, തൃശൂർ - 680561, മൊബൈൽ: 9447084849, 9645157077, 9947115717

# ജനപഥം

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ് പ്രസിദ്ധീകരണം

ജനുവരി 2011

പുസ്തകം 43 ലക്കം 1

e-mail : janapatham@prd.kerala.gov.in

Website : www.prd.kerala.gov.in

എഡിറ്റർ-ഇൻ-ചീഫ്
**എം.നന്ദകുമാർ**
*ഡയറക്ടർ*
*ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്*

അഡീഷണൽ ചീഫ് എഡിറ്റർ
**പി. കെ. ലാൽ**
*അഡീഷണൽ ഡയറക്ടർ*

ഡപ്യൂട്ടി ചീഫ് എഡിറ്റർ
**പി. എസ്. സുരേഷ്**
*ഡപ്യൂട്ടി ഡയറക്ടർ*

എഡിറ്റർ
**എൻ. ഷൈലാബീഗം**

അസി. എഡിറ്റർ
**ഉണ്ണിക്കൃഷ്ണൻ കുടുക്കേംകുന്നത്ത്**
**എസ്. ആർ. പ്രവീൺ**

ഡിസൈനർ
**കെ. ബിജു**

ആർട്ടിസ്റ്റ്
**പ്രകാശ്. വി. എസ്**

ചിത്രങ്ങൾ
**ഐ. & പി.ആർ.ഡി.**
*ഫോട്ടോഗ്രാഫി വിഭാഗം*

സർക്കുലേഷൻ
**കെ.പി. സരിത**
ഫോൺ : 0471-2517036

**പ്രതിനിധികൾ:**
•**ടി.എ. ഷൈൻ,** തിരുവനന്തപുരം • **ആർ.വേണുഗോപാൽ** കൊല്ലം •**എൻ. രാധാകൃഷ്ണപിള്ള,** പത്തനംതിട്ട •**സി.ഉണ്ണിക്കൃഷ്ണൻ,** ഇടുക്കി •**എൻ. സുനിൽ കുമാർ,**ആലപ്പുഴ •**പി. വിനോദ്,**എറണാകുളം • **അബ്ദുൾ റഷീദ്.** കോട്ടയം •**എം.എ.വിൻസെന്റ്,** തൃശൂർ • **ടി.സി. ജോസഫ്,** പാലക്കാട് • **സുലഭകുമാരി,** മലപ്പുറം •**പി.കുഞ്ഞബ്ദുള്ള,** കോഴിക്കോട് •**അബ്ദുൾ ഖാദർ,** വയനാട് • **സുഗതൻ,** കണ്ണൂർ • **കെ. അബ്ദുൾ റഹ്മാൻ,** കാസർഗോഡ്, • **എ. സജീവ്,** ന്യൂഡൽഹി

**വരിക്കാരാകാൻ:** *ജനപഥം* തപാലിൽ ലഭിക്കാൻ ഡയറക്ടർ, ഇൻഫർമേഷൻ - പബ്ളിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം-695001 വിലാസത്തിൽ എം.ഒ. അയയ്ക്കുക. നേരിട്ട് പണം സ്വീകരിക്കുന്ന കേന്ദ്രങ്ങൾ: സ്റ്റേറ്റ് ഇൻഫർമേഷൻ സെന്റർ, പ്രസ് ക്ലബ് ബിൽഡിങ്, തിരുവനന്തപുരം, ഫോൺ:2518471 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, കുടപ്പനക്കുന്ന് പി.ഒ, തിരുവനന്തപുരം, ഫോൺ: 731300 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഒന്നാംനില, സിവിൽ സ്റ്റേഷൻ, കൊല്ലം, ഫോൺ:2794911 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പത്തനംതിട്ട, ഫോൺ:2222657 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കുയിൽമല, പൈനാവ്, ഇടുക്കി, ഫോൺ:2233036 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ട്, ആലപ്പുഴ, ഫോൺ:2251349 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഫസ്റ്റ് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കോട്ടയം, ഫോൺ:2562558 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, പാർക്ക് അവന്യു, കൊച്ചി, ഫോൺ:2354208 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, രണ്ടാം നില, സിവിൽ സ്റ്റേഷൻ, അയ്യന്തോൾ, തൃശൂർ, ഫോൺ:2360644 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, പാലക്കാട്, ഫോൺ:2533329 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മലപ്പുറം, ഫോൺ:2734387 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, മെയിൻ ബിൽഡിംഗ്, കോഴിക്കോട്, ഫോൺ:2370225 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കൽപ്പറ്റ നോർത്ത്, വയനാട്, ഫോൺ:6202529 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ഗ്രൗണ്ട് ഫ്ളോർ, സിവിൽ സ്റ്റേഷൻ, കണ്ണൂർ, ഫോൺ:2700231 • ജില്ലാ ഇൻഫർമേഷൻ ഓഫീസ്, സിവിൽ സ്റ്റേഷൻ, വിദ്യാനഗർ, കാസർഗോഡ്, ഫോൺ:4255145 • ഇൻഫർമേഷൻ ഓഫീസ്, കേരള ഹൗസ്, 3-ജന്തർ മന്തർ റോഡ്, ന്യൂഡൽഹി, ഫോൺ: 011 23343424



ലേഖകരുടെ അഭിപ്രായങ്ങൾ സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ ഉത്തരവാദിത്തം ലേഖകർക്കു മാത്രമായിരിക്കും.



**വിലാസം**
എഡിറ്റർ, ജനപഥം,
ഇൻഫർമേഷൻ & പബ്ളിക് റിലേഷൻസ് വകുപ്പ്,
സെക്രട്ടേറിയറ്റ് അനക്സ്, ഒന്നാം നില,
തിരുവനന്തപുരം-1
**ഫോൺ: 0471-2518171**


മുഖക്കുറിപ്പ്

# വിടപറയുംനേരം

**അ**ഭിമാനിക്കാനും ആശങ്കപ്പെടാനും നൊമ്പരപ്പെടാനും ഒരുപിടി ഓർമകൾ സമ്മാനിച്ച് 2010 പടിയിറങ്ങി. വർഷത്തിന് തിരശ്ശീല വീണത് ഇന്ത്യൻ രാഷ്ട്രീയ ചരിത്രത്തിലെ ഭീഷ്മാചാര്യരായ കെ.കരുണാകരന്റെ വിയോഗമുണർത്തിയ നഷ്ട ബോധത്തോടെയാണ്. പ്രായോഗികവൈഭവത്തിന്റെയും ഭരണതന്ത്രജ്ഞതയുടെയും പരമാചാര്യൻ തീർത്ത ശൂന്യത നികത്താനാവാത്തതാണെന്നും സംഭവബഹുലമായ ഒരു യുഗം അവസാനിക്കുകയാണെന്നും തിരിച്ചറിയുകയായിരുന്നു അദ്ദേഹത്തിന് അന്ത്യയാത്രനേർന്ന കേരളജനത. ഈ വേർപാട് സൃഷ്ടിച്ച വേദനക്കുതൊട്ടുമുമ്പ് സമർപ്പണത്തിന്റെയും പ്രതിബദ്ധതയുടെയും നേർക്കാഴ്ചയായി മറ്റൊരു നൊമ്പരപ്പെടുത്തുന്ന രംഗത്തിനും കേരളം സാക്ഷിയായി. സംസ്ഥാനസ്കൂൾ കായികമേളയിൽ അച്ഛന്റെ മരണമറിയാതെ സ്വർണത്തിലേക്ക് കുതിച്ചെത്തിയ മിടുക്കനായ ഒരു മകന്റെയും (മുരളിക്കുട്ടന്റെയും മെഴ്സിക്കുട്ടന്റെയും മകൻ സുജിത്കുട്ടൻ) അച്ഛന്റെ അഭിലാഷം സാക്ഷാത്കരിക്കപ്പെടാൻ സ്വയം ഉരുകിക്കൊണ്ട് ആ മരണം മകനിൽനിന്നും കുറച്ചുനേരമെങ്കിലും മറയ്ക്കാൻ പാടുപെട്ട ഒരമ്മയുടെയും അവർക്കൊപ്പം സർവപിന്തുണയോടെനിന്ന സംസ്ഥാന സ്കൂൾ കായികമേളാസംഘാടകരുടെയും ചിത്രം ജനമനസ്സുകളിൽനിന്ന് ഇനിയും മാഞ്ഞുപോയിട്ടില്ല. അച്ഛന്റെ പാത പിൻതുടരാൻ കൊതിച്ച ആ മകന് കായികരംഗത്ത് ശോഭനമായ ഭാവി ഉണ്ടാകട്ടെ എന്ന് കേരളമാകെ ഒരുമനസ്സായി പ്രാർഥിച്ചു. ഇതോടൊപ്പം മായാത്ത മുദ്രകൾ ചരിത്രത്തിൽ പതിപ്പിച്ച് പല രംഗങ്ങളിലും തിളങ്ങിനിന്ന ഒട്ടനവധിപേരും പോയവർഷം മരണമെന്ന അനിവാര്യതയെ പുല്കി.

കേരളത്തിന്റെ യശസ്സുയർത്തിയ അനേകം സംഭവങ്ങൾക്കും 2010 സാക്ഷ്യം വഹിച്ചു. കവി ഒ.എൻ.വികുറുപ്പിലൂടെ ജ്ഞാനപീഠം ഒരിക്കൽക്കൂടി മലയാളക്കര സ്വന്തമാക്കി. തിളങ്ങിനിന്ന കായികകേരളത്തെയും പോയ ദിനങ്ങളിൽ നാം ദർശിച്ചു. കോമൺവെൽത്ത് ഗെയിംസിലും ഏഷ്യൻ ഗെയിംസിലും മലയാളി കായികതാരങ്ങൾ രാജ്യത്തിന്റെ അഭിമാനങ്ങളായി. പരിസ്ഥിതിസംരക്ഷണപ്രവർത്തനങ്ങളിലും തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനമികവുകൾക്കും വിദ്യാഭ്യാസമേഖലയിലെ പരിഷ്കാരങ്ങൾക്കും മറ്റും ദേശീയ അംഗീകാരം കേരളത്തെ തേടിയെത്തി.

ഭരണരംഗത്ത് മാതൃകാപദ്ധതികളുടെ കാലമായിരുന്നു കഴിഞ്ഞയാണ്ട്. പല പുതിയ പദ്ധതികളും തുടങ്ങുകയും ചിലതൊക്കെ പൂർത്തിയാക്കുകയും ചെയ്തു. സർക്കാരിന്റെ സാന്ത്വനസ്പർശം എല്ലാ മേഖലകളെയും തഴുകിയെത്തി. ആഗോളതലത്തിൽത്തന്നെ സാധനങ്ങൾക്ക് വില കുതിച്ചുയരുന്ന കാഴ്ചയായിരുന്നു; കുടുംബബജറ്റുകൾക്ക് അധികബാധ്യതകൾ കൈവന്ന നാളുകൾ. സംസ്ഥാന സർക്കാരിന്റെ കാലോചിത ഇടപെടലുകൾ ഒരുപരിധിവരെ സാധാരണക്കാരനെ താങ്ങിനിർത്തി. രണ്ടുരൂപക്ക് അരി നല്കിയ പദ്ധതിയും ഭക്ഷ്യ സഹകരണ കൃഷി വകുപ്പുകളുടെ സംയോജിച്ചുള്ള പ്രവർത്തനവും ബജറ്റിലെ മാതൃകാപരമായ ധന വിനിയോഗമാതൃകയും ഇതിന് സഹായകമായി. പോയ ഓണക്കാലം സുഭിക്ഷതയുടേതായിരുന്നുവെന്ന് ഏത് മലയാളിയും സമ്മതിച്ചതും സർക്കാരിന്റെ ഇത്തരം ഇടപെലുകളുടെ വൈഭവത്താലാണ്. ഇത്തിരിമണ്ണും ഒരു കൊച്ചുവീടും സ്വപ്നം കണ്ടുകഴിഞ്ഞിരുന്ന പല കുടുംബങ്ങളുടെയും സ്വപ്നസാഫല്യത്തിന്റെ സംതൃപ്തി രേഖപ്പെടുത്തിക്കൊണ്ടുകൂടിയാണ് 2010 കടന്നുപോയത്. ക്ഷേമപെൻഷനുകൾ വർധിപ്പിച്ചതും കൂടുതൽ ക്ഷേമനിധികൾ രൂപീകരിച്ചതും സമ്പൂർണആരോഗ്യസുരക്ഷാ പദ്ധതി നടപ്പിലാക്കിയതും സാധാരണജനങ്ങളിൽ ആത്മവിശ്വാസം വളർത്താൻ സഹായിച്ചു. ഐ.ടി, വ്യവസായം, ടൂറിസം തുടങ്ങി എല്ലാ മേഖലകളിലും കാര്യമായ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു.

2011-നെ വരവേല്ക്കുന്നത് പോയവർഷത്തെ വിലയിരുത്തിക്കൊണ്ടാകുന്നത് എന്തുകൊണ്ടും ഉചിതമാണ്. നമ്മുടെ ശക്തിയും ദൗർബല്യവും തിരിച്ചറിയാനും വിജയങ്ങളും പരാജയങ്ങളും അറിഞ്ഞ് പ്രവർത്തിക്കാനും ഇത് അത്യാവശ്യം. കേരളത്തിലും ഇന്ത്യയിലും ലോകത്തിലും കഴിഞ്ഞവർഷം നടന്ന സംഭവങ്ങളുടെ ഒരു ചെറിയ അവലോകനമാണ് ഈ ലക്കത്തിൽ ജനപഥത്തിലൂടെ അവതരിപ്പിക്കപ്പെടുന്നത്. കർമനിരതവും സംഭവബഹുലവുമായ ദിവസങ്ങളാണ് കഴിഞ്ഞുപോയത് എന്ന് ഓർമിപ്പിക്കാനും പുതിയ വർഷത്തിലേക്ക് ആത്മവിശ്വാസത്തിന്റെ കരുത്തുമായി പ്രവേശിക്കാനും ഈ ഉദ്യമം ഉതകുമെന്ന് കരുതുന്നു.

മാനവികതയുടെയും സാഹോദര്യത്തിന്റെയും സന്ദേശം എങ്ങും നിറയട്ടെ.

**എം. നന്ദകുമാർ ഐ.എ.എസ്.**
എഡിറ്റർ-ഇൻ-ചീഫ്

ബി. മനോജ്

# നിനവുകളിലെ 2010

സംസ്ഥാനത്ത് സമഗ്രമേഖലകളിലും പുരോഗതിയുടെയും വികസനത്തിന്റെയും മുദ്ര പതിപ്പിച്ചുകൊണ്ട് 2010 പടിയിറങ്ങി. പ്രത്യാശയുടെ പുതുനാമ്പുകൾ മുളപൊട്ടി 2011 വന്നെത്തി. ക്ഷേമം, വികസനം, സമാധാനം എന്നീ അടിസ്ഥാന ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള സാർത്ഥകമായ ഭരണനിർവഹണം കേരളീയജനതയ്ക്ക് ബോധ്യമായ വർഷമായിരുന്നു 2010.

എല്ലാ ജനവിഭാഗങ്ങളിലേക്കും ക്ഷേമപദ്ധതികളുടെ പ്രയോജനം എത്തിച്ചേർന്നതും ക്ഷേമപെൻഷൻ തുക മുന്നൂറു രൂപയായി വർധിപ്പിച്ച് കുടിശ്ശികയില്ലാതെ നൽകിത്തീർത്തതും രാജ്യത്താദ്യമായി കൃഷിക്കാർക്ക് പെൻഷനേർപ്പെടുത്തിയതും മാതൃകാപരമായുള്ള ആരോഗ്യസുരക്ഷാപദ്ധതിയും ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരും ദുർബലവിഭാഗത്തിൽപ്പെട്ടവരുമായ 36 ലക്ഷം കുടുംബങ്ങൾക്ക് കിലോഗ്രാമിന് 2 രൂപ നിരക്കിൽ പ്രതിമാസം 25 കിലോ അരി നൽകുന്നതും ഇ.എം.എസ്. ഭവനപദ്ധതി പ്രകാരം വീടില്ലാത്തവർക്കെല്ലാം വീടും പൊതുസ്കൂളുകളിൽ മികച്ച പാഠ്യപദ്ധതി ഏർപ്പെടുത്തി പഠനനിലവാരമുയർത്തിയതും വിലക്കയറ്റം പിടിച്ചുനിർത്താനായി മാവേലി-സഹകരണ സ്റ്റോറുകൾ പൊതുവിപണിയിൽ നേരിട്ടിറങ്ങിയതും മിക്കവാറും എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും ലാഭത്തിലായതും പൊതുമേഖലയിൽ പുതുതായി 8 സ്ഥാപനങ്ങളുടെ തുടക്കവും ഭദ്രമായ ക്രമസമാധാനവും ട്രഷറി പൂട്ടാത്ത ധനകാര്യ മാനേജ്മെന്റും കയ്യേറ്റങ്ങൾ ഒഴിപ്പിക്കാനും വനവും പ്രകൃതിവിഭവങ്ങളും സംരക്ഷിക്കാനും നെൽപ്പാടങ്ങൾ നഷ്ടപ്പെടാതിരിക്കാനും നിയമനിർമാണമുൾപ്പെടെ നിരവധി പരിപാടികൾ ആവിഷ്ക്കരിച്ചതും വിവിധ പ്രവാസിക്ഷേമ പദ്ധതികളും ഐ.ടി., ടൂറിസം മേഖലകളിൽ വൻമുന്നേറ്റമുണ്ടാക്കിയതും മുല്ലപ്പെരിയാർ പ്രശ്നത്തിൽ സംസ്ഥാനം മേൽക്കൈ നേടിയതും എല്ലാ വീട്ടിലും വൈദ്യുതി എത്തിക്കാനുള്ള കർമപദ്ധതിയും ദേവസ്വം നിയമനങ്ങൾ, സർവകലാശാല അനധ്യാപകതസ്തികയിലേക്കുള്ള നിയമനങ്ങൾ എന്നിവ പി.എസ്.സി.ക്ക് വിട്ടതും തൊഴിലുറപ്പുപദ്ധതിയിലും തദ്ദേശസ്വയംഭരണ സ്ഥാപന ഭരണനിർവഹണപ്രവർത്തനങ്ങൾ എന്നിവയിൽ കേരളം രാജ്യത്തിന് മാതൃകയായതും സഹകരണ കയർമേഖലയുടെ സമഗ്ര പുരോഗതിക്കായി ആവിഷ്ക്കരിച്ചുനടപ്പിലാക്കിയ പുത്തൻ പദ്ധതികളും അന്യാധീനപ്പെട്ട വനഭൂമി തിരിച്ചുപിടിക്കാനായി വിഭാവനം ചെയ്ത കർമപദ്ധതികളും കഴിഞ്ഞ വർഷം കേരളീയരുടെ മനസുകളിൽ ശ്രദ്ധിക്കപ്പെട്ടു.

മദ്യവില്പനയിലെ വൻകുതിപ്പ് എല്ലാ നന്മകളെയും പുറകോട്ടടിക്കുന്ന അനഭലഷണീയതയായത് ഇത്തരുണത്തിൽ വിസ്മരിച്ചുകൂടാ. അടിസ്ഥാനസൗകര്യവികസനകാര്യത്തിൽ കഴിഞ്ഞ വർഷം സംസ്ഥാനത്ത് അഭൂതപൂർവമായ നേട്ടമുണ്ടായി. കേന്ദ്രപദ്ധതിയായ വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിയുടെ പ്രവൃത്തി ത്വരിതപ്പെടുത്താനായതും കണ്ണൂർ വിമാനത്താവളത്തിന്റെ നിർമാണപ്രവർത്തനമാരംഭിച്ചതും തിരുവവനന്തപുരം എയർപോർട്ടിന്റെ രണ്ടാമത് അന്താരാഷ്ട്ര ടെർമിനൽ നിർമാണം പൂർത്തിയായതും ടെക്നോസിറ്റിയുടെ നിർമാണപ്രവൃത്തി തുടങ്ങിയതും വിഴിഞ്ഞം പദ്ധതിയുടെ ഒന്നാംഘട്ട നിർമാണപ്രവർത്തനമാരംഭിച്ചതും സർക്കാർ ഭൂമി സംരക്ഷിക്കുവാൻ ലാന്റ് ബാങ്ക് ആരംഭിച്ചതും 2010ലെ മറ്റ് എടുത്തുപറയത്തക്ക സംഗതികളാണ്.

കാലാനുസൃതമായ പരിഷ്കാരങ്ങൾ അതതുമേഖലയിലെ വികസനപ്രവർത്തനങ്ങളിൽ വിളക്കിച്ചേർക്കുന്നതിൽ സംസ്ഥാനം കഴിഞ്ഞ വർഷം സാക്ഷിയായി. ഇ-ഗവർണൻസ് മേഖലയിൽ നേടിയ നേട്ടങ്ങൾ ഉദാഹരണം. കുഗ്രാമങ്ങളിൽപ്പോലും ഇതിന്റെ പ്രതിഫലനങ്ങൾ എത്തിയത് 2010ൽ ഏറെ പ്രതീക്ഷയുളവാക്കി.

'ഒരു വീട്ടിൽ ഒരു കയറുത്പന്നം' എന്ന മുദ്രാവാക്യമുയർത്തി കയറിന്റെ ഉപഭോഗം വർദ്ധിപ്പിക്കുവാനുള്ള സുദൃഢമായ ചുവടുവെയ്പുമായി 2010 സംസ്ഥാനത്ത് കയർ വർഷമായി വിവിധ വികസന കർമ പരിപാടികളോടെ ആചരിച്ചു. 2010ൽ നടന്ന തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പും അതിൽ യു.ഡി.എഫ്. നേടിയ വിജയവും കേരളാ കോൺഗ്രസ് മാണി ഗ്രൂപ്പും ജോസഫ് ഗ്രൂപ്പും ലയിച്ച് ഒന്നായതും നക്സൽ വർഗീസ് കേസിലെ ഹൈക്കോടതി വിധിയും കേന്ദ്രമന്ത്രി ശശി തരൂർ രാജിവെച്ചതും പി.ജെ. ജോസഫ് മന്ത്രിസഭ വിട്ടതും 2010ൽ കേരള രാഷ്ട്രീയരംഗത്തെ പ്രധാന ചർച്ചാവിഷയമായി.

2010

വിവാദങ്ങൾ 2010ലും അരങ്ങുതകർത്തു. ലോട്ടറി വിവാദം, സ്കൂൾ യുവജനോത്സവ കോഴ വിവാദം, തൊടുപുഴ ന്യൂമാൻ കോളേജിലെ അധ്യാപകന്റെ കൈ വെട്ടിമാറ്റിയ സംഭവം, മൂന്നാറിൽ പിന്നെയും ഭൂമി കയ്യേറ്റം നടന്നതായുള്ള വാർത്ത, കൊച്ചി ഐ.പി.എൽ ടീം, കണ്ണൂരിലെ കണ്ടൽക്കാട് എക്കോ ടൂറിസം പദ്ധതി, ദേശീയപാതാ വികസനം, സ്വാശ്രയ വിവാദം, തട്ടിപ്പിലൂടെ പി.എസ്.സി. നിയമനം കരസ്ഥമാക്കിയത് എന്നിവ വിവാദങ്ങളിൽ പ്രധാനപ്പെട്ടവ. തീവ്രവാദപ്രവർത്തനബന്ധങ്ങൾ, കുതിച്ചുയരുന്ന സ്വർണവില എന്നിവ 2010ൽ മലയാളിയുടെ ആശങ്കകൾക്ക് കാരണമായി. സ്മാർട്ട് സിറ്റി ഇപ്പോഴും കേരളീയരിൽ പ്രതീക്ഷയ്ക്കുമാത്രം വക നൽകി ചർച്ചകളിൽ 2010ലെന്നപോലെ സജീവമായി തുടരുന്നു.

കേന്ദ്രഭരണനിർവഹണമേഖലയിലെ ഉദ്യോഗസ്ഥരംഗത്ത് പല ഉന്നതപദവികളിലും മലയാളി സാന്നിധ്യം എത്തപ്പെട്ടതും പ്രവാസി വോട്ടവകാശം കൈയെത്തുംദൂരത്ത് എത്തിയതും കേരളീയരുടെ പ്രതീക്ഷകൾക്ക് പുതുജീവൻ പകർന്നു.

ചൂഷണമുക്തമായ ഒരു കേരളീയ ജനസമൂഹം ഉരുത്തിരിഞ്ഞുവരുന്നതിന്റെ വ്യക്തമായ സൂചനയുളവാക്കാൻ 2010നു കഴിഞ്ഞു. സംസ്ഥാനത്ത് പട്ടിണി ഇല്ലാതായതും പാവപ്പെട്ട മുഴുവൻ കുടുംബങ്ങളും സൗജന്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ വന്നതും ഇതിനുദാഹരണം. ■

2011



# 2010 – ഭരണവഴികളിലെ ചില തിളങ്ങുന്ന ദൃശ്യങ്ങൾ

## രണ്ടുരൂപ നിരക്കിൽ റേഷനരി

**ര**ണ്ടുരൂപയ്ക്ക് ഒരുകിലോ ഭക്ഷ്യധാന്യം പദ്ധതി 36 ലക്ഷം കാർഡുടമകളിലേക്ക് വ്യാപിപ്പിക്കുന്നതിന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് നെയ്യാറ്റിൻകരയിൽ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ നിർവഹിച്ചു. ഒരു വർഷത്തേക്ക് അഞ്ചുകോടി രൂപയാണ് ഈ പദ്ധതിക്കായി വകയിരുത്തിയത്. എ.പി.എൽ., ബി.പി.എൽ വ്യത്യാസമില്ലാതെ കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, കൈത്തറി, ഖാദി, ബീഡി, തോട്ടം കൂലി വേലക്കാർക്കും ദേശീയ തൊഴിലുറപ്പുപദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണിയെടുത്ത എല്ലാ തൊഴിലാളികൾക്കും രണ്ടു രൂപ നിരക്കിൽ ഭക്ഷ്യധാന്യം വിതരണം ചെയ്തുവരുന്നു.



## പാലക്കാട് രാജ്യത്തെ ആദ്യത്തെ സമ്പൂർണ വൈദ്യുതീകൃത ജില്ല

**കേ**രളീയർക്കുമുഴുവനും അഭിമാനിക്കാൻ വക നൽകുന്ന ചരിത്രനേട്ടം. രാജ്യത്തെ ആദ്യത്തെ സമ്പൂർണ വൈദ്യുതീകൃത ജില്ലയായി പാലക്കാട് മാറി. എല്ലാ വീടുകളിലും വൈദ്യുതി എന്നതാണ് സമ്പൂർണ വൈദ്യുതീകരണംകൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ത്യയിൽ ഒന്നേകാൽ ലക്ഷം ഗ്രാമങ്ങളുള്ളതിൽ പകുതിയിലും ഇതുവരെ വൈദ്യുതി എത്തിയിട്ടില്ല എന്ന വസ്തുത കണക്കിലെടുക്കുമ്പോൾ ഈ നേട്ടത്തിന്റെ തിളക്കം ഏറുന്നു.





# തലസ്ഥാനത്ത് ബസ് ടെർമിനൽ കോംപ്ലക്സ്



**അ**ത്യാധുനിക സൗകര്യങ്ങളോടെ തലസ്ഥാനത്ത് ബസ് ടെർമിനൽ കോംപ്ലക്സ് നിർമാണമാരംഭിച്ചു. തിരുവനന്തപുരം തമ്പാനൂർ കെ.എസ്.ആർ.ടി.സി സെൻട്രൽ ഡിപ്പോയിൽ നടന്ന ചടങ്ങിൽ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ കോംപ്ലക്സിന്റെ ശിലാസ്ഥാപനവും നിർമാണപ്രവർത്തനങ്ങളുടെ ഉദ്ഘാടനവും നിർവഹിച്ചു.

# വിദ്യാഭ്യാസ വകുപ്പിന് കേന്ദ്രപുരസ്കാരം

**ഹ**യർസെക്കൻണ്ടറി പ്രവേശനത്തിന് നടപ്പാക്കിയ ഏകജാലക സംവിധാനത്തിന്റെയും വിദ്യാഭ്യാസവകുപ്പിലെ മറ്റ് ഇ-ഗവേണൻസ് സംരംഭങ്ങളുടെയും മേന്മ മുൻനിർത്തി രാജ്യത്തെ മികച്ച സർക്കാർ വകുപ്പിനുള്ള കേന്ദ്രപുരസ്കാരം സംസ്ഥാന വിദ്യാഭ്യാസവകുപ്പിന് ലഭിച്ചു. കേന്ദ്രസർക്കാരിന്റെ വിവരസാങ്കേതികവകുപ്പും ഭരണനവീകരണ വകുപ്പും ചേർന്നാണ് മികച്ച ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് അവാർഡ് ഏർപ്പെടുത്തിയത്. രാജ്യത്തെ വിവിധ വിദ്യാഭ്യാസ വകുപ്പുകളുടെ പ്രവർത്തനങ്ങളാണ് അവാർഡ് സമിതി വിലയിരുത്തിയത്. ഹയർസെക്കൻഡറി ഏകജാലകസംവിധാനത്തിന് ഇത് രണ്ടാം തവണയാണ് ദേശീയതലത്തിൽ അംഗീകാരം ലഭിക്കുന്നത്.

# കയർത്തൊഴിലാളികൾക്ക് തണൽ - കടാശ്വാസപദ്ധതി

**ക**യർ കടാശ്വാസപദ്ധതിക്ക് സർക്കാർ അംഗീകാരം. ഇതനുസരിച്ച് കയർ ഉത്പാദനവുമായി ബന്ധപ്പെട്ടവായ്പകൾ എടുത്തിട്ടുള്ള കയർത്തൊഴിലാളികൾ, ചെറുകിടഉത്പാദകർ, കയർ സഹകരണസംഘങ്ങൾ എന്നിവർ ആനുകൂല്യത്തിനർഹരായി. 2008 മാർച്ച് 31-നു മുമ്പ് ഏതെങ്കിലും വാണിജ്യ/സഹകരണബാങ്കുകളിൽനിന്നോ സർക്കാർഉടമസ്ഥതയിലുള്ള ധനകാര്യസ്ഥാപനങ്ങളിൽനിന്നോ ചകിരിയോ, കയറോ കയറുത്പന്നങ്ങളോ ഉത്പാദിപ്പിക്കാൻ വായ്പയെടുത്തിട്ടുള്ളവർക്കും 2009 മാർച്ച് 31-ൽ വായ്പ കുടിശ്ശികയായവർക്കും ഈ പദ്ധതിയിലൂടെ ആനുകൂല്യം.

# തിരിഞ്ഞുനോക്കുമ്പോൾ



## ജനുവരി 1 മുതൽ 22 വരെ

**ജനുവരി 1**

- കോഴിക്കോടുള്ള കേരള സോപ്സ് വീണ്ടും തുറന്നു.
- സംസ്ഥാന തദ്ദേശസ്വയംഭരണ വകുപ്പിന്റെയും വിദ്യാഭ്യാസ വകുപ്പിന്റെയും സംയുക്തസംരംഭമായി പ്രാദേശിക ജലഗുണനിലവാര പരിശോധനയുടെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് നടന്നു.

**ജനുവരി 2** - ഒരു ദിവസത്തെ സന്ദർശനത്തിനായി പ്രധാനമന്ത്രി ഡോ.മൻമോഹൻ സിങ് തിരുവനന്തപുരത്തെത്തി.

**ജനുവരി 3**

- രാജ്യത്തെ ഏറ്റവും വലിയ ശാസ്ത്രസമ്മേളനമായ 'ദേശീയ സയൻസ് കോൺഗ്രസ് 'ന്റെ 97-ാമതു സമ്മേളനം കേരളസർവകലാശാല കാര്യവട്ടം ക്യാമ്പസിൽ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിങ് നിർവഹിച്ചു.
- കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നടപ്പാക്കുന്ന ഹയർ എഡ്യൂക്കേഷൻ സ്കോളർഷിപ്പ് സ്കീമിന് തുടക്കം.

**ജനുവരി 4**- ഇന്ത്യൻ സയൻസ് കോൺഗ്രസിനോടനുബന്ധിച്ചുള്ള കുട്ടികളുടെ സയൻസ് കോൺഗ്രസ് മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ അബ്ദുൾ കലാം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്തു.

**ജനുവരി 5** - കേരള വാട്ടർ അതോറിറ്റി ഉപഭോക്താക്കളുടെ റവന്യൂ സംബന്ധമായ പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് നടത്തുന്ന ജില്ലാതല അദാലത്തുകളുടെ സംസ്ഥാനതല ഉദ്ഘാടനം കൊച്ചിയിൽ നടന്നു.

**ജനുവരി 8**

- നാലുദിവസം നീണ്ടുനിന്ന സംസ്ഥാന മൃഗസംരക്ഷണമേള 'ജീവ' 2010 ന് കൊട്ടിയത്ത് തുടക്കം.
- കാസർകോഡ് ജില്ലയിലെ ആദ്യത്തെ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമാണോദ്ഘാടനം കസബ കടപ്പുറത്ത് നടന്നു.
- മുൻ എം.പി.ഡോ.കെ.എസ് മനോജ് സി.പി.ഐ (എം)ൽ നിന്നും രാജിവച്ചു.

**ജനുവരി 9**

- സി-ഡിറ്റിന്റെ കണ്ണൂർ മേഖലാകേന്ദ്രം പ്രവർത്തനമാരംഭിച്ചു.
- 8500 ഓളം വിദ്യാർത്ഥി പ്രതിഭകളുടെ സംഗമമൊരുക്കി സംസ്ഥാനസ്കൂൾ കലോത്സവത്തിന് കോഴിക്കോട്ട് തുടക്കം.

**ജനുവരി 11** -

- ആലപ്പുഴ ഗവൺമെന്റ് ടി.ഡി മെഡിക്കൽ കോളേജ് പൂർണമായും വണ്ടാനത്ത് പ്രവർത്തിച്ചു തുടങ്ങി.

**ജനുവരി 12**

- സംസ്ഥാനത്തെ സഹകരണസ്ഥാപനങ്ങളുടെ ആഡിറ്റിനായി രൂപീകരിച്ച പ്രത്യേക ഡയറക്ടറേറ്റിന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് നടന്നു.
- ആന്ധ്രപ്രദേശിൽ നിന്നുള്ള ശബരിമല തീർത്ഥാടകർ സഞ്ചരിച്ച ലോറി എരുമേലി ശബരിമല റോഡിൽ കണമലയ്ക്കു സമീപം മറിഞ്ഞ് 11 പേർ മരിച്ചു.

**ജനുവരി 15** - സംസ്ഥാന സ്കൂൾ കലോത്സവത്തിൽ തുടർച്ചയായി നാലാം തവണയും കോഴിക്കോട് കിരീടം നേടി. രണ്ടും മൂന്നും സ്ഥാനങ്ങൾ യഥാക്രമം കണ്ണൂരും തൃശ്ശൂരും കരസ്ഥമാക്കി.

**ജനുവരി 17** -കരുനാഗപ്പള്ളി കാലിത്തീറ്റ ഫാക്ടറിയുടെ ശിലാസ്ഥാപനം നടന്നു.

**ജനുവരി 20**- 2010ലെ നിശാഗന്ധി ഫെസ്റ്റിവലിന് തിരുവനന്തപുരത്ത് കനകക്കുന്നിൽ തുടക്കം.

**ജനുവരി 21** - വിവാദമായ പോൾ ജോർജ് വധക്കേസ് അന്വേഷണം ഹൈക്കോടതി സി.ബി.ഐക്കു വിട്ടു.

**ജനുവരി 22**

- കേരള സംസ്ഥാന സഹകരണ ജീവനക്കാരുടെ പെൻഷൻ ബോർഡ് ; സംസ്ഥാന/ജില്ലാ സഹകരണബാങ്ക് ജീവനക്കാരുടെ സ്വാശ്രയ പെൻഷൻ പദ്ധതി സംസ്ഥാനതല ഉദ്ഘാടനം കണ്ണൂരിൽ നടന്നു.
- മഹാരാഷ്ട്ര ഗവർണറായി കേരള മുൻ ധനമന്ത്രി കെ.ശങ്കരനാരായണൻ ചുമതലയേറ്റു.

# സമർത്ഥമായ വിനിയോഗമാതൃക ബജറ്റ് 2010-11

**സ**മഗ്രവികസനവും സാമൂഹികനീതിയും ഉറപ്പുവരുത്തുന്ന കഴിഞ്ഞ നാലു ബജറ്റുകളുടെ തുടർച്ചയാക്കുന്ന 2010-11 ബജറ്റ് നിയമസഭയിൽ അവതരിപ്പിക്കപ്പെട്ടു. ദാരിദ്ര്യരേഖാ വ്യത്യാസമില്ലാതെ മത്സ്യത്തൊഴിലാളികൾ, കർഷകത്തൊഴിലാളികൾ, കയർ, കശുവണ്ടി, കൈത്തറി, ബീഡി, പനമ്പ്, ഈറ്റ്, ഖാദി, ചെറുകിടത്തോട്ടം തുടങ്ങിയ മേഖലകളിലെ തൊഴിലാളികൾക്കും 2 രൂപയ്ക്ക് അരി. തൊഴിലുറപ്പുപദ്ധതിയിൽ 50 ദിവസം പണിയെടുത്ത തൊഴിലാളികൾക്കും ഇതേ ആനുകൂല്യം. നഗരമേഖലയിൽ തൊഴിലുറപ്പുപദ്ധതി, രണ്ടുരൂപയ്ക്ക് അരി ലഭിക്കുന്നവർക്ക് ഇൻഷുറൻസ്, ക്ഷേമപെൻഷനുകളിൽ 50 രൂപ വർധന, കുടിവെള്ളത്തിന് 1058 കോടി, ഭക്ഷ്യസുരക്ഷയ്ക്ക് 130 കോടി, സ്ത്രീകൾ ഗുണഭോക്താക്കളായ പദ്ധതിക്ക് 620 കോടി, 1000 കോടിയുടെ ഹരിത പദ്ധതി ഇങ്ങനെ സവിശേഷതകളാൽ തിളങ്ങിയ ബജറ്റായിരുന്നു കഴിഞ്ഞ വർഷത്തേത്.

# ടെക്നോസിറ്റി



**ഒ**രുലക്ഷം പേർക്ക് നേരിട്ടും നാലുലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭ്യമാക്കുന്ന സംസ്ഥാനത്തെ ഏറ്റവും വലിയ ഐ.ടി. പദ്ധതിക്ക് തുടക്കമായി. 451 ഏക്കർ വിസ്തൃതിയിൽ നിർമിക്കുന്ന ടെക്നോസിറ്റി യാഥാർഥ്യമാക്കുന്നതോടെ ഇന്ത്യയിൽ കേരളം ഒന്നാമതാകും. കഴക്കൂട്ടത്തിനും ആറ്റിങ്ങലിനുമിടയിൽ തിരുവനന്തപുരത്തിന്റെ മുഖച്ഛായതന്നെ മാറ്റുന്നതാണ് പദ്ധതി. ദേശീയപാതയുടെ ഇരുവശങ്ങളിലുമായിട്ടാണ് സ്വയംപര്യാപ്തമായ സാറ്റലൈറ്റ് സിറ്റി വരുന്നത്. ഐ.ടി. കെട്ടിടങ്ങൾ, അപ്പാർട്ട്മെന്റുകൾ, ഷോപ്പിങ് കേന്ദ്രങ്ങൾ, ആശുപത്രികൾ, ഹോട്ടൽ, വിദ്യാഭ്യാസസ്ഥാപനങ്ങൾ എന്നിവയെല്ലാം ഉൾപ്പെട്ട ടൗൺഷിപ്പാണ് വിഭാവനം ചെയ്യുന്നത്.

# ആകാശനിരീക്ഷണകേന്ദ്രം

സംസ്ഥാനത്തെ ആദ്യത്തെ സി.വി.രാമൻ സെന്റർ ഫോർ അസ്ട്രോണമി ആകാശനിരീക്ഷണകേന്ദ്രം കാസർകോഡ് ജില്ലയിലെ കുമ്പള ഗവൺമെന്റ് ബേസിക് യു.പി. സ്കൂളിൽ വിദ്യാഭ്യാസമന്ത്രി എം.എ.ബേബി വിദ്യാർഥികൾക്കായി സമർപ്പിച്ചു.

# തീരദേശസുരക്ഷ ശക്തമാക്കാൻ

തീരസംരക്ഷണ സേനയ്ക്കായി വിഴിഞ്ഞത്ത് നിർമിച്ച പുതിയമന്ദിരം കേന്ദ്രപ്രതിരോധ മന്ത്രി എ.കെ.ആന്റണി രാജ്യത്തിന് സമർപ്പിച്ചു. പുതിയ ഓഫീസ് നിലവലിൽവന്നതോടെ തീരദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും കൂടുതൽ സുരക്ഷിതസാഹചര്യം.

# എല്ലാവർക്കും ഭൂമി, വീട്

**പാ**വപ്പെട്ട ഭൂരഹിതകുടുംബങ്ങൾക്ക് ഭൂമിലഭ്യമാക്കുക, ഭവനരഹിത കുടുംബങ്ങൾക്ക് വീട് ലഭ്യമാക്കുക എല്ലാ കുടുംബത്തിനും വെള്ളവും വെളിച്ചവും ലഭ്യമാക്കുക എന്നീ ലക്ഷ്യങ്ങളോടെ സമഗ്രമായ പദ്ധതി ഏറ്റെടുത്ത് നടപ്പാക്കി. ഇ.എം.എസ്. സമ്പൂർണ ഭവനപദ്ധതിയും എം.എൻ. ലക്ഷം വീട് നവീകരണ പദ്ധതിയും രാജ്യത്തിനാകെ മാതൃകയായി. ഭൂരഹിതർക്ക് ഭൂമി നൽകുന്നതിൽ ശ്രദ്ധ പതിപ്പിച്ചു. പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കി. ഒരു ലക്ഷത്തിൽപ്പരം കുടുംബങ്ങൾക്ക് പട്ടയമോ കൈവശാവകാശരേഖയോ നൽകി ഭൂമി അന്യാധീനപ്പെട്ട ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ ഭൂവിഹിതം നൽകുന്ന പദ്ധതി പൂർത്തീകരണത്തിലേക്ക്.



**ഇ.എം.എസ്. ഭവനപദ്ധതിയിൽ പൂർത്തിയായ വീടുകളുടെ താക്കോൽദാനം തിരുവനന്തപുരത്ത് കുറ്റിച്ചൽ പഞ്ചായത്തിൽ ആഭ്യന്തരമന്ത്രി കോടിയേരിബാലകൃഷ്ണൻ നിർവഹിക്കുന്നു**

# ഐ.ടി.ഐ പരിശീലനം കേരളം മികച്ച സംസ്ഥാനം

**നാ**ൽപ്പത്തിനാലമത് അഖിലേന്ത്യാ സ്കിൽ കോമ്പറ്റീഷനിൽ കേരളത്തെ മികച്ച സംസ്ഥാനമായി തെരഞ്ഞെടുത്തു. മെറിറ്റ് സർട്ടിഫിക്കറ്റും റണ്ണിങ് ഷീൽഡും ന്യൂഡൽഹിയിലെ വിജ്ഞാനഭവനിൽ കേന്ദ്ര തൊഴിൽ വകുപ്പുസഹമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന എൻ.സി.വി.റ്റി മീറ്റിങ്ങിൽ സംസ്ഥാന വ്യാവസായിക പരിശീലനവകുപ്പ് ഡയറക്ടർ ടി.ടി.ആന്റണി ഏറ്റുവാങ്ങി.

# കെമിക്കൽ എമർജൻസി റെസ്പോൺസ് കേന്ദ്രം

**ഫാ**ക്ടറീസ് & ബോയിലേഴ്സ് വകുപ്പ് കാക്കനാട്ട് ആരംഭിച്ച കെമിക്കൽ എമർജൻസി റെസ്പോൺസ് കേന്ദ്രത്തിന്റെ പ്രവർത്തനം ആരംഭിച്ചു. ജില്ലയിൽ അപകടസാധ്യതയുള്ള കൂടുതൽ വ്യവസായങ്ങൾ ആരംഭിക്കുന്ന സാഹചര്യത്തിൽ ഇത്തരം കേന്ദ്രം അത്യന്താപേക്ഷിതമാണ്. രാസവസ്തുക്കൾ ഉൾപ്പെട്ട അപകടങ്ങളിൽ ശാസ്ത്രീയമായ രക്ഷാപ്രവർത്തനം നിർവഹിക്കാനുള്ള സംവിധാനവും പരിചയവും പൊലീസിനും അഗ്നിശമനസേനക്കും നൽകാൻ ഈ കേന്ദ്രം ഉപകരിക്കും.

# ആരോഗ്യസർവകലാശാല

**പൊ**തുജനാരോഗ്യരംഗത്ത് ഒട്ടേറെ മാതൃകാപദ്ധതികൾ നടപ്പാക്കി രാജ്യത്തിന് മാതൃകയായ കേരളത്തിൽ ആരോഗ്യസർവകലാശാലക്കും തുടക്കമിട്ടു. ആരോഗ്യഉന്നതവിദ്യാഭ്യാസരംഗത്ത് സമഗ്രപുരോഗതി ലക്ഷ്യമിടുന്ന ആരോഗ്യസർവകലാശാലയുടെ പ്രവർത്തനോദ്ഘാടനം തൃശൂരിൽ നിർവഹിച്ചു. മുളങ്കുന്നത്തുകാവിലെ ഗവൺമെന്റ് മെഡിക്കൽ കോളേജ് ക്യാമ്പസ്സിലാണ് കേരളത്തിലെ ഏഴാമത് സർവകലാശാലയായ ആരോഗ്യസർവകലാശാലയുടെ ആസ്ഥാനം.

# ജലഅതോറിറ്റി കുപ്പിവെള്ളപ്ലാന്റ്

**ഗു**ണനിലവാരമുള്ള ശുദ്ധജലം ബോട്ടിലുകളിലാക്കി വിപണിയിലെത്തിക്കാനുള്ള നിർമാണപ്ലാന്റ് അരുവിക്കരയിൽ ആരംഭിക്കുന്നു. അതിന്റെ ശിലാസ്ഥാപനം ജലവിഭവ മന്ത്രി എൻ.കെ.പ്രേമചന്ദ്രൻ നിർവഹിച്ചു. എല്ലാ ജില്ലകളിലും ഇത്തരം നിർമാണപ്ലാന്റുകൾ ആരംഭിക്കാൻ സർക്കാർ പദ്ധതിയിട്ടിട്ടുണ്ട്. പലകമ്പനികളും ഗുണനിലവാരമില്ലാത്ത കുപ്പിവെള്ളം വിപണിയിലെത്തിക്കുന്ന പശ്ചാത്തലത്തിലാണ് ഇത്തരം സംരംഭം ആരംഭിക്കുന്നത്.

# മദ്രസ്സാധ്യാപക ക്ഷേമനിധിപെൻഷൻ

**മ**ദ്രസ്സാധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതിയുടെ നിർവഹണക്കരാർ ഒപ്പുവച്ചു.2010 ഏപ്രിൽ ഒന്നുമുതൽ പ്രാബല്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. മദ്രസ്സാധ്യാപകരും തൊഴിലുടമയായ മദ്രസ്സ മാനേജ്മെന്റ് കമ്മിറ്റികളും പ്രതിമാസം ക്ഷേമനിധിയിൽ 50 രൂപ വീതം നിക്ഷേപിക്കണം. നിക്ഷേപത്തെ അടിസ്ഥാനമാക്കിയാണ് പെൻഷൻ. ക്ഷേമനിധി കൂടുതൽധനമായി സർക്കാർ പത്തുകോടി രൂപ നൽകി.

# സ്നേഹസ്പർശം

**നി**രന്തരമായ ചൂഷണത്തിനും പീഡനങ്ങൾക്കും ഇരയാക്കപ്പെട്ട ആദിവാസി സമൂഹത്തിലെ സ്ത്രീകളുടെ ക്ഷേമവും സുരക്ഷിതത്വവും ലക്ഷ്യമിട്ട് സംസ്ഥാന സർക്കാരിന്റെ പുതിയ സഹായപദ്ധതി, സ്നേഹസ്പർശത്തിന് തുടക്കമായി. അവിവാഹിതരായ ആദിവാസി അമ്മമാർക്ക് പ്രതിമാസം 300 രൂപ ധനസഹായം ലഭിക്കുന്ന ഈ പദ്ധതിയിൽ 65 വയസ്സിനു താഴെയുള്ള അവിവാഹിതരായ ആദിവാസി സ്ത്രീകളെയാണ് ഉൾപ്പെടുത്തുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും ധനസഹായവിതരണവും മാനന്തവാടിയിൽ ആരോഗ്യസാമൂഹിക ക്ഷേമവകുപ്പുമന്ത്രി പി.കെ.ശ്രീമതി നിർവഹിച്ചു.

# ജനുവരി 23 മുതൽ മാർച്ച് 5 വരെ



**ജനുവരി 23**

- ദേശീയ സുരക്ഷാ ഉപദേഷ്ടാവായി മുതിർന്ന നയതന്ത്രജ്ഞനും മുൻവിദേശകാര്യ സെക്രട്ടറിയുമായ ശിവശങ്കർ മേനോൻ അധികാരമേറ്റു.
- മുഖ്യമന്ത്രി പങ്കെടുക്കുന്ന ജനസമ്പർക്ക ടി.വി പരിപാടിയായ 'സുതാര്യകേരളം' 100ാമത് എപ്പിസോഡ് പിന്നിട്ടു.

**ജനുവരി 24**

- ബംഗാൾ ഗവർണറായി എം.കെ.നാരായണൻ സത്യപ്രതിജ്ഞ ചെയ്തു.
- കോഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്), കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് , ഇൻസ്റ്റിട്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി , കേരള ഇൻസ്റ്റിട്യൂട്ട് ഓഫ് മേക്കിംഗ് ദി ബെസ്റ്റ് എന്നിവയുടെ ഉദ്ഘാടനം ആലപ്പുഴ, പുന്നപ്ര എഞ്ചിനീയറിംഗ് കോളേജ് അങ്കണത്തിൽ നടന്നു.

**ജനുവരി 25**

- പാവപ്പെട്ടവർക്ക് നിർമാണാവശ്യങ്ങൾക്ക് കമ്പിയും സിമന്റും മണലും ന്യായവിലയ്ക്ക് നൽകുവാനായി സംസ്ഥാന ഭവനനിർമാണ വകുപ്പിന്റെ 'കലവറ' പദ്ധതിക്ക് പാലക്കാട് ജില്ലയിൽ തുടക്കം.
- സംസ്ഥാന കൃഷിവകുപ്പും ഹോർട്ടികൾച്ചർ മിഷനും സംയുക്തമായി 'ഗവൺമെന്റ് ഓറഞ്ച് ആന്റ് വെജിറ്റബിൾ ഫാമി'ന്റെ പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

**ജനുവരി 28** – 22-ാമത് കേരള ശാസ്ത്രകോൺഗ്രസ് പീച്ചി വനഗവേഷണകേന്ദ്രത്തിൽ മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

**ഫെബ്രുവരി 1** – ചരക്കുനീക്കം മുൻകൂട്ടി അറിയിക്കാനുള്ള സൗകര്യമൊരുക്കി സംസ്ഥാനത്തെ വാണിജ്യനികുതി ചെക്ക് പോസ്റ്റുകളിൽ ഇ-കൺസൈൻമെന്റ് ഡിക്ലറേഷൻ സംവിധാനം നിലവിൽ വന്നു.

**ഫെബ്രുവരി 4** – മുൻ എം.പി.യായ എസ് ശിവരാമൻ സി.പി.ഐ (എം) വിട്ടു.

**ഫെബ്രുവരി 7** കണ്ണൂർ ആറളം മാതൃക പുനരധിവാസപദ്ധതിപ്രകാരം പട്ടികവർഗക്കാർക്കായി നിർമാണം പൂർത്തീകരിച്ച ഭവനങ്ങളുടെ താക്കോൽദാനവും റോഡുകളുടെ ഉദ്ഘാടനവും നടന്നു.

**ഫെബ്രുവരി 8** – മുപ്പത്തിയഞ്ചാമത് ദേശീയഗെയിംസിന് വേണ്ടിയുള്ള നിർമാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം തിരുവനന്തപുരത്തു നടന്നു.

**ഫെബ്രുവരി 14** – സംസ്ഥാനസഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡിന്റെ ആഭിമുഖ്യത്തിൽ സഹകരണസംഘങ്ങൾ മുഖേനയുള്ള നെല്ല് സംഭരണത്തിന്റെ സംസ്ഥാനതല ഉത്ഘാടനം ആലപ്പുഴ ജില്ലയിലെ താമരക്കുളത്ത് നടന്നു.

**ഫെബ്രുവരി 15** – ഇന്ത്യൻ ടെലിവിഷൻ ചരിത്രത്തിലെ ആദ്യ സോഷ്യൽ റിയാലിറ്റി ഷോ ആയ ഗ്രീൻ കേരള എക്സ്പ്രസിന് തുടക്കം.

**ഫെബ്രുവരി 16** – സംസ്ഥാനത്തെ ആദ്യസമ്പൂർണ വൈദ്യുതീകൃത ജില്ലയായി പാലക്കാടിനെ പ്രഖ്യാപിച്ചു.

**ഫെബ്രുവരി 18**

- പറമ്പിക്കുളം ടൈഗർ റിസർവ് പ്രഖ്യാപനം കേന്ദ്രപരിസ്ഥിതി മന്ത്രി ജയറാം രമേശ് നിർവഹിച്ചു.
- കടകളിലും വാണിജ്യവ്യാപാര സ്ഥാപനങ്ങളിലും പണിയെടുക്കുന്ന ലക്ഷകണക്കിന് തൊഴിലാളികൾക്കും സ്വയം തൊഴിൽ ചെയ്യുന്നവർക്കും സാമൂഹിക സുരക്ഷ ഉറപ്പാക്കുന്ന ക്ഷേമപെൻഷൻ പദ്ധതിക്ക് രാജ്യത്താദ്യമായി സംസ്ഥാനത്ത് തുടക്കമായി.

**ഫെബ്രുവരി 23** – കേരള വാട്ടർ അതോറിറ്റി ഇ-പേമെന്റ് സംവിധാനത്തിന്റെ ഉദ്ഘാടനം നടന്നു.

**ഫെബ്രുവരി 26** – പരമ്പരാഗത ഗോത്രസമൂഹത്തിന് വനഭൂമിയിൽ അവകാശം നൽകിക്കൊണ്ട് വനാവകാശരേഖ വിതരണമേള കണ്ണൂർ കോളയാട് ഗ്രാമത്തിൽ നടന്നു.

**മാർച്ച് 5**

- അലിഗഡ് സർവ്വകലാശാല സ്പെഷ്യൽ സെന്ററിനായി പെരിന്തൽമണ്ണയിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ ആദ്യഘട്ട കൈമാറ്റം നടന്നു.
- സംസ്ഥാന ബജറ്റ് അവതരണം നിയമസഭയിൽ ധനമന്ത്രി ഡോ.തോമസ് ഐസക് നിർവഹിച്ചു.

## വിലക്കയറ്റം തടയാൻ

**സ**ബ്സിഡികൾ നൽകിയും പൊതുവിതരണം ശക്തിപ്പെടുത്തിയും വിലക്കയറ്റം തടയാൻ നടപടികൾ കൈക്കൊണ്ടു. കൺസ്യൂമർഫെഡും സപ്ലൈകോയും വിലക്കയറ്റം തടയാൻ അഭിനന്ദനീയമായ പ്രവർത്തനം കാഴ്ചവച്ചു.



തിരുവനന്തപുരത്ത് പാളയത്തെ ഓണം റംസാൻ സഹകരണ വിപണന മേള സഹകരണ മന്ത്രി ജി.സുധാകരൻ സന്ദർശിച്ചപ്പോൾ

## സഞ്ചരിക്കുന്ന ബാങ്ക്




**ആ**ദിവാസി സമൂഹത്തിന്റെ സാമൂഹ്യപദവി ഉയർത്തി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ അട്ടപ്പാടി മേഖലയിൽ പാലക്കാട് ജില്ലാ സഹകരണ ബാങ്കിന്റെ സഞ്ചരിക്കുന്ന ബാങ്ക് പ്രവർത്തനം ആരംഭിച്ചു. ആദിവാസി സമൂഹത്തിന്റെ പുരോഗതി ലക്ഷ്യമിട്ട് ഒരു ധനകാര്യസ്ഥാപനത്തിന്റെ ഇത്തരത്തിലുള്ള ഇടപെടൽ രാജ്യത്തുതന്നെ ഇദംപ്രഥമമാണ്. ഉള്ളിൽ കൗണ്ടറുകൾ ക്രമീകരിച്ചിട്ടുള്ള ബസിലാണ് ബാങ്ക് പ്രവർത്തിക്കുന്നത്. മാനേജർക്കുപുറമെ, ഒരു സെക്യൂരിറ്റി, രണ്ട് ജീവനക്കാർ, ഡ്രൈവർ എന്നിവരാണ് ബാങ്കിലെ സ്റ്റാഫ് പാറ്റേൺ. ബാങ്കിന്റെ പ്രവർത്തനം തദ്ദേശഭരണവകുപ്പു മന്ത്രി പാലോളി മുഹമ്മദുകുട്ടി ഉദ്ഘാടനം ചെയ്തു. പിന്നോക്കക്ഷേമ പട്ടികവിഭാഗ-വൈദ്യുതി വകുപ്പുമന്ത്രി എ.കെ.ബാലൻ ഫ്ളാഗ് ഓഫ് കർമം നിർവഹിച്ചു.

## ടൂറിസം : 46.26 കോടി രൂപയുടെ പുതിയപദ്ധതികൾ

**ടൂ**റിസം മേഖലയിൽ 57 പുതിയ പദ്ധതികൾക്കായി 46.26 കോടി രൂപയുടെ ഭരണാനുമതി നൽകി. ചുവടെ പറയുന്ന വികസനപ്രവർത്തനങ്ങളാണ് നടത്തുക. ഇടുക്കി ജില്ലയിലെ കല്ലാറിൽ ടൂറിസം കേന്ദ്രം ഒരു കോടി രൂപ ചെലവിൽ വികസിപ്പിക്കും. രാമക്കൽമേട്ടിൽ പാരമ്പര്യേതര ഊർജ ടൂറിസം പാർക്ക് സ്ഥാപിക്കും. പത്തനംതിട്ട ജില്ലയിൽ മന്നം ഷുഗർമിൽ പ്രദേശം പ്രമുഖ ടൂറിസംകേന്ദ്രമാക്കി വികസിപ്പിക്കും. തിരുവനന്തപുരത്തെ പുത്തരിക്കണ്ടം മൈതാനവും എറണാകുളത്തെ ദർബാർ ഹാൾ ഗ്രൗണ്ടും നവീകരിക്കും. കുമളി ടൂറിസംകേന്ദ്രം വികസനത്തിന് 82 ലക്ഷം രൂപ വിനിയോഗിക്കും. കാസർകോഡ്, മലപ്പുറത്തെ കോട്ടപ്പുറം, പയ്യാമ്പലം, കീഴുണ്ണ, വടകരയിലെ ഗോസായിക്കടവ് എന്നിവിടങ്ങളിലെ ബീച്ചുകൾ വികസിപ്പിക്കും. ആലുവയിൽ ഹരിതവനം പദ്ധതി, ഇടുക്കി നല്ലതണ്ണി ടൂറിസംകേന്ദ്രംവികസനത്തിന് ഒരു കോടി രൂപ. കുമരകത്ത് 70 ലക്ഷം രൂപ ചെലവിൽ സാംസ്കാരിക കേന്ദ്രവും അരകോടി രൂപ ചെലവിൽ ബോട്ടുജെട്ടിക്കുസമീപം നടപ്പാതയും ലാക്വ്യൂ പ്ലാറ്റ് ഫോമും സജ്ജീകരിക്കും.



തിരുവനന്തപുരം കനകക്കുന്നിൽ ആദിവാസിമേളയുടെ ഉദ്ഘാടനം ആഭ്യന്തരമന്ത്രി നിർവ്വഹിക്കുന്നു

## മെഡിക്കൽകോളേജ് സൂപ്പർ സ്പെഷ്യാലിറ്റി പ്രവർത്തനം തുടങ്ങി



**തി**രുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ നിർമാണം പൂർത്തിയായ സൂപ്പർ സ്പെഷ്യാലിറ്റി മന്ദിരത്തിന്റെ പ്രവർത്തനം ആരംഭിച്ചു.

## കൈത്തറി നെയ്ത്ത് വ്യവസായം കുറഞ്ഞകൂലി പുതുക്കി നിശ്ചയിച്ചു

**സം**സ്ഥാനത്ത് കൈത്തറി വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ കുറഞ്ഞവേതനം പുതുക്കി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. 11 വർഷത്തിനുശേഷമാണ് ഇപ്രകാരം വേതനം പരിഷ്കരിച്ചത്. വിജ്ഞാപനപ്രകാരം ദിവസവേതനക്കാരായ കാർഡ് കളർ ഡിസൈനർ, ജക്കാർഡ് ഫിറ്റർ, ബോയ്‌ലർ ഓപ്പറേറ്റർ ജോലിക്കാർക്ക് 137 രൂപ, ബോയ്‌ലർ അറ്റൻഡർ, കാർപ്പെന്റർ വിഭാഗത്തിൽ 131 രൂപ, ഡൈഹൗസ് ജോലിക്കാർ, അർധവിദഗ്ധ തൊഴിലാളികൾ എന്നിവർക്ക് 124 രൂപ, അവിദഗ്ധ തൊഴിലാളികൾക്ക് 118 രൂപ എന്നിങ്ങനെയാണ് അടിസ്ഥാനവേതനം പുതുക്കിയത്.

# ക്ഷേമപെൻഷനുകൾ 300 - രൂപയാക്കി ഉയർത്തി

സാമൂഹിക സുരക്ഷിതത്വപെൻഷൻ പ്രതിമാസം 250 രൂപയായിരുന്നത് 300 രൂപയാക്കി ഉയർത്തി. 2010 ഏപ്രിൽ മുതൽ മുൻകാല പ്രാബല്യത്തോടെ വർധിപ്പിച്ച പെൻഷൻ തുക നല്കിത്തുടങ്ങി. ശാരീരികവും മാനസികവുമായ കാരണങ്ങളാൽ ശയ്യാവലംബരായവരുടെ കെയർടേക്കർമാർക്ക് പ്രതിമാസം 300 രൂപ അലവൻസും അനുവദിച്ചു.

# വെള്ളക്കരത്തിന് ഓൺലൈൻ പേമെന്റ്

വെള്ളക്കരത്തിന്റെയും ഇ-ടെൻഡറിന്റെയും ഓൺലൈൻ പേമെന്റ് സംവിധാനം ജലവിഭവമന്ത്രി എൻ.കെ.പ്രേമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. വാട്ടർ അതോറിറ്റിയെ ഒരു ഉപഭോക്തൃ സൗഹൃദ സ്ഥാപനമാക്കിമാറ്റുക എന്ന സർക്കാരിന്റെ പ്രഖ്യാപിതലക്ഷ്യത്തിന്റെ ഭാഗമായാണ് ഇത്തരം നവീകരണപരിപാടികൾ ആരംഭിച്ചത്.

# പണയാധാരം തിരികെ നൽകൽ

പട്ടികജാതി/വർഗപരിവർത്തിത ക്രിസ്ത്യൻ വിഭാഗങ്ങളുടെ വായ്പ എഴുതിത്തള്ളി പണയാധാരം തിരികെ നൽകൽ പദ്ധതിക്ക് തുടക്കമിട്ടു. ഈ പദ്ധതിയുടെ ആദ്യഗഡുവായ പത്തുകോടിരൂപ പിന്നാക്കവിഭാഗക്ഷേമവകുപ്പുമന്ത്രി, എ.കെ.ബാലൻ, സഹകരണമന്ത്രി ജി.സുധാകരനു കൈമാറി.

# സഹകരണ ഓണം വിപണി റെക്കോർഡ് വിറ്റുവരവ്

സഹകരണവകുപ്പിന്റെ നേതൃത്വത്തിൽ കൺസ്യൂമർഫെഡ് മുഖേന ആറായിരത്തോളം സഹകരണവിപണന കേന്ദ്രങ്ങളിലൂടെ 120 കോടിരൂപയുടെ വിറ്റുവരവ് ഉണ്ടായി. 43 ഇനങ്ങൾ പൊതുവിപണിയിൽ നിന്നും 15 ശതമാനം മുതൽ 70 ശതമാനംവരെ വിലക്കുറവിൽ വിറ്റു. ക്രമക്കേടുകൾ ഒഴിവാക്കാൻ വ്യാപകമായ പരിശോധന നടത്തി. അഭൂതപൂർവമായ ജനത്തിരക്കാണ് വിപണനകേന്ദ്രങ്ങളിൽ അനുഭവപ്പെട്ടത്. 35 ലക്ഷം കുടുംബങ്ങൾക്ക് വിപണനത്തിന്റെ പ്രയോജനം ലാഭിച്ചു.

# കരിമീൻ സംസ്ഥാന മത്സ്യം

കരിമീനിനെ സംസ്ഥാനമത്സ്യമായി പ്രഖ്യാപിച്ച് ഉത്തരവായി. കരിമീനിന്റെ ഭക്ഷ്യസാമ്പത്തികമൂല്യങ്ങളും അതിനെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും കണക്കിലെടുത്താണ് തീരുമാനം.

# മാർച്ച് 10 മുതൽ മേയ് 19 വരെ



**മാർച്ച് 10** – ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് തിരുവനന്തപുരം ടാഗോർ തീയേറ്ററിൽ സംഘടിപ്പിച്ച ദേശീയനാടകോത്സവത്തിന് തുടക്കം.

**മാർച്ച് 13** – കേരളത്തിൽനിന്ന് ഒഴിവുവന്ന മൂന്ന് രാജ്യസഭാ സീറ്റുകളിൽ പ്രതിരോധ മന്ത്രി എ.കെ. ആന്റണി, കെ.എൻ. ബാലഗോപാൽ, ഡോ. ടി. എൻ. സീമ എന്നിവർ സ്ഥാനാർഥിയാകുമെന്ന് പ്രഖ്യാപനം. കേരളത്തിൽനിന്നും രാജ്യസഭയിലെത്തുന്ന ആദ്യ വനിതയാണ് ഡോ. ടി.എൻ. സീമ.

**മാർച്ച് 18** – കുട്ടികൾക്കായുള്ള സൗജന്യചികിത്സാ പദ്ധതി 'താലോലം' ത്തിന്റെ ഉദ്ഘാടനം തിരുവനന്തപുരം മെഡിക്കൽകോളേജിൽ നടന്നു.

**മാർച്ച് 23** – കോട്ടയം താഴത്തങ്ങാടിയിൽ നിയന്ത്രണം വിട്ട സ്വകാര്യബസ് പുഴയിൽ വീണു മുങ്ങി 11 പേർ മരിച്ചു.

**മാർച്ച് 24** – തിരുവനന്തപുരം ആക്കുളം കായൽ നവീകരണപദ്ധതിയുടെ ഉദ്ഘാടനം നടന്നു.

**മാർച്ച് 29** – പി.വൽസല പ്രസിഡന്റായി കേരളസാഹിത്യ അക്കാദമിയും നടൻ മുകേഷ് ചെയർമാനായി കേരളസംഗീതനാടക അക്കാദമി ജനറൽ കൗൺസിലും പുനസംഘടിപ്പിച്ചു.

**ഏപ്രിൽ 5** – നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയുടെ സാങ്കേതിക സഹകരണത്തോടെ കൊല്ലം ജില്ലയിലെ കുണ്ടറയിൽ ഇൻസ്റ്റിട്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരള യുടെ ഉദ്ഘാടനം നടന്നു.

**ഏപ്രിൽ 6** – തിരുവനന്തപുരത്ത് വഞ്ചിയൂർ കോടതി സമുച്ചയത്തിന്റെ പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം നടന്നു.

**ഏപ്രിൽ 10** – തൃശൂർ ജില്ലയിലെ ചേറ്റുവ മൽസ്യബന്ധന തുറമുഖ നിർമാണോദ്ഘാടനം നടന്നു.

**ഏപ്രിൽ 12**

- ആദിവാസിഭവനങ്ങൾക്ക് സൗജന്യമായി തടിനൽകുന്ന പദ്ധതിയുടെ സംസ്ഥാനതല വിതരണോദ്ഘാടനം അഗളിയിൽ നടന്നു.
- കൃഷി, ചെറുകിട വ്യവസായം, പിന്നോക്കമേഖലകളുടെ വികസനം, സാമ്പത്തിക സുരക്ഷാപദ്ധതികൾ എന്നിവയ്ക്ക് ഊന്നൽ നൽകിയുള്ള 10,025 കോടി രൂപയുടെ സംസ്ഥാന വാർഷിക പദ്ധതി ആസൂത്രണകമ്മീഷൻ അംഗീകരിച്ചു.

**ഏപ്രിൽ 18** – ശശി തരൂർ കേന്ദ്രമന്ത്രിസ്ഥാനം രാജിവച്ചു.

**ഏപ്രിൽ 20** – അന്താരാഷ്ട്ര ജൈവ വൈവിധ്യവർഷത്തിന്റെ ഭാഗമായി കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിൽ ഏർപ്പെടുത്തിയ വിദ്യാർത്ഥികൾക്കായുള്ള പ്രകൃതിപഠനകേന്ദ്രത്തിന്റെ നിർമാണോദ്ഘാടനം നടന്നു.

**ഏപ്രിൽ 30**

- കേരള കോൺഗ്രസ് ലയനപ്രഖ്യാപനം കോട്ടയത്ത് നടന്നു.
- പി.ജെ.ജോസഫ് സംസ്ഥാന പൊതുമരാമത്ത് വകുപ്പ്മന്ത്രിസ്ഥാനം രാജി വച്ചു.
- കേരളത്തിൽ പണിയെടുക്കുന്ന അന്യസംസ്ഥാനതൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയുള്ള കേരള കുടിയേറ്റതൊഴിലാളി ക്ഷേമപദ്ധതിക്ക് തുടക്കം.
- തിരുവനന്തപുരം സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയിൽ ബ്രിട്ടീഷ് കൗൺസിൽ ലൈബ്രറി പുസ്തകങ്ങളുടെ പ്രത്യേകവിഭാഗത്തിന്റെ ഉദ്ഘാടനം നടന്നു.

**മേയ് 12** – സ്ഥാനമൊഴിഞ്ഞ ചീഫ് ജസ്റ്റിസ് കെ.ജി.ബാലകൃഷ്ണനെ ദേശീയ മനുഷ്യാവകാശകമ്മീഷൻ അധ്യക്ഷനായി നിയമിക്കാൻ കേന്ദ്രസർക്കാർ തീരുമാനിച്ചു.

**മേയ് 14** – ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ പുനരുദ്ധാരണം (റെലിസ്) സംസ്ഥാനതല ഉദ്ഘാടനം ആലുവയിൽ നടന്നു.

**മേയ് 15** – മുതുകുളം ബ്ലോക്ക് പഞ്ചായത്തിനെ 'കയർ ഭൂവസ്ത്ര ഗ്രാമ'മായി പ്രഖ്യാപിച്ചു.

**മേയ് 16** – പാലക്കാട് കഞ്ചിക്കോട് ബെമൽ (ബി.ഇ.എം.എൽ) പ്ലാന്റ് ഉദ്ഘാടനം നടന്നു

**മേയ് 17** – കൃഷിവകുപ്പിന്റെ ജൈവകൃഷി നയപ്രഖ്യാപനപരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് വേങ്ങേരിയിൽ നടന്നു.

**മേയ് 18** – തിരുവനന്തപുരം നഗരമേഖലയിലെ ജപ്പാൻകുടിവെള്ള പദ്ധതി ഉദ്ഘാടനം നടന്നു.

**മേയ് 19**

- 2010 സംസ്ഥാന കയർ വർഷ പ്രഖ്യാപനം മുഖ്യമന്ത്രി നിർവഹിച്ചു.
- മുസ്ലീങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഒന്നാം യു.പി.എ സർക്കാർ നിയോഗിച്ച ജസ്റ്റിസ് രജീന്ദ്ര സച്ചാർ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ച ആദ്യ സംസ്ഥാനമെന്ന ബഹുമതി കേരളത്തിന്.




## കുടിയേറ്റ തൊഴിലാളികൾക്ക് ക്ഷേമനിധി

സംസ്ഥാനത്തിനകത്ത് ജോലി ചെയ്യുന്ന അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികൾക്കായി ക്ഷേമപദ്ധതി രൂപീകരിച്ച് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചു. കേരള ബിൽഡിങ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ കീഴിലാണ് ഈ ക്ഷേമനിധി തയ്യാറാക്കിയിട്ടുള്ളത്. പ്രതിവർഷം 30 രൂപയാണ് അംഗത്വഫീസ്. ഓരോ വർഷവും സമാഹരിക്കുന്ന തുകയുടെ മൂന്നിരട്ടിത്തുക നിധിയിലേക്ക് സർക്കാർ ധനസഹായമായി നൽകും.

## വയനാടിന് തിലകക്കുറി – വെറ്ററിനറിസർവകലാശാല

വയനാടിന് തിലകക്കുറിയായി പൂക്കോട് വെറ്ററിനറി സർവകലാശാലയുടെ ശിലാസ്ഥാപനം മുഖ്യമന്ത്രി നിർവഹിച്ചു. കന്നുകാലിസമ്പത്ത് വർധിപ്പിക്കുന്നതിനും മൃഗരോഗങ്ങൾ തടയുന്നതിനും പാലിന്റെയും മുട്ടയുടെയും മാംസത്തിന്റെയും ദൗർലഭ്യം പരിഹരിക്കുന്നതിനും വെറ്ററിനറി സർവകലാശാല സഹായകമാകും. ഈ മേഖലയിൽ പ്രവർത്തിക്കുന്ന കൃഷിക്കാരുടെ പ്രധാന ആശ്രയകേന്ദ്രമായി സർവകലാശാലയെ മാറ്റും.





## എലപ്പുള്ളി മികച്ച ഗ്രാമപഞ്ചായത്ത്

സവിശേഷവും ജനോപകാരപ്രദവും വ്യത്യസ്തവുമായ പദ്ധതികൾ നടപ്പിലാക്കുന്നതിൽ കൂടുതൽ മികവു പുലർത്തുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ തമ്മിലുള്ള തീപാറുന്ന മത്സരം, ദൂരദർശനിൽ 2010 മാർച്ച് മുതൽ സംപ്രേക്ഷണം ചെയ്തുവന്നിരുന്ന ഗ്രീൻ കേരള എക്സ്പ്രസ്സ് റിയാലിറ്റി ഷോയിൽ പാലക്കാട് ജില്ലയിലെ എലപ്പുള്ളി പഞ്ചായത്ത് മികച്ച ഗ്രാമപഞ്ചായത്തിനുള്ള പുരസ്കാരം നേടി. പാലക്കാടുള്ള അകത്തേത്തറ രണ്ടാം സ്ഥാനത്തും തൃശ്ശൂർ ജില്ലയിലെ അടാട്ട് മൂന്നാംസ്ഥാനത്തും എത്തി. മികച്ച നഗരസഭക്കുള്ള പുരസ്കാരം പാലക്കാട് ജില്ലയിലെ ഒറ്റപ്പാലവും രണ്ടാംസ്ഥാനം മലപ്പുറം നഗരസഭയും കരസ്ഥമാക്കി.

## പൊലീസിന് ജനകീയമുഖം

സംസ്ഥാനചരിത്രത്തിലെ മികവുറ്റ പരിഷ്കാരങ്ങൾക്ക് ആഭ്യന്തരവകുപ്പ് സാക്ഷ്യം വഹിച്ചു. അധികാരത്തിന്റെയും മൂന്നാംമുറയുടെയും പൊലീസ് മുദ്രകൾ മാഞ്ഞുതുടങ്ങി. പൊലീസ് കൂടുതൽ ജനകീയമായി. ഗുരുതര കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ ഗണ്യമായ കുറവുണ്ടായി.



സൗത്ത്സോൺ റീജിയണൽ ട്രെയിനിങ് സെന്റർ തിരുവനന്തപുരത്ത് പോലീസ്ട്രെയിനിങ് കോളേജിൽ ആഭ്യന്തരമന്ത്രി ഉദ്ഘാടനം ചെയ്യുന്നു

## സർക്കസ് അക്കാദമി

സർക്കസിന്റെ ഈറ്റില്ലമായ തലശ്ശേരിയിൽ സർക്കസ് അക്കാദമി. ധർമടം പാലയാട് ചിറക്കുനിയിൽ സ്പോർട്സ് യുവജനക്ഷേമ വകുപ്പുമന്ത്രി എം. വിജയകുമാർ ഇതിന്റെ ഉദ്ഘാടനം നിർവഹിച്ചു. സർക്കസ് അക്കാദമിക്ക് തലശ്ശേരിയിൽ കുണ്ടൂർമലയിൽ 10 ഏക്കർ സ്ഥലം ഏറ്റെടുക്കും. അന്താരാഷ്ട്ര നിലവാരമുള്ള അക്കാദമിയിൽ ആധുനിക ഉപകരണങ്ങളും സൗകര്യങ്ങളും ഒരുക്കും. ടൂറിസ്റ്റുകൾക്ക് സർക്കസ് കാണാനുള്ള സൗകര്യം ഒരുക്കും. സർക്കസ് അഭ്യാസമുറകളുടെ പ്രാധാന്യംകൂടി കണക്കിലെടുത്ത് പ്രോത്സാഹനം നൽകും. കേന്ദ്രസഹായത്തോടെ ടൂറിസവുമായി ബന്ധപ്പെട്ട ബൃഹത്തായ പദ്ധതിയും സ്ഥാപനവുമാണ് ലക്ഷ്യമിടുന്നത്.

# ഇന്ദിരാപ്രിയദർശിനി വൃക്ഷമിത്ര അവാർഡ്

2007-ലെയും2008-ലെയും ഇന്ദിരാപ്രിയദർശിനി വൃക്ഷമിത്ര അവാർഡ് വനംവകുപ്പ് കരസ്ഥമാക്കി. വനവത്കരണത്തിനും പരിസ്ഥിതിസംരക്ഷണത്തിനും കേരളം നല്കിയ സംഭാവനകൾ പരിഗണിച്ചാണ് അവാർഡ്. വിദ്യാഭ്യാസ വകുപ്പും വനംവകുപ്പും സംയുക്തമായി നടത്തിയ പദ്ധതിയായ എന്റെ മരം പദ്ധതി, വഴിയോര തണൽ പദ്ധതി, ഹരിതതീരം, ഹരിതകേരളം പദ്ധതി എന്നിവ ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു.

## വേലുത്തമ്പിദളവയുടെ ഉടവാൾ

**സൂ**ര്യനസ്തമിക്കാത്ത സാമ്രാജ്യത്തിന്റെ അധിപന്മാരായബ്രിട്ടീഷ് മേധാവികൾക്കെതിരെ സന്ധിയില്ലാതെ പോരാടിയ ധീരദേശസ്നേഹി വേലുത്തമ്പിദളവയുടെ ഉടവാൾ കേരളത്തിലെത്തി. ഡൽഹി നാഷണൽ മ്യൂസിയത്തിൽ സൂക്ഷിച്ചിരുന്ന വാൾ, തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ നടന്ന ചടങ്ങിൽ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ടി.കെ.എ.നായരിൽനിന്നും ചീഫ് സെക്രട്ടറി ഡോ. പി.പ്രഭാകരൻ ഏറ്റുവാങ്ങി.

## കൊല്ലം ആലപ്പുഴ ബോട്ട് സർവീസ്

**ജ**ലഗതാഗതരംഗത്ത് സർക്കാർ നടപ്പാക്കുന്ന വികസനപദ്ധതികളുടെ ഭാഗമായി കൊല്ലം, ആലപ്പുഴ ബോട്ട് സർവീസിന് തുടക്കമായി. കൊല്ലം ബോട്ട് ജെട്ടിയിൽ മന്ത്രി ജോസ് തെറ്റയിൽ ബോട്ട് ഫ്ളാഗ് ഓഫ് ചെയ്തു. 14 വർഷമായി ബോട്ട് സർവീസ് സാങ്കേതികകാരണങ്ങളാൽ മുടങ്ങിക്കിടക്കുകയായിരുന്നു. കൊല്ലം-കോട്ടപ്പുറം ജലപാതയുടെ നവീകരണമാണ് ഈ സർവീസിന് വഴിയൊരുക്കിയത്.

## പഴയ നിയമസഭാമന്ദിരം ചരിത്രസ്മാരമാകുന്നു

**തി**രുവനന്തപുരത്ത് സെക്രട്ടേറിയറ്റിലുള്ള പഴയ നിയമസഭാമന്ദിരം ചരിത്രസ്മാരകമായി സംരക്ഷിക്കുന്നതിനുള്ള പ്രവൃത്തികളുടെ ഉദ്ഘാടനം സ്പീക്കർ കെ. രാധാകൃഷ്ണൻ നിർവഹിച്ചു.



# മേയ് 22 മുതൽ ജൂൺ 14 വരെ



**മേയ് 22**

- മംഗലാപുരത്ത് ബജ്പെ വിമാനത്താവളത്തിലുണ്ടായ വിമാനാപകടത്തിൽ 61 മലയാളികൾ മരിച്ചു.
- അധികാര വികേന്ദ്രീകരണത്തിനുള്ള അഖിലേന്ത്യാ അവാർഡ് കേരളത്തിന് ലഭിച്ചു.

**മേയ് 27** - കേരള കോൺഗ്രസ് (മാണി) ജോസഫ് ഗ്രൂപ്പുകാർ ലയിച്ച് ഒന്നായി.

**ജൂൺ 11**

- 240 കോടിയോളം രൂപയുടെ അടങ്കലോടെ കേരള ലോക്കൽ ഗവൺമെന്റ് ഡവലപ്പ്മെന്റ് ഫണ്ട് (കെ.എൽ.ജി.ഡി.എഫ്) ഉദ്ഘാടനം തിരുവനന്തപുരത്ത് നടന്നു.
- സാമൂഹ്യക്ഷേമവകുപ്പ് നടപ്പാക്കുന്ന വനിതാ ഗൃഹനാഥകളുടെ മക്കൾക്കായുള്ള വിദ്യാഭ്യാസ ധനസഹായ പദ്ധതിക്ക് തുടക്കം.
- ഗവ.എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്കുകളിലും പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി നടത്തുന്ന പ്രത്യേക തൊഴിലധിഷ്ഠിത പരിപാടി (STEP4U)യുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്തു നടന്നു.

**ജൂൺ 2** ഒരു കിലോഗ്രാമിന് രണ്ടു രൂപ നിരക്കിൽ അരിയും ഗോതമ്പും ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള 36 ലക്ഷം കുടുംബങ്ങൾക്ക് നൽകുന്ന പദ്ധതിയുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു.

**ജൂൺ 3**- സംസ്ഥാനത്തെ ആദിവാസികൾ ഉൾപ്പെടെയുള്ള വനാശ്രിത കുടുംബങ്ങളുടെ ഉന്നമനം ലക്ഷ്യമിട്ടുള്ള കേരള സംസ്ഥാന വനവികസന ഏജൻസിയുടെ ഉദ്ഘാടനം നടന്നു.

**ജൂൺ 4** - തിരുവനന്തപുരം ജില്ലയിലെ പള്ളിപ്പുറത്ത് ടെക്നോസിറ്റി പദ്ധതിയുടെ ശിലാസ്ഥാപനം മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ നിർവഹിച്ചു.

**ജൂൺ 5**

- ഒരു കോടിവൃക്ഷത്തൈകൾ നട്ടുപൂർത്തിയാക്കുന്ന ജനകീയപദ്ധതിയായ 'ഹരിതകേരളം 2010' ന്റെ ഉദ്ഘാടനം എറണാകുളത്ത് കറുകുറ്റിയിൽ നടന്നു.
- കേരള ആരോഗ്യ സർവകലാശാല പ്രവർത്തനോദ്ഘാടനവും ഭൂമികൈവശാവകാശരേഖ കൈമാറ്റവും തൃശ്ശൂരിൽ നടന്നു.

**ജൂൺ 6** - കയർ കടാശ്വാസപദ്ധതി ആനുകൂല്യവിതരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം ആലപ്പുഴ പാതിരാപ്പള്ളിയിൽ നടന്നു.

**ജൂൺ 7**

- സംസ്ഥാന ഐ.ടി വകുപ്പും ഐ.എച്ച്.ആർ.ഡി യും സംയുക്തമായി കൊച്ചിയിൽ ആരംഭിച്ച ഫിനിഷിംഗ് സ്കൂൾ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു.
- കേരള വാട്ടർ അതോറിറ്റിയുടെ പാക്കേജ്ഡ് ഡ്രിങ്കിംഗ് വാട്ടർ (കുപ്പിവെള്ളം) പ്ലാനിന്റെ ശിലാസ്ഥാപനം തിരുവനന്തപുരത്ത് അരുവിക്കരയിൽ നടന്നു.

**ജൂൺ 8**

- ജയിൽതടവുകാരുടെ കുട്ടികൾക്കുള്ള സാമൂഹ്യക്ഷേമവകുപ്പ് നടപ്പിലാക്കുന്ന വിദ്യാഭ്യാസ ധനസഹായപദ്ധതിക്ക് തുടക്കമായി.
- വനംവിദ്യാഭ്യാസ വകുപ്പുകളുടെ സംയുക്തസംരംഭമായ എന്റെ മരം 2010 പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് ചെമ്പഴന്തിയിൽ നടന്നു.

**ജൂൺ 9** - ആദിവാസി സമൂഹത്തിലെ നിരന്തരം ചൂഷണത്തിനും പീഡനങ്ങൾക്കും ഇരയാക്കപ്പെട്ട സ്ത്രീകളുടെ ക്ഷേമവും സുരക്ഷിതത്വവും ലക്ഷ്യമിട്ടുകൊണ്ടുള്ള കേരളസാമൂഹ്യസുരക്ഷാ മിഷന്റെ 'സ്നേഹസ്പർശം' പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വയനാട് ജില്ലയിലെ മാനന്തവാടിയിൽ നടന്നു.

**ജൂൺ 10** - കേരള പ്രവാസി കേരളീയക്ഷേമബോർഡിന്റെ പ്രവാസിക്ഷേമനിധി അംഗത്വവിതരണോദ്ഘാടനം തിരുവനന്തപുരത്ത് നടന്നു.

**ജൂൺ 12** -കേരളത്തിലെ ജയിലുകളെയും കോടതികളെയും തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നടന്നു.

**ജൂൺ 14**

- കലാമണ്ഡലം വി.സി, കെ.ജി പൗലോസ് രാജിവച്ചു.
- അട്ടപ്പാടിയിൽ അപ്ലൈഡ് സയൻസ് കോളേജിന്റെ ഉദ്ഘാടനം നടന്നു.



# കുട്ടനാട് പാക്കേജ്

1840 കോടി രൂപയുടെ കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു. രാജ്യത്തിന്റെ പ്രത്യേകിച്ച് കേരളത്തിന്റെ പാരിസ്ഥിതിക സാമ്പത്തിക സാമൂഹിക മേഖലയുടെ സുസ്ഥിരവികസന ചരിത്രത്തിലെ നിർണായകമുഹൂർത്തമായിരുന്നു ഇത്.




സംസ്ഥാനത്ത് ജയിലുകളെയും കോടതികളെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീഡിയോ കോൺഫറൻസിങ് സംവിധാനം ഉദ്ഘാടനം ഹൈക്കോടതി ചീഫ്ജസ്റ്റിസ് ചെലമേശ്വർ നിർവഹിക്കുന്നു




വിഴിഞ്ഞം തുറമുഖപദ്ധതി പ്രവർത്തനോദ്ഘാടനം



അധികാരവികേന്ദ്രീകൃതാസൂത്രണ നടത്തിപ്പിൽ രാജ്യത്തെ ഏറ്റവും മികച്ച സംസ്ഥാനത്തിനുള്ള അവാർഡ് തദ്ദേശസ്വയംവകുപ്പ് മന്ത്രി ഏറ്റുവാങ്ങിയശേഷം



ഹരിതയോരം പദ്ധതിയുടെ ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി മുല്ലക്കര രത്നാകരൻ നിർവഹിക്കുന്നു




സമ്പൂർണ ആരോഗ്യസുരക്ഷാ പദ്ധതി രണ്ടാംഘട്ട ഉദ്ഘാടനം



ജപ്പാൻ കുടിവെള്ള പദ്ധതി ഉദ്ഘാടനം




സാമൂഹ്യവനവത്കരണത്തിനുള്ള ഐക്യരാഷ്ട്രസഭയുടെ പുരസ്കാരം കേരളത്തിന് - വനംമന്ത്രി ഏറ്റുവാങ്ങുന്നു.

## ചെങ്ങറ 1495 കുടുംബങ്ങൾക്ക് ഭൂമി

ചെങ്ങറ ഭൂസമരത്തിലേർപ്പെട്ടിരുന്നവർക്ക് സ്വപ്നസാഫല്യമായി. പത്തനംതിട്ട സെന്റ് സ്റ്റീഫൻസ് ഓഡിറ്റോറിയത്തിൽ നടന്ന ഭൂവിതരണമേളയിൽ 1495 കുടുംബങ്ങൾക്ക് ഭൂമി ലഭിച്ചു. മേള മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

## മത്സ്യത്തൊഴിലാളികളുടെ വായ്പകൾ എഴുതിത്തള്ളി

വീട് നിർമാണത്തിനും മത്സ്യബന്ധനോപകരണം വാങ്ങുന്നതിനുമായി മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾ എഴുതിതള്ളുന്നതിന് തീരുമാനിച്ചു. ഇതിന്റെ ആദ്യഘട്ട ഉദ്ഘാടനം തിരുവനന്തപുരത്ത് വെട്ടുകാട്ടിൽ മുഖ്യമന്ത്രി നിർവഹിച്ചു. വായ്പയുടെ സ്വഭാവം, വായ്പയെടുത്തയാളിന്റെ സാമ്പത്തികസ്ഥിതി എന്നിവ പരിഗണിച്ച് മത്സ്യത്തൊഴിലാളി കടാശ്വാസകമ്മീഷന്റെ ശുപാർശയിൻമേലാണ് വായ്പകൾ എഴുതിത്തള്ളിയത്.

## പൊതുമേഖലയുടെ പ്രകടനം



മികച്ച പൊതുമേഖല സ്ഥാപനങ്ങൾക്കുള്ള അവാർഡ് വിതരണ ചടങ്ങ്

**പൊ**തുമേഖല സമൂഹത്തിന്റെ ബാധ്യതയാണെന്നും, സർക്കാരിന്റെ ജോലിയല്ല, വ്യവസായം നടത്തലെന്നും അങ്ങനെ നടത്തിയാൽ അത് ലാഭകരമാവില്ലെന്നുമുള്ള നിലപാടുകളെ തള്ളിക്കളഞ്ഞ് രാജ്യത്തിനാകെ മാതൃകയാവും വിധം പൊതുമേഖലാസ്ഥാപനങ്ങൾ മുന്നേറ്റം നടത്തി. കൃത്യമായ ദിശാബോധവും അതിനനുസരിച്ചുതയ്യാറാക്കിയ പദ്ധതിയുടെ നടത്തിപ്പുമാണ് നേട്ടത്തിനു പിന്നിൽ.

## സ്റ്റുഡന്റ് പൊലീസ്

**വി**ദ്യാർഥികളിൽ പൗരബോധം, നേതൃത്വശേഷി മുതലായ ഗുണങ്ങൾ വളർത്തിയെടുക്കാനായി രൂപം കൊടുത്ത സ്റ്റുഡന്റ് പൊലീസ് കാഡറ്റ് സംവിധാനത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു.

# ജൂൺ 15 മുതൽ ഓഗസ്റ്റ് 29 വരെ



ജൂൺ 15 – തിരുവനന്തപുരത്ത് ബേക്കറി മേൽപ്പാലം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

ജൂൺ 19–കുറ്റ്യാടി ജലവൈദ്യുത അധികവിപുലീകരണപദ്ധതി (IVOMW)മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ രാഷ്ട്രത്തിന് സമർപ്പിച്ചു.

ജൂൺ 20– വയനാട്ടിലെ ആദ്യ ഇടത്തരം ജലസേചനപദ്ധതിയായ കാരാപ്പുഴ ജലസേചനപദ്ധതി കമ്മീഷൻ ചെയ്തു.

ജൂൺ 24 – സംസ്ഥാനത്ത് പൊതുറോഡുകളിലും പാതയോരങ്ങളിലും പൊതുസമ്മേളനങ്ങൾ നടത്തുന്നത് ഹൈക്കോടതി നിരോധിച്ചു.

ജൂലൈ 7– കേരളത്തിന്റെ സംസ്ഥാനമത്സ്യമായി കരിമീൻ തിരഞ്ഞെടുക്കപ്പെട്ടതായി ഫിഷറീസ് മന്ത്രി നിയമസഭയിൽ പറഞ്ഞു.

ജൂലൈ 8 – തിരുവനന്തപുരം ജില്ലയിലെ കല്ലറ, പാങ്ങോട്, പുല്ലമ്പാറ, നന്ദിയോട്, പനവൂർ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചെല്ലഞ്ചിപ്പാലം നിർമാണോദ്ഘാടനം നടന്നു.

ജൂലൈ 9 – വ്യവസായ വാണിജ്യവകുപ്പിന്റെ പൊതുമേഖലാസ്ഥാപനങ്ങളിലെ മാനവശേഷി ശാക്തീകരണപദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം .

ജൂലൈ 18 – പൊതുമേഖലയിലെ ചന്ദനഫാക്ടറിക്ക് മറയൂരിൽ ശിലാസ്ഥാപനം നടത്തി.

ഓഗസ്റ്റ് 1 – സംസ്ഥാന സർക്കാരിന്റെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കോഴിക്കോട് നടന്നു.

ഓഗസ്റ്റ് 2 – കായികമികവിന്റെ പര്യായമായ സർക്കസ്സിന്റെ ഈറ്റില്ലമായ തലശ്ശേരിയിൽ ഇന്ത്യയിലെ ആദ്യത്തെ സർക്കസ് അക്കാദമി ഉദ്ഘാടനം ചെയ്യപ്പെട്ടു.

ഓഗസ്റ്റ് 3

- സംസ്ഥാനത്ത് വെറ്ററിനറി സർവകലാശാല ജന്മം കൊണ്ടു ആസ്ഥാന മന്ദിരത്തിന്റെ ശിലാസ്ഥാപനം വയനാട് ജില്ലയിലെ പൂക്കോട് നടന്നു.
- ചെങ്ങറ ഭൂമി വിതരണം പത്തനംതിട്ടയിൽ നടന്നു.
- വി.സുരേന്ദ്രൻപിള്ള സംസ്ഥാന തുറമുഖ, യുവജനക്ഷേമ മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു.

ഓഗസ്റ്റ് 5

- കേരളകലാമണ്ഡലത്തിൽ വള്ളത്തോൾ പീഠത്തിന്റെ പ്രവർത്തനമാരംഭിച്ചു.
- സാംസ്കാരികവകുപ്പിന്റെയും പുരാരേഖാവകുപ്പിന്റെയും നേതൃത്വത്തിൽ ചരിത്രരേഖാസംരക്ഷണം ലക്ഷ്യമിട്ടുള്ള ആരാധനാലയ രേഖാസംരക്ഷണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടന്നു.

ഓഗസ്റ്റ് 8 – കേരളത്തിന്റെ പതിനാറാമതു വന്യജീവി സങ്കേതമായ മലബാർ വന്യജീവി സങ്കേതം ഉദ്ഘാടനം ചെയ്യപ്പെട്ടു.

ഓഗസ്റ്റ് 11 – കണ്ടൽവനങ്ങളുടെ സംരക്ഷണത്തിന് വനംവകുപ്പും കണ്ടൽ ഉടമകളും സംയുക്തമായി സഹകരിച്ചുകൊണ്ടുള്ള കണ്ടൽസംരക്ഷണ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടന്നു.

ഓഗസ്റ്റ് 12 – മൂന്നുദിവസത്തെ കേരളസന്ദർശനത്തിന് രാഷ്ട്രപതി പ്രതിഭപാട്ടീൽ നെടുമ്പാശ്ശേരിയിലെത്തി.

ഓഗസ്റ്റ് 13 – ശാന്തിഗിരി ആശ്രമത്തിൽ നിർമ്മിച്ച വിരിഞ്ഞ താമരപ്പൂവിന്റെ രൂപത്തിലുള്ള പർണശാല രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു.

ഓഗസ്റ്റ് 16 –

- സംസ്ഥാനത്തെ അംഗൻവാടി പ്രവർത്തകർക്കുള്ള പെൻഷൻ പദ്ധതി സംസ്ഥാനതല ഉദ്ഘാടനം കണ്ണൂരിൽ നടന്നു.
- വിഴിഞ്ഞം അന്താരാഷ്ട്രതുറമുഖം ഒന്നാംഘട്ട പ്രവർത്തനോദ്ഘാടനം വിഴിഞ്ഞത്ത് മുല്ലൂരിൽ നടന്നു.

ഓഗസ്റ്റ് 17 –നവീകരിച്ച പുത്തരിക്കണ്ടം മൈതാനവും അവിടുത്തെ ഇ.കെ നയനാർ പാർക്കും മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ നാടിന് സമർപ്പിച്ചു.

ഓഗസ്റ്റ് 18–ചെലവുകുറഞ്ഞ പാർപ്പിടനിർമാണവിദ്യ ജനങ്ങളിലെത്തിക്കാനുള്ള പഠനഗവേഷണ കേന്ദ്രമായ 'ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസി'ന്റെ ഉദ്ഘാടനം തിരുവനന്തപുരത്ത് കേരളസംസ്ഥാന നിർമിതി കേന്ദ്രത്തിൽ നടന്നു.

ഓഗസ്റ്റ് 21 – കോഴിക്കോട് സ്വപ്നനഗരിയിൽ ഒരുക്കിയ സ്നേഹപൂക്കളം ഗിന്നസ് റെക്കോഡിലെത്തി.

ഓഗസ്റ്റ് 29 – ആധാരമെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും പെൻഷൻ പദ്ധതിക്ക് തുടക്കം.

■ ബി. എം.

സംസ്ഥാനത്തെ കായികരംഗം 2010ൽ ചടുലമായിരുന്നുവെന്നത് നിസ്തർക്കമാണ്. കേരളത്തിൽ നിന്നുള്ള നിരവധി പ്രതിഭകൾക്ക് ദേശീയ അന്തർദേശീയ തലങ്ങളിൽ മാറ്റുരയ്ക്കാനവസരമുണ്ടായതാണ് ഇതിന് മുഖ്യകാരണം. ചൈനയിൽ നടന്ന ഏഷ്യൻ ഗെയിംസിലും ഡൽഹിയിൽ നടന്ന കോമൺവെൽത്ത് ഗെയിംസിലുമെല്ലാം മലയാളിതാരങ്ങളുടെ പ്രകടനം ശ്രദ്ധേയമായിരുന്നു. ഈ കായികമാമാങ്കങ്ങളിൽ മെഡലുകൾ നേടിയ മലയാളി അത്‌ലറ്റുകളായ രഞ്ജിത് മഹേശ്വരി, പി.കെ. പ്രിയ, സാനി ജോസ്, എം.എ. പ്രജുഷ, ചിത്ര കെ. സോമൻ, ഷമീർ മോൻ, പ്രീജ ശ്രീധരൻ, ടിന്റു ലൂക്ക, ഷർമി ഉലഹന്നാൻ, സിംഗപ്പൂർ യൂത്ത് ഒളിംപിക്സിൽ ബാഡ്മിന്റനിൽ വെള്ളി മെഡൽ നേടിയ പ്രണോയ്, എന്നിവർ 2010ൽ കേരള കായികമേഖലയിലെ തിളങ്ങുന്ന താരങ്ങളായി.

സംസ്ഥാന സ്കൂൾ അത്‌ലറ്റിക്സിലും സർവകലാശാലാതലങ്ങളിലും നടന്ന വിവിധ മത്സരങ്ങളിൽ ഭാവി പ്രതീക്ഷയുണർത്തുന്ന നിരവധിതാരങ്ങൾ ശ്രദ്ധിക്കപ്പെട്ടു. ദേശീയ റിക്കോർഡ് മറികടന്ന പ്രകടനം സംസ്ഥാന സ്കൂൾ അത്‌ലറ്റിക്സിൽ കാഴ്ചവെച്ച പിന്റോ മാത്യു, ശിൽപ ചാക്കോ, പി. മെർലിൻ, ജെസ്സി ജോസഫ് എന്നിവർ ഉദാഹരണങ്ങളാണ്. ട്രാക്കിലും ഫീൽഡിലും കേരളം ദേശീയ നിലവാരത്തേക്കാൾ മുന്നിലെത്തി. നാഷണൽ ഗെയിംസിന്റെ മുന്നൊരുക്കങ്ങളായും അല്ലാതെയുമായി

# കായികകേരളം 2010



സംസ്ഥാനത്ത് കായിക മേഖലയിൽ ഒട്ടനവധി അടിസ്ഥാന വികസനപ്രവർത്തനങ്ങൾ 2010ൽ നടക്കുകയുണ്ടായി.

കൊച്ചി ഐ.പി.എൽ ടീം യാഥാർത്ഥ്യമായതും കാൽനൂറ്റാണ്ടിനുമുമ്പ് ഗ്യാലറി ദുരന്തംമൂലം മുടങ്ങിപ്പോയ കേണൽ ഗോദവർമ രാജയുടെ നാമധേയത്തിലുള്ള അഖിലേന്ത്യ ഫുട്ബോൾ ടൂർണമെന്റ് പുരാരംഭിച്ചതും കായികപ്രേമികൾക്ക് 2010ൽ ഉണർവേകി. എന്നാൽ നാഷണൽ ഗെയിംസ് 2011 ഡിസംബറിലേക്ക് മാറ്റിവെച്ചത് പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിച്ചു.

കായിക പരിശീലനരംഗത്തെ ആജീവനാന്ത നേട്ടത്തിന് എ.കെ. കുട്ടിക്ക് ദ്രോണാചാര്യ അവാർഡ്, കപിൽ ദേവ് (വോളിബാൾ), ജോസഫ് എബ്രഹാം (അത്‌ലറ്റിക്സ്) എന്നിവർക്ക് അർജുന അവാർഡ്, ആജീവനാന്ത ക്രിക്കറ്റ് നേട്ടത്തിന് ബാലൻ പണ്ഡിറ്റിനും, രവിയച്ചനും കേരള ക്രിക്കറ്റ് അസോസിയേഷൻ പുരസ്കാരം, ടിനു യോഹന്നാനും ശ്രീശാന്തിനും രാജ്യാന്തരതലത്തിൽ മികച്ച പ്രകടനം കാഴ്ചവെച്ച മലയാളികൾക്കുള്ള അവാർഡ് എന്നിങ്ങനെ പുരസ്കാരലബ്ധികൊണ്ട് കേരള കായികരംഗം സമ്പന്നമാക്കിയവരും 2010ൽ ഏറെ ശ്രദ്ധിക്കപ്പെട്ടു.

ജനുവരി 2 – ദക്ഷിണമേഖല അന്തർ സർവകലാശാല വോളിബോൾ ചാമ്പ്യൻഷിപ്പിൽ കോട്ടയം എം.ജി. സർവകലാശാല ജേതാക്കളായി.

ജനുവരി 6 – വനിതാ ക്രിക്കറ്റ് ട്വന്റി 20 മേഖലാ ടൂർണമെന്റിൽ കേരളം രണ്ടാം സ്ഥാനം നേടി.

ജനുവരി 12 – ദേശീയ അണ്ടർ 17 വോളിബോളിൽ കേരള പെൺകുട്ടികൾ ജേതാക്കളായി.

ജനുവരി 13 – തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിലെ സിന്തറ്റിക് ട്രാക്ക് ഉദ്ഘാടനം ചെയ്തു. ദേശീയ സ്പെഷ്യൽ സ്കൂൾ ഒളിംപിക്സിൽ കേരളത്തിന് ഓവറോൾ കിരീടം.

ജനുവരി 27 – ജി.വി.രാജ ആൾ ഇന്ത്യ ഫുട്ബാൾ ടൂർണമെന്റിന് തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ തുടക്കം. കേരളത്തെ കായിക ഭൂപടത്തിലേക്ക് കൈപിടിച്ചുയർത്തിയ കേണൽ ഗോദവർമ രാജയെന്ന ജി.വി. രാജയുടെ ഓർമയ്ക്കായുള്ള അഖിലേന്ത്യാ ഫുട്ബാൾ ടൂർണമെന്റ് അദ്ദേഹത്തിന്റെ ഓർമയ്ക്കായി ജില്ലാ ഫുട്ബോൾ അസോസിയേഷനാണ് 1973ൽ ആദ്യമായി ആരംഭിക്കുന്നത്.

ജനുവരി 29– ഗോവയിൽ നടന്ന ദേശീയ ജൂനിയർ (18 വയസ്സിൽ താഴെ) പെൺകുട്ടികളുടെ ഖോഖോ മത്സരത്തിൽ കേരളം ജേതാക്കളായി.

# ഓഗസ്റ്റ് 31 മുതൽ ഡിസംബർ 17 വരെ



ഓഗസ്റ്റ് 31 – സംസ്ഥാനത്ത് തിരുവനന്തപുരം ആസ്ഥാനമാക്കി കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിലവിൽ വന്നു. സർക്കാർ ഉദ്യോഗസ്ഥരുടെ സർവീസുമായി ബന്ധപ്പെട്ട പരാതികൾ പരിഗണിക്കാനാണ് അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രൂപീകരിച്ചത്. ജസ്റ്റിസ് കെ.ബാലകൃഷ്ണൻ നായരാണ് ട്രൈബ്യൂണലിന്റെ ചെയർമാൻ .

സെപ്തംബർ 4–മൂന്നാറിലെ ഭൂമിതർക്കങ്ങൾ പരിഹരിക്കാനായി സർക്കാർ മൂന്നാർ ട്രൈബ്യൂണൽ രൂപവത്കരിച്ചു. ബാലസുബ്രഹ്മണ്യനാണ് ട്രൈബ്യൂണൽ ചെയർമാൻ. ഇതോടെ ഇപ്പോൾ വിവിധ കോടതികളിലും ഇടുക്കി ജില്ലാകളക്ടറുടെ മുന്നിലും നിലനിൽക്കുന്ന കേസുകളും തർക്കങ്ങളും ട്രൈബ്യൂണലിന്റെ പരിധിയിലാകും.

സെപ്തംബർ 5 – കുട്ടനാട് പാക്കേജിന്റെ പ്രവർത്തനോദ്ഘാടനം നടന്നു.

സെപ്തംബർ 6 – കുറ്റിപ്പുറത്തും വണ്ടൂരും വിഷക്കള്ള് കഴിച്ച് 23 പേർ മരിച്ചു. (പിന്നീട് മരണം 27 ആയി).

സെപ്തംബർ 8 – തിരുവനന്തപുരം വെസ്റ്റ് നിയോജക മണ്ഡലത്തെ ജില്ലയിലെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകൃത അസംബ്ലി മണ്ഡലമായി പ്രഖ്യാപിച്ചു.

സെപ്തംബർ 13

- സഹകരണപെൻഷൻ ബോർഡിന്റെ കീഴിൽ വ്യവസായം, ക്ഷീരവികസനം, കയർ , ഫിഷറീസ്, ഹാന്റ്‌ലൂം, ഖാദി വില്ലേജ് ഇൻഡസ്ട്രീസ് സഹകരണസംഘങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പദ്ധതി ഉദ്ഘാടനം തിരുവനന്തപുരം വി.ജെ.ടി ഹാളിൽ നടന്നു.
- കേരള ആഭരണത്തൊഴിലാളി ക്ഷേമനിധി ഉദ്ഘാടനം തൃശൂരിൽ നടന്നു.

സെപ്തംബർ 14 – സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് 2010 ഒക്ടോബർ 23, 25 തീയതികളിൽ നടത്താൻ തീരുമാനിച്ചു.

ഒക്ടോബർ 11 – മങ്കടയിലെ എൽ .ഡി.എഫ് എം.എൽ.എ. മഞ്ഞളാംകുഴി അലി സി.പി.എം ബന്ധം ഉപേക്ഷിച്ചു.

ഒക്ടോബർ 23 – കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് ഒന്നാംഘട്ട വോട്ടെടുപ്പ് നടന്നു.

ഒക്ടോബർ 25 – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് രണ്ടാംഘട്ട വോട്ടെടുപ്പ് നടന്നു.

ഒക്ടോബർ 27 – തദ്ദേശതെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചു. യു.ഡി.എഫിന് മുൻതൂക്കം

ഒക്ടോബർ 28 – നക്സൽ വർഗീസ് വധക്കേസിൽ മുൻ ഐ.ജി. കെ.ലക്ഷ്മണയ്ക്ക് സി.ബി.ഐ പ്രത്യേക കോടതി ജീവപര്യന്തം കഠിനതടവും 10000 രൂപ പിഴയും വിധിച്ചു.

നവംബർ 14 – സി.കെ.ചന്ദ്രപ്പൻ സി.പി.ഐ സംസ്ഥാന സെക്രട്ടറിയായി.

നവംബർ 20–വനപാലകരെ വാർത്തെടുക്കാനായി ലക്ഷ്യമിട്ടുള്ള കേരള ഫോറസ്റ്റ് അക്കാദമിയുടെ ശിലാസ്ഥാപനം അരിപ്പയിൽ നടന്നു.

ഡിസംബർ 3 – രണ്ടാമത് സംസ്ഥാനസഹകരണ ലൈബ്രറി കോൺഫറൻസ് കോട്ടയത്ത് നടന്നു.

ഡിസംബർ 11 – കേരളത്തിന്റെ പതിനഞ്ചാമത് രാജ്യാന്തര ചലച്ചിത്രമേള തിരുവനന്തപുരത്ത് നിശാഗന്ധിയിൽ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു.

ഡിസംബർ 12 – സംസ്ഥാനത്തെ കർഷകർക്കായി തിരുവനന്തപുരം വെൺപാലവട്ടത്ത് അതിഥിമന്ദിരം, 'കർഷകഭവനം' മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്തു.

ഡിസംബർ 14– 'ദേശീയവ്യാപാരമേള ഭക്ഷ്യമേള പ്രദർശനം 2010' ന് തിരുവനന്തപുരത്ത് പുത്തരിക്കണ്ടം മൈതാനത്ത് തുടക്കം.

ഡിസംബർ 16 – ഇരുട്ടുകാനം ചെറുകിട ജലവൈദ്യുത പദ്ധതി 3 മെഗാവാട്ട് രാഷ്ട്രത്തിന് സമർപ്പിച്ചു.

ഡിസംബർ 17

- സംസ്ഥാന സ്കൂൾ അത്‌ലറ്റിക് മീറ്റിനു തിരുവനന്തപുരത്ത് തുടക്കം.
- കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള പദ്ധതിയുടെ ശിലാസ്ഥാപനം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ നിർവഹിച്ചു.
- 15–ാമത് രാജ്യാന്തര ചലച്ചിത്രോത്സവം സമാപിച്ചു. മികച്ച ചിത്രത്തിനുള്ള സുവർണ ചകോരത്തിന് കാർലോസ് ഗവേരിയ സംവിധാനം ചെയ്ത സ്പാനിഷ് ചിത്രം 'പോർട്രെയ്റ്റ്സ് ഇൻ എ സീ ഓഫ് ലൈസ്' അർഹമായി. മികച്ച സംവിധായകനുള്ള രജത ചകോരം അർജന്റീനിയൻ ചിത്രമായ 'ദ് ലാസ്റ്റ് സമ്മർ ഓഫ് ലാ ബോയിറ്റ' സംവിധാനം ചെയ്ത ജൂലിയ സോളോ മനോഫിനു ലഭിച്ചു.

ഫെബ്രുവരി 1 - ധാക്കയിൽ നടന്ന ദക്ഷിണേഷ്യൻ ഗെയിംസിൽ ഇന്ത്യ ഒന്നാമതെത്തിയ ടീമിൽ മലയാളിതാരങ്ങളുടെ സാന്നിദ്ധ്യവും മികച്ച പ്രകടനവും ശ്രദ്ധേയമായി വനിതകളുടെ 50 കിലോമീറ്റർ റോഡ് റേസ് മാസ് സ്റ്റാർട്ട് മത്സരത്തിൽ തൊടുപുഴ സ്വദേശി മഹിത ഒന്നാമതെത്തി സ്വർണമെഡൽ കരസ്ഥമാക്കി. ബാഡ് മിന്റൻ ഇനത്തിൽ തൃശൂർ സ്വദേശി പി.സി.തുളസി സ്വർണം കരസ്ഥമാക്കി.

കാൽനൂറ്റാണ്ടിനുമുൻപ് ഗ്യാലറിദുരന്തം മൂലം മുടങ്ങിപ്പോയ കേണൽ ഗോദവർമ രാജയുടെ നാമധേയത്തിലുള്ള അഖിലേന്ത്യാ ഫുട്ബാൾ ടൂർണമെന്റ് പുനർജനിച്ചു.

ഏപ്രിൽ7- ദേശീയ റഗ്ബി സെവൻസിൽ കേരള വനിതകൾ രണ്ടാം സ്ഥാനം നേടി.

കേരളത്തിന് അനുവദിച്ച മുപ്പത്തഞ്ചാം ദേശീയഗെയിംസ് 2011 ഡിസംബറിലേക്ക് മാറ്റി ഇന്ത്യൻ ഒളിംപിക് അസോസിയേഷന്റേതാണ് തീരുമാനം.

മെയ് 4 -ഫെഡറേഷൻ കപ്പ് അത്‌ലറ്റിക്സിൽ കേരളത്തിന് കിരീടം.

ജൂൺ 5 - ബാംഗ്ലൂർ കണ്ഠീരവ സ്റ്റേഡിയത്തിൽ നടന്ന ഏഷ്യൻ ഗ്രാൻപ്രിയിൽ ട്രിപ്പിൾ ജംബിൽ മലയാളിതാരം രഞ്ജിത് മഹേശ്വരി സ്വർണം നേടി. 400 മീറ്ററിൽ പി.കുഞ്ഞുമുഹമ്മദ് വെങ്കലം നേടി.

ജൂൺ 8 - ദേശീയ യൂത്ത് ബാസ്ക്കറ്റ് ബോൾ വനിതാകിരീടം കേരളം കരസ്ഥമാക്കി.

ജൂൺ 9 - ഏഷ്യൻ ഗ്രാൻപ്രീ അത്‌ലിറ്റിക്സിൽ മൂന്നാംപാദ മത്സരത്തിൽ 800 മീറ്ററിൽ മലയാളിതാരം ടിന്റു ലൂക്ക സ്വർണം നേടി.

ജൂലൈ 15 - രാജസ്ഥാനിലെ ജോദ്പൂരിൽ നടന്ന ദേശീയസൈക്കിൾ പോളോയിൽ കേരളം തുടർച്ചയായി ഏഴാമതും വനിതാകിരീടം നിലനിർത്തി. സബ് ജൂനിയർ പെൺകുട്ടികളിൽ കേരളം രണ്ടാമതെത്തി

ജൂലൈ 25 - സംസ്ഥാന സീനിയർ ചെസ് ചാമ്പ്യൻഷിപ്പിൽ കോഴിക്കോട് സ്വദേശി ഒ.ടി.അനിൽകുമാർ കിരീടം നേടി.

ആഗസ്റ്റ് 8 - ദേശീയ അന്തർസംസ്ഥാന അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ 8 സ്വർണമുൾപ്പെടെ 18 മെഡലുകളോടെ കേരളത്തിന് കിരീടം.

ആഗസ്റ്റ് 19 - സിംഗപ്പൂർ യൂത്ത് ഒളിംപിക്സിൽ ബാഡ്മിന്റനിൽ മലയാളിതാരം പ്രണോയ് വെള്ളിമെഡൽ നേടി.

ആഗസ്റ്റ് 21 - ദക്ഷിണമേഖലാ ജൂനിയർ അത്‌ലറ്റിക് മീറ്റിൽ കേരളം ഓവറോൽ കിരീടം നിലനിർത്തി.

ഒക്ടോബർ 10-കോമൺവെൽത്ത് ഗെയിംസ് 2010 ൽ മലയാളിതാരം എം.എ. പ്രജുഷ വനിത ലോങ്ജംബിൽ വെള്ളി മെഡൽ നേടി.

കോമൺവെൽത്ത് ഗെയിംസിൽ മെഡൽ നേടിയ മലയാളി അത്‌ലറ്റുകൾ രഞ്ജിത് മഹേശ്വരി, പി.കെ.പ്രിയ, സിനി ജോസ്, എം.എ.പ്രജുഷ, ചിത്ര കെ.സോമൻ, ഷമീർമോൻ.

ഒക്ടോബർ 24 -ശിവകാശിയിൽ നടന്ന ദക്ഷിണമേഖലാ ബാഡ്മിന്റനിൽ കേരളത്തിന്റെ വനിതാടീമിന് കിരീടം.

ഒക്ടോബർ 31 -ദേശീയ ജൂനിയർ ബാസ്ക്കറ്റ് ബാളിൽ കേരളത്തിന്റെ പെൺകുട്ടികൾ കിരീടമണിഞ്ഞു.

സംസ്ഥാന സ്കൂൾ അക്വാറ്റിക്സിൽ തിരുവനന്തപുരം കിരീടം നേടി.

നവംബർ 18 - മലയാളിതാരങ്ങളായ ജെനിൽ കൃഷ്ണനും സജിതോമസും ഏഷ്യൻ ഗെയിംസിൽ റോമിങ് ഇനത്തിൽ വെള്ളി നേടി.

നവംബർ 21 - ഏഷ്യൻ ഗെയിംസ് അത്‌ലറ്റിക്സിൽ 10,000 മീറ്ററിൽ മലയാളിതാരം പ്രീജ ശ്രീധരൻസ്വർണം നേടി.

നവംബർ 25 - ഏഷ്യൻ ഗെയിംസിൽ 400 മീറ്റർ ഹഡിൽസിൽ ജോസഫ് എബ്രഹാമിനും വനിത 800 മീറ്ററിൽ ടിന്റു ലൂക്കയ്ക്കും വെങ്കലം ലഭിച്ചു.

നവംബർ 26 - ഏഷ്യൻ ഗെയിംസ് അത്‌ലറ്റിക്സിൽ മൂവാറ്റുപുഴ ഏനാനെല്ലൂർ സ്വദേശി സിനിജോസ്അടങ്ങിയ വനിത ടീം 4400 മീറ്ററിൽ സ്വർണം നേടി. വനിതകളുടെ 5000 മീറ്ററിൽ പ്രീജ ശ്രീധരൻ വെള്ളി നേടി. സ്വർണം നേടിയ കബഡി ടീമിൽ ഷർമി ഉലഹന്നാൻ എന്ന മലയാളി താരവും.

ഡിസംബർ 1 - ദേശീയ ജൂനിയർ അത്‌ലറ്റിക്സിൽ ഒന്നാംദിവസം കേരളം 4 സ്വർണം നേടി. ചിത്ര, നയന ജെയിംസ്, സ്റ്റെനി മൈക്കിൽ, തേരേസ ജോസഫ് എന്നിവരാണ് ജേതാക്കൾ.

ഡിസംബർ 2 - ദേശീയ ജൂനിയർ അത്‌ലറ്റിക്സിൽ രണ്ടാംദിവസം കേരളം 9 സ്വർണം കൂടി കരസ്ഥമാക്കി.

ഡിസംബർ 5 - കൊച്ചി ഐ.പി.എൽ ക്രിക്കറ്റ് ടീം യാഥാർഥ്യമായി.

ഡിസംബർ 10 - ദേശീയ വനിതാബോക്സിങ് ചാമ്പ്യൻഷിപ്പിൽ കേരളത്തിന് രണ്ടുസ്വർണം. 75 കിലോ വിഭാഗത്തിൽ പ്രൻസി ജോസഫ്, 81 പ്ലസ് വിഭാഗത്തിൽ കെ.സി.ലേഖ എന്നിവരാണ് ജേതാക്കൾ.

ഡിസംബർ 14 - ദേശീയ അത്‌ലറ്റിക് മീറ്റിൽ തുടർച്ചയായി പതിനഞ്ചാം തവണയും കേരളം കിരീടം നടി.

ഡിസംബർ 17 - സംസ്ഥാന സ്കൂൾ അത്‌ലറ്റിക് മീറ്റിന് തിരുവനന്തപുരത്ത് തുടക്കം.

ഡിസംബർ 21 - സംസ്ഥാന സ്കൂൾ കായികമേളയിൽ എറണാകുളം ജില്ലാ ടീം ഓവറോൾ ചാമ്പ്യന്മാരായി. ■




തിരുവനന്തപുരം യൂണിവേഴ്സിറ്റി സ്റ്റേഡിത്തിലെ സിന്തറ്റിക് ട്രാക്കിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കുന്നു

ബി. എം.

# മൃത്യുവിന്റെ ചിറകിലേറി



കെ. കരുണാകരൻ



വർക്കല രാധാകൃഷ്ണൻ



കോവിലൻ



കെ.എൻ. രാജ്



കെ.എം. മാത്യു



റ്റി. ശാന്താദേവി

വിടയും വിയോഗവും ജിവിതയാത്രയിൽ ഒഴിവാക്കാനാവാത്തവിധം കാലാനുസാരിയാണ്. ഉറ്റവരുടെ മരണം നികത്താനാകാത്ത നഷ്ടവും ദുഖവുമാണ് ജീവിച്ചിരിക്കുന്നവർക്ക് നൽകുന്നത്. കാലം നമുക്ക് ഏൽപ്പിക്കുന്ന ഇത്തരം ആഘാതങ്ങൾ കാലംകൊണ്ടുതന്നെ ലഘൂകരിക്കുമെങ്കിലും ഒന്നിനുതുല്യമായി പകരം പ്രതിഷ്ഠിക്കാൻ പ്രകൃതിയിൽ മറ്റൊന്നില്ല എന്ന സത്യവും ഇവിടെ നാം തിരിച്ചറിയുന്നു. വന്ദ്യവയോധികരുടെ മരണത്തേക്കാൾ നമുക്കേറ്റവും നൊമ്പരമുളവാക്കുന്നത് അകാലത്തിൽ നമ്മെ വിട്ടുപോയവരാണ്.

കേരളത്തിന്റെ രാഷ്ട്രീയ സാമൂഹ്യ കലാ സംസ്കാരിക മേഖലകളെ പ്രകാശഭാസുരമാക്കിയ ഒട്ടനവധി പേർ 2010ൽ നമ്മെ വേർപിരിഞ്ഞു. രാഷ്ട്രീയ കലാ സാംസ്കാരികരംഗത്താണ് പോയ വർഷം മരണം കനത്ത നഷ്ടമുണ്ടാക്കിയത്. കവി അയ്യപ്പൻ പറഞ്ഞത് ഇവിടെ അന്വർഥമാവുന്നു. മൃത്യുവിന് ഒരു വാക്കേയുള്ളു. വരൂ... പോകാം..

സ്വാതന്ത്ര്യ സമരസേനാനിയും ഗാന്ധിയനും ഹൈക്കോട തിയിലെ സീനിയർ അഭിഭാഷകനുമായ പി.ബാലഗംഗാധരമേനോൻ (89), മലയാളത്തിൽ സ്പോർട്സ് ജേണലിസത്തിന് നൂതനഭാവം നൽകിയ പ്രശസ്ത കായിക ലേഖകൻ വിംസി (83) വി.എം.ബാലചന്ദ്രൻ, ജന്മിത്തത്തിനെതിരായ പോരാട്ടത്തിലൂടെ കമ്യൂണിസ്റ്റ് നേതൃനിരയിലേക്കുയർന്ന കെ.സെയ്താലിക്കുട്ടി (84), മുതിർന്ന പത്രപ്രവർത്തകനും ദീർഘകാലം കേരള പ്രസ് അക്കാദമി കോഴ്സ് ഡയറക്ടറുമായിരുന്ന എൻ എൻ സത്യവ്രതൻ, പത്രപ്രവർത്തകനും കവിയുമായ ബി.ഉണ്ണികൃഷ്ണൻ (72), പ്രശസ്ത സാമ്പത്തികശാസ്ത്രജ്ഞനായിരുന്ന കെ.എൻ രാജ്, പ്രശസ്തചലച്ചിത്ര ഗാനരചയിതാവും തിരക്കഥാകൃത്തുമായ ഗിരീഷ് പുത്തഞ്ചേരി, കവിയും നാടകകൃത്തുമായ ശ്രീരേഖ (ശ്രീധരൻ), കൃഷ്ണനാട്ടം അഭിനയപ്രതിഭയായിരുന്ന കെ.വേലായുധൻ നായർ (78), തോൽപ്പാവകൂത്ത് ആചാര്യൻ കെ.അണ്ണാമല പുലവർ (96), കേരള ആർട്ടിസാൻസ് ഡവല പ്പ്മെന്റ് കോർപ്പറേഷൻ ചെയർമാനും കേരള ആർട്ടിസാൻസ് യൂണിയൻ സംസ്ഥാന പ്രസിഡന്റുമായ പി.സരസപ്പൻ, ഡോക്യുമെന്ററി സംവിധായകൻ സി.ശരത്ചന്ദ്രൻ, പ്രമുഖനടനും തിരക്കഥാകൃത്തും സംവിധായകനുമായ വേണുനാഗവള്ളി, വില്ലനായിവന്ന് ഹാസ്യത്തിലൂടെ മലയാളക്കരയെ സ്വാധീനിച്ച നടനും സംവിധായകനുമായ കൊച്ചിൻഹനീഫ, നടൻ സന്തോഷ് ജോഗി, മലയാളത്തിലെ ആദ്യശബ്ദചലച്ചിത്രമായ 'ബാലനി'ലെ നായിക എം.കെ.കമലം, ആധുനിക കവിതാപ്രസ്ഥാനത്തിന്റെ വക്താക്കളിൽ പ്രമുഖനായ ഡോ.നെല്ലിക്കൽ മുരളീധരൻ, സി.പി.എം.ലെ മുതിർന്ന നേതാവും കേരള നിയമസഭ മുൻസ്പീക്കറും മുൻ എം.പിയുമായ വർക്കല രാധാകൃഷ്ണൻ,, കേരള ഫിലിം ക്രിട്ടിക്സ് അസോസിയേഷൻ ജന.സെക്രട്ടറി മണ്ണാറക്കയം ബേബി, കേരള വഖഫ് ബോർഡ് മുൻചെയർമാൻ സയ്യിദ് ഫസൽ പൂക്കോയ തങ്ങൾ, എഴുത്തിലും ജീവിതത്തിലും വ്യക്തമായ നിഷ്ഠകൾ പുലർത്തിയ കോവിലൻ എന്ന വി.വി.അയ്യപ്പൻ (87), ചലച്ചിത്ര നിരൂപകനും സിനിമാപത്രപ്രവർത്തകനുമായ ചേലങ്ങാട്ട് ഗോപാലകൃഷ്ണൻ, കോൺഗ്രസ് നേതാവും മത്സ്യതൊഴിലാളി കോൺഗ്രസ് സംസ്ഥാന വർക്കിംഗ് ചെയർമാനുമായ എ.പി.ജയശീലൻ, പ്രമുഖ അഭിഭാഷകനും ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസുമായ വി.ജി.ഗോവിന്ദൻ നായർ, ചലച്ചിത്രസംവിധായകൻ പി.ജി.വിശ്വംഭരൻ, ആദിവാസി വിമോചകപ്രവർത്തകനും മനുഷ്യാവകാശപ്രവർത്തകനുമായ ഡോ.നല്ലതമ്പി തേര(67), ചലച്ചിത്രനടി അടൂർപങ്കജം (85), സംഗീതസംവിധായകൻ എം.ജി.രാധാകൃഷ്ണൻ, പൂഞ്ഞാർ വലിയരാജയും കേണൽ ജി.വി.രാജയുടെ സഹോദരനുമായ പി.കേരളവർമ രാജ, കഥകളി ആചാര്യൻ കോട്ടയ്ക്കൽ ശിവരാമൻ, പ്രശസ്തചരിത്രകാരൻ പ്രൊഫസർ എ.ശ്രീധരമേനോൻ (84), പ്രമുഖപത്രപ്രവർത്തകനും സാഹിത്യകാരനുമായ ജോയി തിരുമൂലപുരം കാർട്ടൂണിസ്റ്റ് വി.കേരളവർമ, ഭാരതീയ പത്രലോകത്തെ അതികായനും മലയാളമനോരമ മുഖ്യപത്രാധിപരുമായ കെ.എം.മാത്യു (93), ചലച്ചിത്രനടൻ സുബൈർ, സ്വാതന്ത്ര്യ സമരസേനാനിയും കമ്യൂണിസ്റ്റ് നേതാവും ജനയുഗംപത്രത്തിന്റെ പ്രഥമ പ്രസാധകനുമായ ജനയുഗം ഗോപി, പ്രശസ്ത കഥാകൃത്തും പരിഭാഷകനുമായ എ.വി.ഗോപാലകൃഷ്ണൻ, ചലച്ചിത്രനിർമാതാവും വിതരണക്കാരനുമായ എസ്. പാവമണി, സി.പി.എം നേതാവ് പേരൂർക്കട സദാശിവൻ .

പ്രമുഖ കശുവണ്ടിവ്യവസായി പി.ഭരതൻപിള്ള, ചലച്ചിത്ര പിന്നണി ഗായിക സ്വർണലത, കേരളകൗമുദി മാനേജിംഗ് ഡയറക്ടർ എം.എസ്.ശ്രീനിവാസൻ, നോവലിസ്റ്റും തിരക്കഥാകൃത്തും ചലച്ചിത്രഗാനരചയിതാവുമായ സുബൈർ, ചരിത്രകാരൻ അടൂർ രാമചന്ദ്രൻനായർ, കവി അയ്യപ്പൻ, ദേശാഭിമാനി വാരികപത്രാധിപരും സി.പി.എം.സംസ്ഥാന കമ്മിറ്റി അംഗവുമായ ഐ.വി.ദാസ്, വേദപണ്ഡിതൻ ആചാര്യ നരേന്ദ്രഭൂഷൺ, കേരള സർവകലാശാല മുൻവൈസ് ചാൻസലർ ഹബീബ് മുഹമ്മദ്, നാടകചലച്ചിത്ര നടി ടി.ശാന്താദേവി,പ്രശസ്തപത്രപ്രവർത്തകനും മാതൃഭൂമി കൊച്ചി മുൻ ബ്യൂറോചീഫുമായിരുന്ന കെ.രാമചന്ദ്രൻ, ആയുർവേദാചാര്യൻ രാഘവൻ തിരുമുൽപ്പാട്, പ്രമുഖ ഛായാഗ്രാഹകൻ മങ്കടരവിവർമ, കൃഷ്ണനാട്ടം കലാകാരൻ മുത്തേടത്ത് കൃഷ്ണൻകുട്ടിനായർ, കാസർകോഡ് മുൻ എം.പിയായ ഐ.രാമറായ്, മുൻ എം.പിയും മുതിർന്ന സി.പി.ഐ നേതാവുമായ പി.എ.സോളമൻ, കെ.പി.സി.സി. ജനറൽ സെക്രട്ടറി കോടോത്ത് ഗോവിന്ദൻ നായർ, ഇടുക്കി മുൻ എം.പി. പാല കെ.എം. മാത്യു കേരള രാഷ്ട്രീയത്തിലെ ഭീഷ്മാചാര്യർ എന്ന വിശേഷിപ്പിക്കപ്പെട്ട കെ.കരുണാകരൻ തുടങ്ങിയ പ്രമുഖർ 2010 ൽ നമ്മെവേർപിരിഞ്ഞു. ■

■ ബി. എം.

# പുരസ്കാരങ്ങളിലൂടെ കർമസാഫല്യം

പേരും പ്രശസ്തിയും മാത്രമല്ല, പുരസ്കാരങ്ങൾ ലക്ഷ്യമിടുന്നത്. അംഗീകാരവും ആദരവും അതതു പ്രവൃത്തിമേഖലകളിലെ കർമസാഫല്യവുമാണ്. 2010-ൽ പുരസ്കാരപ്രഭയിൽ എത്തിയവരിൽ പ്രമുഖരെ അവതരിപ്പിക്കുകയാണ് ഇവിടെ.

കവിതയുടെ ഭാവദീപ്തി മലയാണ്മയ്ക്കുമേൽ വിതറിയ കവി ഒ.എൻ.വി. കുറുപ്പിന് ജ്ഞാനപീഠപുരസ്കാരം. നോബേൽ പുരസ്കാരജേതാവ് ഡോ.വെങ്കട്ടരാമൻ, രാമകൃഷ്ണൻ, മൃദംഗാചാര്യൻ ഉമയാൾപുരം കെ.ശിവൻരാമൻ എന്നിവർക്ക് പത്മഭൂഷൺ ബഹുമതിയും പഞ്ചവാദ്യകലാകാരൻ കുഴൂർ നാരായണമാരാർ, വൈദ്യരത്നം ഔഷധശാല സാരഥി ഇ.ടി.നാരായണമൂസ്, കോട്ടയ്ക്കൽ ആര്യവൈദ്യശാല മാനേജിങ് ട്രസ്റ്റി ഡോ.പി.കെ.വാര്യർ, ലീല ഗ്രൂപ്പ് സാരഥി ക്യാപ്റ്റൻ സി.പി.കൃഷ്ണൻ നായർ, നാവികസേനയുടെ വയർലെസ് സാങ്കേതികവിദ്യ നവീകരിച്ച ആരോഗ്യസ്വാമി ജോസഫ് പോൾ രാജ് എന്നിവർക്ക് പത്മഭൂഷൺ ബഹുമതിയും, ഓസ്കാർ ജേതാവ് റസൂൽ പൂക്കുട്ടി, സംഗീതസംവിധായകൻ കെ.രാഘവൻ, എറണാകുളം ലേക്ഷോർ ആശുപത്രി മാനേജിങ് ഡയറക്ടർ ഡോ.ഫിലിപ്പ് അഗസ്റ്റ്യൻ, സസ്യശാസ്ത്രജ്ഞൻ പ്രൊഫസർ സോമസുന്ദരൻ, പ്രൊഫ. പുകടിയിൽ ഇട്ടൂപ്പ് ജോൺ, കുര്യൻ ജോൺ മേളാംപറമ്പിൽ, പ്രവാസി വ്യവസായി രവി പിള്ള, ടി.എൻ. മനോഹരൻ, സി.ബി.ഐ. മുൻ ഡയറക്ടർ ഡി. ആർ കാർത്തികേയൻ എന്നിവർക്ക് പത്മശ്രീ ബഹുമതിയും ലഭിച്ചു. എം.പി.വീരേന്ദ്രകുമാറിന് കേന്ദ്രസാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചു. കേന്ദ്രസാഹിത്യ അക്കാദമിയുടെ 2009 ലെ പരിഭാഷയ്ക്കുള്ള പുരസ്കാരം കെ.രാധാകൃഷ്ണ വാരിയർക്ക് ലഭിച്ചു. സിപ്പിപള്ളിപ്പുറത്തിന് കേന്ദ്രസാഹിത്യ അക്കാദമിയുടെ ബാലസാഹിത്യ അവാർഡ്. കേന്ദ്ര വനിതാശിശു വികസന മന്ത്രാലയത്തിന്റെ 2009 ലെ സ്ത്രീശക്തി പുരസ്കാരത്തിന് കവയത്രി സുഗതകുമാരിയെ തെരഞ്ഞെടുത്തു. കായികപരിശീലനരംഗത്തെ അജീവനാന്തനേട്ടത്തിന് മലയാളിയായ എ.കെ.കുട്ടിയ്ക്ക് ദ്രോണാചാര്യ അവാർഡും മലയാളിതാരങ്ങളായ കപിൽദേവ് (വോളിബോൾ), ജോസഫ് എബ്രഹാം (അത്‌ലറ്റിക്സ്) എന്നിവർക്ക് അർജ്ജുന അവാർഡും ലഭിച്ചു. കേരളത്തിൽ നിന്നുള്ള വി.വിജിത് (പുനലൂർ), ആർ.സുജിത് (ഹരിപ്പാട്), അമൽ ആന്റണി (പാലക്കാട്), കെ.കൃഷ്ണപ്രിയ (എറണാകുളം), പി.സുജിത്കുമാർ (കാസർകോഡ്) എന്നീ കുട്ടികൾക്ക് രാഷ്ട്രപതിയുടെ ദേശീയ ധീരതാ അവാർഡ് ലഭിച്ചു. സംസ്ഥാനശിശുക്ഷേമസമിതി ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാന ധീരതാഅവാർഡും ഇവർക്ക് ലഭിച്ചു. 2009-ലെ ധീരതയ്ക്കുള്ള രാഷ്ട്രപതിയുടെ പുരസ്കാരം ലഭിച്ചതിൽ 13 മലയാളികൾ. ധീരതയ്ക്കുള്ള രണ്ടാമത്തെ വലിയ പുരസ്കാരമായ 'ഉത്തരം ജീവൻരക്ഷാ പതക്' ഭാരതപ്പുഴയിൽ ഒഴുക്കിൽപ്പെട്ട സുഹൃത്തിനെ രക്ഷിക്കാനുള്ള ശ്രമത്തിൽ മുങ്ങിമരിച്ച ഉമ്മൻ ആന്റണിക്ക് ലഭിച്ചു.

മലയാളത്തിലെ ഏറ്റവും ഉന്നതസാഹിത്യപുരസ്കാരമായ എഴുത്തച്ഛൻ പുരസ്കാരത്തിന് ഡോ.എം.ലീലാവതി അർഹയായി. സംസ്ഥാന സർക്കാരിന്റെ സ്വാതി സംഗീതപുരസ്കാരത്തിന് പാറശാല ബി.പൊന്നമ്മാൾ അർഹയായി. ചിത്രശില്പകലാരംഗത്തെ പ്രഗത്ഭരെ ആദരിക്കാൻ സംസ്ഥാനസർക്കാർ ഏർപ്പെടുത്തിയ 2009 ലെ രാജാരവിവർമ പുരസ്കാരം ചിത്രകാരനും കേരള ലളിതകലാ അക്കാദമി ചെയർമാനുമായ സി.എൻ.കരുണാകരന് ലഭിച്ചു. മലയാള സിനിമാരംഗത്തെ സമഗ്രസംഭാവനയ്ക്ക് സംസ്ഥാനസർക്കാർ നൽകുന്ന ജെ.സി. ഡാനിയേൽ അവാർഡിന് സംവിധായകൻ കെ.എസ്. സേതുമാധവൻ അർഹനായി. വ്യവസായരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള സംസ്ഥാനസർക്കാർ അവാർഡ് കിറ്റക്സ് ഗ്രൂപ്പ് സ്ഥാപകചെയർമാൻ എം.സി.ജേക്കബിന് ലഭിച്ചു.

കവി വിഷ്ണുനാരായണൻ നമ്പൂതിരിക്കും നോവലിസ്റ്റ് പൂനത്തിൽ കുഞ്ഞബ്ദുള്ളയ്ക്കും കേരളസാഹിത്യഅക്കാദമി വിശിഷ്ടാംഗത്വം (ഫെലോഷിപ്പ്) ലഭിച്ചു. സമഗ്രസംഭാവനയ്ക്കുള്ള പുരസ്കാരം പ്രൊഫ. ഏറ്റുമാനൂർ സോമദാസൻ, പ്രൊഫ. എരുമേരി പരമേശ്വരൻപിള്ള, പ്രൊഫ.ജി.ബാലകൃഷ്ണൻ നായർ, പി.വി.കെ പനയാൽ എന്നിവർക്ക് ലഭിച്ചു. മലയാറ്റൂർ അവാർഡ് എൻ. പ്രഭാകരനും ഓട്ടൂർ പുരസ്കാരം എസ്.രമേശൻ നായർക്കും ലഭിച്ചു. അക്കാദമിയുടെ മറ്റ് അവാർഡുകൾ : (പുരസ്കാരജേതാവ് വിഭാഗം പുരസ്കാരത്തിന് അർഹമായ ഗ്രന്ഥം ബ്രാക്കറ്റിൽ) ബെന്യാമിൻ നോവൽ (ആടുജീവിതം), എൻ.കെ.ദേശം കവിത (മുദ്ര), കെ.എം. രാഘവൻ നമ്പ്യാർ നാടകം (സ്വാതന്ത്ര്യം തന്നെ ജീവിതം), കെ.ആർ.മീര ചെറുകഥ (ആവേ മരിയ), കെ.എസ്.രവികുമാർ സാഹിത്യവിമർശനം (ആഖ്യാനത്തിന്റെ അടരുകൾ), വിജയകുമാർ മേനോൻ വൈജ്ഞാനിക സാഹിത്യം (സ്ഥലം കാലം കല), ടി.ജെ.എസ്.ജോർജ് ജീവചരിത്രം, ആത്മകഥ (ഘോഷയാത്ര), രവീന്ദ്രൻ യാത്രാവിവരണം (എന്റെ കേരളം), കെ.സച്ചിദാനന്ദൻ വിവർത്തനം (പടിഞ്ഞാറൻ കവിതകൾ), എം.വിജയൻ ബാലസാഹിത്യം (മുയൽച്ചെവി), മാർഷൽ ഹാസ്യസാഹിത്യം (റൊണാൾഡ് റീഗനും ബാലൻമാഷും). എൻഡോവ്മെന്റ് അവാർഡുകൾ :ഐ.സി.ചാക്കോ അവാർഡ് ഡോ.ജോസഫ് സ്കറിയ (പഴശ്ശി രേഖകളിലെ വ്യവഹാരഭാഷ), സി.ബി.കുമാർ അവാർഡ് കെ.എം.നരേന്ദ്രൻ (ശ്രദ്ധ), കെ.ആർ.നമ്പൂതിരി അവാർഡ് ഇ.ചന്ദ്രശേഖരൻ നായർ (ഹിന്ദുമതം ഹിന്ദു


ഒ.എൻ.വി. കുറുപ്പ്


വിഷ്ണുനാരായണൻ നമ്പൂതിരി


ഹരിഹരൻ


എം.കെ. അർജുനൻ


ശ്രീകുമാരൻ തമ്പി


സുജാത



ശ്വേതാമേനോൻ


പെരുമ്പടവം ശ്രീധരൻ


ഉമയാൾപുരം
കെ. ശിവരാമൻനായർ


രഞ്ജിത്


പാറശ്ശാല ബി. പൊന്നമ്മാൾ


സൂര്യകൃഷ്ണമൂർത്തി

ത്വം), കനകശ്രീ അവാർഡ് എം.ബി.മനോജ് (കാണുന്നീലൊരക്ഷരവും), ഗീതാ ഹിരണ്യൻ അവാർഡ് പി.വി.ഷാജി കുമാർ (ജനം), ജി.എൻ.പിള്ള അവാർഡ് ഡോ.മധു വാസുദേവൻ (സംഗീതാർഥമു).

ലളിതകലാ അക്കാദമിയുടെ കെ.സി.എസ്.പണിക്കർ പുരസ്കാരം ചിത്രകാരൻ എസ്.ജി.വാസുദേവിന് ലഭിച്ചു. സംസ്ഥാന യുവജനക്ഷേമ ബോർഡ് ഏർപ്പെടുത്തിയ പ്രഥമ യങ്ജേർണലിസ്റ്റ് പുരസ്കാരം മലയാള മനോരമ സീനിയർ റിപ്പോർട്ടർ അജീഷ് മുരളീധരന് ലഭിച്ചു. സി.കെ.ആണ്ടിപ്പെരുമലയാൻ (തിറയാട്ടം), റാഫേൽ ജോസഫ് (ചവിട്ടുനാടകം), വെങ്ങര കൃഷ്ണൻപണിക്കർ (മറുത്തുകളി) എന്നിവർക്ക് കേരള ഫോക്ക് ലോർ അക്കാദമിയുടെ ഫെലോഷിപ്പ് ലഭിച്ചു. കേരള സാഹിത്യഅക്കാദമി വിലാസിനി എൻഡോവ്മെന്റ് പുരസ്കാരം എം.കെ.ഹരികുമാറിന്.

സംസ്ഥാനസർക്കാരിന്റെ പത്രപ്രവർത്തക അവാർഡിൽ ജനറൽ റിപ്പോർട്ടിങിന് ജിമ്മി ഫിലിപ്പും, വികസോന്മുഖ റിപ്പോർട്ടിങ്ങിന് ആർ സാംബനും, കാർട്ടൂണിന് ടി.കെ.സുജിത്തും ടി.വി. റിപ്പോർട്ടിങ്ങിന് ആർ അജയഘോഷും, പ്രസ് ഫോട്ടോഗ്രാഫി അവാർഡിന് മനോജ് ചേമഞ്ചേരിയും അർഹരായി. സ്പോർട്സ് കൗൺസിലിന്റെ പ്രഥമ കായികാചാര്യ അവാർഡിന് പാല അൽഫോൻസാ കോളേജിലെ കായികാധ്യാപകനായ തങ്കച്ചൻ മാത്യുവിനെ തെരഞ്ഞെടുത്തു. മലയാളത്തിലെ മികച്ച ഹരിത പത്രപ്രവർത്തകനുള്ള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ അവാർഡ് മലയാളമനോരമ ചീഫ് സബ് എഡിറ്റർ വർഗീസ് സി.തോമസും ദ് ന്യൂ ഇന്ത്യൻ എക്സ്പ്രസ് സീനിയർ റിപ്പോർട്ടർ റീമാനരേന്ദ്രനും, അമൃത ടി.വി.റിപ്പോർട്ടർ വി.സി.ആശയും നേടി.

ഗുരുവായൂർ ദേവസ്വം ഏർപ്പെടുത്തിയ ഗുരുവായൂരപ്പൻ ക്ഷേത്രകലാപുരസ്കാരം തുള്ളൽ കലാകാരൻ കലാമണ്ഡലം പ്രഭാകരന് ലഭിച്ചു. കൊച്ചി ദേവസ്വംബോർഡ് ഏർപ്പെടുത്തിയ കെ.പി.നാരായണപിഷാരടി പുരസ്കാരം സുഗതകുമാരിയ്ക്ക്.

സാഹിത്യപ്രവർത്തക സഹകരണ സംഘം ഏർപ്പെടുത്തിയ ആദ്യസാഹിത്യ പുരസ്കാരം മരണാനന്തരബഹുമതിയായി തകഴി ശിവശങ്കരപിള്ളയ്ക്കും വയലാർ രാമവർമയ്ക്കും നൽകും. കലാമണ്ഡലം ഫെലോഷിപ്പും പുരസ്കാരങ്ങളും: കലാമണ്ഡലം മുൻ വൈസ് പ്രിൻസിപ്പലും കഥകളി നടനുമായ കലാമണ്ഡലം വാസു പിഷാരടിയാണ് ഫെലോഷിപ്പിന് അർഹനായത്. കലാരത്നം പുരസ്കാരം കഥകളി നടൻ കോട്ടയ്ക്കൽ ഗോപിനായർക്ക്. രാജ്യത്തെ പ്രഗൽഭനായ അധ്യാപകന് കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല നൽകുന്ന പ്രൊഫസർ. എം.വി. പൈലി പുരസ്കാരം പാലാ സ്വദേശി ഡോ.കെ.എൽ.സെബാസ്റ്റ്യന് ലഭിച്ചു.

തിരുവനന്തപുരത്ത് നടന്ന 15-ാമത് രാജ്യാന്തര ചലച്ചിത്രോത്സവത്തിൽ മികച്ച ചിത്രത്തിനുള്ള സുവർണചകോരത്തിന് കാർലോസ് ഗവേരിയ സംവിധാനം ചെയ്ത സ്പാനിഷ് ചിത്രം പോർട്രെയ്റ്റ്സ് ഇൻ എ സീ ഓഫ് ലൈസ് അർഹമായി.

2009-ലെ മികച്ച ചലച്ചിത്രത്തിനുള്ള സംസ്ഥാന അവാർഡിന് രഞ്ജിത്ത് സംവിധാനം ചെയ്ത പാലേരി മാണിക്യം ഒരു പാതിരാകൊലപാതകത്തിന്റെ കഥ അർഹമായി. മമ്മൂട്ടി മികച്ച നടൻ, ശ്വേതമേനോൻ മികച്ച നടി. കേരളവർമ പഴശ്ശിരാജയുടെ സംവിധായകനായ ഹരിഹരനാണ് മികച്ച സംവിധായകൻ. എം.ടി.മികച്ച തിരക്കഥാകൃത്ത്, ജഗതി ശ്രീകുമാറിന് പ്രത്യേക ജൂറി അവാർഡ്. മികച്ച ഗായകൻ യേശുദാസ്, മികച്ച ഗായിക ശ്രേയ ഘോഷാൽ, മികച്ച ഹാസ്യനടൻ സുരാജ് വെഞ്ഞാറമൂട്. റോഷൻ ആൻഡ്രൂസ് സംവിധാനം ചെയ്ത ഇവിടം സ്വർഗമാണ് കലാമൂല്യവും ജനപ്രീതിയുമുള്ള ചിത്രത്തിനുള്ള അവാർഡ് നേടി.

57-ാമതു ദേശീയചലച്ചിത്ര അവാർഡിന് ഷാജി. എൻ കരുണൻ സംവിധാനം ചെയ്ത കുട്ടിസ്രാങ്ക് രാജ്യത്തെ മികച്ച ചിത്രവും ഹരിഹരന്റെ കേരളവർമ പഴശ്ശിരാജ മികച്ച മലയാളചിത്രവുമായി തെരഞ്ഞെടുക്കപ്പെട്ടു. മികച്ച ബാലചിത്രത്തിനുള്ള പുരസ്കാരം ശിവൻ സംവിധാനം ചെയ്ത കേശുവിനു ലഭിച്ചു. പഴശ്ശിരാജയിലെ പശ്ചാത്തലസംഗീതത്തിന് ഇളയരാജയ്ക്കും, ശബ്ദലേഖനത്തിന് റസ്സൂൽ പൂക്കുട്ടിക്കും പുരസ്കാരം ലഭിച്ചു. മികച്ച നിരൂപകനുള്ള ദേശീയ ചലച്ചിത്ര അവാർഡ് സി.എസ്.വെങ്കിടേശ്വരന് ലഭിച്ചു.

രാജ്യാന്തര പുസ്തകോത്സവ സമിതിയുടെ ബാലാമണിയമ്മ പുരസ്കാരവും 2010 ലെ മാതൃഭൂമി സാഹിത്യപുരസ്കാരവും വള്ളത്തോൾ സാഹിത്യസമിതിയുടെ വള്ളത്തോൾ സമ്മാനവും വയലാർ അവാർഡും കവി വിഷ്ണുനാരായണൻ നമ്പൂതിരിയ്ക്ക് ലഭിച്ചു.

ഗുരുവായൂരപ്പൻ ട്രസ്റ്റിലെ 2010 ലെ ഓടക്കുഴൽ അവാർഡ് ശ്രീകുമാരൻ തമ്പിക്ക്. വൈക്കം മുഹമ്മദ് ബഷീർ സ്മാരകട്രസ്റ്റിന്റെ ബഷീർ സ്മാരകപുരസ്കാരം കവി റഫീഖ് അഹമ്മദിന്. സമസ്തകേരള സാഹിത്യപരിഷത് പുരസ്കാരം ഡോ.എം. ലീലാവതിയ്ക്ക്. സമഗ്രസംഭാവനയ്ക്കുള്ള ആശാൻ സ്മാരക കവിതാപുരസ്കാരം എ.അയ്യപ്പന്. പത്മപ്രഭാ സാഹിത്യപുരസ്കാരം എൻ.എസ്.മാധവന്.

മലയാള മാധ്യമരംഗത്ത് നൽകിയ സമഗ്രസംഭാവനകൾക്ക് ഇന്ത്യ പ്രസ് ക്ലബ്ബ് ഓഫ് നോർത്ത് അമേരിക്ക ഏർപ്പെടുത്തിയ അവാർഡിന് മാതൃഭൂമി ഡെപ്യൂട്ടി എഡിറ്റർ എൻ.ടി.രാജേന്ദ്രൻ അർഹനായി. മികച്ച കായികതാരത്തിന് ജിമ്മി ജോർജ് ഫൗണ്ടേഷൻ ഏർപ്പെടുത്തിയ അവാർഡിന് രാജ്യാന്തര അത്‌ലറ്റ് സിനിമോൾ പൗലോസ് അർഹയായി. മലയാള പാഠശാല 2009 ലെ അവാർഡുകൾ : ഒ. ചന്തുമേനോൻ നോവൽ അവാർഡ് പെരുമ്പടവം ശ്രീധരനും സഞ്ജയൻ കവിതാ അവാർഡ് വിഷ്ണു നാരായണൻ നമ്പൂതിരിക്കും കെ.ടി.മുഹമ്മദിന്റെ പേരിലുള്ള സംവിധാനപ്രതിഭാപുരസ്കാരം സൂര്യകൃഷ്ണ മൂർത്തിക്കും ലഭിച്ചു. കെ.വി.സുരേന്ദ്രനാഥ സ്മാരകട്രസ്റ്റിന്റെ കെ.വി.സുരേന്ദ്രനാഥ് സ്മാരക പുരസ്കാരത്തിന് വടക്കേ ഇന്ത്യയിലെ ദലിതർക്കും പിന്നാക്കക്കാർക്കുമിടയിൽ പ്രവർത്തിക്കുന്ന മലയാളി സാമൂഹിക പ്രവർത്തകയായ ദയാബായിയെ തിരഞ്ഞെടുത്തു. ഭീമ ബാലസാഹിത്യ പുരസ്കാരം ജി.എസ്.ഉണ്ണികൃഷ്ണന്.

സി.വി.കുഞ്ഞുരാമൻ ഫൗണ്ടേഷന്റെ സാഹിത്യപുരസ്കാരം എം.കെ.സാനുവിന് ലഭിച്ചു. രംഗചേതന നാടകപുരസ്കാരം കാവാലം നാരായണപ്പണിക്കർക്ക്. എൻ.വി. സാഹിത്യവേദിയുടെ വിജ്ഞാനസാഹിത്യ പുരസ്കാരത്തിന് ജോൺ സാമുവൽ അർഹനായി. എ.സജീവന് എസ്.കെ.പൊറ്റക്കാട് അവാർഡ് ലഭിച്ചു. ചിത്രകലാമണ്ഡലം വേലുത്തമ്പിദളവ സ്മാരക കേന്ദ്രത്തിന്റെ ദേശീയപുരസ്കാരം പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടിക്ക് ലഭിച്ചു. മുട്ടത്തുവർക്കി സാഹിത്യഅവാർഡ് പി.വത്സലയ്ക്ക്.

മഹാകവി പി.സ്മാരക കവിതാപുരസ്കാരം കവിയും ഗാനരചയിതാവുമായ പി.കെ.ഗോപിക്ക്. പി.എൻ.പണിക്കർ സൗഹൃദ ട്രസ്റ്റിന്റെ അക്ഷര അവാർഡിന് പ്രശസ്ത ശില്പി കാനായി കുഞ്ഞിരാമൻ അർഹനായി.) പവനൻ ഫൗണ്ടേഷൻ




■ കെ. മൊയ്തീൻകുട്ടി

# പിറകിലേയ്ക്ക് കണ്ണയക്കുമ്പോൾ

ആഭ്യന്തരവും വൈദേശികവുമായ നിരവധി പ്രതിസന്ധികളും വെല്ലുവിളികളും ഇന്ത്യയ്ക്ക് നേരിടേണ്ടിവന്ന വർഷമാണ് കഴിഞ്ഞുപോയത്. നക്സൽ-മാവോയിസ്റ്റ്, തീവ്രവാദഭീഷണികൾ, നിരവധി പ്രകൃതിദുരന്തങ്ങൾ, അതിർത്തിപ്രദേശത്തെ കടന്നാക്രമണങ്ങൾ എന്നിവ പോയവർഷം കരിനിഴൽപരത്തി.

സുപ്രധാനമായ നാലു ബില്ലുകൾ (വിദ്യാഭ്യാസ അവകാശനിയമം, വനിതാസംവരണബിൽ, ആണവബാധ്യതാബിൽ, പ്രവാസിവോട്ടവകാശ ബിൽ) പാസാക്കിയതും രാജ്യം ഉറ്റുനോക്കിയ രണ്ടു പ്രധാന കോടതിവിധികൾ (ബാബറി മസ്ജിദ്, ഭോപ്പാൽ വാതകദുരന്തം) പ്രഖ്യാപിച്ചതും പോയവർഷത്തെ അവിസ്മരണീയ സംഭവങ്ങളാണ്. അമേരിക്കൻ പ്രസിഡന്റ് ബരാക് ഒബാമയുടെ ഇന്ത്യാ സന്ദർശനം ലോകമാകെ ഉറ്റുനോക്കിയ സംഭവമായിരുന്നു. നയതന്ത്രബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതോടൊപ്പം അമേരിക്കയുടെ വ്യാവസായിക വികസനത്തിനുള്ള സൗകര്യമൊരുക്കുകയെന്നതായിരുന്നു സന്ദർശനോദ്ദേശ്യം. 2 ജി സ്പെക്ട്രം, ആദർശ് ഫ്ളാറ്റ്, കോമൺവെൽത്ത് ഗെയിംസ് എന്നിവയുമായി ബന്ധപ്പെട്ടുണ്ടായ അഴിമതിയാരോപണങ്ങളാൽ ശബ്ദമുഖരിതമായ കാലഘട്ടവുംകൂടിയാണ് കഴിഞ്ഞത്.



### പ്രധാനസംഭവങ്ങൾ

ഫെബ്രുവരി 8 – ജമ്മു-കാശ്മീരിൽ 17 ഇന്ത്യൻ പട്ടാളക്കാർ കൊല ചെയ്യപ്പെട്ടു.

ഫെബ്രുവരി 13– പൂനെ ജർമൻബേക്കറിയിലുണ്ടായ ബോംബ് സ്ഫോടനത്തിൽ 17 പേർ കൊല ചെയ്യപ്പെട്ടു.

ഫെബ്രുവരി 15 – നക്സൽ ആക്രമണത്തിൽ 24 ഇന്ത്യൻ പട്ടാളക്കാർ കൊലചെയ്യപ്പെട്ടു.

മാർച്ച് 4 – ഉത്തർപ്രദേശിലെ പ്രതാപ്ഗഢ് ഹിന്ദുആരാധനാലയത്തിൽ തിക്കിലും തിരക്കിലും പെട്ട് 63 പേർക്ക് ജീവഹാനി സംഭവിച്ചു.

മാർച്ച് 9 – വനിതാസംവരണബിൽ രാജ്യസഭയിൽ പാസാക്കി. വനിതകൾക്ക് നിയമനിർമാണസഭയിൽ 33 ശതമാനം സംവരണം ഉറപ്പാക്കുന്ന ബിൽ ആണ് ഇത്.

മാർച്ച് 12 – ഇന്ത്യയും റഷ്യയും തമ്മിൽ ന്യൂക്ലിയർ റിയാക്ടർ ഉടമ്പടി ഒപ്പുവച്ചു. 16 ന്യൂക്ലിയർ റിയാക്ടറുകൾ സ്ഥാപിക്കാൻ ധാരണയായി.

മാർച്ച് 27-ധനുഷ്, പ്രഥ്വി എന്നീ ഹ്രസ്വദൂര മിസൈലുകൾ ഇന്ത്യ പരീക്ഷിച്ചു.

മാർച്ച് 30 – സൊമാലിയ കടൽക്കൊള്ളക്കാർ 120 നാവികരുൾപ്പെടെ ഇന്ത്യൻ കപ്പലുകൾ റാഞ്ചി.

ഏപ്രിൽ 1 – കേന്ദ്രസർക്കാർ നിർബന്ധിത സൗജന്യവിദ്യാഭ്യാസ അവകാശനിയമം കൊണ്ടുവന്നു. ഇതുപ്രകാരം 6 നും

ഇന്ത്യ മികച്ച വൈജ്ഞാനിക ഗ്രന്ഥത്തിന നൽകുന്ന പവനൻ പുരസ്കാരത്തിന് സുനിൽ പി.ഇളയിടം അർഹനായി. സ്റ്റേറ്റ് ഫോറം ഓഫ് ബാങ്കേഴ്സ് ക്ലബ്ബിന്റെ ബിസിനസ് മാൻ ഓഫ് ദ ഇയർ അവാർഡ് പ്രമുഖ വ്യവസായി എം.എ. യൂസഫലിക്ക് ലഭിച്ചു. ബുദ്ധ ബുക്സിന്റെ പ്രഥമ വൈക്കം മുഹമ്മദ്ബഷീർ സ്മാരക അവാർഡ് വി.ആർ. അജിത് കുമാറിന്റെ ഒഴുക്ക് എന്ന നോവലിനു ലഭിച്ചു.

എം.ടി.ചന്ദ്രസേനൻ അവാർഡ് സുകുമാർ അഴീക്കോടിന്. സി.എച്ച് ഹരിദാസ് ഫൗണ്ടേഷന്റെ രാഷ്ട്രീയ പ്രതിഭാപുരസ്കാരം പിണറായി വിജയന്. പ്രേംനസീർ ഫൗണ്ടേഷന്റെ മികച്ച സാംസ്കാരിക പ്രതിഭയ്ക്കുള്ള പ്രേംനസീർ പുരസ്കാരം സൂര്യകൃഷ്ണമൂർത്തിക്ക്. കേശവദേവ് സ്മാരകട്രസ്റ്റിന്റെ സാഹിത്യപുരസ്കാരം എം.പി.വീരേന്ദ്രകുമാറിന്.

ആജീവനാന്ത ക്രിക്കറ്റ് നേട്ടത്തിനുള്ള കേരള ക്രിക്കറ്റ് അസോസിയേഷന്റെ പുരസ്കാരം ബാലൻ പണ്ഡിറ്റിനും രവിയച്ചനും. രാജ്യാന്തരതലത്തിൽ മികച്ച പ്രകടനം കാഴ്ചവച്ച മലയാളികൾക്കുള്ള പുരസ്കാരം ടിനു യോഹന്നാനും ശ്രീശാന്തിനും ലഭിച്ചു. മലയാളിയും പ്രശസ്ത ഭൗതികശാസ്ത്രജ്ഞനുമായ ഇ.സി.ജി.സുദർശന് പ്രശസ്തമായ ഡിറാക്ക് മെഡൽ.

രാമുകാര്യാട്ട് നാടകപുരസ്കാരം ഇബ്രാഹിം വെങ്ങരയ്ക്ക്. ശ്രീ ചിത്തിരതിരുനാൾ ട്രസ്റ്റിന്റെ ദേശീയപുരസ്കാരം (സമഗ്രസംഭാവന) കെ.ജെ.യേശുദാസിന്) കമുകറ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ കമുകറ അവാർഡ് സംഗീതസംവിധായകൻ ശ്യാമിന്. ഭരത് ഗോപി പുരസ്കാരം ഇന്നസെന്റിന്.

യുവകലാസാഹിതി ടി.വി. കൊച്ചുബാബ കഥാപുരസ്കാരം ഇ.പി.ശ്രീകുമാറിന്. മേഴത്തൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന വി.ടി.സ്മാരകസമിതിയുടെ പുരസ്കാരം എം.ടി.വാസുദേവൻ നായർക്ക്. വി.എം. സുധീരന് എ.കെ.രാഘവൻ അവാർഡ്. കോഴിക്കോടൻ പുരസ്കാരം ചലച്ചിത്ര നിരൂപകൻ വിജയകൃഷ്ണന്. പ്രേംനസീർ പുരസ്കാരം നടൻ തിലകന് ലഭിച്ചു. സ്വരലയകൈരളി യേശുദാസ് അവാർഡ് ഗായിക സുജാതയ്ക്കും സമഗ്രസംഭാവനയ്ക്കുള്ള അവാർഡ് സംഗീതസംവിധായകൻ എം.കെ.അർജുനനും ലഭിച്ചു. പന്തളം കേരളവർമ കവിതാപുരസ്കാരം കവി ഡി.വിനയചന്ദ്രനും മുഖപ്രസംഗത്തിനുള്ള മാധ്യമപുരസ്കാരം സമകാലിക മലയാളം വാരിക എഡിറ്റർ എസ് ജയചന്ദ്രൻ നായരും നേടി.

നോവലിനുള്ള ചെറുകാട് അവാർഡ് ഡോ.ബദീജാ മുംതാസിന് ലഭിച്ചു.

സാംസ്കാരിക രംഗത്ത് സ്വാധീനം ചെലുത്തുന്ന അധ്യാപകർക്കായി എസ്.ഗുപ്തൻ നായർ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ പ്രൊഫസർ എസ്.ഗുപ്തൻനായർ പുരസ്കാരത്തിന് പ്രൊഫസർ ബി.ഹൃദയകുമാരി അർഹയായി. സീതി സാഹിബ് സ്മാരക അവാർഡിന് തേറമ്പിൽ രാമകൃഷ്ണൻ എം.എൽ.എ.യും സാക്ഷരതാ പ്രവർത്തകയായ റാബിയയും അർഹരായി. പി.പി.ജോർജ് മെമ്മോറിയൽ ട്രസ്റ്റിന്റെ പൊതുപ്രവർത്തകനുള്ള പ്രഥമപുരസ്കാരം കെ.പി.സി.സി. പ്രസിഡന്റ് രമേശ് ചെന്നിത്തലയ്ക്ക്. അബുദാബി മലയാളി സമാജം സാഹിത്യ അവാർഡ് പ്രൊഫസർ എം.തോമസ് മാത്യുവിന്. കെ.സി. വാമദേവൻ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ മികച്ച ട്രേഡ് യൂണിയൻ പ്രവർത്തകനുള്ള അവാർഡ് അഖേന്ത്യാ വൈസ് പ്രസിഡന്റ് കെ.എൻ.രവീന്ദ്രനാഥിന് ലഭിച്ചു. മികച്ച പൊതുപ്രവർത്തകനുള്ള പനമ്പിള്ളി ജന്മശതാബ്ദി പുരസ്കാരം കെ.കരുണാകരന്. ടി.കെ. രാമകൃഷ്ണൻ സ്മാരക സാംസ്കാരികപഠനകേന്ദ്രം നൽകുന്ന ടി.കെ.സ്മാരകപുരസ്കാരം പി.ഗോവിന്ദപിള്ളയ്ക്ക്. മികച്ച പൊതുപ്രവർത്തകനുള്ള സി.അച്യുതമേനോൻ അവാർഡ് മന്ത്രി ബിനോയ് വിശ്വത്തിന്. ഏറ്റവും കൂടുതൽ സമയം നൃത്തം അവതരിപ്പിച്ച് കലാമണ്ഡലം ഹേമലത ഗിന്നസ് റിക്കോർഡിട്ടു. ■



16 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവിദ്യാഭ്യാസം മൗലികഅവകാശമായി

ലോകത്തിലെ ഏറ്റവും വലിയ ജനസംഖ്യാ കണക്കെടുപ്പ് ഇന്ത്യ 2011 - സെൻസസിനു തുടക്കം.

ഏപ്രിൽ 3 - 10 സി.ആർ.പി.എഫ് ഭടന്മാർ മാവോയിസ്റ്റ് ആക്രമണത്തിൽ കൊല്ലപ്പെട്ടു.

ഏപ്രിൽ 6-ഛത്തീസ്ഗഡിലെ ദന്തേവാദ ജില്ലയിൽ 70ഓളം സൈനികർ നക്സൽ ആക്രമണത്തിൽ കൊല്ലപ്പെട്ടു.

ഏപ്രിൽ 13- പശ്ചിമബംഗാളിൽ ആഞ്ഞടിച്ച ചുഴലിക്കാറ്റിൽ 140 പേർ മരണപ്പെടുകയും 5 ലക്ഷം പേർ ഭവനരഹിതരാകുകയും ചെയ്തു.

ഏപ്രിൽ 15 - ഇന്ത്യയുടെ ജീസാറ്റ് 4 തകർന്നു.

ഏപ്രിൽ 17 - ബാംഗ്ലൂർ ചിന്നസ്വാമി സ്റ്റേഡിയത്തിൽ ഐ.പി.എൽ. ക്രിക്കറ്റ് മത്സരത്തിനുമുമ്പുണ്ടായ ഇരട്ടബോംബ്സ്ഫോടനത്തിൽ 8 പേർക്ക് പരിക്ക്.

മെയ് 3 - ബോംബെ ആക്രമണത്തിൽ ഉൾപ്പെട്ട, ജീവിച്ചിരിക്കുന്ന ഒരേയൊരു തീവ്രവാദി അജ്മൽ കസബിനെതിരെ ഗൂഢാലോചന, കൊല, ഇന്ത്യയ്ക്കെതിരെ യുദ്ധം എന്നീ കുറ്റങ്ങൾ തെളിയിക്കപ്പെട്ടു.

മേയ് 7 - അജ്മൽ കസബിന് വധശിക്ഷ വിധിച്ചു.

മേയ് 8 - നക്സൽ ആക്രമണം വീണ്ടും. ഛത്തീസ്ഗഡിൽ 7 പോലീസുകാർ കൊല്ലപ്പെട്ടു.

മേയ് 16 - മാവോയിസ്റ്റ് ഗറില്ല ആക്രമണം 6 ഗ്രാമീണർ കൊല്ലപ്പെട്ടു.

മെയ് 17 - നക്സൽ ആക്രമണത്തിൽ 70 ഇന്ത്യൻ പട്ടാളക്കാർ വീണ്ടും കൊലചെയ്യപ്പെട്ടു.

മെയ് 22- എയർ ഇന്ത്യയുടെ വിമാനം മാംഗ്ലൂർ എയർപോർട്ടിനുസമീപം തകർന്ന് വിമാനത്തിലെ 158 യാത്രക്കാർ മരണമടഞ്ഞു.

ജൂൺ 7 - ഭോപ്പാൽവാതക ദുരന്തകേസ് വിധി. ഭോപ്പാൽ മജിസ്ട്രേറ്റ് കോടതിയാണ് വിധി പ്രഖ്യാപിച്ചത്. യൂണിയൻ കാർബൈഡ് ഇന്ത്യ ചെയർമാൻ കേശുബ്മഹീന്ദ്ര അടക്കം 8 പേർ കുറ്റക്കാർ. 2 കൊല്ലത്തെ തടവുശിക്ഷ.

1984-ൽ ഉണ്ടായ വിഷവാതക ചോർച്ചയിൽ 3000ത്തിൽ അധികം ആളുകൾ ഒറ്റരാത്രികൊണ്ടും 25000ത്തോളം ആളുകൾ ക്രമേണ ഇതുമായി ബന്ധപ്പെട്ടുണ്ടായ അസുഖങ്ങളാലും മരണമടഞ്ഞിരുന്നു.

ജൂൺ 29 - മാവോയിസ്റ്റ് ആക്രമണകാരികൾ 26 പോലീസുകാരെ ഛത്തീസ്ഗഡിൽ വെടിവച്ചു കൊന്നു.

ജൂലൈ 14 -സീനിയർ ഇന്ത്യൻ ആർമി ഓഫീസർ മേജർ എ.കെ. തിങ് കാശ്മീരിൽ കൊലചെയ്യപ്പെട്ടു.

ആഗസ്റ്റ് 6-കാശ്മീരിലെ ലഡാക്കിലുണ്ടായ വെള്ളപ്പൊക്കത്തിൽ 113 പേർ മരിച്ചു.

ആഗസ്റ്റ് 12 - മുംബൈ ആക്രമണത്തിന്റെ പശ്ചാത്തലത്തിൽ ബ്ലാക്ക്ബെറി ഫോണിന്റെ ഉപയോഗത്തിൽ ഇന്ത്യാ ഗവൺമെന്റ് നിയന്ത്രണം ഏർപ്പെടുത്തി.

ആഗസ്റ്റ് 21 - പ്രവാസിവോട്ടവകാശ ബിൽ പാസായി.

ആഗസ്റ്റ് 25 - ആണവബാധ്യതാബിൽ ലോകസഭ പാസാക്കി. ഇന്ത്യ-യു.എസ്. ആണവകരാർ നടപ്പാക്കുന്നതിന്റെ അവസാനപടിയായാണ് ബിൽ പാസായത്.

സെപ്റ്റംബർ 29- കേന്ദ്രസർക്കാർ വിവിധോദ്ദേശ്യ തിരിച്ചറിയൽ കാർഡ് പദ്ധതി ആരംഭിച്ചു. കൃത്രിമങ്ങൾ തിരിച്ചറിയാനും മെച്ചപ്പെട്ട നിലയിൽ സർക്കാർ ആനുകൂല്യങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനുമാണ് ഈ നടപടി.

സെപ്റ്റംബർ 30 - ബാബറിമസ്ജിദ് പ്രശ്നത്തിൽ വിധി. അലഹബാദ് ഹൈക്കോടതിയുടെ ലഖ്നൗ ബഞ്ചാണ് വിധി പ്രഖ്യാപിച്ചത്. തർക്കത്തിൽ ഉൾപ്പെട്ട ഭൂമി മൂന്ന് തുല്യഭാഗങ്ങളായി വിഭജിക്കപ്പെടണമെന്നാണ് വിധി. സുന്നി സെൻട്രൽ വഖഫ് ബോർഡ്, ഹൈന്ദവ സന്യാസി സമൂഹമായ നിർമോഹി അഖാഡാ, രാമവിഗ്രഹത്തെ പ്രതിനിധാനം ചെയ്യുന്ന ഹിന്ദുമഹാസഭ എന്നിവർക്കാണ് തർക്കഭൂമി തുല്യഭാഗങ്ങളായി ലഭിക്കുക.

ഒക്ടോബർ 3 മുതൽ 14 വരെ ഡൽഹിയിൽ നടന്ന 19-ാമത് കോമൺവെൽത്ത് ഗെയിംസിൽ 38 മെഡലുകൾ നേടി ഇന്ത്യ രണ്ടാം സ്ഥാനം കരസ്ഥമാക്കി. 74 മെഡലുമായി ആസ്ട്രേലിയ ഒന്നാം സ്ഥാനത്താണ്.




നവംബർ 21 മാവോയിസ്റ്റ് ആക്രമണത്തിൽ ബീഹാറിലെ ഔറംഗബാദ് ജില്ലയിൽ 7 പേർ കൊല്ലപ്പെട്ടു.

ഡിസംബർ 5 ന് ബാംഗ്ലൂർകാരി നിക്കോൾ ഫാരിയ - മിസ് എർത്ത് 2010 - ആയി തെരഞ്ഞെടുക്കപ്പെട്ടു.

## സിനിമ

ദേശീയ സിനിമാ അവാർഡ് ഒക്ടോബർ 22

സമഗ്ര സംഭാവനയ്ക്കുള്ള ദാദാസാഹിബ് ഫാൽക്കെ അവാർഡ് ഡി.രാമറാവുവിന് പ്രസിഡന്റ് പ്രതിഭാപാട്ടീൽ സമ്മാനിച്ചു.

മികച്ച നടനായി അമിതാബച്ചനും, മികച്ച നടിയായി അനന്യ ചാറ്റർജിയും തെരഞ്ഞെടുക്കപ്പെട്ടു.

ഹിന്ദുസ്ഥാനി ക്ലാസിക്കൽ സംഗീതജ്ഞൻ ഭീം സെൻ ജോഷിക്ക് 2008 ലെ ഭാരതരത്നം അവാർഡ് നൽകി രാജ്യം ആദരിച്ചത് പോയവർഷത്തിലാണ്.

2010 ലെ പത്മാഅവാർഡുകൾ പ്രഖ്യാപിച്ചു. ഉമയാൾപുരം കെ.ശിവരാമൻ ഉൾപ്പെടെ 6 പേർക്ക് പത്മവിഭൂഷൺ അവാർഡും 42 പേർക്ക് പത്മഭൂഷൺ അവാർഡും ലഭിച്ചു. ഇവരിൽ കരൂർ നാരായണ മാരാർ, ഇ.ടി. നാരായണ മൂസത്, ഡോ.കൃഷ്ണവാര്യർ, ഡോ. ഫിലിപ്പ് അഗസ്റ്റിൻ എന്നിവർ ദേശീയതലത്തിൽ ആദരിക്കപ്പെട്ട മലയാളികളാണ്.

## സ്പോർട്സ്

2010 - ഫെബ്രുവരി 28 മുതൽ മാർച്ച് 13 വരെ ഡൽഹിയിൽ നടന്ന ലോക കപ്പ്-പുരുഷഹോക്കിയിൽ ആസ്ട്രേലിയ ചാമ്പ്യന്മാരായി.

2010 മാർച്ച് 12 മുതൽ ഏപ്രിൽ 25 വരെ നടന്ന ഇന്ത്യൻ പ്രീമിയർ ലീഗിൽ ചെന്നൈ സൂപ്പർ കിംഗ്സ് ജേതാക്കളായി.

2010 ഏപ്രിൽ 3 മുതൽ 12 വരെ പഞ്ചാബിൽ വച്ചുനടന്ന ലോക കബഡി ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ജേതാക്കളായി.

2009-10 ലെ രാജീവ്ഗാന്ധി ഖേൽരത്ന അവാർഡ് സൈന നെഹ്‌വാളിന് ലഭിച്ചു.

## പ്രമുഖരുടെ വിയോഗം

പശ്ചിമ ബംഗാൾ മുൻ മുഖ്യമന്ത്രി ജ്യോതിബസു, ഇന്ത്യൻ മുൻ വൈസ് പ്രസിഡന്റ് ഭൈരൺ സിങ് ശെഖാവത്ത്, പ്രശസ്ത ഹോക്കി കളിക്കാരൻ ലിയോ പിന്റോ, പശ്ചിമ ബംഗാൾ മുൻ മുഖ്യമന്ത്രി സിദ്ധാർത്ഥ ശങ്കർ റേ, ന്യൂകിയർ ശാസ്ത്രജ്ഞൻ ഹോമി സേത്ന, തമിഴ് ചലച്ചിത്ര നടൻ മുരളി, ഹാസ്യനടനും രാജ്യസഭാംഗവുമായ എസ്.എസ്. ചന്ദ്രൻ, രാംനിവാസ് മിർദ എന്നിവർ 2010-ൽ നമ്മോട് വിട പറഞ്ഞു. ■

ടി. സലീം

## 2010 മറഞ്ഞപ്പോൾ

# ഇരുളും വെളിച്ചവും


എത് തമോഗർത്തത്തിനൊടുവിലും പ്രതീക്ഷയുടെയും പ്രത്യാശയുടെയും പുതുവെളിച്ചമുണ്ടെന്നും എത്രതന്നെ കുഴിച്ചുമൂടപ്പെട്ടെന്ന് ഭയപ്പെട്ടാലും തിരിച്ചുവരവിന്റെ പുതിയ പ്രഭാതം വന്നണയുകതന്നെ ചെയ്യുമെന്നുമുള്ള സന്ദേശമാണ് കടന്നുപോവുന്ന 2010 ലോകത്തോട് വിളിച്ചുപറയുന്നത്. ചിലിയിലെ കോപിയാപൊ ഖനിയിൽ ജീവിതത്തിനും മരണത്തിനുമിടയിൽ 69 ദിവസം ചെലവിട്ട 33 ഖനിത്തൊഴിലാളികളും 15 വർഷത്തെ വീട്ടുതടങ്കലിനുശേഷം സ്വാതന്ത്ര്യത്തിന്റെ പുതിയ പുലരിയിലേക്ക് ചുവടുവെച്ച മ്യാന്മറിന്റെ ജനാധിപത്യപോരാളി ഓംഗ് സാംഗ് സൂചിയും ഏത് പ്രതിസന്ധിയിലും തളരാത്ത മനുഷ്യന്റെ സഹനശേഷിയുടെ ഓർമച്ചിത്രങ്ങളായി.

ആഗസ്റ്റ് അഞ്ച് ഖനിയപകടങ്ങളുടെ ദുരന്തചരിത്രത്തിലെ മറ്റൊരു കണ്ണീർ പുരണ്ട അധ്യായമായി അവസാനിക്കേണ്ടതായിരുന്നു. എന്നാൽ അറ്റക്കാമ മരുഭൂമിയിലെ സാൻജോസ് ചെമ്പു-സ്വർണ ഖനിയിൽ 33 തൊഴിലാളികൾ അകപ്പെട്ട ദുഃഖനിമിഷങ്ങളിൽ ഒരു രാജ്യവും ജനങ്ങളും അവസരത്തിനൊത്തുയർന്നു. ലോകം അവരുടെ പ്രാർഥനയിൽ പങ്കുചേർന്നു. പരിമിതമായ വിഭവങ്ങൾ ക്ഷമയോടെ പങ്കുവെക്കാനും രക്ഷാദൗത്യം സാധ്യമാവുമെങ്കിൽത്തന്നെ അതിനായി വേണ്ടിവരുന്ന സുദീർഘമായ ദിനരാത്രങ്ങൾ പ്രതീക്ഷ കൈവിടാതെ കാത്തിരിക്കാനും തൊഴിലാളികൾ തയാറായി. സാധ്യമായ എല്ലാ വഴികളിലൂടെയും രക്ഷാപ്രവർത്തനം നടത്താനും, ദീർഘവും ദുർഘടവുമായ ആ ദൗത്യം മുന്നേറുന്നതിനിടയിലും തൊഴിലാളികളുടെ ആത്മവീര്യം ചോരാതെ നിർത്തുന്നതിനും ചിലി പ്രസിഡന്റ് സെബാസ്റ്റ്യൻ പിനേറ വീരോചിതമായ നേതൃത്വം നൽകി. ഒടുവിൽ ആശങ്കിച്ചതിലും ഏറെ നേരത്തെ, ഒക്ടോബർ 13-ന് ഒന്നൊന്നായി തൊഴിലാളികൾ ദുരന്തത്തിന്റെ ആ ഖനിമുഖത്തിൽനിന്നും പുറംലോകത്തേക്ക് വരുന്നത് ടി.വി.യിലൂടെ കാണാൻ നൂറുകോടിയോളം പേരാണ് പ്രതീക്ഷയോടെ കണ്ണയച്ചത്. ഖനികളിലെ അപകടസാധ്യതയിലേക്ക് മറ്റൊരു അപായസൂചനയായി ന്യൂസിലാന്റിൽ 29 പേർ കൊല്ലപ്പെടുന്നതുകണ്ടാണ് പക്ഷെ 2010 ചരിത്രത്തിലേക്ക് മറഞ്ഞത്.

മ്യാന്മറിൽ ജനാധിപത്യത്തിന്റെ പ്രത്യാശയാണ് സൂചി. കടന്നുപോയ 21 വർഷത്തിനിടയിൽ പതിനഞ്ചോളം സംവത്സരങ്ങളാണ് പട്ടാള ഭരണകൂടം സൂചിയുടെ സ്വാതന്ത്ര്യപ്പോരാട്ടത്തെ വേലി കെട്ടി നിർത്തിയത്. പക്ഷെ ലോക മനഃസാക്ഷിയുടെ മുറവിളിക്കുമുന്നിൽ ഒടുവിൽ സൈനികനേതൃത്വത്തിന് വഴങ്ങേണ്ടിവന്നു. ലോകമെങ്ങുമുള്ള സ്വാതന്ത്ര്യസമരങ്ങൾക്ക് പുതിയ ഊർജം പകർന്ന് നവംബർ 13-ന് സൂചി സ്വതന്ത്രയായി.

പ്രതീക്ഷയും യാഥാർഥ്യവും തമ്മിലുള്ള പോരാട്ടമാണ് അമേരിക്കൻ ഇടക്കാല തിരഞ്ഞെടുപ്പ് കണ്ടത്. മാറ്റത്തിന്റെ കൊടുങ്കാറ്റ് മോഹിപ്പിച്ച് രണ്ടുവർഷംമുമ്പ് അധികാരത്തിലേറിയ ബരാക് ഒബാമക്ക് പരുക്കൻ യാഥാർഥ്യങ്ങൾക്കുമുന്നിൽ കാലിടറി. അമേരിക്കൻ ജനത ഡെമോക്രാറ്റുകൾക്ക് കനത്ത തിരിച്ചടി നൽകി. കോൺഗ്രസിൽ ഒബാമയുടെ കക്ഷിക്ക് ഭൂരിപക്ഷം നഷ്ടപ്പെട്ടു. അവശേഷിച്ച രണ്ടുവർഷം റിപ്പബ്ലിക്കൻ കക്ഷിയുടെ ഔദാര്യത്തിനുകൂടി നിന്നുകൊടുക്കേണ്ട ഗതികേടായി ഒബാമക്ക്. സമാധാനത്തിന് നൊബേൽ ലഭിച്ച ഒബാമയുടെ യുദ്ധങ്ങളെക്കുറിച്ച് *ഒബാമാസ് വാർസ്* എന്ന പേരിൽ പുറത്തിറങ്ങിയ ബോബ്വുഡ്വാഡിന്റെ പുസ്തകം ബെസ്റ്റ് സെല്ലറായി. ഇറാഖിൽ നിന്ന് സൈന്യത്തെ പിൻവലിച്ചെന്ന് അമേരിക്ക പ്രഖ്യാപിച്ചെങ്കിലും മാർഗനിർദേശത്തിനും സഹായത്തിനുമായി ഇപ്പോഴും അരലക്ഷത്തോളം അമേരിക്കൻ സൈനികർ അവിടെയുണ്ട്. അഫ്ഗാനിസ്ഥാനിൽ സ്ഥിതിഗതികൾ വഷളായതോടെ കൂടുതൽ സൈനികരെ ഇറക്കേണ്ടിവന്നു. താലിബാനുമായി സന്ധിയിലേർപ്പെട്ടുപോലും അഫ്ഗാനിസ്ഥാനിൽനിന്ന് തലയൂരുന്നതിനെക്കുറിച്ചാണ് ഇപ്പോൾ ഒബാമ ചിന്തിക്കുന്നത്. മാധ്യമങ്ങളും ഒബാമക്ക് കനത്ത തലവേദന സൃഷ്ടിച്ചു. താലിബാന്റെ പ്രതിനിധിയായി അഫ്ഗാൻ സർക്കാരുമായി മാസങ്ങളോളം ചർച്ച നടത്തിയത് വ്യാജനാണെന്ന വാർത്ത വലിയ തമാശയായി. റോളിംഗ്സ്റ്റോൺ മാഗസിനുമായുള്ള സംഭാഷണത്തിനിടെ യു.എസ്. വൈസ് പ്രസിഡന്റ് ജോ ബൈഡനെക്കുറിച്ച് അനുചിതമായ പരാമർശങ്ങൾ തുറന്നടിച്ചതിന് അഫ്ഗാനിലെ അധിനിവേശസേനയുടെ തലവൻ ജനറൽ സ്റ്റാൻലി മക്രിസ്റ്റലിന് സ്ഥാനമൊഴിയേണ്ടിവന്നു. വിക്കിലീക്ക്സ് എന്ന അമേരിക്കൻ വെബ്സൈറ്റ് പുറത്തുവിട്ട സൈനിക രഹസ്യരേഖകൾ ഇറാഖിലെയും അഫ്ഗാനിസ്ഥാനിലെയും നിരവധി ദുഷ്ചെയ്തികൾ ലോകശ്രദ്ധയിൽ കൊണ്ടുവന്നു. വാർത്തയുടെ നിർവചനം പുതുക്കിപ്പണിയുന്ന വെബ്സൈറ്റ് എന്നാണ് വിക്കിലീക്ക്സിനെ ന്യൂയോർക്ക് ഡെയിലി ന്യൂസ് പത്രം വിശേഷിപ്പിച്ചത്. ഡയറക്ടർ ജൂലിയൻ അസാംഗെയുൾപ്പെടെ വിക്കിലീക്ക്സ് ജീവനക്കാർ പല രാജ്യങ്ങളിൽ, പലതരത്തിൽ മാനസികപീഡനങ്ങൾക്ക് ഇരയായി.

അമേരിക്കൻ പൈലറ്റില്ലാവിമാനങ്ങളുടെ ആക്രമണത്തിന്റെ കൃത്യതയെക്കുറിച്ച് ഗൗരവമായ ആക്ഷേപങ്ങളുയർന്നെങ്കിലും പാകിസ്ഥാനിലും യെമനിലും അമേരിക്ക ആക്രമണങ്ങൾ തുടർന്നു. പാക്കിസ്ഥാനിൽ തീവ്രവാദി ആക്രമണങ്ങൾ ആരാധനാലയങ്ങളെപ്പോലും വെറുതെവിട്ടില്ല. പാകിസ്ഥാനുപിന്നാലെ യെമനും തീവ്രവാദി ആക്രമണങ്ങളിൽ ഉലഞ്ഞു. യെമനിൽ തയാറാക്കിയതെന്ന് കരുതുന്ന പാർസൽ ബോംബ് അമേരിക്കൻ കാർഗൊ വിമാനങ്ങളിൽ സ്ഫോടനം നടത്തുന്നത് കഷ്ടിച്ചാണ് രഹസ്യാന്വേഷണ ഏജൻസികൾ ഒഴിവാക്കിയത്. മെക്സിക്കൻ ഉൾക്കടലിലെ എണ്ണച്ചോർച്ച ഒബാമക്ക് മറ്റൊരു പുലിവാലായി. മൂന്നുമാസത്തോളം നീണ്ട ചോർച്ച പെട്രോളിയം വ്യവസായചരിത്രത്തിലെ ഏറ്റവും വലിയ സമുദ്രാപകടമായി. പ്രതിദിനം അമ്പത്തിമൂവായിരത്തോളം ബാരൽ എണ്ണ ചോർന്നത് കനത്ത പരിസ്ഥിതിദുരന്തമാണ് സൃഷ്ടിച്ചത്. ഐസ്ലന്റിൽ അഗ്നിപർവതസ്ഫോടനത്തെത്തുടർന്നുണ്ടായ പുകയൂറോപ്പിലെങ്ങും ഒരാഴ്ചയോളം വ്യോമഗതാഗതം സ്തംഭിപ്പിച്ചു. ഗ്രീസിലും സ്പെയിനിലും ബ്രിട്ടനിലുമുൾപ്പെടെയു



ചിലിയിലെ കോപിയാപൊ ഖനീമുഖത്ത് നിന്നൊരുദൃശ്യം

ണ്ടായ സാമ്പത്തികപ്രതിസന്ധിയും യൂറോപ്പിനെ വലച്ചു. ഐസ്‌ലന്റും പോർചുഗലും കനത്ത പ്രതിസന്ധിയിലേക്ക് നീങ്ങുന്നതു കണ്ടാണ് വർഷം വിടവാങ്ങിയത്.



ഓംഗ്സാംഗ് സ്യൂചി

ബ്രിട്ടനിലും മാറ്റത്തിന്റെ കാറ്റുവീശി. ലേബർ പാർട്ടിക്ക് അധികാരം നഷ്ടപ്പെട്ടെങ്കിലും ആർക്കും ബ്രിട്ടീഷ് ജനത ഭൂരിപക്ഷം നൽകിയില്ല. രണ്ടാം ലോകയുദ്ധത്തിനുശേഷം രണ്ടാം തവണ കൂട്ടുകക്ഷി സർക്കാർ അധികാരത്തിലേറുന്നതിന് രാജ്യം സാക്ഷ്യം വഹിച്ചു. ലിബറൽ ഡെമോക്രാറ്റുകളുടെ പിന്തുണയോടെ കൺസർവേറ്റീവ് പാർട്ടിയുടെ ഡേവിഡ് കാമറൂൺ അധികാരത്തിലേറി.

തുർക്കിയിൽ നടന്ന ഹിതപരിശോധനയും ലോകം കൗതുകത്തോടെ വീക്ഷിച്ചു. 1980 ലെ സൈനിക അട്ടിമറിക്കുശേഷം നയരൂപീകരണങ്ങളിൽ സൈന്യത്തിനുണ്ടായിരുന്ന സ്വാധീനം ലഘൂകരിക്കുന്നതാണ് പുതിയ ഭേദഗതികൾ. തുർക്കിയും ബ്രസീലും നയതന്ത്രരംഗത്ത് വൻ മുന്നേറ്റം നടത്തുന്നതിനും പോയ വർഷം സാക്ഷിയായി. ആണവായുധം സ്വന്തമാക്കാൻ ശ്രമിക്കുന്ന ഇറാനെതിരെ അമേരിക്കൻ നേതൃത്വത്തിൽ യു.എൻ ഉപരോധം ശക്തമാക്കി. തുർക്കിയും ബ്രസീലും ഇടപെട്ട് ഇറാനുമായി ഒത്തുതീർപ്പുസമവാക്യം തയാറാക്കിയെങ്കിലും അതിന് പാശ്ചാത്യ പിന്തുണ കിട്ടിയില്ല.

കൊറിയകൾ തമ്മിലുള്ള സമാധാനശ്രമങ്ങൾക്ക് മാർച്ചിൽ തെക്കൻ കൊറിയയുടെ ഒരു നാവികക്കപ്പൽ മുങ്ങി 46 പേർ കൊല്ലപ്പെട്ടത് കനത്ത പ്രഹരമായി. കൊറിയകൾ തമ്മിലെ ബന്ധം ഇത് തീർത്തും വഷളാക്കി. വടക്കൻ കൊറിയയാണ് കപ്പൽ മുക്കിയതെന്ന് മേയിൽ ഒരു സ്വതന്ത്ര പാനലിന്റെ അന്വേഷണം കുറ്റപ്പെടുത്തി. നവംബറിൽ കൊറിയൻ അതിർത്തിയിൽ സംഘർഷം പൊട്ടിപുറപ്പെട്ടത് ഉപദ്വീപിൽ യുദ്ധത്തിന്റെ കനത്ത കാർമേഘങ്ങളാണ് സൃഷ്ടിച്ചത്.

വോളിബോൾ മത്സരത്തിനിടെയുണ്ടായ ഭീകരാക്രമണത്തിൽ പാകിസ്ഥാനിൽ 95 പേർ കൊല്ലപ്പെട്ടുവെന്ന വാർത്തയുമായാണ് 2010 പിറന്നത്. പാകിസ്ഥാനിൽ പിന്നീട് ചോരമണം മാറിയില്ല. ആരാധനാലയങ്ങൾ പോലും ഭീകരരുടെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെട്ടില്ല.

പ്രകൃതിദുരന്തങ്ങൾക്കുമുന്നിൽ ആധുനികയുഗത്തിലും മനുഷ്യൻ നിസ്സഹായനാണെന്ന് ഒരിക്കൽകൂടി തെളിഞ്ഞു. പാകിസ്ഥാനിൽ കനത്ത വെള്ളപ്പൊക്കത്തിൽ ആയിരങ്ങളാണ് മരിച്ചത്. രാജ്യത്തിന്റെ അഞ്ചിലൊന്ന് വെള്ളത്തിനടിയിലായി. പത്തുലക്ഷത്തിലേറെപ്പേർ പലായനം ചെയ്യേണ്ടിവന്നു. വർഷത്തിന്റെ തുടക്കത്തിൽ ഹെയ്തിയിലെ ഭൂകമ്പം ചരിത്രത്തിലെതന്നെ ഏറ്റവും ഭീകരമായ ദുരന്തങ്ങളിലൊന്നായി. 2,30,000 പേർ മരിച്ചുവെന്നാണ് ഔദ്യോഗിക കണക്ക്. വർഷാവസാനത്തോടെ പടർന്നുപിടിച്ച കോളറയും ഹെയ്തിയിൽ മരണത്തിന്റെ പേമാരി വിതച്ചു. രണ്ടായിരത്തോളം പേർ മരിച്ചു. ഒക്ടോബറിൽ ഇന്തോനേഷ്യ ഒരേസമയം ഭൂകമ്പത്തിന്റെയും അഗ്നിപർവതസ്ഫോടനത്തിന്റെയും ദുരന്തം ഏറ്റുവാങ്ങി. ഫെബ്രുവരിയിൽ ചിലിയിലുണ്ടായത് രേഖപ്പെടുത്തപ്പെട്ടവയിൽ ഏറ്റവും വലിയ ഭൂകമ്പങ്ങളിലൊന്നാണ്. എങ്കിലും വലിയ മനുഷ്യനഷ്ടമുണ്ടായില്ല. പലസ്തീൻപ്രശ്നം പരിഹാരമില്ലാതെ തുടരവെ സമാധാനപ്രവർത്തകർക്കുനേരെ ഇസ്രായിൽ അഴിച്ചുവിട്ട ആക്രമണം ലോക മനഃസാക്ഷിയെ ഞെട്ടിച്ചു. ഇസ്രായിൽ ഉപരോധത്തിൽ തുറന്ന ജയിലിലെന്ന പോലെ ഒറ്റപ്പെട്ടുപോയ ഗാസാ മുനമ്പിലേക്ക് മരുന്നുൾപ്പെടെ അവശ്യസാധനങ്ങളുമായി പോയ സമാധാനപ്രവർത്തകരുടെ കപ്പലിനുനേരെയുണ്ടായ ആക്രമണത്തിൽ ഒമ്പത് പേർ കൊല്ലപ്പെട്ടു. പാലസ്തീൻ മണ്ണിൽ കുടിയേറ്റകേന്ദ്രങ്ങൾ നിർമിക്കുന്നത് നിർത്താനാവില്ലെന്ന ഇസ്രായിലിന്റെ പിടിവാശി സമാധാന ശ്രമങ്ങൾക്ക് തുരങ്കം വെച്ചു. ഇറാഖിൽ ജനാധിപത്യപ്രക്രിയ പരിഹാസ്യമായ തലത്തിലേക്കു പോയി. തിരഞ്ഞെടുപ്പ് കഴിഞ്ഞ് എട്ടുമാസം പിന്നിട്ടിട്ടും പുതിയ സർക്കാർ രൂപീകരണം സാധ്യമായില്ല. ഒടുവിൽ ഷിയാ -സുന്നി-കുർദ് വിഭാഗങ്ങൾ ഒത്തുതീർപ്പിലെത്തിയത് പരസ്പരം പോരടിക്കുന്ന ഇറാന്റെയും അമേരിക്കയുടെയും ഒരുമിച്ചുള്ള ശ്രമഫലമായാണ്.



പാക്കിസ്ഥാനിലെ സിന്ധ്പ്രവിശ്യയിലുണ്ടായ വെള്ളപ്പൊക്കം




സാമ്പത്തിക പ്രതിസന്ധിയിൽ ഉലയുന്ന ദുബായിൽ ജനുവരിയിൽ ലോകത്തെ ഏറ്റവും വലിയ മനുഷ്യനിർമിത കെട്ടിടമായ ബുർജുൽ ഖലീഫ ഔദ്യോഗികമായി തുറന്നു. ജനുവരി 15 നുണ്ടായ സൂര്യഗ്രഹണം ഈ നൂറ്റാണ്ടിലെ ഏറ്റവും നീണ്ടതായിരുന്നു. സംയുക്ത ബഹിരാകാശ നിലയമായ ഇന്റർനാഷണൽ സ്പെയ്സ് സ്റ്റേഷനിൽ തുടർച്ചയായി 3641 ദിവസം മനുഷ്യാധിവാസമുണ്ടായതോടെ ഒക്ടോബർ 22 ബഹിരാകാശ ചരിത്രത്തിൽ പുതിയ നാഴികക്കല്ലായി. 2000 നവംബർ 2 മുതൽ നിലയത്തിൽ ഏതെങ്കിലും ഒരു രാജ്യത്തിന്റെ പ്രതിനിധിയുണ്ട്. ജൂണിൽ ദക്ഷിണാഫ്രിക്കയിൽ ആഫ്രിക്കൻ വൻകരയിലെ ആദ്യ ഫുട്ബോൾ ലോകകപ്പിന് പന്തുരുണ്ടു. ആശങ്കകൾക്ക് വിരുദ്ധമായി വൻവിജയമായ ലോകകപ്പിൽ സ്പെയിൻ ആദ്യമായി കിരീടമുയർത്തി. ഏപ്രിലിൽ റഷ്യയിലുണ്ടായ വിമാനദുരന്തത്തിൽ പോളണ്ടിന്റെ പ്രസിഡന്റ് ലെകചിൻസ്കിയുൾപ്പെടെ 96 പേർ കൊല്ലപ്പെട്ടു. നിരവധി പ്രമുഖർ പോയവർഷം കാലയവനികക്കുള്ളിൽ മറഞ്ഞു. എറിക് സെഗാൾ, ജെ.ഡി. സാലിംഗർ (അമേരിക്കൻ എഴുത്തുകാർ), ഹോവാഡ് സിൻ (അമേരിക്കൻ ചരിത്രകാരൻ), മുഹമ്മദ് സയ്യിദ് ത്വൻതാവി (ഈജിപ്തിലെ അൽ അസ്ഹർ യൂണിവേഴ്സിറ്റിയിലെ ഗ്രാന്റ് മുഫ്തി), ഗിരിജാ പ്രസാദ് കൊയിരാള (മുൻ നേപ്പാൾ പ്രധാനമന്ത്രി), യുവാൻ ആന്റോണിയൊസമരാഞ്ച് (രാജ്യാന്തര ഒളിംപിക് സമിതി മുൻ പ്രസിഡന്റ്), ഷൂസെ സാരമാഗൊ (നൊബേൽ സമ്മാനം നേടിയ പോർചുഗീസ് എഴുത്തുകാരൻ), ഫ്രാൻസിസ് കൊവറാലൊ (1930 ലെ പ്രഥമ ഫുട്ബോൾ ലോകകപ്പിൽ പങ്കെടുത്തവരിൽ അവശേഷിച്ച ഏക കളിക്കാരൻ), നെസ്റ്റർ കിർച്നർ (അർജന്റീനയുടെ മുൻ പ്രസിഡന്റും ഇപ്പോഴത്തെ പ്രസിഡന്റ് ക്രിസ്റ്റീനയുടെ ഭർത്താവും), വിക്ടർ ചെർണോമിർദിൻ (മുൻ റഷ്യൻ പ്രധാനമന്ത്രി), ടോണി കേർടിസ് (ഹോളിവുഡ് നടൻ) എന്നിവരെല്ലാം 2010 ന്റെ നഷ്ടമാണ്. ചൈനീസ് വിമതൻ ലിയു സിയോബോക്ക് സമാധാന നൊബേൽ ലഭിച്ചത് അവാർഡ് ചടങ്ങിന് പുതുമ പകർന്നു. ജയിലിലുള്ള സിയോബോയോയുടെയോ മറ്റു കുടുംബാംഗങ്ങളുടെയോ സാന്നിധ്യമില്ലാതെ അവാർഡുദാനം നടന്നു. സാഹിത്യ നൊബേൽ പെറുവിലെ എഴുത്തുകാരൻ മാരിയൊ വർഗാസ് യോസക്കു ലഭിച്ചു. ■




# ചലച്ചിത്രമേള
# അവിസ്മരണീയമായ അനുഭവം

ജാതിയുടെയും മതത്തിന്റെയും ദേശത്തിന്റെയും അതിർവരമ്പുകളില്ലാത്ത മനുഷ്യജീവിതത്തിന്റെ വ്യത്യസ്തഭാവങ്ങൾ അഭ്രപാളിയിൽ വിരിയിച്ച് കേരളത്തിന്റെ 15-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേള അവിസ്മരണീയ അനുഭവമായി. വിഖ്യാത ജർമൻ സംവിധായകൻ വെർണർ ഹെർസോഗ്, മുൻകാല ഹിന്ദി ചലച്ചിത്ര താരം വഹീദാ റഹ്മാൻ എന്നിവരുടെ നിറസാന്നിധ്യത്തിൽ മുഖ്യമന്ത്രി വി.എസ്.അച്യുതാനന്ദനാണ് തിരുവനന്തപുരം നിശാഗന്ധിയിൽ ഒരാഴ്ച നീണ്ട മേള ഉദ്ഘാടനം ചെയ്തത്.

മത്സരവിഭാഗമുൾപ്പെടെ 16 വിഭാഗങ്ങളിലായി 83 രാജ്യങ്ങളിൽ നിന്നുള്ള 207 ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിച്ചത്. ലോക സിനിമാവിഭാഗത്തിൽ വൈറ്റ് റിബൺ, സംവെയർ ഉൾപ്പെടെ അറുപതോളം ചിത്രങ്ങളും, കണ്ടംപററി മാസ്റ്റേഴ്സ് ഇൻ ഫോക്കസ് എന്ന വിഭാഗത്തിൽ വെർണർ ഹെർസോഗ്, ഒലിവിയർ അസയാസ് എന്നിവരുടെ ചിത്രങ്ങളും ആഫ്രിക്കൻ ഭൂഖണ്ഡത്തെ ഫോക്കസ് ചെയ്ത ഫൊർഗെറ്റ് ആഫ്രിക്ക എന്ന വിഭാഗവും ബൈസെന്റനിയൽ എന്ന വിഭാഗത്തിൽ ലാറ്റിനമേരിക്കയിൽ നിന്നുള്ള ചിത്രങ്ങളും, ജപ്പാനിൽ നിന്ന് 8 ക്ലാസിക്കൽ സിനിമകളും, 12 അനിമേഷൻ ചിത്രങ്ങളും, വനിതാവിഭാഗത്തിൽ അഞ്ച് സിനിമകളും, സ്പിരിറ്റ് ഓഫ് ഇൻഡിപെൻഡൻസ്, ഫ്ളെമിംഗോ ഫിലിംസ് വിഭാഗത്തിൽ 6 ചിത്രങ്ങൾ വീതവും, ഉസ്ബെക്കിസ്ഥാൻ, താജിക്കിസ്ഥാൻ, കസാക്കിസ്ഥാൻ രാജ്യങ്ങളിൽനിന്ന് എട്ട് ചിത്രങ്ങളും, ഇന്ത്യൻ സിനിമാ വിഭാഗത്തിൽ ഏഴും മലയാള സിനിമാവിഭാഗത്തിൽ എട്ടും, മത്സരവിഭാഗത്തിൽ പതിനാലും സ്മൃതി ചിത്ര പരമ്പരയിൽ ഏഴ് ചിത്രവുമാണ് പ്രദർശിപ്പിച്ചത്. തിരുവനന്തപുരത്തെ കൈരളി, ശ്രീ, കലാഭവൻ, ന്യൂ, അജന്ത, ധന്യ, രമ്യ, ശ്രീപത്മനാഭ, ശ്രീകുമാർ, ശ്രീവിശാഖ് നിശാഗന്ധി തീയേറ്ററുകളിലാണ് ചിത്രങ്ങൾ പ്രദർശിപ്പിച്ചത്.

കൊളംബിയയുടെ രാഷ്ട്രീയ അരാജകത്വം ഒരു പെൺകുട്ടിയുടെ ഭയചകിതമായ അനുഭവങ്ങളിലൂടെ ചിത്രീകരിച്ച 'പോർട്രെയ്റ്റ്സ് ഇൻ എ സീ ഓഫ് ലൈസ്' എന്ന സ്പാനിഷ് ചിത്രം പതിനഞ്ചാമത് രാജ്യാന്തര ചലച്ചിത്രമേളയിലെ ഏറ്റവും മികച്ച ചിത്രത്തിനുള്ള സുവർണ ചകോരം അവാർഡ് നേടി. സംവിധാനവും തിരക്കഥയും എഡിറ്റിങ്ങും




നിർവഹിച്ച കാർലോസ് ഗവേരിയയും നിർമാതാവ് ഇർവിൻഗോയലും അവാർഡ് തുകയായ 15 ലക്ഷം രൂപ തുല്യമായി പങ്കിട്ടു.

മികച്ച സംവിധായകനുള്ള രജതചകോരം അർജന്റീനിയൻ ചിത്രമായ 'ദ ലാസ്റ്റ് സമ്മർ ഓഫ് ലാ ബോയിറ്റ'യുടെ ജൂലിയസോളോ മനോഫ് കരസ്ഥമാക്കി.

നിശാഗന്ധിയിൽ നടന്ന സമാപനച്ചടങ്ങിൽ സാംസ്കാരിക മന്ത്രി എം.എ. ബേബി മുഖ്യ അവർഡുകൾ വിതരണം ചെയ്തു.

മികച്ച നവാഗതസംവിധായക ചിത്രത്തിനുള്ള അവാർഡ് ബെൽമ ബാസിന്റെ തുർക്കി ചിത്രം 'സഫയർ' നേടി. പ്രേക്ഷകർ തിരഞ്ഞെടുത്ത ചിത്രം അപർണാസെന്നിന്റെ 'ജാപ്പനീസ് വൈഫാ'ണ്. ഏഷ്യൻ ചിത്രത്തിനുള്ള നെറ്റ്പാക് അവാർഡിന് ഒനിർ അനിർ ബാൻ സംവിധാനം ചെയ്ത 'ഐ ആം അഫിയ മേഘ അഭിമന്യു ഒമർ' എന്ന ചിത്രം അർഹത നേടി. മികച്ച മലയാളചിത്രത്തിനുള്ള നെറ്റ് പാക് അവാർഡിന് 'വീട്ടിലേക്കുള്ള വഴി' അർഹമായി. സൂര്യ ഫിലിംസിന്റെ ബാനറിൽ ബി.സി.ജോഷി നിർമിച്ച് ഡോ.ബിജു ആണ് ഈ ചിത്രത്തിന്റെ സംവിധാനം നിർവഹിച്ചത്. ലെനിൻ രാജേന്ദ്രന്റെ 'മകരമഞ്ഞ്' ഫിപ്രസിയുടെ മലയാളം സിനിമക്കുള്ള പുരസ്കാരം നേടി.

ഫിലിം മേളയ്ക്ക് സ്ഥിരം കോംപ്ലക്സ് നിർമിക്കാനുള്ള നടപടി തുടങ്ങിയതായി മന്ത്രി എം.എ.ബേബി പറഞ്ഞു. അടൂർ ഗോപാലകൃഷ്ണൻ, ഒ.എൻ.വി, സുഗതകുമാരി എന്നിവർ അംഗങ്ങളായുള്ള സമിതി ഇതിനുള്ള നിർദേശങ്ങൾ നൽകും.

പ്രശസ്ത സംവിധായകൻ മണിരത്നവും ഭാര്യയും നടിയുമായ സുഹാസിനിയുമായിരുന്നു സമാപന ചടങ്ങിലെ മുഖ്യാതിഥികൾ. പൊതുമരാമത്ത് മന്ത്രി എം.വിജയകുമാർ അധ്യക്ഷനായിരുന്നു. ഭക്ഷ്യവകുപ്പുമന്ത്രി സി.ദിവാകരൻ, വനം മന്ത്രി ബിനോയ് വിശ്വം എന്നിവരും വിവിധ അവാർഡുകൾ വിതരണം ചെയ്തു. ഒരാഴ്ച നീണ്ടുനിന്ന 15-ാമത് രാജ്യാന്തര ചലച്ചിത്രമേള പ്രേക്ഷകപങ്കാളിത്തംകൊണ്ടും ശ്രദ്ധേയമായി. പതിനായിരത്തിലധികം പേരാണ് ഡെലിഗേറ്റുകളായി രജിസ്റ്റർ ചെയ്തത്. സംഘാടനമികവും കാര്യക്ഷമമായി പ്രവർത്തിച്ച മാധ്യമ വിഭാഗവും മേളയെ അവിസ്മരണീയ അനുഭവമാക്കി മാറ്റി. ■




**ഏറ്റവും മികച്ച ചിത്രത്തിനുള്ള സുവർണചകോരം പുരസ്കാരം നേടിയ പോർട്രെയ്റ്റ്സ് ഇൻ എ സീ ഓഫ് ലൈസിന്റെ സംവിധായകൻ കാർലോസ് ഗവേരിയ സാംസ്കാരികമന്ത്രി എം.എ. ബേബിയിൽനിന്നും അവാർഡ് ഏറ്റുവാങ്ങിയശേഷം**

■ സി. അനൂപ്



പോർട്രെയ്സ് ഇൻ എ സീ ഓഫ് ലൈസ്

# സിനിമയുടെ എട്ട് രാപ്പകലുകൾ

**15–ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ സിനിമാനുഭവങ്ങളിലൂടെ ലോകസിനിമയുടെ സമ്പന്നമായ പരിവേഷങ്ങൾ തുറന്നുകാട്ടുന്നതിനൊപ്പം ഈ സമ്പന്നതയിൽനിന്നും മലയാളസിനിമയെ അകറ്റിനിർത്തുന്നത് മുഖ്യധാരാസിനിമാലോകത്തിന്റെ മേളയിലെ പങ്കാളിത്തമില്ലായ്മയാണെന്നുകൂടി സൂചിപ്പിക്കുകയാണ് ലേഖകൻ**

അന്താരാഷ്ട്ര ചലച്ചിത്രോത്സവം മലയാളിക്ക് സ്വന്തമായിട്ട് പതിനഞ്ചു വർഷമാകുന്നു. ഇക്കാലത്തിനിടയിൽ ലോകസിനിമയിലും ഇന്ത്യൻ സിനിമയിലും മലയാളത്തിലും സംഭവിച്ച പരിണാമങ്ങൾ അത്ഭുതത്തോടെ മാത്രമേ നമുക്ക് കാണാനാകൂ. സാങ്കേതികമായും സൗന്ദര്യശാസ്ത്രപരമായും വന്ന മാറ്റങ്ങൾ, അതിനോട് പ്രേക്ഷകർ പുലർത്തുന്ന സമീപനം- ഇതൊക്കെ സിനിമയുടെ വർത്തമാനകാല സജീവതയെ നിർണയിക്കുന്നുണ്ട്.

ഓരോ ദേശത്തിനും തനതായ സംസ്കാരവും രാഷ്ട്രീയവും സർഗപ്രപഞ്ചവുമുണ്ട്. മനുഷ്യജീവിതത്തിലും വീക്ഷണത്തിലും സംഭവിക്കുന്ന ഓരോ മാറ്റവും അവരുടെ മൗലികസൃഷ്ടികളിലാവും ഏറ്റവും സജീവമായി പ്രതിഫലിക്കുന്നത്. ഇതൊക്കെ അറിയുകയും മലയാളസനിമയുടെ പ്രയാണത്തിന് മുതൽക്കൂട്ടുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തോടെയാണ് ഒരു അന്താരാഷ്ട്ര ചലച്ചിത്രോത്സവം പതിനഞ്ചുവർഷങ്ങൾക്കപ്പുറം ഇവിടെ തുടങ്ങിയത്. അത് എത്രമാത്രം സഫലമായി, നമ്മുടെ സിനിമയുടെ കാലികമായ മാറ്റങ്ങൾക്ക് എത്രമാത്രം രൂപമാറ്റങ്ങൾ സംഭവിച്ചു എന്നൊക്കെ ആലോചിക്കാനുള്ള സന്ദർഭം കൂടിയാണ് ഇത്.

പതിനഞ്ചുവർഷം ഒരു ചെറിയ കാലയളവല്ല. ഒരു ശരാശരി സിനിമാപ്രേമി കഴിഞ്ഞുപോയ പതിനഞ്ചു ചലച്ചിത്രോത്സവങ്ങളിൽ സജീവമായിട്ടുണ്ടെങ്കിൽ അയാൾ മുന്നൂറു സിനിമകളെങ്കിലും (20 X 15) കണ്ടിട്ടുണ്ടാകണം. ചിലർ അതിലേറെയും. ഇത്രയും സിനിമാകാണുന്ന ഒരാൾ കഴിഞ്ഞ പതിനഞ്ചുവർഷങ്ങളിൽ ലോകസിനിമാഭൂപടത്തിൽ സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ ഭാവമാറ്റങ്ങളെ തിരിച്ചറിയാനുള്ള കെല്പു നേടിയിട്ടുണ്ടാകണം. എവിടെയാണ് നല്ല സിനിമകൾ സംഭവിക്കുന്നത്. അതിന്റെ സവിശേഷത എന്തായിരിക്കും എന്നൊക്കെ അയാൾ അറിയുന്നു



ബറീഡ് സീക്രട്സ്

ണ്ടാകണം. ബഹുസ്വരമായ കാഴ്ചകൾക്കിടയിൽ നമ്മുടെ ചലച്ചിത്രബോധവും സംസ്കാരവും എവിടെ എത്തിനില്ക്കുന്നു എന്ന കാര്യത്തെപ്പറ്റി ചിന്തിക്കേണ്ട സന്ദർഭം കൂടിയാണ് ഇത്. ഇങ്ങനെ പറയാൻ കാരണം കഴിഞ്ഞുപോയ പതിനഞ്ചുചലച്ചിത്രോത്സവങ്ങളിലും ഏറ്റവും സജീവമായി പങ്കെടുത്തത് നല്ല പ്രേക്ഷകർ മാത്രമാണ് എന്നതിനാലാണ്. മലയാളത്തിലെ ഏതെങ്കിലും ചലച്ചിത്രകാരന്മാർ (താരങ്ങളും സാങ്കേതിക പ്രവർത്തകരും) സിനിമകാണുന്നതിൽ ഹരം അനുഭവിക്കുന്നതായി തോന്നിയിട്ടില്ല. അടൂർഗോപാലകൃഷ്ണൻ ആദ്യ ചലച്ചിത്രോത്സവം മുതൽ ഒട്ടുമിക്കപ്പോഴും തന്നിൽ ആകാംഷ സൃഷ്ടിക്കുന്ന ചലച്ചിത്രകാരന്മാരുടെ സൃഷ്ടികൾ കാണാൻ ശ്രമിക്കാറുണ്ട്. കഴിഞ്ഞ ചില ചലച്ചിത്രോത്സവങ്ങളിൽ രഞ്ജിത്ത്, കമൽ, ലാൽജോസ് തുടങ്ങിയ സംവിധായകർ ചില സിനിമകൾ കാണാൻ സന്നിഹിതരായി. ഇനിയും വളരെ കുറച്ചു പേർ കൂടി ഒറ്റപ്പെട്ട ചില സിനിമകൾ കാണാൻ എത്തിയിട്ടുണ്ടാകാം. എന്നാൽ ചലച്ചിത്രകാരന്മാരുടെ സജീവമായ സാന്നിധ്യം ചലച്ചിത്രോത്സവവേദികളിലൊന്നും ഈ ലേഖകന് കാണാൻ കഴിഞ്ഞില്ല. ചിലർ തങ്ങളുടെ സിനിമയ്ക്ക് വിദേശമേളകളിൽ സാന്നിധ്യമുറപ്പിക്കുന്നതിനുള്ള നെട്ടോട്ടത്തിലും. മറ്റുചിലരാകട്ടെ ഓപ്പൺ ഫോറങ്ങളിൽ വിവാദ പ്രസ്താവനകൾ നടത്തി മാധ്യമശ്രദ്ധ നേടാൻ ശ്രമിക്കുന്നവരും. എന്നാൽ ഒരു തീയറ്ററിൽനിന്ന് മറ്റൊരു തീയറ്ററിലേക്ക് നല്ല സിനിമകളുടെ തണൽതേടി വെപ്രാളപ്പെട്ടോടുന്ന പ്രേക്ഷകരെയാണ് എല്ലാദിവസങ്ങളിലും കാണാനായത്. അതിൽ എഴുത്തുകാരും, മാധ്യമപ്രവർത്തകരുമൊക്കെ ഉണ്ടായിരുന്നു. തിരക്കിട്ട രാഷ്ട്രീയ ഓട്ടങ്ങൾക്കിടയിൽ മികച്ചതെന്ന് സൂചന ലഭിച്ച സിനിമകൾ കാണാൻ രാഷ്ട്രീയപ്രവർത്തകരുമുണ്ടായിരുന്നു. മന്ത്രിമാരായ എം.എ. ബേബിയും ജി. സുധാകരനും ബിനോയ് വിശ്വവുമൊക്കെ കുറെ നല്ല സിനിമകൾ കാണാൻ വന്നവരിൽപ്പെടും.

ഇതൊരു വിമർശനമോ സ്വയം വിമർശനമോ ആയി കാണുക. രാജ്യാന്തരപ്രസക്തി കൊതിക്കുന്ന നവമുകുളങ്ങളായ സംവിധായകരും കച്ചവടത്തിലും താത്കാലിക വിജയങ്ങളിലും അഭിരമിക്കുന്നവരും രാജ്യാന്തര ചലച്ചിത്രോത്സവത്തെ, അതിന്റെ സർഗാത്മകതയെ വേണ്ടവണ്ണം ഉൾക്കൊള്ളാൻ ശ്രമിക്കുന്നില്ല എന്നത് ശ്രദ്ധിക്കേണ്ട കാര്യം തന്നെയാണ്. നല്ല സിനിമകൾ കാണാതെ, അതിന്റെ പ്രസക്തി തിരിച്ചറിയാതെ നമ്മുടെ ഭാഷയിൽ എങ്ങനെയാണ് മികച്ച സൃഷ്ടികൾ സംഭവിക്കുക.

## നല്ലസിനിമ നല്ല പ്രേക്ഷർ

ഡിസംബർ 10 മുതൽ 17 വരെ തിരുവനന്തപുരം ഉത്സവത്തിന്റെ രാപ്പകലുകളിലൂടെയാണ് കടന്നുപോയത്. വിദേശികളും സ്വദേശികളുമായ ചലച്ചിത്രപ്രേമികൾ ഈ നഗരത്തിന് മറ്റൊരു മുഖച്ഛായതന്നെ നല്കി. സിനിമകാണുകയും അതെപ്പറ്റി മൗലികമായ ചർച്ചകൾ നടത്തുകയും ചെയ്യുകവഴി നല്ലൊരു ചലച്ചിത്രസാംസ്കാരത്തിന്റെ വരവറിയിപ്പുകൂടിയായി ഈ നാളുകൾ.

നിരവധി വിഭാഗങ്ങളായാണ് പ്രദർശനം നിശ്ചയിച്ചത്. മെട്രോസ്പെക്റ്റീവുകൾ, ആദരങ്ങൾ, പ്രത്യേകഫോക്കസ്, ജൂറി സിനിമകൾ, ഹോമേജുകൾ എന്നിങ്ങനെ സിനിമകളെ വ്യത്യസ്തമായ രീതിയിൽ വേർതിരിക്കുകയും പ്രേക്ഷകർക്ക് കൂടുതൽ തെരഞ്ഞെടുപ്പിനുള്ള സാധ്യത ഒരുക്കുകയുമായിരുന്നു ലക്ഷ്യം. ആഫ്രിക്ക, ഏഷ്യൻ, ലാറ്റിനമേരിക്കൻ സിനിമകളുടെ മത്സരവേദിയിൽ ചലച്ചിത്രാനുഭവങ്ങൾകൊണ്ട് പുതിയ ചരിത്രമെഴുതുന്ന പ്രതിഭാസാന്നിധ്യം അനുഭവിക്കാനായി. രജതചകോരമുൾപ്പെടെയുള്ള പുരസ്കാരങ്ങൾക്കായി പ്രദർശിപ്പിച്ച ഓരോ സിനിമയും ഒരുരീതിയിലല്ലെങ്കിൽ മറ്റൊരു രീതിയിൽ ശ്രദ്ധേയമായിരുന്നു. കാർലോസ് ഗാവിരിയ സംവിധാനം ചെയ്ത കൊളംബിയൻ ചിത്രമായ 'പോർട്രെയ്റ്റ്സ് ഇൻ-എ സീ ഓഫ് ലൈസ്' എന്ന ചിത്രം സുവർണ ചകോരം നേടി. പതിവു ചലച്ചിത്രപരിശ്രമമായിരുന്നില്ല എന്നതാണ് ഈ സിനിമയുടെ സവിശേഷത. വളരെ സൂക്ഷ്മമായ അവതരണശൈലിയും ക്രമാനുഗതമായി വളരുന്ന ജീവിതയാഥാർഥ്യങ്ങളും നല്ല സിനിമയെ കൂടുതൽ കാലാതിവർത്തിയാക്കും. അതിന് നല്ല മാതൃകയാണ് ഈ കൊളംബിയൻ ചിത്രം. മറ്റ് മത്സരവിഭാഗസിനിമകളൊക്കെ ഈ സിനിമയെക്കാൾ പിന്നിലാണെന്ന് അർഥമില്ല. പുരസ്കാരലബ്ധിക്ക് യോഗ്യതയുള്ള നിരവധി നല്ല ചിത്രങ്ങൾ മേളയിലുണ്ടായിരുന്നു. അവയ്ക്കിടയിൽ നിന്നും ജൂറിക്കുതോന്നുന്ന സൃഷ്ടിക്കാവുമല്ലോ പുരസ്കാരം നല്കുക.

**രാജ്യാന്തരപ്രസക്തി കൊതിക്കുന്ന നവമുകുളങ്ങളായ സംവിധായകരും കച്ചവടത്തിലും താത്കാലിക വിജയങ്ങളിലും അഭിരമിക്കുന്നവരും രാജ്യാന്തര ചലച്ചിത്രോത്സവത്തെ, അതിന്റെ സർഗാത്മകതയെ വേണ്ടവണ്ണം ഉൾക്കൊള്ളാൻ ശ്രമിക്കുന്നില്ല എന്നത് ശ്രദ്ധിക്കേണ്ട കാര്യം തന്നെയാണ്.**





ദി ജാപ്പനീസ് വൈഫ്

മരണമടഞ്ഞ തങ്ങളുടെ മുത്തച്ഛൻ അവശേഷിപ്പിച്ച ഭൂസ്വത്തിന്മേലുള്ള അവകാശമുറപ്പിക്കാനായി ജെയ്റോ, മറീന എന്നിവർ നഗരത്തിൽനിന്നും സ്വന്തം നാട്ടിലേക്ക് നടത്തുന്നയാത്ര. ഈ യാത്രാവേളയിൽ അല്ലെങ്കിൽ യാത്രാന്ത്യത്തിൽ കലാപഭരിതമായ ഒരു നാടിന്റെ അവസ്ഥ അതിന്റെ പാരമ്യതയിൽ മനസ്സിലാക്കുന്നു. ഗാവിരിയ എന്ന സംവിധായകൻ ഇഴയടു



സെഫയർ




മൈ ബെസ്റ്റ് ഫ്രണ്ട്

പ്പമുള്ള ദൃശ്യങ്ങൾകൊണ്ട് അതീവ ഹൃദ്യമായി നിർമിച്ച ചിത്രമാണ് ഇത്. ഒരു രാഷ്ട്രീയസിനിമയുടെ പതിവുവഴക്കങ്ങളെ മറികടന്ന്, വേറിട്ടവഴിയിൽ സഞ്ചരിക്കാനാണ് ഇവിടെ സംവിധായകൻ ശ്രമിച്ചിരിക്കുന്നത്. പ്രേക്ഷകർക്ക് ഇത് വിഭിന്നമായ അനുഭവമായി മാറുന്നുമുണ്ട്.

'ദ ലാസ്റ്റ് സമ്മർ ഓഫ് ലാബോയിറ്റ്' അർജന്റീനയിൽ നിന്നുള്ള സിനിമയാണ്. രാഷ്ട്രീയമാണെങ്കിലും ഫുഡ്ബോളാണെങ്കിലും അർജന്റീന ലോകശ്രദ്ധയിലേക്ക് ആദ്യം തന്നെ കടന്നുവരും. മലയാളിയുടെ ഹൃദയത്തോടുചേർന്നു നിൽക്കുന്ന തമിഴ്നാടിനോടുള്ളതിനെക്കാൾ ഐക്യപ്പെടൽ മലയാളമനസ്സിന് അർജന്റീനയോട് സാധിക്കുന്നു. ജൂലിയ സോളമനോഫ് സംവിധാനം ചെയ്ത ഈ ചിത്രം ഏറ്റവും നല്ല സംവിധാനപ്രതിഭക്കുള്ള പുരസ്കാരം നേടി. പ്രകൃതിയും മാനവികസങ്കല്പങ്ങളും ഇഴപിരിയുന്ന ഈ സിനിമ പ്രേക്ഷകരുടെ മുക്തകണ്ഠമായ പ്രശംസ നേടുകയും ചെയ്തിരുന്നു. എങ്ങനെയാണ് ഒരു സിനിമ ദൃശ്യാനുഭവമാക്കി മാറ്റേണ്ടതെന്ന് ലാസ്റ്റ് സമ്മർ ബോധ്യമാക്കുന്നു. നവാഗതസംവിധാനപ്രതിഭക്കുള്ള പുരസ്കാരം ടർക്കിഷ് ചിത്രമായ സഫയറിന്റെ സംവിധായിക ബെൽബാസിനാണ്. പ്രകൃതിയുടെ അകൈതമായ സാന്നിധ്യവും ഒരു പെൺകുട്ടിയുടെ ജീവിതവും ഏതൊക്കെ അർഥത്തിൽ പാരസ്പര്യത്തിലെത്തുന്നു എന്ന് ഈ സിനിമ വ്യക്തമാക്കുന്നു.



വീട്ടിലേക്കുള്ള വഴി

മികച്ചതെന്നുതോന്നിയ ഈ രണ്ടുസിനിമകളും സംവിധാനം ചെയ്തത് സ്ത്രീകളാണ്. ഏതൊക്കെയോ രീതിയിൽ ജീവിതത്തിന്റെയും പ്രകൃതിയുടെയും സൂക്ഷ്മവും ഗാഢവുമായ അനുഭവങ്ങളെ സ്ത്രീസംവിധായകർക്ക് തന്മയത്വത്തോടെ അവതരിപ്പിക്കാൻ കഴിയുന്നു എന്നുവേണം കരുതാൻ. മികച്ച സിനിമക്കുള്ള പ്രേക്ഷകപുരസ്കാരം നേടിയ ജാപ്പനീസ് വൈഫ് അപർണാസെന്നാണ് സംവിധാനം ചെയ്തത്. ഒരു സ്ത്രീ കാണുന്ന ലോകവും അനുഭവങ്ങളും വ്യത്യസ്തമാണെന്ന് ജാപ്പനീസ് വൈഫ് വിശദമാക്കുന്നു. ജീവിതത്തിന്റെ താളവും താളക്കേടും അതിന്റെ ഏറ്റിറക്കങ്ങളെ ഉൾക്കൊണ്ടുതന്നെ അവതരിപ്പിക്കാൻ അപർണാസെൻ ശ്രമിക്കുന്നു. അതിൽ അവർ വിജയിക്കുകയും ചെയ്യുന്നു. ടൂണിഷ്യയിൽ നിന്നുള്ള 'ബറീഡ് സീക്രട്ട്' ഒരമ്മയുടെയും രണ്ട് പെൺമക്കളുടെയും കഥയാണ് പറയുന്നത്. പ്രലോഭനങ്ങളുടെ അടങ്ങാത്തതിരകൾ വഹിക്കുന്ന മനസ്സ്, അതിന്റെ വിചിത്രമായ സഞ്ചാരങ്ങൾ- ഇതൊക്കെയാണ് ബറീഡ് സീക്രട്ടിലൂടെ സംവിധായികയായ രാജ അമരിക്യ പറയുന്നത്. ചില ആഗമനങ്ങൾ മറ്റു ചില ജീവിതങ്ങളുടെ താളം തെറ്റിക്കുമെന്നു കൂടി ഈ സിനിമ വ്യക്തമാക്കുന്നു. ഉദ്യോഗജനകമായ രീതിയിലാണ് ഈ സിനിമ ചിത്രീകരിച്ചിരിക്കുന്നത്. കാമനയുടെ അജ്ഞാതമായ വേലിയേറ്റങ്ങളിൽ മനുഷ്യമനസ്സ് വിഭാവനചെയ്യാനാവാത്ത ഇടങ്ങളെ സ്വന്തമാക്കുമെന്ന് ബറീഡ് സീക്രട്ടിലെ കഥാപാത്രങ്ങൾ വ്യക്തമാക്കുന്നു. ലോകത്തെവിടെയും അടക്കിവെച്ച വികാരങ്ങൾ തീവ്രമായി കടമുറിയുമെന്നും അത് അജ്ഞാതദേശങ്ങളെ വിക്ഷുബ്ധമാക്കുമെന്നും ചിത്രം തുറന്നുകാട്ടുന്നു.

മികച്ച ഏഷ്യൻ ചിത്രത്തിനുള്ള നെറ്റ്പാക്ക് പുരസ്കാരവും, ജൂറിയുടെ പ്രത്യേകപരാമർശവും നേടിയ 'ഐ ആം അഫിയ മേഘ അഭിമന്യു ഒമാർ' വേറിട്ട ചലച്ചിത്രാനുഭവമായിരുന്നു. മലയാളത്തിൽ നിന്നും 'വീട്ടിലേക്കുള്ള വഴിയ്ക്ക്' നെറ്റ് പാക്ക് പുരസ്കാരം ലഭിച്ചു. ഡോ.ബിജുവിന്റെ വീട്ടിലേക്കുള്ള വഴി കാലികപ്രസക്തമായ ചലച്ചിത്രപരിശ്രമമാണ്.

## വെർണർ ഹെർസോഗ്

ഹെർസോഗായിരുന്നു ഈ മേളയിലെ താരം. അദ്ദേഹം സംവിധാനം ചെയ്ത സിനിമകൾ ഓരോന്നും ആകാംഷാപൂർവമാണ് പ്രേക്ഷകർ കാത്തിരുന്നത്. യാതൊരു അവകാശവാദങ്ങളുമില്ലാതെ പണിക്കുറ്റം തീർത്ത രചനകളുമായി സിനിമയുടെ ഈ വർത്തമാനകാല ഇതിഹാസം തിരുവനന്തപുരം മേളയുടെ മുഖ്യ ആകർഷണകേന്ദ്രമായിരുന്നു. മൈ ബസ്റ്റ് ഫ്രണ്ട് എന്ന ഡോക്യുമെന്ററി കണ്ടിട്ടുള്ളവർ ഹെർസോഗിലെ ചലച്ചിത്രകാരനെ കൂടുതൽ സ്നേഹിച്ചുപോകും. കാരണം സത്യസന്ധമായ ജീവിതത്തിനുമാത്രമേ അതിലേറെ സത്യസന്ധമായ രചനകൾ നിർവഹിക്കാനാകൂ എന്ന് ആ ഡോക്യുമെന്ററി വ്യക്തമാക്കുന്നു. ഹെർസോഗിന്റെ മറ്റ് സിനിമകൾ ഓരോന്നും നാഴികക്കല്ലുകളാകുന്നത് അവയുടെ സത്യസന്ധതകൊണ്ടും മൗലികതകൊണ്ടുമാണ്.

ഇറാനിൽ നിന്ന് പുറത്താക്കപ്പെട്ട കിയനേസ്നാമിയുടെ സെർട്ടിഫൈഡ് കോപ്പി പ്രേക്ഷകരെ ഏറെ ആകർഷിച്ചു.

ഇസ്രായേലി സംവിധായകനായ ലിയോൺ പ്രുഡോവ്സ്കിയുടെ ഫൈവ് അവേഴ്സ് ഫ്രം പാരീസ്, മെക്സിക്കോയിൽ നിന്നുള്ള പെഡ്രോഗൊൺസാലിസ് റൂബിയോവിന്റെ ടു ദ സീ, റുമാനിയയിൽ നിന്നുള്ള റാഡുമൂൺറ്റിയൻ സംവിധാനം ചെയ്ത ടൂസ്ഡേ, സ്വിറ്റ്സർലാന്റിൽ നിന്നുള്ള കാറ്റലിൻ ഗോർസോഡിന്റെ സോങ്ങ്സ് ഓഫ് ലവ് ആന്റ് ഹേറ്റ്, സോഫിയകപ്പോളയുടെ സംവേർ തുടങ്ങിയ സിനിമകളൊക്കെ ലോകസിനിമയുടെ സമ്പന്നമായ പരിവേഷങ്ങളാണ് പ്രേക്ഷകർക്കുനൽകിയത്.

പോളണ്ടിൽ നിന്നുള്ള ലിറ്റിൽ റോസ് അധികാരസങ്കല്പത്തിന്റെ കറുത്തമുഖം എങ്ങനെ പടർന്നുപിടിക്കുന്നു എന്നാണ് പറയാൻ ശ്രമിക്കുന്നത്. ഉറുഗ്വേയിൽനിന്നുള്ള ഗുസ്റ്റേവോ, ലണ്ടൻ റിവർ, ഹണി, ദ ലൈറ്റ് തീഫ്, ദ ഡോട്ടർ ഇൻ ലോ, സൈലന്റ് സോൾസ് തുടങ്ങിയ ചലച്ചിത്രങ്ങളൊക്കെ 15-ാം രാജ്യാന്തരചലച്ചിത്രോത്സവത്തിന്റെ സുവർണസ്മരണകളാണ്.

കണ്ടതിൽ മികച്ച സിനിമകൾ നിരവധി. പ്രേക്ഷകരുടെ സെൻസിബിലിറ്റിയെ ചോദ്യം ചെയ്യുന്ന സിനിമകളും ഇടയ്ക്കിടെ. എന്നാൽ പൊതുവിൽ നല്ല സിനിമയിലേക്ക് നമ്മുടെ സിനിമ സഞ്ചരിക്കുമെന്നും അതിനുള്ള ശാസ്ത്രപരമായ വീക്ഷണം ഇതുപോലുള്ള മേളകളിലൂടെ ലഭിക്കുമെന്നും പ്രത്യാശിക്കാം. ലോകസിനിമയുടെ ഭാവിയിലേക്ക് നമ്മുടെ സിനിമ എത്തണമെങ്കിൽ ഇനിയും ആഴത്തിൽ നാം തുഴയേണ്ടതുണ്ടെന്ന് ഓർമപ്പെടുത്തൽകൂടിയാണ് ഈ ചലച്ചിത്രമേള. ■

■ കെ.ബി. ശെൽവമണി/മോഹൻരാഘവൻ



# ഒരു സിനിമയുടെ മേൽവിലാസം

**അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ച ടി.ഡി. ദാസൻ STD VIB സംവിധായകൻ തന്റെ ചിത്രത്തെക്കുറിച്ചും സിനിമാസങ്കല്പങ്ങളെക്കുറിച്ചും സംസാരിക്കുന്നു.**

പതിനഞ്ചാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ 14 ചിത്രങ്ങളാണ് മത്സരവിഭാഗത്തിൽ പ്രദർശിപ്പിച്ചത്. അതിൽ രണ്ട് മലയാള ചിത്രങ്ങളുണ്ടായിരുന്നു. രഞ്ജിത്ത് സംവിധാനം ചെയ്ത 'പാലേരി മാണിക്യംഒരു പാതിരാകൊലപാതകത്തിന്റെ കഥയും' മോഹൻരാഘവൻ സംവിധാനം ചെയ്ത 'ടി.ഡി.ദാസൻ STD VIB'യും. അമ്മയുടെ ട്രങ്ക്പെട്ടിയിൽനിന്നും കിട്ടിയ സൂചനയുടെ പിന്നാലെ അച്ഛനെ തേടി വ്യത്യസ്തമായ വഴികളിലൂടെ സഞ്ചരിക്കുന്ന ദാസന്റെ ജീവിതമാണ് ടി.ഡി.ദാസൻ STD VIB എന്ന ചിത്രം. ലളിതമായ ദൃശ്യങ്ങളും ഹൃദയത്തെ തൊടുന്ന അവതരണവും ഈ ചിത്രത്തെ വേറിട്ടു നിർത്തുന്നു. ചിത്രത്തിന്റെ സംവിധായകൻ തന്റെ ചിത്രത്തെക്കുറിച്ചും സങ്കല്പത്തെക്കുറിച്ചും സംസാരിക്കുന്നു.

**? ചലച്ചിത്രമേളകൾ ഒരു വലിയ സംസ്കാരമായി വളരുകയാണ്. ചലച്ചിത്രത്തെക്കുറിച്ച് ധാരണയുള്ളവരും ഇല്ലാത്തവരുമെല്ലാം കലർന്ന ഒരു സംസ്കാരം. ചലച്ചിത്രവ്യവസായത്തെ മേളകൾ എങ്ങനെ സ്വാധീനിക്കുന്നു**

സിനിമയെ സീരിയസായി സമീപിക്കുന്ന ആളുകളുടെ ഒരു കൂട്ടമാണ് ഫെസ്റ്റിവൽ. ധാരാളം പേരെ പരിചയപ്പെടാനും സിനിമയെക്കുറിച്ച് ചർച്ചചെയ്യാനും പറ്റിയ ഒരു വേദിയാണിത്. കുറെ നല്ല സിനിമകൾ മേളകളിൽ കാണാൻ കഴിയും. ഒരുപക്ഷെ വ്യത്യസ്തമായ ചലച്ചിത്രങ്ങൾ നിർമിക്കാനും ഇത്തരം വേദികൾ സഹായിച്ചിട്ടുണ്ടാവും. എനിക്കാണെങ്കിൽ ഇതൊക്കെ ഒരു വലിയ കാര്യമാണ്. തൃശൂരിലെ ഒരു ചെറിയ ഗ്രാമത്തിൽനിന്നും ലോകോത്തര സിനിമകൾ കാണുവാനുള്ള ഭാഗ്യം വരുന്നത് ഇത്തരം മേളകളിലൂടെയാണ്. എന്നെപ്പോലെ ചലച്ചിത്രം പഠിക്കുന്നവർക്ക് മേളകൾ ഒരു ക്ലാസ്റൂം തന്നെയാണ്.

**? ചലച്ചിത്രമേളകളിലെ തെരഞ്ഞെടുപ്പുകൾ എന്നും വിവാദമാണല്ലോ. ചിത്രങ്ങളുടെ തിരഞ്ഞെടുപ്പിന് എന്തെങ്കിലും മാനദണ്ഡങ്ങളുണ്ടോ?**

ഓരോരുത്തരുടെയും ചലച്ചിത്രഅനുഭവങ്ങൾ വ്യത്യസ്തമാണ്. അതുകൊണ്ടാണ് അത്തരം വിമർശനങ്ങൾ ഉണ്ടാകുന്നത്. മേളകളിൽ പ്രദർശി



പ്പിക്കുന്ന മഹത്തായ ചിത്രങ്ങളെക്കുറിച്ച് സംസാരിക്കുന്നതാണ് ഉചിതം. മറ്റു ചിത്രങ്ങൾ ചരിത്രത്തിൽ ഇടംപിടിക്കാറില്ലല്ലോ. അവ മേളകളിലെ പ്രദർശനങ്ങളിൽമാത്രം ഒതുങ്ങുന്നു.

**? അന്താരാഷ്ട്ര ചലച്ചിത്രമേളയിലെ മിക്ക ചിത്രങ്ങളും ആഖ്യാനത്തിന് പ്രാധാന്യം കൊടുത്തവയായിരുന്നു. ജീവിതാവിഷ്ക്കാരമാണ് സിനിമയെന്ന സങ്കല്പത്തിനൊക്കെ പ്രാധാന്യം കുറയുകയാണോ.**

സാങ്കേതികത (Technology) വികസിക്കുകയാണ്. സിനിമയിലും ഇത് വരുന്നുണ്ട്. എന്നാൽ മലയാളികൾക്ക് കഥ കേൾക്കാനാണ് കൂടുതൽ ഇഷ്ടം. കഥയും ടെക്നോളജിയും ചേർത്ത് നല്ല സിനിമകൾ നിർമിക്കാം എന്നാണ് എനിക്ക് തോന്നുന്നത്. ലോകത്തിലെ മികച്ച ചിത്രങ്ങളെല്ലാം തന്നെ ജീവിത കേന്ദ്രീകൃത (life centered) മാണ്. അത്തരം ചിത്രങ്ങൾ പ്രേക്ഷകന്റെ ഹൃദയത്തിൽ എന്നും തൊട്ടുനിൽക്കും. പരീക്ഷണചിത്രങ്ങളോട് താത്പര്യക്കുറവുള്ള ഒരു മനസ്സാണ് എന്റേത്. ജീവിതമാണ് - സിനിമ എന്ന ചിന്തയാണ് എന്റെ മനസ്സിലുള്ളത്. എന്നാൽ ആഖ്യാനത്തിന് പ്രാധാന്യമുള്ള ചിത്രങ്ങൾ മോശമാണെന്ന അഭിപ്രായം എനിക്കില്ല.

**? ഗുസ്താവൊ ഫെർണാണ്ടസ് സംവിധാനം ചെയ്ത ദ സൈലന്റ് ഹൗസ് (The Silent House) ഒരു പരീക്ഷണചിത്രമാണ്. 1940 – കളിൽ ഉറുഗ്വേയിൽ ഉണ്ടായ ഒരു സംഭവത്തെ ആസ്പദമാക്കി നിർമിച്ച ഈ ചിത്രം എഡിറ്റ് ചെയ്യാതെ ഒറ്റഷോട്ടിലാണ് ചിത്രീകരിച്ചത്. പക്ഷെ പ്രേക്ഷകരെ തൃപ്തിപ്പെടുത്താൻ ഈ ചിത്രത്തിന് കഴിഞ്ഞില്ലെന്ന് തോന്നുന്നു.**

ആ സിനിമയുടെ ആകർഷണം എന്നു പറയുന്നത് അതൊരു എക്സ്പിരിമെന്റൽ സിനിമ എന്നുള്ളതാണ്. ആ എക്സ്പിരിമെന്റ് എന്താണെന്ന് അറിയാൻ വേണ്ടി മാത്രമായിരിക്കാം പ്രേക്ഷകർ ചിത്രം കാണാനായി പോകുന്നത്. അങ്ങനെയും സിനിമയുണ്ടാക്കാം എന്ന് കാണിക്കാനാണ് അത്തരം ചിത്രങ്ങൾ ഉണ്ടാകുന്നതെന്ന് തോന്നുന്നു. ഇങ്ങനെയുള്ള ചിത്രങ്ങളിൽ ലൈഫ് ഉണ്ടെങ്കിൽ കൂടുതൽ നന്നാകുമെന്ന് തോന്നുന്നു. സൈലന്റ് ഹൗസ് നല്ല ചിത്രങ്ങളിൽ ഒന്നാണ്.

**? പരീക്ഷണചിത്രങ്ങൾ മലയാളത്തിൽ ഉണ്ടാകാത്തത് പ്രേക്ഷകരുടെ താത്പര്യക്കുറവ് കൊണ്ടാണോ.**

പരീക്ഷണചിത്രങ്ങൾ നിർമിക്കാൻ ആളുകൾ ഉണ്ടാകണം. എന്നാൽ ഇതിനുള്ള സാഹചര്യം മലയാളത്തിൽ കുറവാണ്. അരവിന്ദന്റെ കാഞ്ചനസീത ഒരു പരീക്ഷണചിത്രമായിരുന്നു. അന്നൊക്കെ പണം മുടക്കാൻ ആളുകളുണ്ടായിരുന്നു. ഒരു സംവിധായകൻ എന്ന നിലയിൽ അരവിന്ദൻ പൂർണമായും വിജയിച്ചതായി കാണാം. അതുപോലുള്ള ഒരു ചിത്രമായിരുന്നു കുമ്മാട്ടി. എന്നാൽ മലയാളികൾക്കിഷ്ടം അദ്ദേഹത്തിന്റെ വാസ്തുഹാരയായിരുന്നു. ഇവിടെ ശെൽവമണി പറയുന്നതുപോലെ മലയാളികളുടെ അഭിരുചിയുടെ പ്രശ്നമുണ്ടായിരിക്കാം. പരീക്ഷണങ്ങളെക്കാൾ അവർക്കിഷ്ടം ജീവിതം പറയുന്ന ചിത്രങ്ങളാണ്.

**? കലാമൂല്യമുള്ള ചിത്രങ്ങൾ നിർമിക്കാൻ നിർമാതാക്കളെ ലഭിക്കുന്നില്ലെന്ന് ശ്യാമപ്രസാദ് അഭിപ്രായപ്പെട്ടിരുന്നു. പണം തിരിച്ചുകിട്ടാത്തതുകൊണ്ടാണല്ലൊ അത്തരം ചിത്രങ്ങൾ നിർമിക്കാൻ ആരും തയ്യാറാകാത്തത്.**

കലാമൂല്യമുള്ള സിനിമ പണം ഉണ്ടാക്കണമെന്നില്ല. 'അത് ഹൗസ്ഫുൾ ആയി ഓടണമെന്നുമില്ല. മേളകളിലും മറ്റും പോകുമ്പോഴാണ് പണം തിരിച്ചുകിട്ടുന്നത്. മലയാളിയുടെ ചലച്ചിത്രസമീപനങ്ങൾ മാറുമ്പോൾ ഇതിനൊക്കെമാറ്റംവരും. ജീവിതമുള്ള സിനിമകളെ ഇഷ്ടപ്പെടുമ്പോൾതന്നെ കമേഴ്സ്യൽ ചിത്രങ്ങളോട് ഇവർ വിമുഖത പ്രകടിപ്പിക്കുന്നുമുണ്ട്. നല്ല സിനിമകൾ പ്രദർശിപ്പിക്കുന്ന തീയറ്ററുകൾക്ക് മുൻപിൽ 'ഹൗസ്ഫുൾ' എന്ന ബോർഡ് വരുന്ന കാലം വിദൂരമല്ല. കാരണം ചലച്ചിത്രത്തോടുള്ള പ്രേക്ഷകന്റെ താത്പര്യത്തിന് മാറ്റം വന്നിട്ടുണ്ട്. പ്രൊഡ്യൂസറുടെ ടേസ്റ്റ് ഒരു വലിയ ഘടകമാണ്. ചലച്ചിത്രത്തെ പണം വാരാനുള്ള വ്യവസായമായി കരുതാത്ത ഒരാൾക്ക് മാത്രമേ ഇത്തരം സിനിമകളിലേക്ക് വരാൻ കഴിയൂ. ചലച്ചിത്രത്തെ ലാഭത്തിനുള്ള ഉത്പന്നം എന്നതിനെക്കാൾ ഒരു സംസ്കാരമായി കരുതേണ്ടിയിരിക്കുന്നു. പണം തിരിച്ചുകിട്ടാൻ ആഗ്രഹിക്കുന്നത് ഒരു തെറ്റല്ല. അമിതലാഭം ആഗ്രഹിക്കുമ്പോഴാണ് പ്രശ്നങ്ങളുണ്ടാകുന്നത്. ഒരുപാട് സംഘർഷം അനുഭവിക്കുന്ന ഒരു മേഖലയാണ് സിനിമാരംഗം. ഏതാണ് ശരി ഏതാണ് തെറ്റ് എന്ന് വേർതിരിക്കാൻ കഴിയാത്തവിധം കൂടിക്കുഴഞ്ഞുകിടക്കുന്ന ഒരു മേഖല.

**? ഷാജി എൻ കരുണിന്റെ കുട്ടിസ്രാങ്ക് നിർമിച്ചത് റിലയൻസ് കമ്പനിയാണ്. ഇതിന്റെ നിർമാണവുമായി ബന്ധപ്പെട്ട വിവാദങ്ങൾ ഇപ്പോഴും നിലനിൽക്കുകയാണ്. ചലച്ചിത്ര മേഖലകളിലേക്ക് കുത്തക കമ്പനികൾ കടന്നു വരുന്നതിനെ എങ്ങനെ കാണുന്നു.**

റിലയൻസ് കമ്പനിക്ക് പലതരത്തിലുള്ള ബിസിനസ്സ് ഉണ്ട്. അതിലൊന്നാണ് സിനിമ. സമാന്തരസിനിമയ്ക്ക് ഒപ്പം തന്നെ ഹിന്ദിയിലും തമിഴിലും അവർ കോമേഴ്സ്യൽ ചിത്രങ്ങൾ നിർമിക്കുന്നുണ്ട്. ഷാജി എൻ കരുണിനെപ്പോലുള്ള ഒരു ലോകോത്തര ചലച്ചിത്രകാരനെക്കൊണ്ട് സിനിമ എടുക്കുന്നതിൽ അവർക്ക് ചില താത്പര്യങ്ങൾ ഉണ്ടാകാം. ചിത്രത്തിലൂടെ ലഭിക്കുന്ന പുരസ്ക്കാരങ്ങൾക്കൊപ്പം അവരുടെ കമ്പനിയും പ്രമോട്ട് ചെയ്യപ്പെടുകയാണല്ലോ. ചലച്ചിത്രമേഖലയിൽ ഒരു വലിയ സാന്നിധ്യമായി മാറാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. പൈസ മുടക്കുന്നവർക്ക് ഒരു താത്പര്യം ഉണ്ട്. അത് പ്രത്യക്ഷത്തിൽ വരണമെന്നില്ല. റിലയൻസ് ഒരു വലിയ ബിസിനസ്സ് സാമ്രാജ്യമാണ്. അവർ എന്ത് നിർമ്മിച്ചാലും അതിൽ അവരുടെ താത്പര്യം ഉണ്ടാകും. വലിയ കമ്പനികൾ സിനിമാരംഗത്തേയ്ക്ക് വരുമ്പോൾ ചെറിയ നിർമാതാക്കാൾ പെട്ടെന്ന് ഔട്ടാവും. കാരണം കുത്തകകളുടെ വരവ് സിനിമാരംഗത്തെ കൂടുതൽ സാമ്പത്തികവത്കരിക്കും. മത്സരവിഭാഗങ്ങളിൽ ഇവരുടെ ചിത്രങ്ങൾ



ടി.ഡി.ദാസൻ STD VIB യിലെ ഒരു രംഗം

കൂടുതൽ കടന്നുവരുന്നതായും വിമർശനമുണ്ടല്ലോ. ഇവരുടെയൊക്കെ പടങ്ങൾ മേളകളിൽ വരണമെന്ന് ആഗ്രഹിക്കുന്നവരുണ്ട്. അക്കാര്യത്തിൽ എനിക്ക് ഉത്കണ്ഠയുണ്ട്. മൂല്യങ്ങളെ മുറുകെ പിടിക്കുന്ന ഒരു നിര ലോകത്തെവിടെയും കാണാം എന്ന വിശ്വാസമാണ് ഇതിനെയൊക്കെ അതിജീവിക്കാനുള്ള ഏകമാർഗം.

**? പ്രേക്ഷകരെ തീയറ്ററുകളിൽ എത്തിക്കുന്നതിൽ സമാന്തരസിനിമകൾ പരാജയമാണെന്ന് വിശ്വസിക്കുന്നുണ്ടോ.**

അങ്ങനെ വിശ്വസിക്കുന്നതിൽ തെറ്റില്ലെന്ന് തോന്നുന്നു. എൺപതുകളിലെ സിനിമാസങ്കല്പമല്ല ഇന്നുള്ളത്. ആ കാലമാണ് അത്തരം സിനിമകൾ ഉണ്ടാക്കിയത്. ഇന്നത്തെ കാലത്തു നിന്നുകൊണ്ട് നല്ല സിനിമകളെ എങ്ങനെ ഉണ്ടാക്കാം എന്നാണ് ചിന്തിക്കേണ്ടത്. എന്നാൽ ചിലർ ഇപ്പോഴും 80കളിലെ ആർട്ട് സിനിമകളുടെ സങ്കല്പത്തിൽ നിന്നും മാറിയിട്ടില്ല. അതുകൊണ്ടുതന്നെ പുതിയ പ്രേക്ഷകർക്ക് അത്തരം ചിത്രങ്ങളോട് കമ്മ്യൂണിക്കേറ്റ് ചെയ്യാൻ കഴിയുകയില്ല. പ്രേക്ഷകരുടെ മാറുന്ന അഭിരുചിയെ മനസ്സിലാക്കാനും തൃപ്തിപ്പെടുത്താനും ചലച്ചിത്രകാരന് കഴിയണം. അങ്ങനെ വരാതാകുമ്പോഴാണ് ചലച്ചിത്രവും പ്രേക്ഷകനും അകന്നുനിൽക്കുന്നത്.

**? കമേഴ്സ്യൽ, സമാന്തരം എന്നീ ചലച്ചിത്ര വിഭജനങ്ങളിൽ വിശ്വസിക്കുന്നുണ്ടോ**

കമേഴ്സ്യൽ ഫിലിമെന്നും ആർട്ട്ഫിലിമെന്നും ചലച്ചിത്രങ്ങളെ നിരൂപകർ വിഭജിക്കാറുണ്ട്. അവരുടെ സമീപനങ്ങളെ തള്ളിക്കളയാൻ കഴിയില്ല. എന്നാൽ ഈ വിഭജനങ്ങളിൽ നിന്നും വ്യത്യസ്തമായി പത്മരാജൻ, ഭരതൻ തുടങ്ങിയവരുടെ ചിത്രങ്ങൾ ഒരുക്കിയ ഇടത്തോടാണ് എനിക്ക് താത്പര്യം. എല്ലാവർക്കും ആസ്വാദിക്കാൻ പറ്റുന്ന സിനിമ ചെയ്യാനാണ് എനിക്ക് ഇഷ്ടം. ആ സിനിമയെ എന്ത് പേരിലും വിളിക്കാം.

**? അഭിനേതാക്കളുടെ ഇഷ്ടത്തിനനുസരിച്ച് പ്രമേയത്തിലും കഥാഗതിയിലും മാറ്റം വരുത്തുന്നതായി ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ഈ വാദത്തെ എങ്ങനെ കാണുന്നു.**

അങ്ങനെയെനിക്ക് അനുഭവം ഉണ്ടായിട്ടില്ല. എന്റെ സിനിമയിൽ ബിജുമേനോനും ശ്വേതാമേനോനുമാണ് പ്രധാന റോളിൽ അഭിനയിച്ചത്. അവരാരും ഒരു കാര്യത്തിലും ഇടപെട്ടിട്ടില്ല. പ്രധാനനടൻമാർക്ക് ഒരു വലിയ ആരാധകവൃന്ദമുണ്ട്. അവരെ തൃപ്തിപ്പെടുത്തുന്നതരത്തിൽ സിനിമ എടുക്കേണ്ടതുണ്ട്. അതുകൊണ്ടായിരിക്കാം അവർ ഇടപെടുന്നത്. ഇടപെടലുകൾ ഉണ്ടാകുന്നുണ്ടെന്ന് പലരും പറഞ്ഞുകേട്ടിട്ടുണ്ട്.

**? താങ്കളുടെ സിനിമാസങ്കല്പത്തെക്കുറിച്ച്.**

ഉള്ളടക്കത്തിനാണ് പ്രാധാന്യമെന്ന് ഞാൻ വിശ്വസിക്കുന്നു. രൂപം പിന്നീടാണ് ഉണ്ടാകുന്നത്. വലിയ വിഷ്വൽ സാധ്യതയുള്ള സിനിമയെക്കാൾ കഥപറയുന്ന സിനിമകളെയാണ് എനിക്കിഷ്ടം. സിനിമ ഒരു ബ്യൂട്ടിയല്ല. രാവണൻ എന്നെ വിസ്മയിപ്പിച്ച സിനിമയാണ്. ആ ചിത്രം കണ്ടതിനുശേഷം മനസ്സിൽ എന്തെങ്കിലും ശേഷിക്കുന്നുണ്ടോ എന്നു ചോദിച്ചാൽ ഒന്നുമില്ലെന്ന് പറയേണ്ടിവരും. എന്നാൽ കന്നത്തിൽ മുത്തമിട്ടാൽ ഒരു വലിയ അനുഭവമാണ്. അത് മനസസ്സിനെ വല്ലാതെ സ്പർശിച്ചിരുന്നു. എന്റെ സിനിമാസങ്കല്പം പ്രേക്ഷകന്റെ അഭിരുചിയെ തൃപ്തിപ്പെടുത്തുന്നതും മനസ്സിനെ സ്പർശിക്കുന്നതുമാണ്.

**? സിനിമയിലേക്ക് വരാനുണ്ടായ സാഹചര്യം.**

സിനിമയിലേക്ക് വരണം എന്ന് തീർച്ചപ്പെടുത്തികൊണ്ട് വന്നതല്ല ഞാൻ.BSC ഫിസിക്സിന് നാട്ടിക എസ് എൻ. കോളേജിലാണ് പഠിച്ചത്. അന്നൊക്കെ നാടകത്തിനോടുപോലും താത്പര്യമില്ലായിരുന്നു. ഡിഗ്രി കഴിഞ്ഞപ്പോഴാണ് നാടകത്തിലും സിനിമയിലും താത്പര്യം ഉണ്ടായത്. അങ്ങനെ തൃശ്ശൂരിൽ ഡ്രാമാ സ്കൂളിൽ ചേർന്നു. സി. ജെ തോമസ് വിവർത്തനം ചെയ്ത അന്റിഗണി അന്ന് സംവിധാനം ചെയ്തിരുന്നു. കുറെ പാശ്ചാത്യനാടകങ്ങളും ചെയ്തു. പിന്നീട് മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽ നാടകത്തിൽ തുടർപഠനം നടത്തി. അവിടെ പഠിക്കുമ്പോഴാണ് ഫിലിം ഫെസ്റ്റിവലിന് പോയിത്തുടങ്ങിയത്. നാട്ടിൽവന്ന് പല സിനിമക്കാരെയും കണ്ടെങ്കിലും ആരും കൂടെനിർത്തിയില്ല. സിദ്ദിഖ് ഷമീറാണ് കൂടെനിർത്തിയത്. അദ്ദേഹം കടൽ എന്ന സിനിമ സംവിധാനം ചെയ്യുന്ന സമയമാണ്. അദ്ദേഹത്തോടൊപ്പമാണ് ആദ്യമായി സംവിധാനസഹായായി ചേർന്നത്. കെ. പി കുമാരന്റെകൂടെ ഒരു ഡോക്യുമെന്ററിയിൽ സഹായിയായി വർക്ക് ചെയ്തിട്ടുണ്ട്. അദ്ദേഹം എന്നെ ഒരുപാട് സഹായിച്ചിട്ടുണ്ട്.

**? ടി.ഡി ദാസൻ Std VI B എന്ന സിനിമ രൂപപ്പെടാനുണ്ടായ സാഹചര്യം എങ്ങനെയായിരുന്നു.**

എന്റെ കൂട്ടുകാരനാണ് ചിത്രത്തിലെ ആശയം തന്നത്. മേൽവിലാസം മാറിവന്ന ഒരു കത്തിനെക്കുറിച്ചാണ് അയാൾ പറഞ്ഞത്. കത്തുകിട്ടിയയാൾക്കും എഴുതിയയാൾക്കും വ്യത്യസ്തമായ ഒരു ജീവിതമുണ്ടാകുമെന്ന അന്വേഷണമാണ് ഈ ചിത്രത്തിലെത്തിച്ചത്. കഥയുമായി ഞാൻ പ്രൊഡ്യൂസറെ (പോൾ വടക്കാഞ്ചേരി) കണ്ടു. കഥയുടെ കോപ്പി ഓഫീസിൽ കൊടുക്കാൻ പറഞ്ഞത് പ്രകാരം അങ്ങനെ ചെയ്തു. കുറേദിവസങ്ങൾക്കുശേഷം എന്നെ വിളിപ്പിച്ച് കഥ ഇഷ്ടമായെന്ന് പറഞ്ഞു. ആരെവെച്ച് ഡയറക്ട് ചെയ്യിപ്പിക്കുമെന്ന് ചോദിച്ചു. അത് എന്നെ നിരാശപ്പെടുത്തി. ഞാൻതന്നെ പടം ചെയ്യാമെന്ന് പറഞ്ഞപ്പോൾ അദ്ദേഹത്തിന് വിശ്വാസം പോരായിരുന്നു. കുറേ ദിവസങ്ങൾക്കുശേഷം അദ്ദേഹം എന്നെ വിളിപ്പിച്ചു. ഇപ്പോൾ ഒരു സിനിമയ്ക്ക് വേണ്ടിയുള്ള പണം മുടക്കാൻ കഴിയാത്തതുകൊണ്ട് ഏതെങ്കിലും ചാനലിൽ അരമണിക്കൂർ ടെലിഫിലം ചെയ്യാൻ പറഞ്ഞു. അങ്ങനെ ഒരു ചാനലിനുവേണ്ടി ടെലിഫിലിം ചെയ്തു. കഴിഞ്ഞ നവംബർ 14 ന് ശിശുദിനത്തിൽ സംപ്രേക്ഷണം ചെയ്യാമെന്ന് ചാനലുകാർ പറയുകയും ചെയ്തു. പക്ഷേ നിർമാതാവ് അത് വേണ്ടെന്നു വച്ചു. ഈ കഥ സിനിമയാക്കാമെന്ന് അദ്ദേഹം പിന്നീട് സമ്മതിച്ചു. അങ്ങനെയാണ് ടി.ഡി.ദാസൻ രൂപപ്പെടുന്നത്.

**? വലിയ ബാനറുകളില്ലാത്ത ചിത്രത്തെ തീയേറ്ററുകളിൽനിന്നും പെട്ടെന്ന് മാറ്റുന്നു എന്നൊക്കെ പരാതികളുണ്ടല്ലോ? താങ്കളുടെ ചിത്രത്തിന് അങ്ങനെയൊരു അനുഭവം ഉണ്ടായിട്ടുണ്ടോ?**

അങ്ങനെ ഉണ്ടെന്ന് തോന്നുന്നുണ്ട്. വലിയ കമ്പനിയുടെ ചെറിയ പടം കൂടുതൽ ദിവസം കളിക്കും. അവരുടെ സൂപ്പർസ്റ്റാർ ചിത്രത്തിനുവേണ്ടിയാണ് അങ്ങനെചെയ്യുന്നത്. ചെറിയ കമ്പനിയുടെ നല്ല ചിത്രങ്ങൾ പലതും തീയേറ്ററുകളിൽ നിന്നും മാറ്റാറുണ്ട്. എന്റെ പടം കൈരളിയിൽ വാടകകൊടുത്താണ് അവസാനസമയം കളിച്ചിരുന്നത്. സിനിമാസമരം നടക്കുന്ന സമയത്തായിരുന്നു അത്. പടം റിലീസ് ചെയ്ത് ഒരാഴ്ച കഴിഞ്ഞപ്പോഴാണ് സമരം നടന്നത്. പടം മാറ്റി തീയേറ്റർ പൂട്ടാൻ മാനേജർ തീരുമാനിച്ചു. കാരണം പുതിയ പടങ്ങളൊന്നും കിട്ടില്ലല്ലോ. ഈ വിവരം ഞാൻ ഫെഫ്കയുടെ ബി.ഉണ്ണികൃഷ്ണനെ അറിയിച്ചു. അദ്ദേഹം ഇക്കാര്യങ്ങൾ മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയും അദ്ദേഹത്തിന്റെ ഇടപെടൽ കൊണ്ട് തീയേറ്ററിൽ പടം തുടരുകയും ചെയ്തു. സംഘടനയിൽ നിന്നും എനിക്ക് ധാരാളം സഹായം ലഭിക്കുകയുണ്ടായി. പക്ഷേ എറണാകുളത്ത് ആദ്യ പ്രദർശനം നടത്തിയപ്പോൾ പത്രക്കാരാരും എത്തിയിരുന്നില്ല. ആ സമയത്ത് ഹിന്ദുവിൽ ഒരു ലേഖനം വന്നിരുന്നു. അത് കൂടുതൽ സഹായം ചെയ്തു. മലയാളത്തിൽ കലാകൗമുദിയിലും ലേഖനം വന്നിരുന്നു. മൊത്തത്തിൽ മാധ്യമങ്ങളിൽനിന്നും വലിയ സഹായം ലഭിച്ചിട്ടില്ല. എന്നാൽ ഇപ്പോൾ എല്ലാവരുമായി നല്ല ബന്ധമുണ്ട്. മമ്മൂട്ടി പ്രോത്സാഹിപ്പിച്ചിരുന്നു. പടം കണ്ടിട്ട് നല്ല അഭിപ്രായം പറഞ്ഞു. പടം ഒന്നുകൂടി തീയേറ്ററിലെത്തിക്കാമെന്ന് മമ്മൂട്ടി പറഞ്ഞിരുന്നു. ഫെസ്റ്റിവലിലേക്ക് എല്ലാവരും പടം അയയ്ക്കുന്നതുപോലെ അയച്ചു. പക്ഷേ മത്സരവിഭാഗത്തിലേക്ക് വരുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. ഗോവയിലേക്കും അയച്ചിരുന്നു. പക്ഷേ അവിടെ എടുത്തില്ല. മറ്റുചില പടങ്ങളാണ് എടുത്തത്. മത്സരവിഭാഗത്തിലേക്ക് തെരഞ്ഞെടുത്ത വിവരം ഇൻർനെറ്റ് വഴിയാണ് അറിയാൻ കഴിഞ്ഞത്. ■

■ ഡോ. നന്ത്യത്ത് ഗോപാലകൃഷ്ണൻ



*അറിവിന്റെ പുതിയവെളിച്ചം അന്വേഷിച്ചുപോകുമ്പോഴും വ്യവസ്ഥയോടുള്ള ആദരവ് നിലനിർത്തി പാരമ്പര്യത്തിൽ വേരുകളാഴ്ത്തി വളരുന്ന ആൽമരമാണ് ഡോ. എം. ലീലാവതി. വ്യക്തിവിദ്വേഷത്തിന് ഇരയായി തകർത്തെറിയപ്പെട്ട പല മൂല്യവിഗ്രഹങ്ങളുടെ വീണ്ടെടുക്കലും പുനഃസ്ഥാപനവും ലീലാവതി ടീച്ചറിന്റെ തൂലികയിലൂടെ സാധ്യമായി.*

# സ്വയം നവീകരിക്കുന്ന വിമർശക

കേരളഭാഷയ്ക്കും സംസ്കാരത്തിനും കഴിഞ്ഞ നാലരദശകമായി നല്കിവരുന്ന സംഭാവനകൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പ്രൊഫ. എം.ലീലാവതിയ്ക്ക് തുഞ്ചത്താചാര്യന്റെ പേരിലുള്ള എഴുത്തച്ഛൻ പുരസ്കാരം നല്കി ആദരിച്ചിരിക്കുകയാണ്. ഇതിനുമുമ്പ് കേരളത്തിലും പുറത്തുമുള്ള എണ്ണപ്പെട്ട അവാർഡുകൾ അവർക്ക് ഒരുപാട് ലഭിച്ചിട്ടുണ്ട്. സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ്തൊട്ട് ബഷീർ പുരസ്കാരംവരെ ആ പട്ടികയിലുണ്ട്. കേരള സാഹിത്യഅക്കാദമി രണ്ടുതവണ എം.ലീലാവതിയുടെ സാഹിത്യസംഭാവനകളെ ആദരിച്ചു. ഒരുതവണ കേന്ദ്ര സാഹിത്യഅക്കാദമി അവാർഡും ലഭിച്ചു. വള്ളത്തോൾ പുരസ്കാരവും ഓടക്കുഴൽ അവാർഡും പത്മപ്രഭാപുരസ്കാരവും ഉൾപ്പെടെ ഒളിമിന്നുന്ന അനുമോദനങ്ങളുടെ നീണ്ട പട്ടികയിൽ ഇപ്പോൾ കവികുലഗുരുവായ ഭാഷാപിതാവിന്റെ ഓർമകൾ കൊണ്ടുവരുന്ന എഴുത്തച്ഛൻ പുരസ്കാരവും കൂട്ടിച്ചേർക്കപ്പെട്ടു.

നമ്മുടെ ഭാഷയ്ക്കും സാഹിത്യവിമർശനത്തിനും എക്കാലവും വിലമതിക്കുന്ന സൃഷ്ടികൾ നല്കി ഇന്നും പ്രൊഫ. എം.ലീലാവതി വിമർശനസാഹിത്യത്തിലുണ്ട്. പ്രായംകൊണ്ട് ആയിരം പൂർണചന്ദ്രന്മാരെക്കണ്ട സംതൃപ്തിയും അത് നല്കിയ അനുഭവവൈവിധ്യവും അവരുടെ എഴുത്തിനെ കൂടുതൽ ഊർജഭരിതമാക്കിയിട്ടേയുള്ളൂ. ആയിരത്തിത്തൊള്ളായിരത്തി അറുപതുകളിൽ തുടങ്ങുന്ന ലീലാവതിയുടെ എഴുത്തിന്റെ വഴികൾ വിഭിന്നവും വ്യാപകവുമായ പരിവാരങ്ങളിലൂടെ വികസിച്ചാണ് വർത്തമാനകാലത്തിന്റെ ആവേഗങ്ങളെ ഏറ്റെടുത്തുകൊണ്ട് പ്രയാണം തുടങ്ങുന്നത്. അവരുടെ രചനകളിൽ എഴുത്തുകാർ ഉൾപ്പെടെയുള്ള മഹത്വ്യക്തികളുടെ ജീവി

തരേഖ(Monograph)കളുണ്ട്. കാവ്യജീവിതത്തിലൂടെ തെളിഞ്ഞുവരുന്ന സവിശേഷ കലാവ്യക്തിത്വങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകളുണ്ട്. സാഹിത്യചരിത്രമുണ്ട്. കവികളെയും ഗദ്യകാരന്മാരെയും അവരുടെ രചനകളുടെ ഭൂമികയിൽ നിരീക്ഷണ വിശകലനങ്ങൾക്ക് വിധേയമാക്കുന്ന നിരൂപണഗ്രന്ഥങ്ങളുണ്ട്. ഒറ്റഗ്രന്ഥങ്ങളെക്കുറിച്ചുള്ള സമഗ്രപഠനങ്ങളുമുണ്ട്. തന്റെ സൗന്ദര്യശാസ്ത്രപക്ഷപാതങ്ങൾ വെളിപ്പെടുത്തുന്ന ലാവണ്യസിദ്ധാന്തഗ്രന്ഥങ്ങളുമുണ്ട്. 'ജിയുടെ കാവ്യജീവിതവും', 'മഹാകവിവള്ളത്തോളും ഇടശ്ശേരിയും' ഒക്കെ സ്വാർഥതാത്പര്യങ്ങളുടെയും വ്യക്തിവിദ്വേഷത്തിന്റെയും അസഹിഷ്ണുതയുടെയും പേരിൽ തകർത്തെറിയാൻ ശ്രമിച്ച മൂല്യമുള്ള പല വിഗ്രഹങ്ങളുടെയും വീണ്ടെടുക്കലും പുനസ്ഥാപനവുമാണ്. ഭാവുകത്വത്തിന്റെ തെളിച്ചമുള്ള കണ്ണുകൊണ്ട് നടത്തുന്ന ശരിയായ നോക്കിക്കാണലുകളാണ്. ആധുനികകവികളിൽ പ്രമുഖനായ കെ.ജി.ശങ്കരപ്പിള്ളയുടെ കാവ്യസൗന്ദര്യതലം 'കൊച്ചിയിലെ വൃക്ഷങ്ങൾ ഒരു പഠനം' എന്ന കൃതിയിൽ വിശകലനം ചെയ്യുമ്പോൾ നമ്മുടെ ഗദ്യഭാവുകത്വത്തിൽ കാല്പനികതയുടെ ചാന്ദ്രശോഭ പരത്തിയ എം.ടിയുടെ രചനാസൗഷ്ഠവം 'അസുരവിത്തി'നെക്കുറിച്ചുള്ള പഠനത്തിൽ ആവിഷ്കരിക്കുന്നു. മലയാളത്തിന്റെ തൊടികളും പറമ്പുകളും വയലിടങ്ങളും ഇംഗ്ലീഷിന്റെ ദേശാന്തരസാധ്യതയിലേക്ക് വിനിമയം ചെയ്ത അരുന്ധതി റോയിയുടെ 'ഗോഡ് ഓഫ് സ്മാൾ തിംഗ്സ്' എന്ന കൃതിയെക്കുറിച്ചുള്ള പഠനം പുതിയ തലമുറയോട് എഴുത്തിന്റെ മൂത്തമ്മ കാണിക്കുന്ന സ്നേഹകാരുണ്യങ്ങളായി കടന്നുവരുന്നു.

'ശൃംഗാരാവിഷ്കരണം സി.വി.യുടെ നോവലുകളിൽ' 'ചെറുകാടിന്റെ സ്ത്രീകഥാപാത്രങ്ങൾ എന്നിവ വിഷയനിഷ്ഠമായി നടത്തിയ കാതലുള്ള പഠനങ്ങളാണ്. സങ്കേതബദ്ധമായ രസസിദ്ധാന്തത്തിന്റെ സാരം ലളിതവും സുഗ്രഹവുമായ നിലയിൽ അവതരിപ്പിച്ചുകൊണ്ട് പൗരസ്ത്യ സൗന്ദര്യനിയമങ്ങളെ ശരപഞ്ജരത്തിൽനിന്നും വിമുക്തമാക്കുവാൻ പ്രൊഫ. എം.ലീലാവതിക്ക് കഴിയുന്നു. വായനക്കാരിൽ അതൊരു പഴഞ്ചൻ സാഹിത്യസങ്കേതമല്ലെന്ന് ബോധ്യപ്പെടുത്തുന്നു. വർത്തമാനകാലത്തെ ഏതുകലാവിദ്യയെയും വിശകലനം ചെയ്യുന്നതിന് ഉചിതമായ ടൂളുകൾ രസപദ്ധതിയിൽത്തന്നെയുണ്ടെന്ന് പ്രയോഗസന്ദർഭങ്ങളിലൂടെ നിരൂപക പറയുന്നു. 'ചില അറിവുകളും തത്വങ്ങളും വളരെക്കാലംമുമ്പേ കണ്ടെത്തിക്കഴിഞ്ഞുവെന്നതുകൊണ്ടുമാത്രം കാലഹരണപ്പെടുകയില്ല'. രാസപദ്ധതി, ധ്വനിപദ്ധതി, വക്രോക്തിപദ്ധതി ഉൾപ്പെടെയുള്ള കാവ്യാലങ്കാരസിദ്ധാന്തങ്ങൾ കാലികവും പ്രയോഗസജ്ജവുമാണെന്ന് സ്ഥാപിക്കുന്ന ആധുനികവിജ്ഞാനമുള്ള സൗന്ദര്യപക്ഷപാതിയുടെ ശബ്ദമാണ് ലീലാവതിയിൽനിന്നും ഉയർന്നു കേൾക്കുന്നത്. അവർ പറയുന്നു "പ്രതിപാദ്യവസ്തുവിനെ ശൈലീപരമായും ചരിത്രപരമായും സാമൂഹ്യശാസ്ത്രപരമായും മനശ്ശാസ്ത്രപരമായും അപഗ്രഥിക്കാം. എന്നാൽ കൃതി ആനന്ദാത്മകമായിത്തീരുന്നതെങ്ങനെയെന്ന് വ്യക്തമാക്കുന്നതിൽ രസവിചാരത്തിന് മൗലികപ്രാധാന്യമുണ്ട്. ദേശകാലസാഹചര്യാനപേക്ഷമായി ഒരു കൃതി മനുഷ്യകത്തെയൊട്ടാകെ ആകർഷിക്കുകയും മാസ്മരശക്തികൊണ്ടെന്നപോലെ മയക്കി അധീനമാക്കുകയും ചെയ്യുന്നത് എന്തുകൊണ്ടെന്നന്വേഷിക്കുന്നവർക്ക് ഭാവസാധാരണീകരണ വാദത്തെ തിരസ്കരിക്കാനാവില്ല! മലയാളഗദ്യത്തിലെ ഉന്നതശീർഷനായ സി.വിയുടെ കൃതികളെ വിലയിരുത്തുവാൻ പൗരസ്ത്യരസധ്വനിപദ്ധതിക്ക് ഒട്ടേറെ ചെയ്യാനുണ്ടെന്ന് സ്ഥാപിക്കുന്ന കൂട്ടത്തിൽ പൗരസ്ത്യവും പാശ്ചാത്യവുമായ ലാവണ്യസിദ്ധാന്തങ്ങളുടെ ചേരുവകളെ പുല്കുവാനും ഈ നിരൂപക ശ്രദ്ധിക്കുന്നുണ്ട്. പ്രൊഫ. ലീലാവതിയുടെ വിമർശകവ്യക്തിത്വത്തിന്റെ സവിശേഷതകൂടി ഇവിടെ പ്രകടമാവുകയാണ്. ആധുനികചിന്തയുടെ സ്ഫോടനം കൊണ്ടുവന്ന വിഭാഗീയവും സമഗ്രവുമായ ഒരുപാട് ജ്ഞാനസിദ്ധാന്തങ്ങളും അവയുടെ പ്രത്യയശാസ്ത്രവും രീതിശാസ്ത്രവും പഠിച്ചുറപ്പിക്കുകയും സ്വന്തം രചനാവ്യക്തിത്വത്തിൽ ലയിപ്പിക്കുകയും ചെയ്യുമ്പോഴും പാരമ്പര്യത്തിന്റെ ഭാഗമായ ഭാരതീയലാവണ്യസിദ്ധാന്തങ്ങളോട് ഹൃദയത്തിൽ ചേർത്തുവച്ച അടുപ്പം പുലർത്താനും അവർക്ക് കഴിയുന്നു. അതായത് റോമൻ ക്ലാസിക്കുകളിൽനിന്നും ജീവിതരീതികളിൽനിന്നും വന്ന യൂറോപ്യൻ കലാചിന്തയോട് ആദരവും ആഭിമുഖ്യവും പുലർത്തുമ്പോഴും ഭാരതീയ ക്ലാസിക്കുകളോടും ചിന്തയോടും ജീവിതരീതിയോടും ഉള്ള താത്പര്യം അവർ നിലനിർത്തുന്നുവെന്നർഥം. വിമർശനത്തിന്റെ അന്തരംഗത്തിലും ബാഹ്യരംഗത്തിലും സംസ്കൃതസാഹിത്യചിന്തയ്ക്കുമുമ്പുണ്ടായിരുന്ന പ്രഭാവം ഇന്ന് കാണാതെവരുന്നതിൽ ഖേദിക്കുന്ന നിരൂപകകൂടിയാണ് എം.ലീലാവതി. പഠനത്തിന്റെയും അഭിരുചിയുടെയും (പ്രതിഭയും അഭ്യാസവും) അഭാവത്തിലുണ്ടാവുന്ന സാഹിത്യാസ്വാദനങ്ങളുടെ പരിമിതിയെക്കുറിച്ച് നല്ലവണ്ണം ബോധവതിയാണ് ഈ വിമർശക. അതുകൊണ്ടാണവർ പറയുന്നത് നിരൂപകർക്ക് വാസനപോലെതന്നെ പ്രധാനമാണ് പഠിപ്പും അറിവും. കൃതികളുടെ ഉള്ളറകളിലേക്ക് ചൂഴ്ന്നിറങ്ങാനുള്ള സന്നദ്ധതയും എന്ന്. ഇതൊക്കെ സൂചിപ്പിക്കുന്നത് അറിവിന്റെ ഒരുപാട് വെട്ടങ്ങൾ അന്വേഷിച്ചുപോകുമ്പോഴും വ്യവസ്ഥയോടുള്ള ആദരവ് നിലനിർത്തുകയും പാരമ്പര്യത്തിൽ വേരുകളാഴ്ത്തി വളരുന്ന ആൽമരമാകാൻ ആഗ്രഹിക്കുകയും ചെയ്യുന്ന വിമർശകയാണ് എം.ലീലാവതിയെന്നാണ്. സാഹിത്യവിമർശക എന്ന നിലയിലുള്ള തന്റെ നിലപാടുകളെ രൂപപ്പെടുത്തിയിട്ടുള്ളത് പ്രാചീനവും ആധുനികവുമായ ലാവണ്യചിന്തകളാണെന്ന് വെളിപ്പെടുത്തിയ ഈ 'വിമർശക ദിശാബോധം' സാഹിത്യനിരൂപണത്തിൽ എന്ന കൃതിയിലൂടെ തന്റെ വിമർശകസ്വത്വത്തെ നിർവചിക്കുകകൂടിയായിരുന്നു. കലയുടെ സ്വാഭാവത്തെക്കുറിച്ച് സ്വന്തം നിയമങ്ങൾ അവതരിപ്പിക്കുവാനാണ് അവർ ശ്രമിച്ചത്. "ജീവിതവും നിർമിതി (സാഹിത്യകൃതി)യുമാണ് നിരൂപകന്റെ ഉപദാനം എന്നും പ്രതിഭയുടെ സാന്നിധ്യമുള്ളയാൾ വളർത്തിയെടുക്കുന്ന നൈപുണ്യം ചേരുമ്പോൾ നല്ല വിമർശനം ഉണ്ടാകുന്നു"വെന്നും അവർ വിശ്വസിച്ചു. ഇങ്ങനെയുണ്ടാകുന്ന നിരൂപണം രണ്ടാംതരമല്ലെന്നും ഒരു മൈനർ ആർട്ടല്ലെന്നും പ്രഖ്യാപിച്ചു. അവർ പറയുന്നു "നല്ല സാഹിത്യനിരൂപണം നല്ല സാഹിത്യകൃതിയേക്കാൾ താഴെയല്ല". ഇത് സാഹിത്യവിമർശനത്തിന്റെ ഗൗരവത്തെ ഊന്നിപ്പറയുകയും അന്തസ്സിനെ ഉറപ്പിച്ചുനിർത്തുകയുമായിരുന്നു. വിമർശകന്റെ നിലപാടുകളിലെ വിട്ടുവീഴ്ചയില്ലായ്മയിൽ വിശ്വസിക്കുമ്പോഴും സഹിഷ്ണുതയുടെ പാഠങ്ങൾ ഉരുവിട്ടു പഠിച്ച നിരൂപകയായിരുന്നു അവർ. 'ഭാവുകതയും അന്വേഷണസന്നദ്ധതയുമുള്ള ഏത് ആസ്വാദകനും കവിത എന്തായി അനുഭവപ്പെടുന്നുവോ അതെല്ലാം കവിതയുടെ സത്യവും അർഥവുമാണെന്നവർ അംഗീകരിച്ചു. ഇത് സത്യത്തിന്റെ ബഹുരൂപങ്ങളെക്കുറിച്ച് ബോധ്യമുള്ള ഒരു എഴുത്തുകാരിയുടെ തിരിച്ചറിവാണ്. ഈ തിരിച്ചറിവിൽ നിന്നുകൊണ്ടാണ് തന്റെ ബൗദ്ധികജീവിതത്തെ അവർ നവീകരിച്ചത്. നിരന്തരം ചോദ്യം ചെയ്യുകയും കഠിനപരീക്ഷണങ്ങൾക്ക് വിധേയമാക്കുകയും ചെയ്യുന്ന ഒരു ചിന്താരീതി ലീലാവതിയുടെ സാഹിത്യജീവിതത്തിലുണ്ട്. അറിവിന്റെ പ്രകാശഗോളത്തിലേക്ക് തന്നെ തുറന്നുവച്ചുകൊണ്ടാണ് അവർ ഇത് ചെയ്തത്. അതുകൊണ്ട് സാമൂഹ്യശാസ്ത്രവും നരവംശശാസ്ത്രവും മനശ്ശാസ്ത്രവും ഭാഷാശാസ്ത്രവുമുൾപ്പെടെയുള്ള വിജ്ഞാനത്തിന്റെ രീതിശാസ്ത്രങ്ങളെല്ലാം ഈ വിമർശക

മലയാളത്തിന്റെ തൊടികളും പറമ്പുകളും വയലിടങ്ങളും ഇംഗ്ലീഷിന്റെ ദേശാന്തരസാധ്യതയിലേക്ക് വിനിമയം ചെയ്ത അരുന്ധതി റോയിയുടെ 'ഗോഡ് ഓഫ് സ്മാൾ തിംഗ്സ്' എന്ന കൃതിയെക്കുറിച്ചുള്ള പഠനം പുതിയ തലമുറയോട് എഴുത്തിന്റെ മൂത്തമ്മ കാണിക്കുന്ന സ്നേഹകാരുണ്യങ്ങളായി കടന്നുവരുന്നു

യുടെ സൗന്ദര്യപര്യാലോചനകളിൽ ഇടം നേടി. നാട്ടറിവുകളും ഐതിഹ്യങ്ങളും പുനസംഘടിപ്പിക്കുകയും വിശകലനവിധേയമാക്കുകയും ചെയ്തു. മിത്തുകളും ആദിരൂപങ്ങളും സത്യത്തിന്റെ രൂപബഹുത്വത്തിന്റെ ആവരണങ്ങളായി കടന്നുവന്നു. വിമർശനം ജ്ഞാനരൂപങ്ങളുടെ ഉദ്ഗ്രഥനസാധ്യതയെ ഉപയോഗപ്പെടുത്തുന്ന കലാപ്രവർത്തനമായി മാറി. ഇവിടെയാണ് ഭരതമുനിതൊട്ട് റോമൻ ജാക്കോബ്സൺ വരെയുള്ളവരുടെ ധിഷണാവ്യാപാരം തന്റെ പാരമ്പര്യത്തിന്റെ ഭാഗമായി ലീലാവതിക്ക് സ്വീകരിക്കാൻ കഴിയുന്നത്. ബ്ലോട്ടിങ് പേപ്പറിലെന്നതുപോലെ വൈഷ്ണികോർജപ്രസരം ഈ വിമർശകയുടെ വിചാരശീലത്തിന്റെ ആവേഗങ്ങൾ പിടിച്ചെടുത്തു. ഫെർഡിനന്റ് ഡിസൊസൂറും ലക്കാനും ഫ്രോയിഡും യുങ്ങും ലീലാവതിയുടെ വിവരണകലയെ ആധികാരികമാക്കി. അങ്ങനെ ലീലാവതിക്ക് വിമർശനം പഴയതും പുതിയതുമായ വീക്ഷണവ്യാപാരങ്ങളുടെ ആവിഷ്കരണോപാധിയായിത്തീർന്നു. ഇത് തന്റെ പാരമ്പര്യമായി പരിണമിക്കുമ്പോഴാണ് എംടിയുടെ 'വാനപ്രസ്ഥ'ത്തിന്റെ ഒറിജനൽ റസ്പോൺസിനെക്കുറിച്ച് അവർക്കപഗ്രഥിക്കാൻ കഴിയുന്നത്. കെ.എസ്.വിനോദിനി എന്ന കഥാപാത്രത്തിന്റെ വൃദ്ധകന്യകാത്വത്തിന്റെ അഭിലാഷങ്ങളെ തുറന്നുകാട്ടാൻ കഴിയുന്നത്. ആനന്ദിന്റെ ഗോവർദ്ധന്റെ യാത്രകൾ എഴുത്തുകാരനനുഭവിക്കുന്ന വചനാത്മകയജ്ഞമാകുന്നു എന്നു പറഞ്ഞുകൊണ്ട് ആ നോവലിന്റെ സമകാല യാഥാർഥ്യത്തിലേക്ക് കടന്നുകയറാൻ വിമർശകയ്ക്ക് കഴിയുന്നത് ജ്ഞാനസിദ്ധാന്തങ്ങളുടെ സമകാലത്ത് ജീവിച്ചുകൊണ്ട് തന്റെ അഭിരുചികളെ പരിഷ്ക്കരിക്കാൻ കഴിയുന്നതുകൊണ്ടാണ്. മക്കളെ തിന്നുന്ന മുതിർന്നവർ പെരുകുന്ന ഈ ഭൂമി അവരുടെ ഭാരം താങ്ങാനാവാതെ ദുഷ്ടസംഹാരാർഥനയോടെ സ്രഷ്ടാവിനെ തേടുന്ന കാലം അകലെയല്ല എന്ന സത്യം തന്നെയാണ് 'സച്ചായിക്യാഹൈ' എന്ന് ചോദിക്കുന്ന നിഷ്കളങ്കരായ കുട്ടികൾക്കായി ഈ കൃതി നീട്ടിക്കാട്ടുന്നത് എന്ന് പറഞ്ഞുകൊണ്ട് ദുരന്ത വൈകൃതങ്ങളുടെ കാലത്തിന്റെ ആവിഷ്ക്കരണത്തെ വിമർശക കണ്ടെടുക്കുന്നു. ഉത്തരാധുനിക നോവൽ പരിസരത്തുനിന്നും സാറാജോസഫിന്റെ മാലാഖയുടെ പെൺമക്കൾ വായിച്ചെടുക്കുന്നതിലും എം.ലീലാവതിയുടെ ധിഷണ ചടുലമാകുന്നതു നാം കാണുന്നു. ഴാക്ക് ലഗാന്റെ അബോധവും ഭാഷയും എന്ന സങ്കേതത്തെ ഉപയോഗിച്ച് ഇതിലെ കഥാപാത്രങ്ങളെ വിശകലനം ചെയ്യുമ്പോൾ ഈ വിമർശക ഏറ്റവും പുതിയ കാലത്തോടുചേർന്നു നില്ക്കുന്നു. നമ്മുടെ പണ്ഡിതരായ വിമർശകസിംഹങ്ങൾ എഴുതുകഴിയുമ്പോൾ ചടഞ്ഞ് വീണുകിടക്കുന്ന പാരമ്പര്യമുള്ള മലയാളത്തിലാണ് ലീലാവതിയുടെ ജ്ഞാനവൃദ്ധത്വം ജരാനരകളുടെ വാർധക്യത്തെ അതിജീവിക്കുന്നത് എന്ന് നാം മനസ്സിലാക്കണം. ഇതാണവരെ വർത്തമാനകാലസാംസ്കാരികജീവിതത്തിലും പ്രസക്തയാക്കി നിലനിർത്തുന്നത്. അറിവിലഭിരമിക്കാനുള്ള കൗതുകവും പരിണാമസജ്ജമായ ഭാവുകത്വമുള്ള മനസ്സും എംലീലാവതിയെന്ന എഴുത്തുകാരിയെ 'സാംസ്കാരികനായിക' എന്ന് വാഴ്ത്തപ്പെട്ട മൃതാവസ്ഥയിൽനിന്നും രക്ഷപ്പെടുത്തിനിർത്തുന്നു.

വിമർശനകലയെ, പുസ്തകാഭിപ്രായം എന്ന ലഘുവ്യായാമത്തിന്റെ തലത്തിൽനിന്നും ഉയർത്തിയ വിമർശകയാണ് എം.ലീലാവതി. തന്റെ സൗന്ദര്യബോധത്തിന്റെ സൈദ്ധാന്തികനിലപാടുകൾവഴി കൃതിയുടെ പുനരാവിഷ്കരണം സാധ്യമാക്കുന്ന അപഗ്രഥനസ്വഭാവമുള്ള പഠനങ്ങളാണ് അവർ അവതരിപ്പിച്ചത്. ഈ സ്വഭാവം ആദ്യകൃതിയായ 'കവിതയും ശാസ്ത്രവും' തൊട്ട് പ്രകടിപ്പിച്ചിട്ടുണ്ട്. 'കണ്ണീരും മഴവില്ലും', 'വർണരാജി', 'അമൃതമഗ്നുതേ കവിതാധ്വനി', 'സത്യം ശിവം സുന്ദരം' തുടങ്ങിയ കൃതികളെല്ലാം സാഹിത്യപഠനത്തിന് വിവിധ വിജ്ഞാനമേഖലകളെ ഉപയോഗപ്പെടുത്താനുള്ള ശ്രമത്തിന്റെ ഭാഗമാണ്. ഇതിലൊക്കെ അന്തര്യാമിയായിവർത്തിക്കുന്ന ഒരു വിമർശനപ്രതിഭയുണ്ട്; 'കാവ്യാനുശീലനവശാദ്വിശദീഭൂത'മായ മനോമുകുരത്തിൽനിന്ന് വരുന്ന ഏകാത്മകമായ വിമർശകസ്വത്വമാണത്. എല്ലാറ്റിനെയും ഉടയ്ക്കുകയും ഉരുക്കുകയും സ്വാംശീകരിക്കുകയും തന്റേതായ ഒന്നാക്കി പുനസൃഷ്ടിക്കുകയും ചെയ്യുന്ന കലാത്മമനസ്സ് ലീലാവതിയുടെ കൃതികളിലെല്ലാം കാണാം. "മാനിയായ ഭടന്റെ മിന്നൽ ചിതറുന്ന കൈവാളിളക്കത്തിലും മാൻമിഴിയുടെ കൺകോണിലും പൈതലിന്റെ തൂവേർപ്പണിപ്പൂങ്കവിളിലും കവിത കാണുന്ന വള്ളത്തോൾ മാനുഷികവും ഭൗതികവുമായ ജീവിതത്തെ അതിന്റെ പരിമിതികളോടെ അംഗീകരിക്കുന്നു" എന്ന്, നിരീക്ഷിക്കുന്നിടത്തും 'കണ്ണുനീർത്തുള്ളി'യെയും 'ചക്രവാള'ത്തെയും ആസ്പദമാക്കി പ്രപഞ്ചത്തിന്റെ നിഗൂഢതകളെപ്പറ്റി ശാസ്ത്രം നൽകിയ പുതിയ ആവേശകരമായ അറിവുകൾ നാലപ്പാടന്റെ ചിന്താമണ്ഡലത്തെ ആകെയൊന്നു പിടിച്ചുകുലുക്കി എന്നും സമ്പന്നമായി പ്രവഹിച്ച വിജ്ഞാനവാഹിനി അദ്ദേഹത്തിന്റെ വിചാരമണ്ഡലങ്ങളെ പച്ച പിടിപ്പിക്കുകയും വൈകാരികാനുഭൂതികളുടെ തടങ്ങളെ ആർദ്രമാക്കുകയും ചെയ്തു എന്നും എഴുതുമ്പോഴും കവിഹൃദയത്തിലേക്ക് ഭിന്നവഴികളിലൂടെ എത്താനുള്ള വൈഭവം വിമർശക കാണിക്കുന്നുണ്ട് എന്നു കാണാം.

> വിമർശനകലയെ, പുസ്തകാഭിപ്രായം എന്ന ലഘുവ്യായാമത്തിന്റെ തലത്തിൽനിന്നും ഉയർത്തിയ വിമർശകയാണ് എം.ലീലാവതി. തന്റെ സൗന്ദര്യബോധത്തിന്റെ സൈദ്ധാന്തികനിലപാടുകൾവഴി കൃതിയുടെ പുനരാവിഷ്കരണം സാധ്യമാക്കുന്ന അപഗ്രഥനസ്വഭാവമുള്ള പഠനങ്ങളാണ് അവർ അവതരിപ്പിച്ചത്.

പാരമ്പര്യത്തിൽ വേരുകളുറപ്പിച്ച് പടന്നുപന്തലിച്ച എം.ലീലാവതിയെന്ന ആൽമരം പല ശാഖകളിലൂടെ തന്റെ വിമർശകപ്രതിഭയെ അനാവരണം ചെയ്യുന്നുണ്ടെങ്കിലും മനശ്ശാസ്ത്രനിരൂപണം എന്ന തായ്ത്തടിയിലാണ് അവയൊക്കെ താങ്ങിനില്ക്കുന്നത്. ഉപനിഷത്തിലും വേദേതിഹാസങ്ങളിലുംകൂടി ഉറവയെടുക്കുന്ന ഭാരതീയ മനശ്ശാസ്ത്രവും യൂറോകേന്ദ്രിതമായ പാശ്ചാത്യ നവീന മനശ്ശാസ്ത്രവും കാവ്യാത്മാവിലേക്കുള്ള രാജപാതകൾ ഈ വിമർശകയ്ക്ക് സമ്മാനിക്കുന്നുണ്ട്. അനുഭൂതിയുടെയും ദർശനത്തിന്റെയും മണ്ഡലത്തെ വികസ്വരമാക്കുന്നതിൽ ഈ രാജപാതകളാണ് ഇവരെ സഹായിച്ചത്. അപഗ്രഥനാത്മകമനോവിജ്ഞാനീയത്തിന്റെ സങ്കേതങ്ങൾ ഉപയോഗിച്ച് കവിതയെയും കവിമനസ്സിനെയും വിശകലനം ചെയ്തിട്ടുള്ള ലീലാവതി സാഹിത്യത്തിലെ ആദിരൂപങ്ങളുടെ ചരിത്രവും ധർമവും പഠനവിധേയമാക്കിയിട്ടുണ്ട്. അനാസൂത്രിതമോ അബോധപൂർവമോ അർധസാങ്കല്പികമോ ആയ ക്രിയകളും വിക്രിയകളും ദുഷ്ക്രിയകളും മറ്റും ജീവിതത്തിൽ സംഭവിക്കുന്നത് യാദൃശ്ചികമെന്ന് തോന്നാമെങ്കിലും അവയൊക്കെ അടിച്ചമർത്തപ്പെട്ട ഇച്ഛകളുടെ സ്വച്ഛന്ദപ്രവർത്തനമാണെന്ന് ഫ്രോയ്ഡിന്റെ നിലപാടിന്റെ വെളിച്ചത്തിൽ ജി.ശങ്കരക്കുറുപ്പിന്റെ 'പെരുന്തച്ചൻ' എന്ന കവിതയെ ആസ്പദമാക്കി ഈ വിമർശക സ്ഥാപിക്കുമ്പോൾ മനോവിജ്ഞാനീയ നിരൂപണം മലയാളത്തിൽ ചലനാത്മകമാകുന്നത് നാം അറിയുന്നു. എം.എൻ.വിജയനും എം.ലീലാവതിയും മലയാളത്തിലെ മനശ്ശാസ്ത്രവിമർശനത്തിൽ നടത്തിയ ഇടപെടലുകളെ മുന്നോട്ടുകൊണ്ടുപോകുന്നതിൽ പുതിയ വിമർശകർ അധികമൊന്നും താത്പര്യം കാണിക്കുന്നതായി തോന്നുന്നില്ല. സാഹിത്യവിദ്യയുടെ അവിഭക്തഘടകമായ മനശ്ശാസ്ത്രാവബോധം ഒരു അപഗ്രഥനോപകരണം എന്ന നിലയിൽ സമർഥമായി ഉപയോഗിച്ച കാവ്യമർമജ്ഞയായ നിരൂപകയെന്ന നിലയിൽ പ്രൊഫ. എം.ലീലാവതി മലയാളവിമർശനചരിത്രത്തിൽ ഉചിതമായി അടയാളപ്പെട്ടുകഴിഞ്ഞു മലയാളകവിതാസാഹിത്യചരിത്രമെഴുതിക്കൊണ്ട് നമ്മുടെ കവികളുടെ പ്രസ്ഥാനം അടയാളപ്പെടുത്തിയ ഈ വിമർശക സ്വത്വവും വ്യത്യസ്തവുമായ നിരൂപണശൈലികൊണ്ട് വിമർശനസാഹിത്യത്തിൽ ഇളക്കം തട്ടാത്ത ഇടം നേടിയെടുത്തു. ■

രാജ്മോഹൻ കൂവളശ്ശേരി



അശ്വവാഹനക്കളം

# അയ്യപ്പൻതീയാട്ട്

## അനുഷ്ഠാനത്തിന്റെയും കലയുടെയും സമന്വയം

**കേരളത്തിന്റെ കലാപൈതൃകത്തിൽനിന്നും ഭക്തസാന്ദ്രമായ ഒരേട്**

ഭാരതീയപുരാണപ്രപഞ്ചത്തിലേയ്ക്ക് കേരളത്തിന്റെ എണ്ണം പറഞ്ഞ സംഭാവനയായ അയ്യപ്പചരിതവുമായി ബന്ധപ്പെട്ട് മധ്യകേരളത്തിലും ഉത്തരകേരളത്തിലും സർവസാധാരണമായി നടത്തപ്പെടുന്ന അനുഷ്ഠാനകലയാണ് അയ്യപ്പൻതീയാട്ട്. സന്താനലബ്ധി, ഐശ്വര്യസിദ്ധി, ശനിപ്പിഴനിവാരണം, വിദ്യാസമ്പാദനം എന്നിങ്ങനെ വ്യത്യസ്തലക്ഷ്യങ്ങൾക്കുവേണ്ടിയാണ് വഴിപാടായി ഇത് നടത്തുന്നത്.

കലാംശവും അനുഷ്ഠാനവും സമുചിതമായി സന്നിവേശിക്കുന്ന കളമെഴുത്തിൽ മുഖ്യമായും നാലിനങ്ങളാണ് കാണാൻ കഴിയുക. ആലേഖ്യകലയായ നിലത്തെഴുത്ത്, (തനത് സംഗീതശീലുകളാൽ നിബദ്ധമായ കൊട്ടുംപാട്ടും കൂടിയാട്ടം, കഥകളി എന്നിവയോട് അടുത്തുബന്ധമുള്ളവയാണിത്) മൂക്രാഭിനയംകൂത്ത്, കോമരത്തിന്റെ കളപ്രദക്ഷിണവും കളംമായ്ക്കലും എന്നിവയാണവ.

പഞ്ചവർണപ്പൊടികൾകൊണ്ടുള്ള നിലത്തെഴുത്തിലൂടെ രൂപംനൽകി, ശാസ്താവിനെ ആവാഹിച്ച് ജീവപ്രതിഷ്ഠ നല്കിയ കളത്തിനരികിലിരുന്ന് പറ, ഇലത്താളം, ചെണ്ട ഇവയുടെ അകമ്പടിയോടെ സോപാനശൈലിയിൽ അയ്യപ്പചരിത്രം കലാകാരന്മാർ ആലപിക്കുന്നു. ശിവമോഹിനിസംഗമത്തിൽ ഹരിഹരസുതനായി അയ്യപ്പൻ ജന്മമെടുക്കുന്നതും ഭഗവാന്റെ അപദാനങ്ങളുമാണ് പാട്ടിന്റെ ഇതിവൃത്തം. ക്ഷേത്രങ്ങളിൽ കളമെഴുത്ത് നടത്തുമ്പോൾ വലിയമ്പലത്തിലാണ് അതിനുള്ള നിയതമായ സ്ഥാനം. എന്നാൽ ഇന്ന് വഴിപാട് എന്നതിനപ്പുറം കലാരൂപമെന്നനിലയിൽ നടപ്പുരയിലും മറ്റും വരയുന്നുണ്ട്. താനക്കാൽമണ്ഡപത്തിൽ ശംഖുവിളിച്ച് അനുവാദം ചോദിച്ച് കൂറയിടുന്നതോടെ കളമെഴുത്തിന് നാന്ദിയാകുന്നു. പ്രകൃതിയിൽനിന്ന് ലഭിക്കുന്ന അഞ്ചുതരം പൊടികളാണ് കളമെഴുതാനുപയോഗിക്കുന്നത്. (അരി, ഉമിക്കരി, മഞ്ചാടി, വാകയിലകൾ, മഞ്ഞൾ, ചുണ്ണാമ്പ് എന്നിവ പൊടിച്ച് തയ്യാറാക്കുന്നവ.)

## കളമെഴുത്തിലെ വൈവിധ്യം

സാത്വികഭാവം തുളുമ്പുന്ന ശാസ്താ രൂപമാണ് അയ്യപ്പൻതീയാട്ട് വരയ്ക്കാറ്. ഇടതുകൈയിൽ അമ്പുംവില്ലും വലതുകൈയിൽ വാളും ധരിച്ച് അശ്വവാഹനത്തിലോ പുലിവാഹനത്തിലോ വേട്ടയ്ക്കു പുറപ്പെടുന്ന അയ്യപ്പന്റെ രൂപം കളമെഴുത്തിൽ സാധാരണമാണ്. അണിഞ്ഞുതീയാട്ട് എന്ന ലളിതമായ രൂപമാണെങ്കിൽ ഒരു താമരമാത്രമാണ് വരയ്ക്കുക.

ഗൃഹസ്ഥാശ്രമിയായ അയ്യപ്പൻ പത്നീപുത്രസമേതം ഇരിയ്ക്കുന്നതായ മൂന്നു രൂപക്കളവും ശ്രദ്ധേയമാണ്. ഉദയാസ്തമയക്കളത്തിൽ സ്വസ്തികം അഷ്ടദളമാലയോടുകൂടിയുള്ള പ്രത്യേകതരം കളമാണ് വരയ്ക്കുന്നത്.

നാലഞ്ചുമണിക്കൂർ വളരെ ക്ഷമയോടും ശ്രദ്ധയോടും ഭാവനയോടും കൂടി ചെയ്യേണ്ട അനുഷ്ഠാനമാണ് കളമെഴുത്ത്. വരയിൽ കൈപ്പിഴവന്നാൽ ആത്മനാശത്തിനുതന്നെ ഹേതുവാകുമെന്നാണ് വിശ്വാസം. തിരുവിതാംകൂറിൽ കൂടുതലായി അരങ്ങേറുന്ന ഭദ്രകാളിതീയാട്ടിനും അയ്യപ്പൻ തീയാട്ടിനും തമ്മിലുള്ള പ്രധാനവ്യത്യാസം അവയുടെ പാട്ടിലാണ്. ദേവീചരിതമാണ് ഭദ്രകാളിപ്പാട്ടിന് വിഷയമാവുക.

## കളത്തിലെ ഒരുക്കുകളും കളംപാട്ടും

കളമെഴുത്ത് പൂർത്തിയായിക്കഴിഞ്ഞാൽ നാളികേരം, വെള്ളരി, ശർക്കര, പഴം, പീഠം, തിരുടാട (തിരുവുടയാട), വാൽക്കണ്ണാടി, നിലവിളക്കുകൾ, ചന്ദനത്തിരി, കർപ്പൂരം ഇവ കളത്തിനു ചുറ്റും ഒരുക്കി വയ്ക്കുന്നു. ക്ഷേത്രത്തിലെ ദീപാരാധനയ്ക്കു ശേഷം പൂജാരി കളത്തിനുജീവൻപകരുന്ന കളം പൂജ നടത്തുന്നു. ആ സമയത്ത് അന്തരീക്ഷത്തിൽ പ്രസരിക്കുന്ന അലൗകികപ്രഭ നാസ്തികരെപ്പോലും ഭക്തിയുടെ പടിവാതിൽക്കലെത്തിക്കും. കളംപൂജയ്ക്കുശേഷം കളംപാട്ട് ആരംഭിക്കുന്നു. ഗദ്യവും പദ്യവും ഇടകലർന്ന പാട്ടുകൾ, തോറ്റംപാട്ടുകൾ, നൂറ്റിയെട്ട് അയ്യപ്പൻകാവുകളെ സ്തുതിക്കുന്ന കാവെണ്ണൽ പാട്ടുകൾ എന്നിവയാണവ. ശാസ്ത്രീയരാഗങ്ങളുടെ നേരിയ ഛായയിലുള്ള ഈ പാട്ടുകൾ കൊട്ടും പാട്ടും എന്നുകൂടി അറിയപ്പെടുന്നു.

> നാലഞ്ചുമണിക്കൂർ വളരെ ക്ഷമയോടും ശ്രദ്ധയോടും ഭാവനയോടും കൂടി ചെയ്യേണ്ട അനുഷ്ഠാനമാണ് കളമെഴുത്ത്. വരയിൽ കൈപ്പിഴവന്നാൽ ആത്മനാശത്തിനുതന്നെ ഹേതുവാകുമെന്നാണ് വിശ്വാസം.

കഥകളിപ്പാട്ടിന്റെ സമ്പ്രദായത്തിൽ ശങ്കരാഭരണത്തിന്റെയും പാടിരാഗത്തിന്റെയും ഭാവം നിഴലിയ്ക്കുന്ന പാട്ടുകൾ ഇതിലുണ്ട്. മൂന്നടിയെന്നും അഞ്ചടിയെന്നും അറിയപ്പെടുന്ന തുള്ളൽപ്പാട്ടുതാളങ്ങളും അടന്ത താളവും ശ്രവ്യസുഖം പകർന്നുതരുന്ന കളംപാട്ടിൽ കേരളീയസംഗീതത്തിന്റെ അന്തർധാര ദർശിക്കാനാവും. ഭഗവാന്റെ പാദാദികേശവർണനയും തിരുവവതാര കീർത്തനങ്ങളുമടങ്ങുന്ന തോറ്റങ്ങളുമാണ് മറ്റൊരു പ്രത്യേകത.

## മുദ്രാഭിനയം കൂത്ത്

ശങ്കരമോഹനം എന്ന കഥയാണ് പ്രധാനമായും ആടുന്നത്. ശൈവവൈഷ്ണവത്തിൽ ഉത്ഭൂതനായ അയ്യപ്പനെ പരമശിവൻ കൈലാസത്തിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുന്നു. ദേവേന്ദ്രനെ വേദപരീക്ഷയിൽ തോൽപ്പിച്ച അയ്യപ്പനെ മലയാളനാടിന്റെ കുലദേവനായി വാഴാൻ നിയോഗിക്കുന്നു. ഭൂതഗണങ്ങളും ശനീശ്വരനും ഭടജനങ്ങളുമായി ആയുധസജ്ജനായി വാജിവാഹനത്തിൽ ഭഗവാൻ കേരളനാട്ടിലേയ്ക്കെത്തുന്നതാണ് മുദ്രാഭിനയം കൂത്തിന്റെ പ്രമേയം.

## കോമരം

അയ്യപ്പൻതീയാട്ടിന്റെ അവസാന ഇനമാണ് കോമരത്തിന്റെ രംഗപ്രവേശം. അയ്യപ്പന്റെ പ്രതിപുരുഷനായ കോമരത്തെ ശരണംവിളികളോടും വാദ്യഘോഷങ്ങളോടും പ്രത്യേക പൂജാക്രമങ്ങളോടും കൂടി കളത്തിലേയ്ക്കാനയിക്കുന്നു. ചുരികയേന്തിയ കോമരം കളത്തിനുചുറ്റും ഉജ്ജ്വലമായ ചുവടുവയ്പുകളോടെ നൃത്തം ചെയ്തശേഷമാണ് ശ്രീഭൂതഗണങ്ങളെ പ്രീതിപ്പെടുത്താനുള്ള പന്തീരായിരം തേങ്ങയേറ്. മണിക്കൂറുകൾ നീണ്ട ആയാസമേറിയ കർമങ്ങൾക്കുശേഷം പറയുടെ താളത്തിനൊപ്പം ഇരുകൈകളാൽ മാറിമാറി നാളികേരം എറിഞ്ഞുടയ്ക്കുന്നത് കാഴ്ചക്കാരെ വിസ്മയിപ്പിക്കുകയും ആസ്തികഭാവത്തിന്റെ പരകോടിയിലെത്തിക്കുകയും ചെയ്യുന്നു. അനന്തരം ഭക്തരെ അനുഗ്രഹിക്കുകയും കുരുത്തോലത്തോരണങ്ങൾ വെട്ടിവീഴ്ത്തുകയും ചെയ്ത് കളം മായ്ച്ച് പൊടി പ്രസാദമായി എല്ലാവർക്കും നല്കിയിട്ട് ശാന്തഭാവത്തിൽ കൂറവലിച്ചിട്ട് കോമരം നിഷ്ക്രമിക്കുന്നു.



കളപ്രദക്ഷിണം – കോമരം തുള്ളൽ

തൃശൂർ, പാലക്കാട് ജില്ലകളിൽ എട്ട് മൂലകുടുംബങ്ങളിലായി വിന്യസിയ്ക്കപ്പെട്ട തീയാടിനമ്പ്യാന്മാരാണ് ഇപ്പോൾ ഈ കലാപൈതൃകത്തിന്റെ മുഖ്യപ്രചാരകർ. ഈ അനുഷ്ഠാനകലയെ തങ്ങളുടെ കുലവൃത്തിയായും ജന്മനിയോഗമായും കണ്ട് ഇവർ കേരളമെങ്ങും സഞ്ചരിക്കുമ്പോൾ മുളങ്കുന്നത്തുകാവിലെ ഇവരുടെ പിൻതലമുറയും ഈ പൈതൃകം ഏറ്റുവാങ്ങിയിട്ടുണ്ട്. ■

എം.പി.ലോകനാഥ്

# ഒതൊണ്ടിലും തോട്ടമാകാം

**കാർഷികവൃത്തിയുടെ മഹത്വം യുവതലമുറയിലും സമൂഹത്തിലും എത്തിക്കാൻ ഊർജസ്വലതയോടെ പ്രവർത്തിക്കുന്ന അഗ്രിഫ്രണ്ട്സിനെ പരിചയപ്പെടൂ.**



**തിരുവനന്തപുരം ഉള്ളൂർ യു.പി. സ്കൂൾ വിദ്യാർഥികളുമായി എം.പി. ലോകനാഥ് (വലത്ത്) സംവദിക്കുന്നു. അഗ്രിഫ്രണ്ട്സ് കോഓർഡിനേറ്റർ എസ്. ജയകുമാർ സമീപം**

മണ്ണ്-മരം-മനുഷ്യൻ ഇത്യാദികളുടെ സൃഷ്ടിക്കുശേഷം, "ഇനി പരസ്പരം സഹായിച്ച് നിങ്ങളുടെ വംശങ്ങളെ നിലനിർത്തുക" എന്നാണ് സൃഷ്ടികർത്താവ് സൃഷ്ടികളോടായി പറഞ്ഞത്! മണ്ണ് എന്നു പറഞ്ഞാൽ ഭൂമിയുൾപ്പെടെയുള്ള സൗരയുഥങ്ങൾ എന്നർഥം. മരം എന്നത്, അചരങ്ങളായ എല്ലാ സൃഷ്ടികളും. മനുഷ്യൻ എന്നതുകൊണ്ട് അർഥമാക്കുന്നത് ഉറുമ്പു മുതൽ മനുഷ്യൻ വരെയുള്ള ജന്തുലോകം. ഇവയുടെ നിലനില്പിനായി വായു, ജലം ഇവയുണ്ട്. സൃഷ്ടികളെ ചൈതന്യവത്താക്കാൻ ഊർജവും ബോധവും! ഇവയെല്ലാം കൂടി ചേരുന്ന ഏതൊന്നുണ്ടോ, അതിനെ പ്രകൃതി എന്നുപറയുന്നു. പ്രകൃതിയുടെ വിഭവങ്ങളെ ഉപയോഗിച്ചുകൊണ്ടുജീവിക്കുന്ന നാം, അതിനുപകരമായി, പ്രകൃതിയുടെ സുസ്ഥിരവും സുഗമവുമായ പ്രവർത്തനത്തിനുവേണ്ടി എന്ത് തിരികെ നൽകുന്നുവെന്ന് ആലോചിക്കേണ്ടതില്ലേ? പ്രകൃതിയുടെ അംശമാണ് നാം. പ്രകൃതിയില്ലെങ്കിൽ നാം ഇല്ല തന്നെ. ശാസ്ത്ര-സാങ്കേതികവിദ്യകളെക്കുറിച്ചും, ഇന്റർനെറ്റിനെക്കുറിച്ചും, സ്റ്റോക്ക് മാർക്കറ്റിനെക്കുറിച്ചും അറിയുന്ന നമ്മുടെ ചിന്തയിൽ മേൽപ്പറഞ്ഞ കാര്യങ്ങൾ സാധാരണ വരാറുണ്ടോ-ഇല്ല-എന്നു തന്നെ പറയാം. നിങ്ങളുടെ വീട്ടുവളപ്പിൽ 50 വർഷങ്ങളായി നില്ക്കുന്ന തെങ്ങ് ഒരിക്കൽപ്പോലും കരിക്ക് സ്വയം വെട്ടിക്കുടിച്ചിട്ടില്ല! മുറ്റത്തുള്ള മാവ്, ഒരു മാങ്ങ പോലും തിന്നുന്നില്ല! തന്റെ അകിട്ടിൽ പാൽ സൂക്ഷിക്കുന്നത് പശുവിന് കുടിയ്ക്കാനല്ല! വയറ്റിൽ മുട്ടയുമായി നടക്കുന്ന കോഴി മുട്ടയിട്ടശേഷം തിരിഞ്ഞുപോലും നോക്കാതെ നടന്നുപോവുകയാണ് ചെയ്യുന്നത്! സൂര്യൻ ഉദിക്കുന്നതും, മാരി പെയ്തിറങ്ങുന്നതും, വിത്ത് കുത്തിയാൽ ഫലം നൽകുന്ന സസ്യമാകുന്നതും ഒന്നും തന്നെ സ്വന്തലാഭത്തിനേ അല്ല!! താൻ ജീവിക്കുന്നത് തനിക്കു വേണ്ടിയല്ല, മറിച്ച്, പ്രകൃതിയിലെ മറ്റ് സഹജീവികൾക്കുവേണ്ടിമാത്രമാണ് എന്ന സന്ദേശമാണ് പ്രകൃതിയിലെ ഓരോ സൃഷ്ടിയും നമുക്കുനൽകുന്നത്!

മണ്ണിന് വേണ്ടതുനൽകുന്ന ഒരു കൃഷിക്കാരൻ

പ്രകൃതിയിലുള്ള സ്ഥൂലവസ്തുക്കളുമായി സംവദിക്കുന്നു. വൃക്ഷ, സസ്യ, ലതാദികളെ വളർത്തുന്നവർ, പശു, പക്ഷി, മൃഗാദികളെ പരിപാലിക്കുന്ന മനുഷ്യൻ, ഇവരെല്ലാം പ്രകൃതിയുമായി ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ വിനിമയം നടത്തുന്നവരാണ്.

ഇത്തരം സന്ദേശങ്ങൾ സ്കൂൾ വിദ്യാർഥികളിൽ എത്തിക്കുക, കുട്ടികളിലൂടെ ഇത് സമൂഹത്തിൽ എത്തിയ്ക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഒരു കൂട്ടം യുവാക്കളുടെ കൂട്ടായ്മയാണ് "അഗ്രിഫ്രണ്ട്സ്" എന്നത്. പ്രകൃതി സ്നേഹിയും മനുഷ്യ സ്നേഹിയുമായ എസ്.ജയകുമാർ എന്ന കൃഷി സ്നേഹിയായ കൃഷി അസിസ്റ്റന്റാണ് ഈ പ്രസ്ഥാനത്തിന്റെ കോ-ഓർഡിനേറ്റർ.

കൃഷി അറിവിന് "കൃഷി പാഠം", പ്രകൃതിയെ അറിയാനും, അറിഞ്ഞു ജീവിയ്ക്കാനും "പ്രകൃതീയം", കൃഷിയുടെ ഗവേഷണ, വൈജ്ഞാനികസാധ്യതകൾക്കായി "ബാലകൃഷി ശാസ്ത്ര കോൺഗ്രസ്സ്" എന്ന സങ്കല്പം ഭാരതത്തിൽ ആദ്യമായി അവതരിപ്പിക്കുക, വിദ്യാർഥികൾക്കായി പള്ളിക്കൂടത്തിൽ നിന്നും പാടത്തേയ്ക്ക്..... എന്ന കൃഷി പാഠം പുസ്തകം, വയൽ വിളക്ക്, നെല്ലുത്സവം, നെല്ല് നമസ്കാരം, നെല്ലിന്റെ ജന്മദിനാഘോഷം, കൃഷിപഠന സഞ്ചാരം, മുത്തശ്ശിക്കൃഷി ഇത്യാദി വേറിട്ട കാർഷിക സംരംഭങ്ങൾ, ഭക്ഷ്യ സുരക്ഷയ്ക്കും, ഭാവി സുരക്ഷയ്ക്കും കുട്ടികളുടെ കൃഷിസേന, വീട്ടിൽ കൃഷിത്തോട്ടം, കൃഷി ബാങ്കിങ് - ഇവയെല്ലാം അഗ്രിഫ്രണ്ട്സിന്റെ ആവിഷ്കാരങ്ങളാണ്.

## ജൈവം 2010

2010 അന്താരാഷ്ട്ര ജൈവ വൈവിധ്യവർഷമായി ലോകമെങ്ങും ആചരിക്കുന്നു. ജൈവകൃഷിക്ക് പ്രചാരം നൽകാനായി, തിരുവനന്തപുരത്ത്, ജൈവവൈവിധ്യംകൊണ്ട് സമ്പന്നമായ പെരിങ്ങമ്മലയിലെ ഒരു ഗ്രാമീണവിദ്യാലയമായ എസ്സ്.എൻ.യു.പി.എസ്സിൽ അഗ്രിഫ്രണ്ട്സ് തുടക്കം കുറിച്ച മറ്റൊരു മാതൃകാപ്രവർത്തനമായ "കുട്ടികളുടെ കൃഷിഗ്രാമം" നടപ്പിലാക്കിയത് കുട്ടികളുടെ കൃഷി സേനയിലൂടെയാണ്. ഇത് ഒരു നൂതനസങ്കല്പമായിരുന്നു.

കേരവൃക്ഷങ്ങളുടെ നാടാണ് കേരളം. കാതലായ തേങ്ങ എടുത്തശേഷം നാം എറിഞ്ഞുകളയുന്ന തൊണ്ടിൽ മണ്ണും, ചാണകപ്പൊടിയും നിറയ്ക്കുക. മേൽ പറഞ്ഞ തരത്തിൽ ഒരുക്കിയ തൊണ്ട്-തോട്ടത്തിൽ ഒരു നെൽവിത്ത്, ചീരവിത്ത്, തുളസി ഇവ നട്ട് "ഒറ്റത്തൊണ്ടിൽ ഒരു തോട്ട"മുണ്ടാക്കി കൃഷിയുടെ ആദ്യഘട്ടം പൂർത്തിയാക്കുന്നു.

നെല്ല് - ഭക്ഷ്യസമൃദ്ധിയ്ക്ക്, ചീര- പോഷകസമൃദ്ധിയ്ക്ക്, തുളസി - ആരോഗ്യസുരക്ഷയ്ക്ക്, കൃഷിപാഠം-ഭാവി സുരക്ഷയ്ക്ക് എന്നതാണ് ഈ മാതൃകാ



'കുട്ടിക്കൊരു കുട്ടിത്തെങ്ങുമായി'കർഷകനായ തച്ചൻകോട് മനോഹരൻനായർ

> സൂര്യൻ ഉദിക്കുന്നതും, മാരി പെയ്തിറങ്ങുന്നതും, വിത്ത് കുത്തിയാൽ ഫലം നൽകുന്ന സസ്യമാകുന്നതും ഒന്നും തന്നെ സ്വന്ത ലാഭത്തിനേ അല്ല!! താൻ ജീവിക്കുന്നത് തനിക്കു വേണ്ടിയല്ല, മറിച്ച്, പ്രകൃതിയിലെ മറ്റ് സഹജീവികൾക്കുവേണ്ടിമാത്രമാണ് എന്ന സന്ദേശമാണ് പ്രകൃതിയിലെ ഓരോ സൃഷ്ടിയും നമുക്കുനൽകുന്നത്!

തൊണ്ട് തോട്ടത്തിന്റെ പിന്നിലെ തത്വം എന്ന് അഗ്രിഫ്രണ്ട്സ് പ്രവർത്തകൻ ഡി.ആർ.ജോസ് പറയുന്നു. ഒറ്റത്തൊണ്ടിലൂടെ ഒരു മഹത്തായ ആശയമാണ് കൃഷി പാഠം സൂത്രധാരനായ കൃഷി അസിസ്റ്റന്റ് എസ്.ജയകുമാർ കൈരളിക്ക് സമ്മാനിച്ചിരിക്കുന്നത്. മണ്ണുസംരക്ഷണത്തിനും, ജലാംശം നിലനിറുത്തുന്നതിനും ഒരുപോലെ ഗുണം ചെയ്യുന്ന തൊണ്ടിൽ, ആവശ്യത്തിനുവേണ്ടുന്ന പൊട്ടാഷ്യം അടങ്ങിയിട്ടുണ്ട്.

രണ്ടാഴ്ച കൊണ്ട് നെല്ലും ചീരയും തുളസിയും ഒരടി ഉയരത്തിൽ വളർന്ന് പൊങ്ങും. വേണമെങ്കിൽ ഇത് വെയിലത്തേയ്ക്ക് മാറ്റി സ്ഥാപിക്കാം. ഗ്രാമത്തിലും ഉൾനാടുകളിലുമുള്ള കുട്ടികൾക്ക് നഗരത്തിലെ കുട്ടികളുമായി ബന്ധപ്പെടുവാനും, "തൊണ്ടിൽ ഒരു തോട്ടം" എന്ന ആവിഷ്കാരം കൈമാറ്റം ചെയ്യാനും അഗ്രിഫ്രണ്ട്സ് വഴിയൊരുക്കിയത് അനുഭൂതിദായകമായി.

കൊല്ലായി എസ്സ്.എൻ.യു.പി സ്കൂളിലെ കുട്ടികൾ ഇത്തരത്തിൽ 100 തൊണ്ടിൽ ഉണ്ടാക്കിയ തോട്ടം, തിരുവനന്തപുരം ജില്ലയിലെ വഴുതയ്ക്കാട് കാർമൽ സ്കൂളിലെ കുട്ടികൾക്ക് സെപ്തംബർ 23-ാം തീയതി കൈമാറി. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ ഡോ.കെ.പ്രതാപനും, സ്കൂൾ പ്രിൻസിപ്പൽ റെനീറ്റയും അഗ്രിഫ്രണ്ട്സിന്റെ ഈ നൂതനസംരംഭത്തെ അനുമോദിക്കുകയും ചെയ്തു.

ഒക്ടോബർ 1-ാം തീയതി കൃഷിപാഠം സാക്ഷാത്കരിച്ച് "ഐ.ആം.ഗ്രീൻ" എന്ന കുട്ടികളുടെ സി.ഡി.പ്രകാശനം മുൻ ഗവൺമെന്റ് സെക്രട്ടറി ശ്രീമതി. ലിഡാ ജേക്കബ് നിർവഹിച്ചു. കുമാരപുരം യു.പി. സ്കൂളിലെ വിദ്യാർഥികൾക്കും തൊണ്ടിലെ ഒരു തോട്ടം കൈമാറുകയുണ്ടായി.

കൊല്ലായി സ്കൂളിലെ വിദ്യാർഥികൾ മറ്റ് സ്കൂൾ കുട്ടികൾക്ക് കൈമാറാനായി ഇത്തരത്തിലുള്ള പതിനായിരം തൊണ്ടുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കൃഷി പാഠം കുട്ടികൾ ഈയിടെ ജൈവസന്ദേശം കൃഷിവകുപ്പുമന്ത്രിയുടെ ഓഫീസിൽ എത്തി അദ്ദേഹത്തിന് കൈമാറുകയുണ്ടായി. ഇപ്രകാരം യുവതലമുറയ്ക്ക് കാർഷികവൃത്തിയുടെ മഹത്വം മനസ്സിലാക്കിക്കൊടുക്കാനും ആശയങ്ങൾ പ്രാവർത്തികമാക്കാനും ശ്രമിക്കുകയാണ് ശ്രീ. എസ്.ജയകുമാറും സംഘവും. ■

*മുൻ ടെലികോം മാനേജരാണ് ലേഖകൻ*



■ ഇ.വി. സുഗതൻ

# പറക്കാനൊരുങ്ങി കണ്ണൂരും

കേരളത്തിൽ ആദ്യമായി വിമാനമിറങ്ങിയത് കണ്ണൂരിലാണെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. 1935 ൽ ജെ. ആർ.ഡി. ടാറ്റ മുംബൈയിൽ നിന്നും തിരുവനന്തപുരത്തേക്ക് അയച്ച ആറുപേർക്ക് ഇരിക്കാവുന്ന എയർക്രാഫ്റ്റ് കണ്ണൂരിൽ ഇറങ്ങിയശേഷമാണ് തിരുവനന്തപുരത്ത് എത്തിയത്. എന്നിട്ടും കണ്ണൂരിലൊരു വിമാനത്താവളം യാഥാർഥ്യമാവാൻ ദശകങ്ങളാണ് കാത്തിരിക്കേണ്ടി വന്നത്.

രാജ്യത്തെ ആദ്യത്തെ പരിസ്ഥിതി സൗഹൃദ വിമാനത്താവളത്തിന് ഡിസംബർ 17 ന് കണ്ണൂർ ജില്ലയിലെ കീഴല്ലൂർ പഞ്ചായത്തിൽ മുഖ്യമന്ത്രി ശിലാസ്ഥാപനം നിർവഹിച്ചതോടെ പ്രവാസികളുടെയും മറ്റും പ്രതീക്ഷയ്ക്ക് ഇപ്പോൾ ചിറക് മുളച്ചിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രി പ്രഫുൽ പട്ടേൽ തദവസരത്തിൽ നൽകിയ പ്രോത്സാഹനങ്ങളും ആവേശം പകർന്നിട്ടുണ്ട്. രണ്ടുവർഷത്തിനകം വിമാനത്താവളം പൂർത്തിയാകുമെന്നാണ് നിഗമനം. കിയാലിന്റെ (കണ്ണൂർ ഇന്റർനാഷനൽ എയർപോർട്ട് ലിമിറ്റഡ്) നേതൃത്വത്തിൽ പ്രവർത്തനം അതിനനുസരിച്ച് പുരോഗമിക്കുന്നു. എയറിന്ത്യയിലും രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയിലും പ്രവർത്തിച്ച് പരിചയസമ്പന്നനായ വി.തുളസീദാസ് ഐ.എ.എസ് ആണ് ഇതിന്റെ സ്പെഷൽ ഓഫീസറായും എം.ഡി.ആയും പ്രവർത്തിക്കുന്നത്.

അമേരിക്കൻ കമ്പനിയായ എയ്കോം ആണ് വിമാനത്താവളത്തിന്റെ കൺസൾട്ടൻസിയായി നിശ്ചയിക്കപ്പെട്ടത്. 3400 മീറ്ററിലാണ് ഇവിടെ റൺവെ ഒരുക്കുന്നത്. കേരളത്തിലെ ഏറ്റവും വലുപ്പമേറിയ റൺവേയാകും ഇത്. ഇന്ത്യയിൽ വിവിധ സ്ഥലങ്ങളിൽ എയർപോർട്ടുകൾ രൂപകല്പന ചെയ്ത എം.കെ.എ.അസീസ് ആണ് വിമാനത്താവളത്തിന്റെ പ്രൊജക്ട് എഞ്ചിനീയർ.

## ചരിത്രം

1980 കളുടെ തുടക്കത്തിലാണ് കണ്ണൂരിൽ വിമാനത്താവളമെന്ന ആശയത്തിന് വേരുമുളയ്ക്കുന്നത്.മലബാറിന്റെ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരം വേണമെന്ന നിവേദനവുമായി ഡോ.പി.വി.ബാലകൃഷ്ണന്റെ നേതൃത്വത്തിൽ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയെ ഒരു സംഘം പോയി കാണുന്നു. അതിൽ കണ്ണൂർ വിമാനത്താവളമെന്ന ആശയവും പ്രധാനമായി ഉണ്ടായിരുന്നു. പഴയങ്ങാടിക്കടുത്ത മാടായിപ്പാറയായിരുന്നു അന്ന് കണ്ട് വച്ചിരുന്നത്. 98ൽ ദേവഗൗഡ മന്ത്രിസഭ കേന്ദ്രത്തിൽ അധികാരത്തിൽ വരികയും കണ്ണൂർ കൂത്തുപറമ്പ് സ്വദേശിയായ സി.എം.ഇബ്രാഹിം വ്യോമയാന മന്ത്രിയാവുകയും ചെയ്തതോടെ നീക്കം ശക്തമായി. ഇ.കെ നായനാരായിരുന്നു അന്ന് സംസ്ഥാന മുഖ്യമന്ത്രി. കീഴല്ലൂർ പഞ്ചായത്തിലെ മൂർഖൻ പറമ്പ് വിമാനത്താവളത്തിന് അനുയോജ്യമായി കണ്ടെത്തുന്നത് ഇക്കാലത്താണ്. മട്ടന്നൂരിൽ രണ്ട് ലാന്റ് അക്വിസിഷൻ ഓഫീസുകൾ തുറന്ന് 1280 ഏക്കറിന്റെ നോട്ടിഫിക്കേഷൻ ഇറക്കി 192 ഏക്കർ ഭൂമി ഏറ്റെടുത്തു. 2006 ൽ ലാന്റ് അക്വിസിഷൻ പുനരാരംഭിച്ച് പുനർ നോട്ടിഫിക്കേഷൻ നടത്തി രണ്ട് ഘട്ടങ്ങളിലായി 1280 ഏക്കർ ഭൂമി ഏറ്റെടുത്തു. ഇനി 780 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കാനുണ്ട്. കിൻഫ്രയെയാണ് ഭൂമി ഏറ്റെടുക്കലിന് നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിയത്.

## മാതൃകാപാക്കേജ്

കണ്ണൂർ വിമാനത്താവളനിർമാണ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത അതിന്റെ മാതൃകാപാക്കേജാണ്. ജില്ലാ കലക്ടർ അധ്യക്ഷനായ സമിതിയാണ് ഭൂവുടമകളുമായി ചർച്ച നടത്തി വില നിർണയം നടത്തിയത്. വിമാനത്താവളത്തിനായി കുടിയൊഴിപ്പിക്കപ്പെടുന്ന 126 കുടുംബങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകി. 126 പ്ലോട്ടുകളായി 10 സെന്റ് സ്ഥലം വീതം സൗജന്യമായി പരിസരത്ത് ലഭ്യമാക്കി. ഇവർക്കുവേണ്ടിയുള്ള വൈദ്യുതി, വെള്ളം, റോഡ് എന്നിവ സർക്കാർ ചെലവിലാണ് അനുവദിക്കുന്നത്. എയർപോർട്ടിലോ അനുബന്ധമായോ വിദ്യാഭ്യാസയോഗ്യതയുടെ അടിസ്ഥാനത്തിൽ തൊഴിൽ സാധ്യതയും പരിഗണിക്കും.

## വൻ വികസന സാധ്യതകൾ

വിമാനത്താവളത്തിനായുള്ള കമ്പനിയുടെ ഓഹരിയിൽ 26 ശതമാനം സർക്കാർ , 23 ശതമാനം പൊതുമേഖല, 2 ശതമാനം സർക്കാർ നിയന്ത്രണമുള്ള ഇൻകലിന് ബാക്കി 49 ശതമാനം സ്വകാര്യമേഖലയിലേക്ക് എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. നിർദിഷ്ട വിമാനതാവളത്തിലേക്ക് ഒരു റെയിൽവെപ്പാതയെന്ന നിർദേശവും കേന്ദ്രത്തിനുമുന്നിൽ സമർപ്പിച്ചിട്ടുണ്ട്. ചരിത്രപ്രാധാന്യമുള്ള നിരവധി ക്ഷേത്രങ്ങളും മറ്റ് ആരാധനാകേന്ദ്രങ്ങളുമുള്ള കണ്ണൂരിൽ തീർഥാടന ടൂറിസവും ടൂറിസം മേഖല പൊതുവെയും പുഷ്ടിപ്പെടാൻ വിമാനത്താവളം വഴിയൊരുക്കും. ഗ്രീൻ ഫീൽഡ് റോഡ് സാധ്യത പരിശോധിക്കുന്നതിനുപുറമെ ആറ് റോഡുകൾ വിമാനത്താവളത്തിലേക്ക് വികസിപ്പിച്ചെടുക്കാൻ പ്രവൃത്തി നടക്കുകയുമാണ്. ■

*കണ്ണൂർ ജില്ലാ ഇൻഫർമേഷൻ ഓഫീസറാണ് ലേഖകൻ*





# ചരിത്രത്തിലേക്ക്

ദേശീയരാഷ്ട്രീയത്തിലെ അതിശക്തനായ നേതാവും ഭരണതന്ത്രജ്ഞനുമായ കെ.കരുണാകരൻ ചരിത്രത്തിലേക്ക് പിൻവാങ്ങി. കേരളരാഷ്ട്രീയത്തിലെ ഒരിതിഹാസത്തിനാണ് ഇതോടെ തിരശ്ശീല വീണത്. കേരളത്തിൽ രാഷ്ട്രീയനേതാക്കൾ ഏറെയുണ്ടെങ്കിലും ലീഡർ എന്ന വിളിപ്പേര് കെ.കരുണാകരനുമാത്രം സ്വന്തം. അദ്ദേഹത്തിന്റെ നേതൃത്വപാടവവും ഏളുപ്പത്തിൽ തീരുമാനങ്ങളെടുക്കാനുള്ള കഴിവും എതിരാളികൾ പോലും അംഗീകരിച്ചിട്ടുള്ളതാണ്. ഈ സവിശേഷതയാണ് അനുയായിവൃന്ദത്തെ കൂടെ നിർത്താൻ എക്കാലവും അദ്ദേഹത്തിന് സഹായകമായത്.

ജനനം കണ്ണൂരാണെങ്കിലും കെ.കരുണാകരന്റെ കർമമണ്ഡലം എന്നും തൃശൂരായിരുന്നു. ചിത്രകലാവിദ്യാർഥിയായി തൃശൂരിലെത്തിയ കരുണാകരന്റെ ആദ്യസ്ഥാനാർഥിത്വംതൊട്ട് രാഷ്ട്രീയ ഉയർച്ചതാഴ്ചകൾക്കെല്ലാം തട്ടകമായത് തൃശൂരായിരുന്നു. തൃശൂരിലെ സീതാറാം മില്ലിലെ തൊഴിലാളികളെ പിരിച്ചുവിട്ടതുമായി ബന്ധപ്പെട്ട സമരത്തിന് നേതൃത്വം കൊടുത്തുകൊണ്ട് തുടങ്ങിയ രാഷ്ട്രീയാത്ര എത്തിച്ചേർന്നത് ഇന്ത്യൻ രാഷ്ട്രീയചരിത്രത്തിലെ ഭീഷ്മാചാര്യപദവിയിലേക്കാണ്.

കേരളപ്പിറവിക്കുമുമ്പ് നാല് തെരഞ്ഞെടുപ്പുകളിൽ മത്സരിച്ചിരുന്നു. 1948-ൽ ഒല്ലൂർക്കരമണ്ഡലത്തിൽനിന്ന് കൊച്ചി നിയമസഭയിലേക്കും 51ൽ വിയ്യൂർ മണ്ഡലത്തിൽനിന്നും 54 ൽ മണലൂരിൽ നിന്നും തിരുക്കൊച്ചി നിയമസഭയിലേക്കും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടു. നാല് തവണ കേരളത്തിന്റെ മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും മൂന്നുതവണ പ്രതിപക്ഷനേതാവും ഒരിക്കൽ കേന്ദ്രമന്ത്രിയുമായിരുന്നു. ദേശീയരാഷ്ട്രീയത്തിലെ കിങ്മേക്കറാകാൻ ഭാഗ്യംകിട്ടിയ മലയാളികൂടിയായിരുന്നു കെ.കരുണാകരൻ. നെഹ്റു കുടുംബത്തോടുണ്ടായിരുന്ന അടുപ്പവും അനുഭവജ്ഞാനവും പ്രായോഗികബുദ്ധിയും അദ്ദേഹത്തെ ദേശീയതലത്തിലെ പല പ്രധാന തീരുമാനങ്ങളുടെയും നിർണായകപങ്കാളിയാക്കിയിരുന്നു.

പ്രതിസന്ധികളിൽനിന്നും ഊർജം ഉൾക്കൊണ്ട് പതറാതെ മുന്നോട്ടുനടന്ന അദ്ദേഹത്തിന്റെ ശക്തി ഈശ്വരഭക്തിയായിരുന്നു. വിഷമങ്ങൾ അദ്ദേഹം ഗുരുവായൂരപ്പനിൽമാത്രം ഇറക്കിവച്ചു. പ്രിയതമ കല്യാണിക്കുട്ടിയമ്മയുടെ മരണത്തിനുമുമ്പിൽ മാത്രം അദ്ദേഹം അല്പമൊന്നു പതറി. ഏഴുപതിറ്റാണ്ട് രാഷ്ട്രീയരംഗത്ത് ജ്വലിച്ചുനിന്ന ലീഡറുടെ ശിഷ്യന്മാരാണ് ഇന്നത്തെ നേതാക്കളിൽ ഒട്ടുമിക്കവരും.

നെടുമ്പാശ്ശേരി വിമാനത്താവളം, ആക്കുളം വ്യോമസേനാകേന്ദ്രം, സംസ്കൃതസർവകലാശാല തുടങ്ങി പട്ടിക നീണ്ടുനീണ്ടുപോകുന്ന വികസനവിപ്ലവങ്ങൾക്ക് നേതൃത്വം നല്കിയ കരുത്തനായ ഭരണാധികാരിയായിരുന്ന അദ്ദേഹം. പ്രതിസന്ധികൾക്കുവഴങ്ങാതെ എടുക്കുന്ന തീരുമാനങ്ങൾ ചടുലതയോടെ നടപ്പാക്കുന്നതിൽ ഇത്രയധികം വിജയിച്ചിട്ടുള്ള മറ്റൊരു ഭരണാധികാരി കേരളത്തിൽ ഇല്ല എന്നുതന്നെ പറയാം. ട്രേഡ്യൂണിയൻ നേതാവ്, സ്വാതന്ത്ര്യസമരസേനാനി, മികച്ച നിയമസഭാസാമാജികൻ, ഭരണാധികാരി എന്നീ നിലകളിലെല്ലാം തിളങ്ങിയ ഈ നേതാവ് ജനങ്ങൾ നെഞ്ചിലേറ്റിയ വികാരമാണെന്നുകൂടി തെളിയിക്കപ്പെട്ട രംഗങ്ങളായിരുന്നു അദ്ദേഹത്തിന് ആദരാഞ്ജലികൾ അർപ്പിക്കാനെത്തിയ അഭൂതപൂർവമായ ജനത്തിരക്കിലൂടെ ദൃശ്യമായത്. ഭരണത്തിന്റെ ഔപചാരിതകൾക്കപ്പുറം ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെടാനുള്ള മനസ്സ്, സഹിഷ്ണത, വിമർശനങ്ങൾക്കുമുന്നിൽ കൂസാതെ സ്വന്തം ഇമേജിനെപ്പോലും തൃണവത്ഗണിച്ച്, തനിക്ക് ബോധ്യപ്പെട്ട ശരികളെപിന്തുണക്കാനുള്ള ധൈര്യം എന്നീ ഗുണങ്ങൾ കെ.കരുണാകരന്റെ മാത്രം പ്രത്യേകതകളായിരുന്നു. അദ്ദേഹം കാലത്തിൻമേൽ പതിച്ച കയ്യൊപ്പ് കേരളജനത എന്നും സ്മരിക്കും. ■

സതീഷ്പൂവത്തൂർ

# കേസരി എ ബാലകൃഷ്ണപിള്ള കർമവീര്യത്തിന്റെ സൂര്യശോഭ




**ജീ**വിതത്തിന്റെ സുഖശീതളമായ മേച്ചിൽപ്പുറങ്ങളിൽനിന്നെല്ലാം വിട്ടകന്ന് കർമവീര്യത്തിന്റെ നിത്യജോതിസ് ഹൃദയപീഠത്തിലേറ്റി വ്യക്തിചേതനയെയും സമൂഹത്തെയും ശുദ്ധീകരിക്കാൻ ഉദ്യമിച്ച അപൂർവം ചില പ്രതിഭാശാലികളിലൊരാളാണ് കേസരി എ. ബാലകൃഷ്ണപിള്ള. അന്ധകാരത്തെ കീറിമുറിക്കുന്ന തീക്ഷ്ണതയാർന്ന ആശയങ്ങൾ ജനഹൃദയങ്ങളിലേയ്ക്ക് പകർന്ന് അദ്ദേഹം വിപ്ലവത്തിന്റെ ചടുലതാളങ്ങൾ സൃഷ്ടിച്ചു. 'സംസ്കാരഭദ്രമായ ഒരു സമൂഹചേതനയെ വാർത്തെടുക്കാൻ തത്വചിന്തകന് മാത്രമേ കഴിയൂ' എന്ന് ഉറച്ച് വിശ്വസിച്ച ഗ്രീക്ക് ദാർശനികനായ സോക്രട്ടീസിന്റെ ചിന്താഗതികളോട് സമാനത പുലർത്തുന്ന യാളായിരുന്നു കേസരിയും.

തിരുവിതാംകൂറിലെ ദുഷ്പ്രഭുത്വവാഴ്ചയ്ക്കും ദിവാന്റെ കിരാതഭരണത്തിനുമെതിരെ ആഞ്ഞടിച്ച പ്രക്ഷോഭകാരിയായ കേസരി അധ്യാപനവും വക്കീൽജീവിതവും ഉപേക്ഷിച്ച് പത്രാധിപത്യത്തിലൂടെ ഒരു നവയുഗസൃഷ്ടിക്ക് തുടക്കം കുറിച്ചു. 'സമദർശി'യിലൂടെ അധികാരസ്ഥാനങ്ങളെ അസ്വസ്ഥമാക്കിയപ്പോൾ ആ പത്രം വിടേണ്ടി വരികയും സ്വന്തമായി 'പ്രബോധകൻ' എന്ന പത്രം ആരംഭിക്കുകയും ചെയ്തു. ചങ്കുറപ്പും ഉൾക്കരുത്തുമുള്ള വരകളും വാക്കുകളും പ്രബോധകനിൽ സ്ഥാനം പിടിച്ചു. വേദനിക്കുന്നവന്റെ ഹൃദയനൊമ്പരമായത് മാറി. യാഥാർഥ്യങ്ങൾക്ക് നേരെ ചെളിവാരിയെറിഞ്ഞും കടുത്ത ദണ്ഡനകൾ നൽകിയും പ്രബോധകനെ നിഷ്പ്രഭമാക്കാൻ ദിവാനും അനുകൂലികളും ശ്രമിച്ചുവെങ്കിലും അതിനെയെല്ലാം അതിജീവിച്ച് പതിന്മടങ്ങ് കരുത്താർജിച്ചു. ഒടുവിൽ പത്രമാരണനിയമത്തിലൂടെ തളയ്ക്കാൻ ശ്രമിച്ചപ്പോൾ 'കേസരി' എന്ന മറ്റൊരു പത്രവുമായി ജനമധ്യത്തിൽ അദ്ദേഹം പ്രത്യക്ഷപ്പെട്ടു. സവ്യസായിയായ അർജുനന്റെ അസ്ത്രപ്രയോഗസാമർഥ്യം പോലെ പ്രബോധകനിലൂടെയും കേസരിയിലുടെയും അദ്ദേഹം അധികാരദുർവൃന്ദത്തെ നിഷ്പ്രഭമാക്കി. തന്റെ സ്വാതന്ത്ര്യം മറ്റൊന്നിനും അടിയറവയ്ക്കാത്ത യവനകഥയിലെ പ്രൊമ്യൂത്യൂസിനെപ്പോലെ കേസരി എ ബാലകൃഷ്ണപിള്ള ജ്വലിച്ചു നിന്നു.

എഴുത്തുകാർക്ക് മാർഗദർശിയും ആചാര്യനുമായിരുന്നു കേസരി. പാശ്ചാത്യസാഹിത്യലോകത്തിന്റെ പുതിയ വാതായനങ്ങൾ സഹൃദയരായ വായനക്കാർക്ക് തുറന്നുകൊടുക്കുകയും ആധുനിക മലയാളസാഹിത്യത്തെ പാശ്ചാത്യ കലാ സാഹിത്യ പ്രവണതകളുമായി അടുപ്പിക്കുകയും ചെയ്തു. റഷ്യൻ, ഇംഗ്ലീഷ്, ഫ്രഞ്ച്, സ്പാനിഷ് തുടങ്ങിയ ഭാഷകളിൽ തികഞ്ഞ അവഗാഹമുണ്ടായിരുന്ന കേസരി ആ ഭാഷയിൽ നിന്നും നിരവധി പുസ്തകങ്ങൾ പരിഭാഷപ്പെടുത്തി മലയാള സാഹിത്യത്തെയും സംസ്കാരത്തെയും ശക്തിപ്പെടുത്തി. കേരളത്തിൽ പുരോഗമന സാഹിത്യത്തിന്റെ ആവിർഭാവത്തിന് തുടക്കം കുറിച്ച മുൻനിര എഴുത്തുകാരിൽ അഗ്രഗാമിയായിരുന്നു കേസരി. ഇങ്ങനെ വിവിധ മേഖലകളിൽ നിറസാന്നിധ്യമായിരുന്ന കേസരിയുടെ ജീവിതത്തെയും സാഹിത്യത്തെയും അനാവരണം ചെയ്യുന്ന ചുരുക്കം ചില കൃതികൾ മലയാളത്തിലുണ്ട്.

കേസരിയുടെ അമ്പതാം ചരമവാർഷികത്തോടനുബന്ധിച്ച് പി.ആർ.ഡി പ്രസിദ്ധീകരിച്ച 'കേസരി എ.ബാലകൃഷ്ണപിള്ള കർമവീര്യത്തിന്റെ സൂര്യശോഭ' എന്ന പുസ്തകം ഏറെ വിലപ്പെട്ട ഒരാധികാരിക രേഖയാണ്. ഇന്ന് ജീവിച്ചിരിക്കുന്ന പ്രമുഖ എഴുത്തുകാരുടെ ലേഖനങ്ങളും അനശ്വരതയിലാണ്ട പഴയ കാല സാഹിത്യകാരന്മാരുടെ ലേഖനങ്ങളും ഈ പുസ്തകത്തിന്റെ ഭാവഗാംഭീര്യം വർധിപ്പിച്ചിട്ടുണ്ട്. കേസരിയുടെ തന്നെ തെരഞ്ഞെടുത്ത മുഖപ്രസംഗങ്ങൾ ഈ പുസ്തകത്തിന്റെ മറ്റൊരു ആകർഷണീയതയാണ്. ഈ മുഖപ്രസംഗങ്ങളിലൂടെ കേസരിയിലെ ധീരനായ പത്രപ്രവർത്തകനെയും അദ്ദേഹത്തിന്റെ ശക്തമായ ഭാഷയെയും ദർശിക്കാം. ആ കർമധീരനെ പ്രകീർത്തിച്ച് കവികൾ രചിച്ച കവിതാശകലങ്ങളും ലഘുജീവചരിത്രക്കുറിപ്പുകളുമടങ്ങുന്ന ഈ ഗ്രന്ഥം ഇളം തലമുറകൾക്ക് എന്നുമൊരു മുതൽക്കൂട്ടായിരിക്കും.

പി.ആർ.ഡി പ്രസിദ്ധീകരണം

വില ₹ 130

# സ്നേഹപ്പൂക്കളായി ഒ.എൻ.വി ചിത്രങ്ങൾ

ജന്മനാടിന്റെ സ്നേഹപ്പൂക്കളേറ്റുവാങ്ങാൻ ചവറയിലെത്തിയ ജ്ഞാനപീഠം ജേതാവ് മഹാകവി ഒ.എൻ.വിക്ക് ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് 101 ഓർമച്ചിത്രങ്ങൾ കൊണ്ട് സ്നേഹാദരങ്ങൾ അർപ്പിച്ചു. കവിയുടെ ആദ്യ വിദ്യാലയമായ ചവറ ശങ്കരമംഗലം ഹൈസ്കൂൾ കോലായിൽ ഇക്കഴിഞ്ഞ നവംബർ 18, 19 തീയതികളിലായിരുന്നു മായാത്ത ഓർമച്ചിത്രങ്ങളുടെ പ്രദർശനം. പ്രദർശനം ജലവിഭവ മന്ത്രി എൻ.കെ.പ്രേമചന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജ്ഞാനപീഠം നേടിയ ഒ.എൻ.വി.ക്ക് ജന്മനാട് നൽകിയ വൻവരവേല്പിന്റെ ഭാഗമായിട്ടായിരുന്നു ദ്വിദിന ചിത്രപ്രദർശനം.

ജ്ഞാനപീഠം പുരസ്ക്കാരം ലഭിച്ചതറിഞ്ഞ് വിദേശത്തുനിന്നും മടങ്ങിയെത്തിയ ഒ.എൻ.വിക്ക് തിരുവനന്തപുരം വിമാനത്താവളത്തിൽ ലഭിച്ച സ്നേഹോഷ്മളമായ വരവേല്പിന്റെ വിവിധ ചിത്രങ്ങൾ മുതൽ കാവ്യജീവിതത്തിലെ അനർഘ നിമിഷങ്ങളിൽ നിന്നും ഒപ്പിയെടുത്ത അപൂർവ ചാരുതയാർന്ന ചിത്രങ്ങളുമാണ് പ്രദർശനത്തിലുണ്ടായിരുന്നത്.



ഒ.എൻ.വി. ചിത്രപ്രദർശനം ജലവിഭവമന്ത്രി എൻ.കെ. പ്രേമചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു

കവി പിറന്ന ചവറ നമ്പ്യാടിക്കൽ തറവാട്, ആദ്യവിദ്യാലയമായ ചവറ ശങ്കരമംഗലം ഹൈസ്കൂൾ, വായനയുടെ ലോകത്തിലേക്ക് കൈപിടിച്ചാനയിച്ച സ്വദേശാഭിമാനി ഗ്രന്ഥശാലയുടെ ലൈബ്രേറിയനായിരുന്ന വായനശാല കുട്ടൻപിള്ളയെ ചവറ വികാസിന്റെ വേദിയിൽ വച്ച് സ്നേഹാദരങ്ങൾ അർപ്പിച്ച് ആശ്ലേഷിക്കുന്ന ഒ.എൻ.വി, എ.കെ.ജി, ഇ.എം.എസ് തുടങ്ങി ഗാന-സംഗീതകലാജീവിതത്തിലെ ഉറ്റചങ്ങാതിമാരും സഹപ്രവർത്തകരുമായിരുന്ന പരവൂർ ദേവരാജൻ, വയലാർ, ബാബുരാജ് തുടങ്ങിയവരൊത്തുള്ള ചിത്രങ്ങളും നിറഞ്ഞ പ്രദർശനത്തിൽ വിദ്യാർഥിജീവിതകാലത്തെ ഒരു തോണിയാത്രയുടെ അപൂർവ സുന്ദരമായ ചിത്രവുമുണ്ട്.

ഒരുനിര നിറഞ്ഞ പ്രദർശനത്തിൽ പത്നി സരോജിനീദേവിയുടെ കഴുത്തിൽ മാലചാർത്തി വധുവായി സ്വീകരിക്കുന്ന ചിത്രവും അച്ഛൻ ഒ.എൻ.വി.കൃഷ്ണക്കുറുപ്പ്, അമ്മ ലക്ഷ്മിക്കുട്ടി, സഹോദരീമക്കൾ, ചെറുമക്കൾ, ജാമാതാക്കൾ

# സാമൂഹികവനവത്കരണപദ്ധതിക്ക് ഐക്യരാഷ്ട്രസഭയുടെ അംഗീകാരം

സംസ്ഥാനസർക്കാർ നടപ്പാക്കിയ സാമൂഹിക വനവത്കരണപദ്ധതിക്ക് ഐക്യരാഷ്ട്ര സഭയുടെ അംഗീകാരം ലഭിച്ചു. കേരളത്തിലെ എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ, ഹരിതതീരം, ഹരിതകേരളം തുടങ്ങിയ പദ്ധതികൾ ഐക്യരാഷ്ട്ര പരിസ്ഥിതി പരിപാടിയുടെ (യുനെപ്) ഭാഗമായാണ് അംഗീകരിച്ചിട്ടുള്ളത്.

ഇതുമായി ബന്ധപ്പെട്ട് അംഗീകാരപത്രം വനം-ഭവന നിർമാണ വകുപ്പ് മന്ത്രി ബിനോയ് വിശ്വത്തിന് ഇന്ത്യയിലെ ഐക്യരാഷ്ട്രസഭ പ്രവർത്തനങ്ങളുടെ റസിഡന്റ് കോ ഓർഡിനേറ്റർ പാട്രിസ് ക്യോർബിസോട്ട് തിരുവനന്തപുരത്ത് വഴുതക്കാടുള്ള വനശ്രീ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കൈമാറി.

സാമൂഹിക വനവത്കരണപ്രസ്ഥാനത്തിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ അഭിമാനനിമിഷമാണിതെന്നും നട്ടുപിടിപ്പിച്ച ഓരോ മരത്തിനും പിന്നിലും വാടിപ്പോകാത്ത ഒരാശയമുണ്ടെന്നും പ്രശസ്തിപത്രം ഏറ്റുവാങ്ങിക്കൊണ്ട് വനം വകുപ്പ് മന്ത്രി ബിനോയ് വിശ്വം പറഞ്ഞു. ലോകം നേരിടുന്ന മഹാഭീഷണിയോട് കൊച്ചുകേരളത്തിന്റെ പ്രതികരണമാണിത്. ആഗോളതാപനത്തിന് മരം മാത്രമാണ് പരിഹാരം എന്ന സന്ദേശം എല്ലാവരിലുമെത്തിക്കാനായതാണ് ഈ പ്രസ്ഥാനത്തിന്റെ നേട്ടം.




ഐക്യരാഷ്ട്രസഭയുടെ അംഗീകാരപത്രം വനംമന്ത്രി ബിനോയ്‌വിശ്വം ഏറ്റുവാങ്ങുന്നു

കേരളത്തിന് ലഭിച്ച ഈ അംഗീകാരം കേരളത്തിലെ സ്കൂൾ വിദ്യാർഥികൾക്ക് സമർപ്പിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു.

മൂന്നു വർഷത്തിനിടെ ഏഴുകോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിച്ച് കേരളം ലോകത്തിനുതന്നെ മാതൃകയായിരിക്കുന്നുവെന്ന് പാട്രിസ് ക്യോർബിസോട്ട് പറഞ്ഞു.ഐക്യരാഷ്ട്ര സഭയുടെ ബില്യൺ ട്രീ പദ്ധതിയുമായി കൈകോർത്തതിന് കേരളത്തോട് അദ്ദേഹം നന്ദിയും അറിയിച്ചു. അടുത്ത തവണ വരുമ്പോൾ കേരളം കൂടുതൽ പച്ചപ്പാർന്ന് നിൽക്കട്ടെയെന്നും അദ്ദേഹം ആശംസിച്ചു. ചടങ്ങിൽ മേയർ കെ.ചന്ദ്രിക, പ്രശസ്ത കവയിത്രി സുഗതകുമാരി, വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി സാജൻ പീറ്റർ, പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ വി.കെ.സിൻഹ എന്നിവർ സന്നിഹിതരായിരുന്നു.



ജലവിഭവമന്ത്രിയും ഒ.എൻ.വിയും പത്നി സരോജിനിദേവിയും പ്രദർശനം വീക്ഷിക്കുന്നു

തുടങ്ങിയവരുമൊത്തുള്ള ചിത്രങ്ങൾക്കുപുറമെ പത്മശ്രീ ഉൾപ്പെടെയുള്ള പുരസ്കാരങ്ങൾ സ്വീകരിക്കുന്ന ചിത്രങ്ങളും സോവിയറ്റ് യൂണിയനുകളുൾപ്പെടെ വിദേശ രാജ്യങ്ങളിലെ സന്ദർശനമുഹൂർത്തങ്ങളും ഉണ്ട്. കവിക്ക് ശതാബ്ദിയാഘോഷിക്കുന്ന ആദ്യവിദ്യാലയവേദിയിൽ സംസ്ഥാന ഗവർണർ ആദരവ് അർപ്പിച്ച് കസവണിയിക്കുന്ന ചിത്രവും ഓർമകൾ മേയുന്ന വിദ്യാലയ തിരുമുറ്റത്ത് പഴയ നെല്ലിമരം പട്ടിടത്ത് ജലവിഭവവകുപ്പ് മന്ത്രി എൻ.കെ.പ്രേമചന്ദ്രനുമൊത്ത് പുതുനെല്ലിമരത്തെ നടുന്ന കവിയുടെ ചിത്രം, ലണ്ടനിലെ ഹൈഗ്രേറ്റ് സെമിത്തേരിയിലെ കാറൽമാക്സിന്റെ ശവകുടീരത്തിനുമുന്നിൽ ഏകാഗ്രചിത്തനായി നിൽക്കുന്ന കവിയുടെചിത്രം എന്നിവ ഒ.എൻ.വി കവിതകളെപ്പോലെ തന്നെ മനസ്സിൽ നിന്ന് മായാത്തതാണ്.

പ്രദർശനോദ്ഘാടനച്ചടങ്ങിൽ പി.ആർ.ഡി ഡെപ്യൂട്ടി ഡയറക്ടർ എസ്. നാസർ, സ്വീകരണ കമ്മിറ്റി കൺവീനർ അഷ്ടമുടി വേണുനാഥ്, ജില്ലാ ഇൻഫർമേഷൻ ഓഫീസർ വേണുഗോപാൽ, സ്കൂൾ ഹെഡ്മിസ്ട്രസ് പത്മജ തുടങ്ങിയവർ പങ്കെടുത്തു.

*എസ്. നാസർ*
*പി.ആർ.ഡി ഡെപ്യൂട്ടി ഡയറക്ടർ*
*ഐ & പി.ആർ.ഡി., കൊല്ലം*

# മുതിർന്ന പൗരൻമാർക്ക് ഒത്തുചേരാനൊരിടം



ഉണർവ് സാംസ്കാരിക കൂട്ടായ്മ സാംസ്കാരികമന്ത്രി എം.എ. ബേബി ഉദ്ഘാടനം ചെയ്യുന്നു

സവിശേഷവും വ്യത്യസ്തവുമായ കർമമണ്ഡലങ്ങളിൽ വ്യാപരിച്ച് അറിവും അനുഭവസമ്പത്തും നടിയ മുതിർന്ന പൗരന്മാർക്ക് ഒത്തുചേരാനായി തലസ്ഥാനത്ത് ഉണർവ് എന്ന പേരിൽ ഒരു സാംസ്കാരികക്കൂട്ടായ്മ തുടങ്ങി. വൈലോപ്പിള്ളി സംസ്കൃതിഭവനാണ് ഈ നൂതന സംരംഭം സാക്ഷാത്കൃതമാക്കുന്നത്.എല്ലാ മാസവും ഒരു നിശ്ചിതദിവസം ഉണർവിന്റെ ഒത്തുചേരലിനായി സംസ്കൃതി ഭവൻ വിട്ടുനൽകും. നഗരത്തിലും പ്രാന്തപ്രദേശങ്ങളിലുമുള്ള മുതിർന്ന പൗരന്മാർക്ക് പരസ്പരം ആശയങ്ങൾ പങ്കുവയ്ക്കാനും ചെറുചർച്ചകൾ, പ്രഭാഷണങ്ങൾ, ക്ലാസുകൾ, കലാസാംസ്കാരികപരിപാടികൾ എന്നിവ നടത്താനും ഈ വേദി പ്രയോജനപ്പെടുത്താം.ഉണർവിന്റെ ഉദ്ഘാടനം. സാംസ്കാരികവകുപ്പ് മന്ത്രി എം.എ.ബേബി നിർവഹിച്ചു.

# മൊഴിച്ചെപ്പ്

പത്രപ്രവർത്തനം ദൈവികമാണെന്നു പറയാൻ കാരണം അതിന് സാങ്കേതികതയുടെ കെട്ടുപാടുകൾ ഇല്ലാത്തതുകൊണ്ടാണ്. പത്രക്കാരൻ ഉത്തരവാദിത്തം മറന്നാൽ പിന്നെ ദൈവമില്ലാത്ത അവസ്ഥയായിരിക്കും.

**സുകുമാർ അഴിക്കോട്**

ഇന്ന് മാധ്യമപ്രവർത്തനം ഒരുതരം വിജയാന്വേഷണമാണ്. ഒന്നുകിൽ മാധ്യമത്തിന്റെ വിജയാന്വേഷണം. ഇല്ലെങ്കിൽ മാധ്യമ പ്രവർത്തകന്റെ വിജയാന്വേഷണം. ഇതിനുവേണ്ടി നിരപരാധികളായ മനുഷ്യരെ ബലികൊടുക്കാൻ ഇവർക്ക് യാതൊരു മടിയുമില്ല.

**സക്കറിയ**

ചുറ്റും നോക്കുമ്പോൾ എഴുതാനുള്ള വിഷയങ്ങൾ പരന്നുകിടക്കുന്നുണ്ട്. അക്ഷരങ്ങളെ സ്നേഹിക്കുന്നവർക്ക് ഓരോ വിഷയവും ഓരോ ക്ഷണമാണ്.

**എം.പി.വീരേന്ദ്രകുമാർ**

തിരുവനന്തപുരത്തുള്ള പള്ളികൂടത്തിൽ പ്രവർത്തനങ്ങളാരംഭിച്ചപ്പോൾ വിളക്കിൽ ഒരു മതവിഭാഗത്തിൽപ്പെട്ടയാൾ പച്ചമെഴുകുതിരിയും മറ്റൊരാൾ കുങ്കുമനിറത്തിലുള്ളതും വേറൊരാൾ വെള്ളമെഴുകുതിരിയും കത്തിച്ചു. നമ്മുടെ മതങ്ങൾ നിറത്തിനും ജാതി കൊടുത്തിരിക്കുന്നു.

**ജോർജ് ഓണക്കൂർ**

ഒരധ്യാപകനാകാൻ നൽകുന്ന പണത്തിന്റെ പകുതിമതി ഒരു ചെറിയ സംരംഭം തുടങ്ങി ജീവിക്കാൻ. പക്ഷേ, മലയാളി റിസ്ക് എടുക്കാൻ തയാറാകുന്നില്ല. ഒരു ജോലി കിട്ടുന്നതോടെ അവനെ സംബന്ധിച്ച് ലോകം കീഴടങ്ങിക്കഴിഞ്ഞു.

**ജി.വിജയരാഘവൻ**

സംഗീതം കൊണ്ട് സമാധാനം എന്ന ആപ്തവാക്യം രചിച്ചിട്ടുണ്ട് മാനവസമൂഹം. എന്നാൽ സംഗീതത്തിലൂടെ 'മഹായുദ്ധങ്ങൾ' തീർക്കുന്ന ചാനൽക്കാഴ്ചകൾക്കും നമ്മളിപ്പോൾ സന്തോഷപൂർവം സാക്ഷ്യം വഹിക്കുന്നുണ്ട്.

**രമേഷ് ഗോപാലകൃഷ്ണൻ**

അന്വേഷണങ്ങളാണ് ജീവിതത്തെ മുന്നോട്ട് നയിക്കുന്നത്. കലാകാരന്റെ ജീവിതംതന്നെ അന്വേഷണമാണ്. ഈ ജീവിതയാത്രയിൽ കണ്ടെത്തുന്ന കാര്യങ്ങൾ അയാളുടെ മാധ്യമത്തിലേക്ക് എങ്ങനെ പകർത്താൻ കഴിയുന്നു എന്നതാണ് ഒരു കലാകാരൻ നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി

**ഷാജി എൻ. കരുൺ**

മണ്ണിനെ പൊന്നിനേക്കാൾ പ്രധാനമായി കണ്ടിരുന്ന ഒരു തലമുറ ഉണ്ടായിരുന്ന നാടാണിത്. പണ്ട് പൊന്നുവിറ്റ് മണ്ണ് വാങ്ങിയിരുന്ന സമൂഹം ഇപ്പോൾ മണ്ണുവിറ്റ് പൊന്ന് വാങ്ങുകയാണ്.

**മുല്ലക്കര രത്നാകരൻ**

# ഉത്സവത്തിമിർപ്പിൽ കണ്ണൂർ വിമാനത്താവളത്തിന് ശിലയിട്ടു

**പതിനായിരങ്ങളെ** സാക്ഷി നിർത്തി ഉത്തരമലബാറിന്റെ സ്വപ്ന സാക്ഷാത്കാരം. നിർദിഷ്ട കണ്ണൂർ വിമാനത്താവളത്തിന് മട്ടന്നൂർ അഞ്ചരക്കണ്ടി റോഡിലെ കാരയിൽ മുഖ്യമന്ത്രി വി.എസ് അച്യുതാനന്ദൻ ശിലാസ്ഥാപനം നിർവഹിച്ചു. കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രി പ്രഫുൽ പട്ടേൽ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. തദവസരത്തിൽ ചുറ്റുമതിൽ നിർമാണോദ്ഘാടനം കേന്ദ്ര ആഭ്യന്തര സഹമന്ത്രി മുല്ലപ്പള്ളി രാമചന്ദ്രൻ ഊരാളുങ്കൽ സൊസൈറ്റിക്ക് നൽകിക്കൊണ്ടും വിമാനത്താവളം ലോഗോ പ്രകാശനം കേന്ദ്ര റെയിൽവെ സഹമന്ത്രി ഇ. അഹമ്മദ് കെ സുധാകരൻ എം.പിക്ക് നൽകിക്കൊണ്ടും നിർവഹിച്ചു.. റവന്യൂ വകുപ്പ് മന്ത്രി കെ.പി രാജേന്ദ്രൻ തീറാധാര കൈമാറ്റം നടത്തി. സംസ്ഥാന മന്ത്രിമാരായ പി.കെ. ശ്രീമതിടീച്ചർ, രാമചന്ദ്രൻ കടന്നപ്പള്ളി, കെ. സുധാകരൻ എം.പി, പി. കരുണാകരൻ എം.പി എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു.



കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന് മുഖ്യമന്ത്രി ശിലാസ്ഥാപനം നിർവഹിക്കുന്നു

മുൻ കേന്ദ്ര വ്യോമയാന സഹമന്ത്രി സി.എം. ഇബ്രാഹിം, മുൻ കേന്ദ്ര റെയിൽവെ സഹമന്ത്രി ഒ. രാജഗോപാൽ എന്നിവർ ഗ്രീൻബെൽറ്റ് പദ്ധതിയുടെ ഭാഗമായി വൃക്ഷത്തൈകൾ നട്ടു.

നിർദിഷ്ട കണ്ണൂർ വിമാനത്താവളം യാഥാർഥ്യമാകുന്നതോടെ വ്യവസായ വാണിജ്യ മേഖലക്ക് വൻമുന്നേറ്റമാണ് ഉണ്ടാകാൻ പോകുന്നതെന്ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പ്രസ്താവിച്ചു. ഗൾഫ് രാജ്യങ്ങളിൽ ജോലി ചെയ്യുന്ന 20 ലക്ഷം മലയാളികളിൽ 14 ശതമാനവും കണ്ണൂർ സ്വദേശികളാണ്. കണ്ണൂർ വിമാനത്താവള പദ്ധതിയിൽ 26 ശതമാനം ഓഹരികൾ സംസ്ഥാന സർക്കാറിനും 23 ശതമാനം സംസ്ഥാന പൊതുമേഖലക്കും രണ്ടുശതമാനം സർക്കാറിന് പങ്കാളിത്തമുള്ള സംയുക്ത മേഖലക്കുമായിരിക്കും. തലശ്ശേരി, - മൈസൂർ റെയിൽപാത യാഥാർത്ഥ്യമാകുന്നതിന് ഏറ്റവും വലിയ പ്രോത്സാഹനമാകും കണ്ണൂർ വിമാനത്താവളമെന്ന് മുഖ്യമന്ത്രി പറഞ്ഞു

ഗൾഫിലേക്ക് യാത്ര ചെയ്യുന്നതിന് മലയാളികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾക്ക് ഒരുമാസത്തിനകം പരിഹാരമുണ്ടാക്കുമെന്ന് കേന്ദ്ര വ്യോമയാന വകുപ്പ് മന്ത്രി പ്രഫുൽ പട്ടേൽ അറിയിച്ചു. കണ്ണൂർ അന്താരാഷ്ട്രവിമാനത്താവളം പ്രവൃത്തി ഉദ്ഘാടനച്ചടങ്ങിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകായിരുന്നു അദ്ദേഹം,. എയർ ഇന്ത്യയുമായുള്ള പ്രശ്നങ്ങൾക്ക് ഉടൻ പരിഹാരം കാണും.

ചടങ്ങിൽ എം.എൽ.എമാരായ കെ.കെ. ശൈലജ ടീച്ചർ, കെ.എം. മാണി, സി.കെ.പി. പത്മനാഭൻ, എം. പ്രകാശൻ മാസ്റ്റർ, എ.പി.അബ്ദുള്ളക്കുട്ടി, കെ.പി. മോഹനൻ, പി. ജയരാജൻ, മുൻ മന്ത്രി എ.സി. ഷൺമുഖദാസ്, സിവിൽ ഏവിയേഷൻ സെക്രട്ടറി നസീം സെയ്ത്, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് പ്രൊഫ. കെ.എ. സരള, മട്ടന്നൂർ നഗരസഭാ ചെയർ പേഴ്സൺ സീന ഇസ്മയിൽ, , കീഴല്ലൂർ പഞ്ചായത്ത് പ്രസിഡണ്ട് എം. സുസ്മിത, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ ആശംസ നേർന്നു. വിമാനത്താവള സ്പെഷ്യൽ ഓഫീസർ വി. തുളസീദാസ് റിപ്പോർട്ട് അവതരിപ്പിച്ചു. ജില്ലാ കലക്ടർ വി.കെ. ബാലകൃഷ്ണൻ, ലാന്റ് അക്വിസിഷൻ പുനരധിവാസ റിപ്പോർട്ടും അവതരിപ്പിച്ചു. ആഭ്യന്തര - ടൂറിസം വകുപ്പ് മന്ത്രി കോടിയേരി ബാലകൃഷ്ണൻ സ്വാഗതവും ടൂറിസം സെക്രട്ടറി ഡോ. വി. വേണു നന്ദിയും പറഞ്ഞു.

*സുഗതൻ. ഇ.വി.*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ*

# വയലാറിനും തകഴിയ്ക്കും സാഹിത്യപ്രവർത്തക സഹകരണ സംഘം പുരസ്കാരങ്ങൾ

**സാഹിത്യപ്രവർത്തക** സഹകരണ സംഘത്തിന്റെ പ്രഥമ പുരസ്കാരങ്ങൾ വയലാർ രാമവർമ്മയ്ക്കും തകഴി ശിവശങ്കരപ്പിള്ളയ്ക്കും മരണാനന്തര ബഹുമതിയായി നൽകി. ഒന്നേകാൽ ലക്ഷം രൂപയും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരങ്ങൾ.

മലയാള ഗദ്യസാഹിത്യത്തിലെ കുലപതിയും അധസ്ഥിത ജീവിതങ്ങളെയും അവരുടെ സ്വപ്നങ്ങളെയും അതീവഹൃദ്യമായി ആവിഷ്ക്കരിച്ച മഹാനായ സാഹിത്യകാരനുമായിരുന്നു തകഴി ശിവശങ്കരപിള്ളയെന്ന് തകഴിയുടെ പത്നി കാത്തയ്ക്ക് പുരസ്കാരം കൈമാറിക്കൊണ്ട് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ പറഞ്ഞു. ശങ്കരമംഗലം തറവാട്ടിലെ തകഴി സ്മൃതിമണ്ഡപത്തിലായിരുന്നു ചടങ്ങ്.

വയലാർ രാമവർമ്മ അന്ത്യവിശ്രമം കൊള്ളുന്ന വയലാർ രാഘവപ്പറമ്പിൽ നടന്ന മറ്റൊരു ചടങ്ങിൽ സഹകരണം-കയർ വകുപ്പു മന്ത്രി ജി.സുധാകരൻ വയലാറിന്റെ പത്നി ഭാരതിത്തമ്പുരാട്ടിക്കും പുരസ്കാരം കൈമാറി. അദ്ധ്വാനിക്കുന്നവന്റെ സാഹിത്യവും സംഗീതവുമാണ് വയലാറിന്റേതെന്നും മാർക്സിന്റെ ദാർശനികത വയലാർ കവിതകളിലും ഗാനങ്ങളിലും നിറഞ്ഞു കാണാമെന്നും മന്ത്രി പറഞ്ഞു.

വിശ്വസാഹിത്യത്തിന്റെ സീമകളിലേയ്ക്ക് മലയാളത്തെ എത്തിച്ച മഹാരഥൻമാരാണ് തകഴിയും വയലാറുമെന്ന് പ്രൊഫ. എം.കെ. സാനു പറഞ്ഞു. ഉച്ചനീചത്വങ്ങളെ ഇല്ലാതാക്കുന്ന സാമൂഹിക ക്രമം പുനസ്ഥാപിക്കാൻ തകഴിക്ക് കഴിഞ്ഞെന്ന് സുകുമാർ അഴിക്കോട് അനുസ്മരിച്ചു. പാവപ്പെട്ട കർഷകത്തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളികളുടെയും തോട്ടികളുടെയുമെല്ലാം ജീവിതം മലയാളസാഹിത്യത്തിൽ ഏറ്റവും ഹൃദയസ്പൃക്കായി ആവിഷ്കരിച്ച സാഹിത്യ നായകനാണ് തകഴിയെന്നും അദ്ദേഹം കൂട്ടിചേർത്തു. പ്രശസ്ത വ്യക്തികളും സാഹിത്യ പ്രേമികളുമടക്കം വൻജനാവലി ഇരു ചടങ്ങുകൾക്കും സാക്ഷിയായി.

*എൻ.സുനിൽ കുമാർ*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,, ആലപ്പുഴ.*



മന്ത്രി ജി. സുധാകരൻ വയലാറിന്റെ പത്നി ഭാരതിത്തമ്പുരാട്ടിക്ക് പുരസ്കാരം കൈമാറുന്നു

# വിഷമഴയുടെ ദുരിതവേദനകൾ പങ്കുവെയ്ക്കാൻ അവരെത്തി

**കാസർകോട്** ജില്ലയിൽ എൻഡോസൾഫാൻ വിഷമഴയിൽ ദുരിതംപേറുന്നവരുടെ നേർക്കാഴ്ച്ചകൾ കാണാൻ സാംസ്കാരിക പ്രവർത്തകർ കുന്നും മലയും കയറി ദുരിത മേഖലയിലെത്തി.

തല വളരുന്ന നാലര വയസ്സുകാരി ഉമൈബത്ത് ശാലിയുടെയും, സംസാരശേഷിയില്ലാത്ത സഹോദരങ്ങളായ ഐത്തനടുക്ക കക്കബെട്ടുവിലെ സൗമ്യ (16) അരുൺ കുമാർ (14) എന്നിവരുടെ വീടുകളിലുമാണ് സംസ്കാരിക പ്രവർത്തകരെത്തിയത്.

മയ്യഴിയുടെ കഥാകാരൻ എം മുകുന്ദൻ, സാഹിത്യ അക്കാദമി പ്രസിഡണ്ട് പി വൽസല, പി കെ ഗോപി, ഇബ്രാഹിം വേങ്ങര, പുരുഷൻ കടലുണ്ടി, രാവുണ്ണി, കെ ഇ എൻ കുഞ്ഞഹമ്മദ്, ബാബു ജോൺ, ഡോ. ലിസി മാത്യു, പവിത്രൻ തീക്കുനി, ഡോ. എ കെ നമ്പ്യാർ, ഡോ. എസ് പ്രകാശ് കൃഷ്ണൻ, അനിൽ മാരോത്ത്, പൊന്ന്യം ചന്ദ്രൻ, കെ വി കുഞ്ഞിരാമൻ എം എൽ എ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. പി പി ശ്യാമളാദേവി തുടങ്ങിയവരാണ് സന്ദർശനം നടത്തിയത്. സാംസ്കാരിക വകുപ്പിന്റെയും, വിവിധ അക്കാദമികളുടെയും നേതൃത്വത്തിലായിരുന്നു സന്ദർശനം സംഘടിപ്പിച്ചത്.



കാസർകോട് ജില്ലയിൽ എൻഡോസൾഫാൻ വിഷമഴയിൽ ദുരിതമനുഭവിക്കുന്നവരെ സാംസ്കാരികപ്രവർത്തകർ സന്ദർശിച്ചപ്പോൾ.

എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കാൻ പുനരധിവാസപദ്ധതി തയ്യാറാക്കി മുഖ്യമന്ത്രിക്കും സാംസ്കാരിക സാമൂഹിക ക്ഷേമ മന്ത്രിമാർക്കും നൽകുമെന്ന് അക്കാദമി ഭാരവാഹികൾ അറിയിച്ചു. ദുരിത ബാധിതരുടെ ചികിൽസയ്ക്കും ഉപജീവനത്തിനും വേണ്ട സഹായങ്ങൾ നൽകാൻ കേന്ദ്ര സർക്കാർ തയ്യാറാകണമെന്നും സാംസ്കാരികക്കൂട്ടായ്മ ആവശ്യപ്പെട്ടു.

സാംസ്കാരികക്കൂട്ടായ്മ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഡ്വ. പി പി ശ്യാമളാദേവി ഉദ്ഘാടനം ചെയ്തു. പി കെ ഗോപി അധ്യക്ഷത വഹിച്ചു. രവീന്ദ്രൻ തീക്കുനി, മധു എസ് നായർ എന്നിവർ കവിത അവതരിപ്പിച്ചു. പൊന്ന്യം ചന്ദ്രന്റെ നേതൃത്വത്തിൽ ദുരിത ഭീകരതയുടെ ചിത്രങ്ങളും വരച്ചു. എൻഡോസൾഫാൻ ഒഴിപ്പിക്കുന്നതിന്റെ പ്രതീകമായി മാരിയാട്ടവും നടത്തി. എം മുകുന്ദൻ, പി വി കെ പനയാൽ, രാവുണ്ണി, എ കെ നമ്പ്യാർ, പുരുഷൻ കടലുണ്ടി എന്നിവർപ്രസംഗിച്ചു.

*കെ അബ്ദുറഹിമാൻ*

*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,കാസർകോട്.*

# സംസ്ഥാന സ്കൂൾ കലോത്സവം ജനുവരി 17 മുതൽ 23 വരെ കോട്ടയത്ത്

**ഏഷ്യയിലെ** ഏറ്റവും ബൃഹത്തായ സാംസ്കാരികക്കൂട്ടായ്മയായ കേരള സ്കൂൾ കലോത്സവം 2011 ജനുവരി 17 മുതൽ 23 വരെ കോട്ടയത്ത് നടത്താൻ വിദ്യാഭ്യാസമന്ത്രി എം.എ. ബേബിയുടെ നേതൃത്വത്തിൽ നവംബർ 11ന് കോട്ടയം എം.ഡി. സെമിനാരി ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന യോഗം തീരുമാനിച്ചു. പ്രദർശന ഇനങ്ങളായി കലോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള വഞ്ചിപ്പാട്ട്, ചവിട്ടുനാടകം എന്നിവയിൽ കൂടുതൽ പേർ പങ്കെടുക്കുന്ന സാഹചര്യം ഉണ്ടായാൽ അടുത്ത വർഷം അവ മത്സരയിനമാക്കുന്ന കാര്യം പരിഗണിക്കുമെന്നും മന്ത്രി അറിയിച്ചു.

സംസ്ഥാനസ്കൂൾ കലോത്സവത്തിന് അക്ഷരനഗരി ആതിഥ്യമരുളുന്നത് 14 വർഷത്തെ ഇടവേളയ്ക്കുശേഷമാണ്. 51-ാമത് കലോത്സവത്തിന്റെ വിജയകരമായ സംഘാടനത്തിന് ജനപ്രതിനിധികൾ, രാഷ്ട്രീയകക്ഷി നേതാക്കൾ, കലാ-സാഹിത്യ-സാംസ്കാരിക നായകന്മാർ, പൗരപ്രമുഖർ, സന്നദ്ധപ്രവർത്തകർ, വിവിധ വകുപ്പുമേധാവികൾ തുടങ്ങിയവർ ഉൾപ്പെട്ട വിപുലമായ സംഘാടകസമിതി രൂപീകരിച്ചു.

കലോത്സവത്തിന്റെ നടത്തിപ്പിനായി 17 സബ് കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. 216 ഇനങ്ങളിലെ മത്സരങ്ങളിൽ 9,000 ഓളം കലാപ്രതിഭകൾ മാറ്റുരയ്ക്കും. 15 കേന്ദ്രങ്ങളിലാണ് മത്സരം നടക്കുക. പ്രമുഖർ പങ്കെടുക്കുന്ന സാസ്കാരികപരിപാടികൾക്കായി ഒരു പ്രത്യേക വേദിയും മേളയ്ക്കെത്തുന്നവർക്കായി രണ്ടു ഭക്ഷണപ്പുരകളും ഉണ്ടാകും.

മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടി, മന്ത്രിമാർ, എം.പിമാർ, എം.എൽ.എ.മാർ തുടങ്ങിയവർ മേളയിൽ പങ്കെടുക്കും. ഗാനഗന്ധർവൻ കെ.ജെ. യേശുദാസ് സമ്മാനദാനം നിർവഹിക്കും. കുട്ടികളുടെ കലാ-സാഹിത്യാഭിരുചികൾ പരിപോഷിപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ, ഹൈസ്കൂൾ-ഹയർസെക്കൻഡറി സ്കൂൾ-വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ വിഭാഗങ്ങൾ സംയുക്തമായാണ് കലോത്സവം നടത്തുന്നത്.

സംഘാടകസമിതി രൂപീകരണയോഗം മന്ത്രി എം.എ. ബേബി ഉദ്ഘാടനം ചെയ്തു. വി.എൻ. വാസവൻ എം.എൽ.എ. അധ്യക്ഷത വഹിച്ചു. മോൻസ് ജോസഫ് എം.എൽ.എ., ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് രാധാ വി. നായർ, ജില്ലാ കളക്ടർ മിനി ആന്റണി, കോട്ടയം നഗരസഭാധ്യക്ഷൻ സണ്ണി കല്ലൂർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എ.പി.എം. മുഹമ്മദ് ഹനീഷ്, ഹയർ സെക്കൻഡറി വിദ്യാഭ്യാസ ഡയറക്ടർ ഡോ. വി.എം. സുനന്ദകുമാരി, സംസ്ഥാന വികലാംഗക്ഷേമകോർപ്പറേഷൻ ചെയർമാൻ ഉഴവൂർ വിജയൻ, ജില്ലാ പൊലീസ് സൂപ്രണ്ട് പി.ജി. അശോക് കുമാർ, നഗരസഭാ ഉപാധ്യക്ഷ മായക്കുട്ടി ജോൺ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് കെ.എ. അപ്പച്ചൻ, നഗരസഭാ കൗൺസിലർമാർ, ജില്ലാ പഞ്ചായത്തംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

*കെ. ആർ. പ്രമോദ് കുമാർ*

*അസിസ്റ്റന്റ് എഡിറ്റർ, കോട്ടയം*



■ ഗിഫു മേലാറ്റൂർ

‘കാടില്ലെങ്കിൽ നാടില്ല’ എന്ന പ്രമാണം നമ്മൾ കേട്ടിട്ടുണ്ട്. ഇത് ആക്ഷരാർഥത്തിൽ ശരിയുമാണ്. നാടിനും നഗരത്തിനും വേണ്ട വിഭവങ്ങൾ സംഭാവനചെയ്യുന്നതിൽ കാടിനും കാട്ടുവിഭവങ്ങൾക്കുമുള്ള പങ്ക് ചെറുതല്ലതന്നെ. മഴ, വെള്ളം, ശുദ്ധവായു, തേൻ, മരം, ഔഷധങ്ങൾ, ജനപഥങ്ങൾ പക്ഷിമൃഗാദികൾ എല്ലാം വനവുമായി ബന്ധപ്പെട്ടുകിടക്കുന്നു. വനങ്ങളും വനസമ്പത്തും സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കാൻ ഇനിയും വൈകിക്കൂടാ എന്നതിന്റെ മുറവിളിയാണ് ഈ പ്രമാണം. 2011 അന്താരാഷ്ട്ര വനവർഷമായി ഐക്യരാഷ്ട്രസഭ ആചരിക്കുകയാണ്. ലോകത്തിലെയും ഇന്ത്യയിലെയും കൊച്ചുകേരളത്തിലെയും വനസമ്പത്തിനെക്കുറിച്ചൊരു വേറിട്ട വീക്ഷണം.

### കാട്... കറുത്തകാട്...

ബ്രസീലിലെ ആമസോൺ വനാന്തരങ്ങളെപ്പറ്റി ചങ്ങാതിമാർ കേട്ടിട്ടുണ്ടോ? അമ്പതുമീറ്റർവരെ ഉയരത്തിൽ തലയുയർത്തിനിൽക്കുന്ന പടുകൂറ്റൻ വൃക്ഷങ്ങളാണത്രെ ആ കാട്ടിലുള്ളത്. നട്ടുച്ചയ്ക്കുപോലും സൂര്യപ്രകാശം കടന്നുവരാത്തവിധം മുകളിൽ ചുറ്റിപ്പിണഞ്ഞുകിടക്കുകയാണ് വൃക്ഷക്കൊമ്പും ഇലകളുമൊക്കെ. ഈ കാലംവരെ താഴോട്ടിറങ്ങിവരാതെ, മരശാഖകളിൽത്തന്നെ കഴിയുന്ന എത്രയോ ജനുസിൽപ്പെട്ട പക്ഷികളും മൃഗങ്ങളും ആ കാടുകളിലെ വൻമരങ്ങളിലുണ്ടത്രെ!

### ജൈവവൈവിധ്യം

ഇതുവരെയും മനുഷ്യൻ കാണാത്ത ജന്തുജാലങ്ങൽ മരങ്ങൾക്കുമുകളിൽ വർഷങ്ങളായി സ്ഥിരതാമസമുണ്ടെന്ന് അടുത്തകാലത്താണത്രെ ശാസ്ത്രജ്ഞന്മാർ മനസ്സിലാക്കുന്നത്. ആമസോൺ വനാന്തരങ്ങളിൽ മാത്രമല്ല, ആഫ്രിക്കയിലും ഏഷ്യയിലുമൊക്കെയുള്ള ഇത്തരം കാടുകളിലെ ജീവിവർഗങ്ങൾ ഇന്നും അജ്ഞാതമത്രെ. ഓരോ പുതിയ അതിഥികളെ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിക്കുന്നതും ഇങ്ങനെയാണ്. എട്ടുപത്തുപേർ കൈകോർത്ത് പിടിച്ചാലും വട്ടമെത്താത്ത ചല കൂറ്റൻ മരങ്ങളും അവയുടെ രാക്ഷസീയമായ ഉയരവും ശാസ്ത്രജ്ഞരെ അതിശയിപ്പിച്ചിട്ടുണ്ട്. അതിനുമുകളിൽനിന്നും അതുവരെ കേൾക്കാത്തതരത്തിലുള്ള ശബ്ദകോലാഹങ്ങളും കേൾക്കുമത്രെ. ആ മരമുകളിലേക്ക് കയറിച്ചെല്ലുക അത്ര എളുപ്പമല്ല. ഏതെല്ലാം കുടുംബത്തിൽപ്പെട്ട മരങ്ങളാണിത് എന്ന നിഗമനത്തിൽപ്പോലും എത്തിചേരാൻ കഴിയാത്തത്ര സങ്കീർണത നിലനിന്നിരുന്നു കുറച്ചുമുമ്പുവരെ.

പുറംലോകത്തിന് അജ്ഞാതമായ പറവവൈവിധ്യത്തെക്കുറിച്ച് പഠിക്കാനും മനസ്സിലാക്കാനും ചില ശാസ്ത്രജ്ഞന്മാർ പരിശ്രമിച്ചതിന്റെ ഫലമായി 1600 ഇനം പക്ഷികളെങ്കിലും ആമസോൺ കൊടുംവനങ്ങളിലുണ്ടെന്ന് തെളിഞ്ഞു. ഓരോ ഇനത്തിനും അനേകമിരട്ടി അംഗങ്ങളും! പർവതാരോഹകരെപ്പോലെ, അമ്പിൽ കയറുകെട്ടി, വില്ലിൽ കുലച്ച് മരത്തിലേക്ക് വിട്ട്, ആ കയറിൽ പിടിച്ചുകൊണ്ടായിരുന്നുവത്രെ വനാരോഹകർ മരത്തിനുമുകളിലുള്ള ജൈവവൈവിധ്യം അനാവരണം ചെയ്തത്.

### വനസമ്പത്ത് നശിക്കുകയാണ്

സസ്യജന്തുജാലങ്ങളുടെ ആവാസവ്യവസ്ഥയാണ് കാടുകൾ എന്ന് നിർവചിക്കാം. അവയുടെ വളർച്ചയും നിലനിൽപ്പും സംരക്ഷിക്കപ്പെടുന്ന ഭൂവിഭാഗംകൂടിയാണ് കാടുകൾ. പ്രകൃതിയുടെ പരിസ്ഥിതിസന്തുലനത്തിൽ കാടുകൾ സുപ്രധാന പങ്കാണ് വഹിക്കുന്നത്. കുന്നുകളുടെയും പർവതങ്ങളുടെയും ചരിഞ്ഞ പ്രതലങ്ങളിലുള്ള മണ്ണൊലിപ്പ് തടയുന്നതും വനങ്ങളാണ്. ഒരുപരിധിവരെ മഴയും മഞ്ഞും ഭൂമിക്കു നൽകുന്നതും വനങ്ങളാണെന്നു പറയാം.

ഒരു കാലത്ത് ഭൂമിയുടെ ഭൂരിഭാഗവും വനമേഖലയാൽ സമ്പുഷ്ടമായിരുന്നു. വൻകരകളുടെ 40% വനങ്ങളായിരുന്നുവത്രെ. ഇന്ന് മൂന്നിലൊന്നുമാത്രമായി ചുരുങ്ങി.

# 2011 അന്താരാഷ്ട്ര വനവർഷം





പ്രതിവർഷം ഏകദേശം 17 ദശലക്ഷം ഹെക്ടർ വനമാണ് വെട്ടിനശിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുന്നത്. ആമസോൺ, കോംഗോ പ്രദേശത്തെ കാടുകളിൽ വലിയ നാശം സംഭവിച്ചിട്ടില്ലെന്ന് ശാസ്ത്രജ്ഞന്മാർ ആശ്വസിക്കുന്നു.

### മനുഷ്യന്റെ വനബന്ധം

മനുഷ്യന്റെ കാടുമായുള്ള ബന്ധം പുരാതനകാലവുമായി ചേർത്തുവായിക്കേണ്ടതുണ്ട്. നായാടിനടന്നിരുന്ന മനുഷ്യൻ അവന്റെ സംസ്കാരത്തിന്റെ ബാലപാഠങ്ങൾ ഉരുവിടുന്നത് അരണ്യവാസത്തിനിടയിലാണ്. വേട്ടയാടി ഉദരപൂരണം നടത്തിയിരുന്ന മനുഷ്യൻ കൃഷി എന്ന വിപ്ലവമുന്നേറ്റത്തിലേക്ക് കുതിച്ചതിന്റെ ചരിത്രം വനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. വനസ്ഥിതി വെട്ടിത്തെളിച്ചായിരുന്നു അവൻ കൃഷിസ്ഥലമൊരുക്കിയത്. ആധുനികവിത്തുകളിലേക്ക് പ്രവേശിക്കുന്നതിനുമുമ്പ് കാട്ടുവിത്തുകളായിരുന്നു ആശ്രയം. വനവും വനോത്പന്നങ്ങളും പലവിധ ആവശ്യങ്ങൾക്കായി മനുഷ്യൻ ഉപയോഗിച്ചു.

### ഇന്ത്യയിൽ വനസമ്പത്ത്

കാട് നശിച്ചുകൊണ്ടിരിക്കുന്നുവെന്ന് നമ്മൾ പറഞ്ഞുവല്ലോ. നമ്മുടെ നാട്ടിലും ഈ പ്രവണത തുടരുകയാണ്. ഓരോ വർഷവും ഇന്ത്യയിൽ 15 ലക്ഷം ഹെക്ടർ വനമാണ് ഇല്ലാതായിക്കൊണ്ടിരിക്കുന്നത്. നിലവിലുള്ള വനനയമനുസരിച്ച് മൊത്തം ഭൂപ്രകൃതിയിൽ 33 ശതമാനം വനഭൂമിയായിരിക്കണം. നമുക്കുള്ളതോ വെറും 11 ശതമാനം മാത്രവും! ഇന്ത്യയുടെ ആകെ നിലത്ത് 22 .28 ശതമാനം വനമാണ്. അതായത്, 75.06 ദശലക്ഷം ഹെക്ടർ. വനനശീകരണംമൂലം ഇത് കുറഞ്ഞ് വളരെച്ചെറിയൊരു ശതമാമായിരിക്കുന്നു,

ഇന്ത്യയുടെ വടക്കൻ സംസ്ഥാനങ്ങളിലാണ്, വനനയമനുസരിച്ച് ആവശ്യമായത്ര കാടുകളുള്ളതെന്ന് തെളിഞ്ഞിട്ടുണ്ട്. ആസാം, ഹിമാചൽപ്രദേശ്, മേഘാലയ, അരുണാചൽ പ്രദേശ്, ത്രിപുര എന്നിവിടങ്ങളിലും ആൻഡമാൻ-നിക്കോബാർ ദ്വീപുകളിലുമാണവ. കേരളം, ഗോവ, ദാമൻ, ദ്യു, മണിപ്പൂർ, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ 20 ശതമാനത്തിലേറെ വനസമ്പത്തുണ്ടെന്ന് കാണുന്നു.

### വനവിഭാഗങ്ങൾ

ഇന്ത്യയിലെ വനങ്ങളെ പൊതുവായി അഞ്ചായി തരം തിരിച്ചിട്ടുണ്ട്. നിത്യഹരിതവനങ്ങൾ, ഇലപൊഴിയും വനങ്ങൾ, വരണ്ടവനങ്ങൾ, പർവതവനങ്ങൾ, തീരവനങ്ങൾ എന്നിവയാണവ. അവയെകുറിച്ച് അടുത്തലക്കത്തിൽ.

(തുടരും)



## കടങ്കവിതാ പദപ്രശ്നം

**പി.ഐ.ശങ്കരനാരായണൻ**

### പന്ത്രണ്ടുവരി കഥ - കടം പന്തീരായിരം!

*(ഇത്തവണ ഒരു പുതുവത്സരപ്പുതുമയിരിക്കട്ടെ. ഓരോ വരിയിലും ഓരോ കടംകഥയുണ്ട്. അവയ്ക്കു ക്രമമായി, ശരിയായ ഉത്തരം അയക്കുന്നവർക്കാവും സമ്മാനം)*

തലയുണ്ടൊന്നു ചിന്തിക്കില്ല<br>
കഴുത്തുണ്ടെന്നാൽ തിരിയുന്നില്ല!

കണ്ണുണ്ടയ്യോ കാണുന്നില്ല;<br>
ചെവിയുണ്ടെന്നാൽ കേൾക്കുന്നില്ല!

മൂക്കുണ്ടിതിനു മണക്കുന്നില്ല;<br>
വായുണ്ടെന്നാൽ തിന്നുന്നില്ല!

നാക്കുണ്ടിവനു രുചിക്കുന്നില്ല;<br>
പല്ലുകളുണ്ടു കടിക്കുന്നില്ല!

കൈകളിരിപ്പൂ ചെയ്യുന്നില്ല;<br>
കാലുകളുണ്ടു നടക്കുന്നില്ല!

നഖങ്ങളുണ്ടേ വിരലുകളില്ല;<br>
പെരുവയറുണ്ടേ ദഹനവുമില്ല!

വരിപന്ത്രണ്ടിനുമോരോ കടമായ്<br>
ശരിയുത്തരമിങ്ങോതുവതാര്?

ശരിയുത്തരമോതീടാത്തവരേ,<br>
കടമത്രയ്ക്കും ആയിരമായേ!

### കഴിഞ്ഞലക്കം ഉത്തരം

*വലത്തോട്ട്*
1. ആകാശം
4. കുട
5. തരു
6. ഉരൽ
8. മൽസ്യം

*താഴോട്ട്*
1. ആട്ടമ്മി
2. കാഞ്ഞിരക്കുരു
4. കുപ്പായം

*മുകളിലോട്ട്*
1. ആമ
4. കുരുമുളക്
7. ചക്കക്കുരു

*ഇടത്തോട്ട്*
3. മുട്ട
4. കുന്നിക്കുരു

കഴിഞ്ഞലക്കത്തിലെ വിജയി : മുഫീദാ വി.പി.. മുഫീദാ മൻസിൽ, മുഴക്കുന്നു പി.ഒ., പേരാവൂർ.<br>
(സി.എച്ച.എം.എം.എം.എച്ച്.എസ്., കാവുമ്പാടി)

**സമ്മാനം നേടൂ**

15 വയസ്സുവരെയുള്ള കുട്ടികൾക്കുള്ള മത്സരമാണിത്. ഒരു പോസ്റ്റ് കാർഡിൽ പൂരിപ്പിച്ചയച്ചാൽ മതി. പേര്, വയസ്സ്, ക്ലാസ്സ്, സ്കൂൾ, രക്ഷിതാവിന്റെ പേരും പിൻകോഡും സഹിതമുള്ള പൂർണമായ വീട്ടുവിലാസവും ഫോൺ നമ്പറുണ്ടെങ്കിൽ അതും വേണം. സമ്മാനത്തുക രക്ഷാകർത്താവിന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായാണ് നൽകുന്നത്. 25-ാം തീയതിക്കുമുമ്പ് എഡിറ്റർ, ജനപഥം, സെക്രട്ടറിയേറ്റ് അനക്സ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അയക്കുക. ശരിയുത്തരം അയച്ചവരിൽ നിന്നും നറുക്കിട്ടെടുത്തു സമ്മാനം നൽകുന്നതാണ്.

വരച്ചുപഠിക്കാം


ഭാഗം-9

# കാർട്ടൂൺ

ഹാസ്യത്തിന് പ്രാധാന്യം നൽകി വരയ്ക്കുന്ന ഒരു ചിത്രകലാവിഭാഗമാണ് കാർട്ടൂൺ. സമകാലികസാമൂഹ്യ/രാഷ്ട്രീയ വിഷയങ്ങളെ അധികരിച്ച് വിമർശനാത്മകമായും ഹാസ്യാത്മകമായും കാർട്ടൂണുകൾ തയ്യാറാകുന്നു. ഇന്ന് പത്രമാസികകളിൽ കാർട്ടൂണുകൾക്കുള്ള സ്ഥാനവും ശ്രദ്ധേയമാണ്.



ചിത്രം എ



ചിത്രം ബി

കുട്ടികളായ നിങ്ങൾക്കും കാർട്ടൂണുകൾ ഇഷ്ടമായിരിക്കുമല്ലോ? പ്രത്യേകിച്ച് കാർട്ടൂൺ സിനിമകളും, കാർട്ടൂൺ ചിത്രകഥകളും. ഇവരിൽ ചിലർ കാർട്ടൂൺ വരയ്ക്കാനും താത്പര്യമുള്ളവരാണ്. സ്കൂൾ-കോളേജ് കലോത്സവങ്ങളിൽ നമ്മുടെ കുട്ടികൾ മറ്റ് മേഖലകളിലെന്നപോലെ കാർട്ടൂൺരംഗത്തും നിലവാരമുള്ള രചനകൾ നടത്തുന്നു എന്നത് ഏറെ പ്രതീക്ഷക്ക് വകനൽകുന്നു.

ഒരു കാർട്ടൂൺ വരയ്ക്കുമ്പോൾ പ്രധാനമായി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഇവയൊക്കെയാണ്. വിഷയത്തോടുള്ള ബന്ധം, രേഖകൾക്കുള്ള ചലനാത്മകസ്വഭാവം, ഹാസ്യാത്മകത എന്നിവ വരയിലും ആശയത്തിലും ഉണ്ടാവുക. ഇവയൊക്കെ കാർട്ടൂൺ രചനയിൽ കൊണ്ടുവരണമെങ്കിൽ സാമൂഹ്യപ്രശ്നങ്ങൾ അറിയുകയും, വായന-പ്രത്യേകിച്ച് പത്രവായന നിർബന്ധമാകുകയും, നർമബോധം ഉണ്ടായിരിക്കുകയും വേണം. വായനയിലൂടെ അല്ലെങ്കിൽ ചുറ്റുപാടുകളിൽനിന്ന് നമുക്ക് ലഭിക്കുന്ന ചില സൂചനകൾ/വാർത്തകൾ ഇവയിലൂടെ നാം വിഷയം കണ്ടെത്തണം. ചിത്രരചനയിൽ താത്പര്യമുള്ളവർക്ക് കാർട്ടൂൺ രചന എളുപ്പമാണ്.

ഇനി ഒരു കാർട്ടൂൺ വരയ്ക്കാം. മുൻലക്കത്തിൽ സൂചിപ്പിച്ചിരുന്ന രേഖാചിത്രം വരയ്ക്കുന്നതിനു വേണ്ട സാമഗ്രികളാണ് ഇവിടെയും ആവശ്യം. കടലാസ്, പെൻസിൽ, റബ്ബർ എന്നിവയോടൊപ്പം കറുത്ത മഷിയുള്ള പേന, 1, 2, 3 നമ്പരുകളിലുള്ള ബ്രഷുകൾ എന്നിവ കരുതുക. മനസ്സിൽ രൂപപ്പെട്ട വിഷയത്തിനനുസരിച്ചുള്ള രൂപങ്ങൾക്ക് മാത്രമാണ് കാർട്ടൂൺ പ്രാധാന്യം കൊടുക്കേണ്ടത്. പശ്ചാത്തല ദൃശ്യങ്ങൾ ലളിതമായ ചില സൂചനകളിലൂടെ വരച്ചാൽ മതിയാകും. ആദ്യം പെൻസിൽകൊണ്ട് വരച്ച് പൂർണത വരുത്തിയശേഷം പേനയോ, ബ്രഷോ ഉപയോഗിക്കുക. നിങ്ങൾ വരയ്ക്കുന്നത് ഒരു പൊലീസ് സ്റ്റേഷന് മുന്നിലെ രംഗമാണെന്ന് കരുതുക. സ്റ്റേഷനിൽനിന്ന് പുറത്തേക്കോടുന്ന കള്ളനും പൊലീസുകാരനും. ഇവിടെ ഓടുന്ന പൊലീസുകാരന്റെയും കള്ളന്റെയും രൂപങ്ങളും പശ്ചാത്തലത്തിൽ പൊലീസ് സ്റ്റേഷന്റെ ബോർഡിന്റെ സൂചനയും മതി. ചിത്രം പൂർണമാകും. മനുഷ്യരൂപങ്ങൾ വരയ്ക്കുമ്പോൾ രേഖാ ചിത്രങ്ങളിൽ ശ്രദ്ധിക്കാറുള്ള അളവുകൾ ഇവിടെ നോക്കേണ്ടതില്ലെങ്കിലും അത് മനസ്സിലാക്കിയശേഷമാവണം കാർട്ടൂണുകൾ വരയ്ക്കേണ്ടത്. (ചിത്രം എ) മുഖം വലുതാക്കിയും ഉടൽ ചെറുതാക്കിയുമൊക്കെ വരയ്ക്കാം. മുഖരൂപങ്ങൾക്ക് ആനുകാലിക സംഭവങ്ങളുമായി ഇണക്കിച്ചേർത്ത് പ്രമുഖരുടെ മുഖസാമ്യം നൽകാം. ചിത്രത്തിനനുയോജ്യമായ സ്ഥലത്ത് ഇവർ പറയുന്ന വാചകങ്ങളും കൊടുക്കാം. അതുപോലെ വിഷയാനുസരണം മുഖത്തിന് വേണ്ട ഭാവങ്ങളും വരയിലൂടെ കൊണ്ടുവരാൻ ശ്രമിക്കണം (ചിത്രം ബി). മികച്ച കാർട്ടൂണുകൾ കുറഞ്ഞ വരയിലൂടെ കൂടുതൽ ആശയം പ്രകടമാക്കുന്നവയാണ്.

## കാർട്ടൂൺ ചരിത്രം

ബി.സി 3000 മുതൽ തന്നെ ചുവർ ചിത്രരൂപങ്ങളിൽ ഹാസ്യചിത്രരൂപമാതൃകകൾ കടന്നുവന്നിട്ടുണ്ടെങ്കിലും അതിന് ആശയപരമായ രൂപകല്പനയുണ്ടായത് 16-ാം നൂറ്റാണ്ടിലാണ്. ഇറ്റാലിയൻ ചിത്രകാരനായ പീറ്റർ ബ്രൂഗെലിന്റെ ഹാസ്യ ചിത്രങ്ങൾ അക്കാലത്ത് പ്രചാരത്തിൽവന്നു. എന്നാൽ ഹാസ്യത്തിനും വിനോദത്തിനും മുൻതൂക്കം നൽകി ആനിബേൽകരാക്കി നിരവധി കാർട്ടൂൺ ചിത്രങ്ങൾ വരയ്ക്കുകയും പ്രദർശനങ്ങൾ നടത്തുകയും ചെയ്ത് ശ്രദ്ധേയനായി. 1841 'പഞ്ച്' എന്ന ഹാസ്യചിത്രങ്ങളടങ്ങിയ സമ്പൂർണ കാർട്ടൂൺ മാസിക പ്രസിദ്ധീകരിച്ചു. 19-ാം നൂറ്റാണ്ടോടുകൂടി കാർട്ടൂണുകൾക്ക് പുതിയൊരു കാഴ്ചപ്പാടോടെ പത്രമാസികകളിൽ ആനുകാലിക വിഷയങ്ങളുമായി കാർട്ടൂണിസ്റ്റുകൾ സജീവമായി. വാൾട്ട് ഡിസ്നിയുടെ ഹാസ്യചിത്രങ്ങളും സിനിമയും ലോകശ്രദ്ധയാകർഷിച്ചു. ഇന്ത്യയിൽ കാർട്ടൂണിന്റെ കുലപതിയായിരുന്ന കാർട്ടൂണിസ്റ്റ് ശങ്കറും അദ്ദേഹത്തിന്റെ പ്രശസ്തമായ ശങ്കേഴ്സ് വീക്കിലിയും ആർ.കെ ലക്ഷ്മണൻ എന്നിവരും എക്കാലവും ഓർമിക്കപ്പെടുന്നു. അദ്ദേഹത്തോടൊപ്പവും അതിനുശേഷവും നിരവധി പ്രഗത്ഭരായ കാർട്ടൂണിസ്റ്റുകൾ നമുക്കുണ്ടായി.



# ഭീമൻ ചാരൻ ഭ്രമണപഥത്തിൽ




ഭൂമുഖത്തെവിടെയുമുള്ള ചെറുചലനങ്ങൾപോലും ഒപ്പിയെടുക്കാനാവുംവിധം ശക്തിയേറിയ ഉപകരണങ്ങളുമായി അമേരിക്കയുടെ ഭീമൻ ചാരോപഗ്രഹം ഭ്രമണപഥത്തിലെത്തി. എൻ.ആർ.ഒ.എൽ–32 എന്ന് പേരിട്ടിരിക്കുന്ന ഈ ഉപഗ്രഹത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പരമരഹസ്യമാണെങ്കിലും ലോകത്തെ ഏറ്റവും വലുതും, സൂക്ഷ്മവുമായ ചാരഉപഗ്രഹമാണ് തങ്ങൾ വിക്ഷേപിച്ചതെന്ന് പറയാനെങ്കിലും അമേരിക്ക തയ്യാറായിട്ടുണ്ട്. ഫ്ളോറിഡയിലെ കേപ്കനാവറൽ എയർ ഫോഴ്സ് ബേസിൽ നിന്ന് ഡെൽറ്റ–4 എന്ന റോക്കറ്റിൽ വിക്ഷേപിക്കപ്പെട്ട ഈ ഉപഗ്രഹത്തിൽ ഹൈ റസല്യൂഷൻ ലൈവ് മോണിട്ടറിങ്, ബ്രോഡ് സ്പെക്ട്രം ഇമേജറി (കോൺക്രീറ്റ് ഭിത്തികളിലൂടെ പോലും കാണാൻ സാധ്യമാക്കുന്ന), ആഡിയോ കമ്മ്യൂണിക്കേഷനുംവേണ്ട ഉപകരണങ്ങളുമുണ്ടാവുമെന്നാണ് നിരീക്ഷകർ കരുതുന്നത്. പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ഇന്ത്യ, ചൈന, ഉത്തരകൊറിയ എന്നീ മേഖലകളിലെ അമേരിക്കയുടെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ ഈ പുതിയ ചാരക്കണ്ണ് ഫലപ്രദമാകുമെന്നാണ് കരുതുന്നത്.

# തളർന്നുകിടക്കുന്നവർക്ക് ആശ്വാസമായി റീവോക്ക്

ചലനശേഷി നഷ്ടമായവർക്ക് സഹായകമാവുന്ന റീവോക്ക് എന്ന യന്ത്രസംവിധാനം ജനുവരിയിൽ ലോകവിപണിയിലെത്തുന്നു. വസ്ത്രം പോലെ ധരിക്കാവുന്ന ഈ സംവിധാനം ഇസ്രായേലുകാരൻ അമിത് ഗോഫറാണ് കണ്ടുപിടിച്ചത്. ഒരു ലക്ഷം ഡോളറാണ് ഇതിന്റെ വില.

ശരീരം തളർന്ന വ്യക്തിക്ക് കൈകളും തോളുകളും ചലിപ്പിക്കാമെങ്കിൽ റീവോക്ക് ധരിച്ചതിന് ശേഷം ശരീരത്തിന്റെ മുകൾ ഭാഗം മാത്രം അനക്കിയാൽ മതി. യന്ത്രം മുന്നോട്ട് നടത്തും. ഇത് മനുഷ്യനും യന്ത്രവും ചേർന്ന സംവിധാനമാണ്. കാർ അപകടത്തിൽപ്പെട്ട് കഴുത്തിന് താഴ്വശം തളർ ന്നുപോയ അമിത് ഗോഫർ "ആർഗോ മെഡിക്കൽ ടെക്നോ ളജീസ്" എന്ന തന്റെ വ്യവസായ സ്ഥാപനത്തിലാണ് റീവോക്കിനെ വികസിപ്പിച്ചെടുത്തത്. ഈ യന്ത്രം ഇസ്രായേയിലും യു.എസിലും വിജയകരമായി പരീക്ഷിച്ചു കഴിഞ്ഞു.






# ദൃശ്യപഥത്തിൽ ശനിവലയങ്ങളുടെ വർണക്കാഴ്ച

കഴിഞ്ഞവർഷം ദൃശ്യപഥത്തിൽനിന്നും അപ്രത്യക്ഷമായ ശനിവലയങ്ങൾ കാണികൾക്ക് വീണ്ടും വിസ്മയക്കാഴ്ചയൊരുക്കുന്നു. ശക്തിയേറിയ ബൈനോക്കുലറുകളോ ദൂരദർശനികളോ ഉപയോഗിച്ച് അർധരാത്രിയിൽ കിഴക്കുദിക്കിലായ് ഏവർക്കും ഈ വർണശോഭ ദർശിക്കാം.

പതിനാലരവർഷത്തിനിടയിലുണ്ടാകുന്ന വലയസംക്രമണംമൂലം കഴിഞ്ഞവർഷം സെപ്റ്റംബറിൽ കാഴ്ചയിൽ നിന്നകന്ന ശനിവലയങ്ങൾ ജനുവരി മുതലാണ് കാണാനായത്. എന്നാൽ കൂടുതൽ ആകർഷണത്തോടെ ഈ മാസം മുതലാണ് കാണാനാവുകയെന്ന് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അസ്ട്രോ ഫിസിക്സ് ശാസ്ത്രജ്ഞൻ ആർ.സി.കപൂർ പറഞ്ഞു. 2017 ഓടെ വലയങ്ങൾ കൂടുതൽ പ്രകാശിതമാകും.

## പ്രഥമ അമ്മന്നൂർ പുരസ്കാരം ബാദൽ സർക്കാരിന്



കേരള സംഗീത നാടക അക്കാദമി ഏർപ്പെടുത്തിയ പ്രഥമ അമ്മന്നൂർ പുരസ്കാരത്തിന് ബംഗാളിയും ഇന്ത്യൻ നാടകരംഗത്തെ കുലപതിയുമായ ബാദൽ സർക്കാരിനെ തെരഞ്ഞെടുത്തു. ഇന്ത്യൻ നാടകവേദിയുടെ വളർച്ചയ്ക്ക് സമഗ്രസംഭാവന നൽകിയ വിശിഷ്ട വ്യക്തികളെയാണ് ഈ അവാർഡ് നൽകി ആദരിക്കുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യൻ നാടകവേദിയിൽ പ്രയോഗത്തിലും, സൈദ്ധാന്തിക തലത്തിലും ആഴത്തിൽ ചെലുത്തിയ സ്വാധീനമാണ് ബാദൽ സർക്കാരിനെ സമകാലിക ഇന്ത്യൻ നാടക പ്രയോക്താക്കളിൽ പ്രമുഖനാക്കിയതെന്ന് പുരസ്കാര നിർണയ സമിതി വിലയിരുത്തി. മൂന്ന് ലക്ഷം രൂപയും പ്രശ്സ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്.

## കിസാൻ കേരളയ്ക്ക് സ്റ്റോക്ക് ഹോം ചലഞ്ച് അവാർഡ്




അന്താരാഷ്ട്രതലത്തിൽ വിവരസാങ്കേതികാധിഷ്ഠിത പദ്ധതികൾക്ക് നൽകിവരുന്ന സ്റ്റോക്ക് ഹോം ചലഞ്ച് അവാർഡിന് കൃഷിവകുപ്പിന്റെ കിസാൻ കേരള അർഹതിനേടി. സാമ്പത്തിക വികസന വിഭാഗത്തിൽ മികച്ച രണ്ടാമത്തെ പദ്ധതിയായിട്ടാണ് കിസാൻ കേരളയെ തെരഞ്ഞെടുത്തിട്ടുള്ളത്. സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജി ആന്റ് മാനേജ്മെന്റ് കേരളയാണ് ഈ പദ്ധതിയുടെ അണിയറ പ്രവർത്തകർ. 90 രാജ്യങ്ങളിലെ 290 പ്രൊജക്ടുകളെ പിന്നിട്ടാണ് കിസാൻ കേരള രണ്ടാം സ്ഥാനത്തെത്തിയത്. www.kissankerala.net എന്ന പോർട്ടലിലൂടെ കർഷകർക്ക് ആവശ്യമായ വിവരങ്ങൾ അപ്പപ്പോൾ നൽകുന്നതിൽ കിസാൻ കേരള പദ്ധതി പ്രത്യേക ശ്രദ്ധ നൽകുന്നുണ്ട്.

## അർവിന്ദർ സിങ് ലാംബ പുതിയ കരസേന ഉപമേധാവി



കരസേന ഉപമേധാവിയായി ലഫ്. ജനറൽ അർവിന്ദർ സിങ് ലാംബ നിയമിതനായി. ലഫ്. ജനറൽ പി.സി.ഭരദ്വാജ് വിരമിച്ച സാഹചര്യത്തിലാണ് ഈ നിയമനം. 1971 ലെ ഇന്ത്യ-പാക് യുദ്ധത്തിൽ വിദഗ്ധസേവനത്തിന് അതിവിശിഷ്ഠ സേവന മെഡൽ കരസ്ഥമാക്കിയ ലാംബ കമാൻഡോ പരിശീലനംനേടിയ മുതിർന്ന ഓഫീസറാണ്.

## എം.പി.വീരേന്ദ്രകുമാറിന് കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം



ഈ വർഷത്തെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം എം.പി.വീരേന്ദ്രകുമാറിന്റെ 'ഹൈമവതഭൂവിൽ' എന്ന കൃതിക്ക് ലഭിച്ചു. ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും ശില്പവുമടങ്ങുന്നതാണ് അവാർഡ്. ഡൽഹി മുതൽ ഹിമാലയം വരെയുള്ള യാത്രാവിവരണമാണ് കൃതിയിലെ പ്രതിപാദ്യം. കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരത്തിന്റെ 55 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് മലയാളത്തിലെ ഒരു യാത്രാവിവരണകൃതിക്ക് ഈ ബഹുമതി ലഭിക്കുന്നത്. ഈ വർഷം പുരസ്കാരത്തിനർഹമായ ഏക യാത്രാവിവരണ ഗ്രന്ഥവുമാണ് ഹൈമവതഭൂവിൽ.

## ഭരത്ഭൂഷൺ വ്യോമയാന ഡയറക്ടർ ജനറൽ



വ്യോമയാന ഡയറക്ടർ ജനറലായി മലയാളി ഐ.എ.എസ് ഉദ്യോഗസ്ഥൻ ഇ.കെ.ഭരത്ഭൂഷൺ സ്ഥാനമേറ്റു. രാജ്യത്തെ വിമാനത്താവളങ്ങൾ, വിമാനങ്ങൾ, പൈലറ്റുകളുടെ ലൈസൻസ്, വ്യോമയാനവുമായി ബന്ധപ്പെട്ട മറ്റു വിഷയങ്ങൾ എന്നിവയെല്ലാം ഡയറക്ടർ ജനറലിന്റെ പരിധിയിൽ വരും. ഐ.എ.എസ് 1979 ബാച്ചിലെ കേരള കേഡർ ഉദ്യോഗസ്ഥനായ ഭരത്ഭൂഷൺ കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ സാമ്പത്തിക ഉപദേഷ്ടാവാണ്. മലപ്പുറം കളക്ടർ, കേരളത്തിൽ ഒട്ടേറെ വകുപ്പുകളുടെ സെക്രട്ടറി സ്ഥാനം, കേന്ദ്ര വനം വകുപ്പ് ജോയിന്റ് സെക്രട്ടറി, വിനോദസഞ്ചാര വകുപ്പിൽ സാമ്പത്തിക ഉപദേഷ്ടാവ്, സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക് ഡയറക്ടർ ജനറൽ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചശേഷമാണു വ്യോമയാന മന്ത്രാലയത്തിൽ നിയമിതനായത്.

## മോനേർ മാനുഷിന് സുവർണ മയൂരം



ഗോവയിൽ നടന്ന 41-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ പ്രശസ്ത ബംഗാളി ചലച്ചിത്രകാരൻ ഗൗതം ഘോഷിന്റെ 'മൊനേർ മാനുഷി'ന് സുവർണ മയൂരം. 40 ലക്ഷം രൂപയാണ് പുരസ്കാരതുക. 'ഇൻ എ ബെറ്റർ വേൾഡ്' എന്ന ചിത്രത്തിന്റെ സംവിധായിക സൂസൻ ബെയറിനാണ് മികച്ച സംവിധായികയ്ക്കുള്ള 25 ലക്ഷവും രജത മയൂരവും ലഭിച്ചത്. പ്രത്യേക ജൂറി അവാർഡ് ബംഗാളി ചിത്രമായ 'ജസ്റ്റ് അനദർ ലവ് സ്റ്റോറിയും' ന്യൂസിലാന്റ് ചിത്രമായ 'ബോയ്'യും പങ്കിട്ടു. ഈ വർഷം മുതൽ ഏർപ്പെടുത്തിയ മികച്ച നടനും നടിക്കുമുള്ള അവാർഡ് യുവാൻ കിറായ്ക്കും ('ക്രോസിങ്' -ടർക്കി), മഗ്ദലിന ബോഗ്സകാർകയും ('ലിറ്റിൽ റോസ്' - പോളണ്ട്) നേടി.



പതിനെട്ടാം നൂറ്റാണ്ടിൽ ബംഗ്ലാദേശ് പ്രവിശ്യയിൽ ജീവിച്ചിരുന്ന ലാലോൻ ലക്കീർ എന്ന ബാബുൾ ഗായകന്റെ ജീവിതത്തെ ആസ്പദമാക്കിയ സിനിമയാണ് മികച്ച ചിത്രമായ മൊനേർ മാനുഷ്. ബംഗാളി നാടകക്കാരൻ ചപ്പൽ ബാദുരിയുടെ ജീവിതമാണ് മേളയിൽ പ്രശംസ നേടിയ 'ജസ്റ്റ് അനദർ ലവ് സ്റ്റോറി'യുടെ പ്രമേയം. സ്ത്രീ-പുരുഷ ലൈംഗികതയ്ക്കപ്പുറം മൂന്നാം ലൈംഗികതയെ ഈ സിനിമ തീവ്രമായി ചിത്രീകരിക്കുന്നു.

## സൈനയ്ക്ക് കിരീടം



ഹോങ്കോങ് സൂപ്പർസീരീസ് ബാഡ്മിന്റൺ കിരീടം സ്വന്തമാക്കി ഇന്ത്യയുടെ യശസ്സുയർത്തി സൈന നേവാൾ. ലോക നാലാം നമ്പർ താരമായ സൈന ഫൈനലിൽ ചൈനയുടെ വാങ് ഷിസിയാനെയാണ് പരാജയപ്പെടുത്തിയത്. സൈനയുടെ നാലാം സൂപ്പർ സീരീസ് കിരീട നേട്ടമാണിത്. ലോക റാങ്കിങ്ങിൽ ഒന്നാമതെത്താനുള്ള സൈനയുടെ കുതിപ്പിന് ഈ കിരീടനേട്ടം ആക്കം കൂട്ടും. ഇക്കൊല്ലം ഫൈനലിലെത്തിയ അഞ്ച് ടൂർണമെന്റുകളിലും കിരീടം എന്ന അപൂർവനേട്ടവും സൈന കൈവരിച്ചു.

## ടെസ്റ്റിൽ സച്ചിന് 50 സെഞ്ച്വറി



ടെസ്റ്റ് ക്രിക്കറ്റിൽ അമ്പതാം സെഞ്ച്വറി നേടി സച്ചിൻ തെൻഡുൽക്കർ തന്റെ പേരിൽ മറ്റൊരു റിക്കാർഡ് കൂടി എഴുതിച്ചേർത്തു. ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഒന്നാം ടെസ്റ്റിലാണ് (തന്റെ കരിയറിലെ 175-ാമത്തെ ടെസ്റ്റ്) സച്ചിൻ ലോക ക്രിക്കറ്റ് ചരിത്രത്തിലെ തന്നെ ഈ അപൂർവ നേട്ടം സ്വന്തമാക്കിയത്. അമ്പതാം സെഞ്ച്വറിക്കൊപ്പം 14,500 റൺസ് എന്ന കടമ്പയും അദ്ദേഹം കടന്നു.